**നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ

(v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് വളരെ ഹ്രസ്വമായി

സംസാരിക്കാവുന്നതാണ്. അങ്ങും മറ്റ് അംഗങ്ങളും സമയക്ലിപ്തത പാലിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. വൈകിട്ട് ആറുമണിക്ക് ബഹുമാനപ്പെട്ട ഗവർണ്ണറുടെ പരിപാടിക്കുമുമ്പ് നിയമനിർമ്മാണ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, അങ്ങ് പറഞ്ഞത് ഞാൻ അംഗീകരിക്കുകയാണ്. അതിനനുസരിച്ചുള്ള സഹകരണമുണ്ടാകും. കേരളത്തിൽ ആകെ 16 ക്ഷേമനിധി ബോർഡുകളാണ് നിലവിലുള്ളത്. ഏതാണ്ട് 70 ലക്ഷത്തോളംവരുന്ന തൊഴിലാളികൾ അതിൽ അംഗങ്ങളാണ്. തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ഇത്രയധികം ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നത് കേരളത്തിൽ മാത്രമാണ്. കേരളത്തിലെ സംഘടിത തൊഴിലാളിവർഗ്ഗത്തിന്റെ അതിശക്തമായ മുന്നേറ്റവും പ്രക്ഷോഭങ്ങളും കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കെതിരായി അവർ നടത്തിയ പോരാട്ടത്തിന്റെ ഫലമായാണ് ഇത്തരത്തിൽ ക്ഷേമബോർഡുകൾ രൂപീകരിക്കാൻ ഗവൺമെന്റുകൾ തയ്യാറായിട്ടുള്ളത്. പല ക്ഷേമനിധിബോർഡുകളും രൂപീകരിച്ചപ്പോഴുള്ള സാഹചര്യമല്ല ഇന്നുള്ളത്. ഇന്ന് ആ

സാഹചര്യങ്ങൾക്ക് ധാരാളം മാറ്റങ്ങൾ വന്നിരിക്കുന്നു. അഞ്ച് ബില്ലുകളാണെങ്കിലും അതിലെ ഭേദഗതികൾ ഒരു അക്കമോ വാചകമോ ആണ്. ഇത്തരം ഭേദഗതികളെ വളരെ ഗൗരവത്തോടെ ധാരാളം സമയമെടുത്ത് ചർച്ചചെയ്യാനുള്ള കാര്യങ്ങളൊന്നും ഇതിൽ കാണുന്നില്ല. തൊഴിലാളികൾക്ക് അനുകൂലമായ ചില ചെറിയ ഭേദഗതികൾ മാത്രമാണ് ഇക്കാര്യത്തിലുള്ളത്.

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി നിയമം 2008-ലാണ് കേരള നിയമസഭ പാസ്സാക്കിയത്. ഇത് പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിലുൾപ്പെടാത്ത, 5- 8 ഹെക്ടറിൽ കുറവ് വിസ്തീർണ്ണമുള്ള, ചെറുകിട തോട്ടത്തിന്റെ പരിധിയിലുൾപ്പെടുന്ന തേയില, കാപ്പി, റബ്ബർ, കശുവണ്ടി, ഏലം, എണ്ണപ്പന എന്നിവയിലെ തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമമാണ് ബോർഡ് ലക്ഷ്യംവയ്ക്കുന്നത്. ക്ഷേമനിധി ബോർഡിൽ ആകെ 20,119 അംഗങ്ങളാണുള്ളത്. ഇതിൽ അംശദായം, രജിസ്ട്രേഷൻ ഫീസ്, നിക്ഷേപങ്ങളിൽനിന്നുള്ള പലിശ എന്നിവയാണ് ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ. അതുകൊണ്ടുമാത്രം തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താൻ കഴിയാത്തതിനാലാണ്

ഭേദഗതി കൊണ്ടുവരുന്നത്. മേൽ നിയമത്തിന്റെ അഞ്ചാം ക്ലോസ്സിൽ ഭേദഗതി കൊണ്ടുവരുന്നതിനാണ് ഈ ബിൽ സഭ മുമ്പാകെ അവതരിപ്പിക്കുന്നത്. വകുപ്പ് 5-ലെ ഉപവകുപ്പ് 1, 2, 3 പ്രകാരം തൊഴിലാളികളുടെ പ്രതിമാസ അംശദായം 30 രൂപയാക്കി വർദ്ധിപ്പിച്ചും അർദ്ധവാർഷിക അംശദായം 180 രൂപയാക്കി വർദ്ധിപ്പിച്ചും സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ അംശദായം പ്രതിമാസം 60 രൂപയായി വർദ്ധിപ്പിച്ചും ഇത്തരം തൊഴിലാളികളുടെ അർദ്ധവാർഷിക അംശദായം 360 രൂപയായി വർദ്ധിപ്പിക്കുന്നതിനുംവേണ്ടിയാണ് ഈ ഭേദഗതി ലക്ഷ്യംവയ്ക്കുന്നത്. ഇത് ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ച ചെയ്ത് ഏകകണ്ഠമായി അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച് ഈ മേഖലയിൽ പരമ്പരാഗതമായി തൊഴിലെടുക്കുന്ന സാധാരണക്കാരായ തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുംവേണ്ടിയാണ് 1998-ൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട്

വന്നത്. 2000-ൽ ഈ ക്ഷേമനിധി ബോർഡ് പ്രവർത്തനമാരംഭിക്കുമ്പോൾ 1841 തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിരുന്നത്. ഇരുപത് വർഷം പിന്നിടുമ്പോൾ കേരളത്തിൽ ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിൽ ജോലി ചെയ്ത് ഉപജീവനം നടത്തിവരുന്ന 1,04,367 തൊഴിലാളികൾ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുണ്ട്. അവർക്ക് പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, സ്കോളർഷിപ്പ്, ചികിത്സാ സഹായം, ഉന്നത വിദ്യാഭ്യാസത്തിന് അഡ്വാൻസ് എന്നിവയുള്ള സാമ്പത്തിക സഹായങ്ങൾ ക്ഷേമനിധി ബോർഡ് നൽകുന്നുണ്ട്. നിലവിൽ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികളും തൊഴിലുടമയുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളും അവരുടെ അംശദായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ഭേദഗതിയാണ് ഇതിൽ കൊണ്ടുവരുന്നത്. തൊഴിലുടമകൾ/ഉല്പാദകർ തൊഴിലാളി ഒന്നിന് പ്രതിമാസം 7 രൂപാനിരക്കിൽ അംശദായം ക്ഷേമനിധി ബോർഡിന് നൽകണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. ഇപ്രകാരം തൊഴിലാളികളിൽനിന്നും ലഭിക്കുന്ന തുകയ്ക്ക് തുല്യമായ തുക സർക്കാരിൽനിന്ന് അംശദായമായി ക്ഷേമനിധി ബോർഡിന്

നൽകിവരുന്നുണ്ട്. തൊഴിലാളി, ഉടമകൾ എന്നിവരിൽനിന്നുള്ള അംശദായവും സർക്കാരിൽനിന്നും ലഭിക്കുന്ന മാച്ചിംഗ് ഗ്രാന്റുമാണ് ബോർഡിന്റെ വരുമാനം. ഇപ്രകാരം ലഭിക്കുന്ന തുക ബോർഡിന്റെ ദൈനംദിന ചെലവുകൾക്കും തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമപദ്ധതികൾക്കും മതിയാകാതെവരുന്നു. അംശദായം ഇപ്പോഴും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏഴ് രൂപ മാത്രമാണ്. ആയത് 15 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും കൂടാതെ തൊഴിലാളി-തൊഴിലുടമ അംശദായത്തിന്റെ 75 ശതമാനമായി സർക്കാർ വിഹിതം നിജപ്പെടുത്തിക്കൊണ്ടുമുള്ള ഓർഡിനൻസാണ് പുറപ്പെടുവിച്ചിരിക്കുന്നത്. ഇത് നിയമമാക്കുന്നതിനാണ് ഈ ബില്ലിൽ ഭേദഗതി കൊണ്ടുവരുന്നത്.

ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് കേരളത്തിലെ അസംഘടിത ചുമട്ടുതൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെയിടയിലെ തൊഴിൽ പ്രശ്നങ്ങളും ചൂഷണങ്ങളും പരിഹരിക്കുന്നതിനും ഉന്നമനത്തിനുംവേണ്ടി 1983-ലാണ് രൂപീകൃതമായത്. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രധാനമായും അൺഅറ്റാച്ച്ഡ്, അറ്റാച്ച്ഡ്, സ്റ്റാൻഡേർഡ് എന്നീ വിഭാഗം തൊഴിലാളികൾക്കായി മൂന്ന് പദ്ധതികൾ നിലവിലുണ്ട്. ഈ മൂന്ന്

പദ്ധതികളിലായി 56977 സജീവ അംഗങ്ങളുണ്ട്. അങ്ങ് പറഞ്ഞതുപോലെ ഞാൻ സമയം ദീർഘിപ്പിക്കുന്നില്ല. എടുക്കുന്ന ചുമടിന്റെ ഭാരത്തെ സംബന്ധിച്ച കുറവ് നിർദ്ദേശിക്കുന്നതാണ്. 127-ാമത് അന്താരാഷ്ട്ര തൊഴിൽ സമ്മേളനം അംഗീകരിച്ച പ്രകാരം ചുമട്ടുതൊഴിലാളികളെക്കൊണ്ട് ഒറ്റയ്ക്ക് എടുപ്പിക്കാവുന്ന ചുമടിന്റെ പരമാവധി ഭാരം 75 കിലോഗ്രാമിൽനിന്നും 55 കിലോഗ്രാമായി കുറയ്ക്കുന്നതിനും സ്ത്രീകൾ, കൗമാരക്കാർ എന്നിവരെക്കൊണ്ട് ചുമടെടുപ്പിക്കുന്നതിനുള്ള പരമാവധി ഭാരം 35 കിലോഗ്രാമായി നിജപ്പെടുത്തുന്നതിന് 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിന്റെ 7-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള ഓർഡിനൻസാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അന്താരാഷ്ട്ര തൊഴിൽ സമ്മേളനം അംഗീകരിച്ച നിർദ്ദേശമാണ് ഭേദഗതിയെന്ന നിലയിൽ ഇവിടെ കൊണ്ടുവരുന്നത്. 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമത്തിനും അഭിവൃദ്ധിക്കും പെൻഷനടക്കമുള്ള വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ്. 2007 മാർച്ച് മാസം

15-ാം തീയതിയാണ് ഈ ബോർഡ് രൂപീകരിച്ചത്. നിലവിലെ നിയമപ്രകാരം തൊഴിലാളി വിഹിതം 20 രൂപയും തൊഴിലുടമ വിഹിതം 20 രൂപയുമാണ്. കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ 190727 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1356932 തൊഴിലാളികൾ ഇതിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. 2249 പേർക്ക് ഈ ബോർഡ് തന്നെ പെൻഷൻ വിതരണം ചെയ്യുന്നുണ്ട്. ഇതുകൂടാതെ വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര മറ്റു ചെലവുകൾ ഇതെല്ലാം നൽകിവരുന്നു. വലിയ സാമ്പത്തിക ബാധ്യത വരുന്നുണ്ട്. അതുകൊണ്ട് ഭേദഗതി നിർദ്ദേശിക്കാനുള്ളത് മേൽനിയമത്തിലെ സെക്ഷൻ (4)-ലാണ് ഭേദഗതി കൊണ്ടുവരുന്നത്. വകുപ്പ് (4) ഉപവകുപ്പിലെ സ്വന്തമായി തൊഴിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അംശദായം മൂന്നുവർഷത്തിലൊരിക്കൽ വിജ്ഞാപനത്തിലൂടെ പുനർനിർണയിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്.

2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബില്ലിനെക്കുറിച്ച് പറയുകയാണെങ്കിൽ, കേരള സംസ്ഥാന

രൂപീകരണസമയത്തുതന്നെ കടകളും വാണിജ്യ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ സംബന്ധിച്ച് രണ്ട് നിയമങ്ങൾ നിലവിലുണ്ടായിരുന്നു. ട്രാവൻകൂർ-കൊച്ചിൻ ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, 1125; മദ്രാസ് ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, 1947. എന്നാൽ സംസ്ഥാന രൂപീകരണത്തിനുശേഷം മേൽവിഷയത്തിൽ പൊതുവായ നിയമമുണ്ടാകേണ്ടത് ആവശ്യമായി വരികയും തുടർന്ന് കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, 1960 നിലവിൽ വരികയും ചെയ്തു. പ്രസ്തുത നിയമത്തിൻകീഴിൽ കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമാക്കാൻ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ തൊഴിലാളി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇരിപ്പിട സൗകര്യം, ലീവ്, ക്രഷ് എന്നിവ സംബന്ധിച്ച വിവിധ വിഷയങ്ങളിൽ കാലാകാലങ്ങളിൽ വിവിധ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ നിയമത്തിൽ ചില കൂട്ടിച്ചേർക്കലുകളാണ് സഭയുടെ അംഗീകാരത്തിനുവേണ്ടി കൊണ്ടുവരുന്നത്. നിയമത്തിലെ കൂട്ടിച്ചേർക്കൽ, വകുപ്പ് 9(എ) പ്രകാരം ലേബർ അഡ്മിനിസ്ട്രേറ്റർ എന്നാൽ

തൊഴിൽ വകുപ്പിലെ സ്റ്റേറ്റ് നോട്ടിഫൈഡ് ഇൻസ്പെക്ടർ എന്നർത്ഥമാക്കുന്നു. വകുപ്പ് 9 (ബി) ലേബർ കമ്മീഷണറേറ്റ് ആട്ടോമേഷൻ സിസ്റ്റം എന്നാൽ ലേബർ ഡിപ്പാർട്ട്മെന്റ് ഉടമസ്ഥതയിലുള്ളതും തൊഴിലാളി, തൊഴിലുടമ തൊഴിൽ വകുപ്പിലെ നോട്ടിഫൈഡ് ഇൻസ്പെക്ടർമാർ എന്നിവർ ഉപയോഗിക്കുന്നതുമായ സോഫ്റ്റ്‌വെയർ എന്ന് അർത്ഥമാക്കുകയാണ്. മേൽനിയമത്തിലെ വകുപ്പ് 5 (എ)-യിൽ (1), (6), (8) എന്നീ ഉപ വകുപ്പുകൾക്കാണ് ഭേദഗതി കൊണ്ടുവരുന്നത്.

ലേബർ അഡ്മിനിസ്ട്രേറ്റർ, ലേബർ കമ്മീഷണറേറ്റ് ആട്ടോമേഷൻ സിസ്റ്റം എന്നിവയുടെ നിർവ്വചനം പുതിയതായി ഉൾപ്പെടുത്തുകയും ഫീസ് ഏകീകരിക്കുക, വിവിധ തൊഴിൽ ദിനങ്ങൾ പ്രകാരമുള്ള റിന്യൂവൽ സർട്ടിഫിക്കറ്റുകൾ ഓട്ടോജനറേറ്റ് ചെയ്യുക എന്നിവയാണ് ഭേദഗതികൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ നിലയിൽ വളരെ ചെറിയ ഭേദഗതികളാണ് അഞ്ച് ബില്ലുകളിലുമായി സഭയുടെ അംഗീകാരത്തിനായി അവതരിപ്പിക്കുന്നത്. അഞ്ച് ബിൽ എന്ന് കേൾക്കുമ്പോൾ ഭയപ്പെടേണ്ട കാര്യമില്ല. എല്ലാവരും സഹകരിച്ചാൽ ബില്ലുകൾ ഐകകണ്ഠ്യേന അംഗീകരിക്കാം. തൊഴിലാളി വിരുദ്ധ നിലപാടുകൾ ഈ സഭയിൽ ആർക്കും

എടുക്കാൻ കഴിയില്ല. അംഗങ്ങളാരും അങ്ങനെയെടുക്കുമെന്ന് തോന്നുന്നില്ല. ഈ ബില്ലിൽ വളരെ പാവപ്പെട്ട തൊഴിലാളികളെ സഹായിക്കുന്ന കാര്യങ്ങൾ മാത്രമാണുള്ളത്. ബില്ലിൽ മാത്രം ഒതുങ്ങിനിന്ന് കാര്യങ്ങൾ സംസാരിച്ചാൽ മറുപടിയും അതനുസരിച്ച് ക്രമീകരിക്കാൻ സാധിക്കും. അഞ്ചു ബില്ലും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതിനുവേണ്ടി സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: അഞ്ചു ബില്ലുകളും സംബന്ധിച്ചുള്ള ചർച്ച ഒരുമിച്ചു നടത്താവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ ചൂണ്ടിക്കാണിച്ചു. വളരെ ചെറിയ ഭേദഗതികളാണ്. ഭേദഗതിയിൽ കാതലായിട്ടുള്ള എന്തെങ്കിലും മാറ്റം വരുത്തുന്നതല്ല. അഞ്ചു ബില്ലുകളിലുമായി ഇരുപതുപേരാണ് ചർച്ചയിൽ പങ്കെടുക്കാനുള്ളത്. ഇപ്പോൾ സമയം 12.35 ആണ്. ഒരംഗം പതിനഞ്ചു മിനിട്ട് സമയം പരമാവധി എടുത്താൽ തന്നെ 5.30 മണി വരെ ചർച്ച പോകും. അതുകഴിഞ്ഞ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും ബില്ലിന്റെ പരിഗണനയും വരും. അതുകൊണ്ട് 10 മിനിട്ടിൽ ചുരുക്കുന്നത് അഭികാമ്യമായിരിക്കും. കാരണം വേറെ തർക്കമുള്ള ബില്ലുകളല്ല. ബില്ലിന്റെ തത്വത്തിൽ മാത്രം ഒതുങ്ങിനിന്ന് ചർച്ച ചെയ്യണമെന്ന്

അഭ്യർത്ഥിക്കുന്നു. മറ്റു രാഷ്ട്രീയ വിഷയങ്ങളിലേക്ക് പോകാതെ തത്വത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-വിന് സംസാരിക്കാവുന്നതാണ്. അങ്ങ് ചെയറുമായി പൂർണ്ണമായും സഹകരിക്കുമെന്ന് ഉത്തമ വിശ്വാസമുണ്ട്.

ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, I move that-

" This House resolves to disapprove The Kerala Bamboo, Kattuvalli, Pandanus Leaf Workers' Welfare Fund (Amendment) Ordinance, 2021 (Ordinance No. 129 of 2021)"

ഇന്ന് സഭ ആരംഭിച്ചത് ബഹുമാനപ്പെട്ട സ്പീക്കർ കേരളപ്പിറവി ദിന ആശംസകൾ നേർന്നുകൊണ്ടാണ്. ഇന്ന് നമുക്ക് തീർച്ചയായും അഭിമാനമുള്ള ദിവസമാണ്. കേരളത്തിന് 65 വയസ്സ് തികയുകയാണ്. പൊതുവായ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2015-ൽ മലയാള ഭാഷ (വ്യാപനവും

പരിപോഷണവും) ബിൽ ഈ നിയമസഭയിൽ ഐകകണ്ഠ്യേന പാസ്സായതാണ്. എന്നാൽ ഇതുവരെ നിയമമായിട്ടില്ല. കേരളപ്പിറവി ദിനത്തിൽ ഇതുപറയേണ്ടി വന്നതിൽ ദുഃഖമുണ്ട്. ബില്ലിന്റെ പുറത്തുള്ള കാര്യമാണെങ്കിലും കേരളത്തിനകത്തുള്ള കാര്യമായതുകൊണ്ട് ഞാൻ അത് പറയുകയാണ്. മലയാള ഭാഷ ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് അടിയന്തരമായി സ്വീകരിക്കണം. 2015-ൽ പാസ്സാക്കി അയച്ച നിയമം നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കാത്തതുകൊണ്ടാണ് ഇതുനീണ്ടുപോയതെന്നാണ് വാർത്തകൾ വന്നിട്ടുള്ളത്. അതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ കേരളത്തിലെ ഏറ്റവും വരുമാനം കുറഞ്ഞ പരമ്പരാഗത തൊഴിലാളികളെ ബാധിക്കുന്ന ബില്ലാണ്. ഇതൊരു ചെറിയ ഭേദഗതിയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു. നാലാം വകുപ്പിലെ ഏഴ് രൂപ അംശദായം പതിനഞ്ച് രൂപയാക്കുന്നു. സർക്കാരിന്റെ വിഹിതം 75 ശതമാനമായി ലിമിറ്റ് ചെയ്യുന്നു. 75 ശതമാനമായി ലിമിറ്റ് ചെയ്യേണ്ട കാര്യം എന്താണെന്നുള്ളത് ധനകാര്യ മെമ്മോറാണ്ടത്തിൽ

പറഞ്ഞിട്ടുണ്ട്. അതുപോലെ ബിൽ കൊണ്ടുവരാനുള്ള ഉദ്ദേശ്യകാരണങ്ങളെക്കുറിച്ച് നോക്കിയപ്പോൾ എഴുപത്തിയഞ്ചു ശതമാനമായി ലിമിറ്റ് ചെയ്യുന്നതിന്റെ കാര്യമെന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അത് വിശദീകരിക്കുമെന്ന് ഞാൻ കരുതുകയാണ്. ഇവിടെ ബിൽ ചർച്ച ചെയ്യുമ്പോഴുള്ള പ്രത്യേകത എന്തെന്നാൽ, പുറത്ത് ഈറ്റ വ്യവസായ മേഖലകളിലെ തൊഴിലാളികൾ സമരത്തിലാണ്. ഈ ക്ഷേമനിധിയിലെ പ്രശ്നങ്ങൾ തന്നെയാണ് അവർ ഉന്നയിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, ക്ഷേമനിധിയിലെ എണ്ണം കുറയുമ്പോൾ ടി ക്ഷേമനിധി ലേബർ ബോർഡ് ക്ഷേമനിധിയിൽ ലയിപ്പിക്കും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പിന്നെ എന്തിനാണ് ഈ ഭേദഗതിയെന്ന് എനിക്ക് മനസ്സിലായിട്ടില്ല. അതുമാത്രമല്ല തൊഴിലാളികളുടെ വലിയ ആശങ്കയുണ്ട്. ആശങ്ക എന്നുപറഞ്ഞാൽ ലേബർ ബോർഡ് എന്നുപറയുന്നത് സംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടിയാണ്. ഈറ്റ, പനമ്പ് വ്യവസായ മേഖലയിലെ തൊഴിലാളികൾ അസംഘടിത മേഖലകളിലെ തൊഴിലാളികളാണ്. ഇങ്ങനെ വരുമ്പോൾ കേന്ദ്രഗവൺമെന്റിന്റെ ഇൻകം

സപ്പോർട്ട് സ്കീമിന്റെ ആനുകൂല്യം ഈറ്റ വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കാതെ പോകും എന്നൊരു ആശങ്ക ആ മേഖലയിലെ തൊഴിലാളികൾക്കുണ്ട്. ഇതിനെതിരായി സമരം ആ മേഖലയിൽ നടക്കുന്നുമുണ്ട്. ഞാൻ അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇൻകം സപ്പോർട്ട് സ്കീമിന്റെ ആനുകൂല്യം നഷ്ടപ്പെടുന്നത് തീർച്ചയായിട്ടും ഗവൺമെന്റ് പരിശോധിക്കണം. ലേബർ ബോർഡ് എന്നുപറയുന്നത് സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ളതാണ്. ഇത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടിയുള്ളതാണ്. അതാണ് വ്യത്യാസം. അത് പരിശോധിക്കണം. സംസ്ഥാനത്ത് 133 പൊതുമേഖല സ്ഥാപനങ്ങളിലേയ്ക്ക് 2017- 2018 ഗ്രാന്റ് സബ്സിഡി ഇനത്തിൽ 1880 കോടി രൂപ നൽകിയതായി കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇതൊന്നും ഫലപ്രദമായി വിനിയോഗിക്കുവാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നാണ് റിപ്പോർട്ട്. അവയെ നിയന്ത്രിക്കുന്നതിൽ സർക്കാർ വിജയിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി)

ബിൽ പ്രത്യക്ഷത്തിൽ തൊഴിലാളികളെ സഹായിക്കാനാണെന്നാണ് അങ്ങ് പറയുന്നതെങ്കിലും തൊഴിലാളികളുടെ ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും നടപ്പാക്കുന്നതിൽ സർക്കാർ നൽകേണ്ട കൈത്താങ്ങ് നിയമപരമായി കുറച്ചുകൊണ്ടുവരുന്ന ഒരു ബില്ലാണിത്. ഈ ഭേദഗതിയിൽ തൊഴിലാളികൾക്ക് ഒരാനുകൂല്യവും കൂടുതലായി വരുന്നില്ല. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. നിലവിൽ അവർക്ക് നൽകുന്ന വിവാഹ ധനസഹായം 3000 രൂപയാണ്. കല്യാണത്തിന് വിളമ്പാനുള്ള ഇല വാങ്ങാൻപോലും കഴിയില്ല. 3000 രൂപയാണ് ആകെ കൊടുക്കുന്നത്. അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം ആൺമക്കളുടെ വിവാഹത്തിനുംകൂടി നൽകണം. ആണുങ്ങൾക്ക് വിവാഹം കഴിക്കണ്ടേ? ബഹുമാന്യനായ ദേവസ്വം വകുപ്പുമന്ത്രി അതിനോടാണ് യോജിക്കുന്നത്. കാരണം അദ്ദേഹം ഇതുവരെ ആ കർമ്മം നിർവ്വഹിച്ചിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ആൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം കൊടുക്കേണ്ട ആവശ്യമില്ല. പെൺകുട്ടികളുടെ

വിവാഹത്തിന് കൊടുക്കാം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് ഇതുവരെ മാർക്കറ്റിലിറങ്ങാത്ത ആളാണ്. അതുകൊണ്ട് അങ്ങേയ്ക്കിത് പറയാം. പക്ഷേ എല്ലാവർക്കും കൊടുക്കണമല്ലോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ദേവസ്വം വകുപ്പുമന്ത്രിയെപ്പോലെ ശ്രീ. കോവൂർ കുഞ്ഞുമോനും ഈ സഭയിലുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികളെക്കുറിച്ച് അങ്ങിവിടെ പറഞ്ഞ കാര്യം ശരിയാണ്. വളരെ ദാരിദ്ര്യമായ ചുറ്റുപാടിൽ ജീവിക്കുന്നവരാണ്. അപ്പോൾ അവരുടെ ആനുകൂല്യങ്ങളെല്ലാം വർദ്ധിക്കണം. അതിനാണ് അംശദായം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം വരുന്നത്. ഇത് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിർണ്ണയിക്കുന്ന ഒരു ബില്ലല്ല. അംശദായം വർദ്ധിപ്പിച്ച് കൊടുത്തെങ്കിൽമാത്രമേ ക്ഷേമനിധി ബോർഡിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ കഴിയുകയുള്ളൂ. ആ ഒരു ധാരണ വച്ചുകൊണ്ടാണ് ഈ ഒരു ഭേദഗതിയിലേയ്ക്ക് ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ എല്ലാവരും വരുന്നത്. ആ ബോർഡ് തീരുമാനിച്ചതിന്റെ

അടിസ്ഥാനത്തിലാണ് ഈ ഭേദഗതിയിലേയ്ക്ക് ഗവൺമെന്റ് എത്തുന്നത്. അത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് പറഞ്ഞ കാര്യം എനിക്ക് മനസ്സിലായി. അതുകൊണ്ടാണ് ധനസഹായം വർദ്ധിപ്പിക്കണമെന്ന് ഞാൻ പറഞ്ഞത്. വരുമാനം കൂടുതലുണ്ടാകണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ, സർക്കാരിന്റെ വിഹിതം വർദ്ധിക്കുന്നില്ല. 75 ശതമാനമായി ലിമിറ്റ് ചെയ്യുന്നുണ്ടെന്നുള്ളത് അങ്ങേയ്ക്കറിയാമല്ലോ. ആദ്യം ഈ ചതി ചെയ്തത് അങ്ങാണെന്ന് തോന്നുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ പരിശോധന ആവശ്യമാണ്. ഈറ്റ, പനമ്പ് വ്യവസായത്തിന്റെ അസംസ്കൃത വസ്തു ഈറ്റയാണ്. വനങ്ങളിൽനിന്നാണ് ഈറ്റ കിട്ടുന്നത്. ഇപ്പോൾ ഈറ്റയുടെ ലഭ്യതയുണ്ട്. കാരണം, HNL (Hindustan Newsprint Limited)-ലും മാവൂർ ഗ്വാളിയോർ റയോൺസ് ഫാക്ടറിയും പ്രവർത്തിച്ചിരുന്ന കാലത്ത് ഈറ്റ കിട്ടാൻ വലിയ പ്രയാസമായിരുന്നു. ഈ ഫാക്ടറികൾ പൂട്ടിയതിനോട് ഞാൻ അനുകൂലിക്കുകയല്ല. അവർ വളരെ പ്രായം കുറഞ്ഞ പാകമാകാത്ത ഈറ്റയെല്ലാം മുറിച്ചുകൊണ്ടുപോകും. നെയ്ത്തിന് നല്ല പാകമായ ഈറ്റ വേണം. ഇപ്പോൾ ആ കമ്പനികൾ

പ്രവർത്തിക്കാത്തതുകൊണ്ട് ഈറ്റയ്ക്ക് വലിയ ബുദ്ധിമുട്ടില്ലെന്ന് തോന്നുന്നു. ഇത് വനത്തിലെ ചില പ്രദേശങ്ങളിൽ മാത്രമാണുള്ളത്, എല്ലായിടത്തുമില്ല. പൂയംകുട്ടിയിലും അച്ചൻകോവിലിലും ആര്യനാടിനടുത്തുള്ള വനങ്ങളിലും പത്തനംതിട്ട ജില്ലയുടെ കിഴക്കുഭാഗത്തും ഈറ്റ ലഭ്യമാണ്. ഈറ്റ വെട്ടാൻ പോകുന്നത് വലിയ ദുഷ്കരമായ ജോലിയാണ്. ഒന്ന്, വനത്തിനുള്ളിൽ പോകണം. രണ്ട്, നമ്മളറിയാതെ ശരീരത്തിൽ അട്ട കയറും. അട്ട കയറിയാലുള്ള ബുദ്ധിമുട്ട് ഞാൻ പറയേണ്ടതില്ലല്ലോ? അതുകൊണ്ട് പുകയില അരച്ചുതേച്ചിട്ടുവേണം ഈറ്റ വെട്ടാൻ പോകുക. ഈറ്റ വെട്ടിക്കഴിഞ്ഞാൽ ട്രാൻസ്പോർട്ടിംഗിന് വലിയ പ്രയാസമാണ്. ആദ്യമൊക്കെ ഇത് പുഴയിലൂടെ ഒഴുക്കിയാണ് കൊണ്ടുവന്നിരുന്നത്. ഇതിനെല്ലാം വലിയ ചെലവാണ്. ഈ ജോലിയുടെ ബുദ്ധിമുട്ട് കൊണ്ടും ഇതിന്റെ ചെലവുകൾകൊണ്ടും തൊഴിലാളികൾ ഈ രംഗത്തുനിന്നും പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയില്ല, ട്രോളിംഗ് നിരോധനം പോലെ മൂന്ന് മാസം ഈ ഈറ്റ ശേഖരിക്കാൻ കഴിയില്ല. ഈറ്റ പാകമാകുന്നതിനുവേണ്ടി മൂന്ന് മാസം ഒഴിവ് കൊടുക്കും. അങ്ങനെ ഒഴിവുകൊടുക്കുമ്പോൾ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാതിരിക്കാൻ

വേണ്ടി ഒരു സ്പെഷ്യൽ പെർമിറ്റ് കൊടുക്കാറുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഈറ്റ സംഭരിക്കുന്നത്. ഈ സീസണിലെ മൂന്ന് മാസം ബാംബൂ കോർപ്പറേഷൻ മാനേജ്മെന്റ് അപേക്ഷ കൊടുത്തില്ല. അതുകൊണ്ട് തൊഴിലാളികൾക്ക് ജോലിയുമുണ്ടായില്ല. അതുപോലെ പനമ്പ് നെയ്ത്തിന് ബാംബൂ ബോർഡ് ഫാക്ടറിയുണ്ട്. പനമ്പ് നെയ്ത്തിന്റെ അസംസ്കൃത വസ്തു പനമ്പാണ്. ഈറ്റ ഇല്ലെങ്കിൽ പനമ്പ് ഉണ്ടാവില്ല. ഒരു കാലത്ത് പനമ്പ് നെയ്ത്ത് ചില പ്രത്യേക സമുദായത്തിൽപ്പെട്ട ആളുകളുടെ കുലത്തൊഴിൽ പോലെയുണ്ടായിരുന്നു. അതുപോലെ ആദിവാസികളുമുണ്ട്. ശ്രീ റോജി എം. ജോണിന്റെ നിയോജകമണ്ഡലമായ അങ്കമാലിയിലും പെരുമ്പാവൂർ നിയോജകമണ്ഡലത്തിലും ആലുവ നിയോജകമണ്ഡലത്തിലെ കുറച്ചുഭാഗത്തുമൊക്കെ ഇത് സാമുദായികമായിട്ടുള്ള ഒരു തൊഴിലല്ല. ഇത് എല്ലാവരുടെയും ഒരു തൊഴിലാണ്. വീടാണ് ഫാക്ടറി. അവിടെ അച്ഛനും അമ്മയും സ്കൂളും കോളേജും വിട്ടുവരുന്ന കുട്ടികളും പനമ്പ് നെയ്യും. അങ്ങനെ കുടുംബത്തിന്റെ മൊത്തമായിട്ടുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് പനമ്പ് നെയ്യുന്നത്. ഇപ്പോൾ പനമ്പില്ല. ഈ പനമ്പ് വയനാട് മേഖലയിൽ നന്നായി ഉപയോഗിച്ചിരുന്നു. ചിക്ക് പനമ്പ് എന്നുപറയും. കുരുമുളകും

മലഞ്ചരക്കുകളും നെല്ലും ഉണക്കുന്നതിന് ചിക്ക് പനമ്പുകളുണ്ട്. അത് പ്രത്യേകം നെയ്യുന്നതാണ്. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ചേരാനല്ലൂർ പ്രദേശത്തെ കുവപ്പടി പ്രദേശത്താണ് ചിക്ക് പനമ്പ് നെയ്യുന്നത്. തഴപ്പായയുടെ കാര്യം ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. തഴപ്പായ പ്രധാനമായും നിസ്കാരത്തിനുവേണ്ടിയാണ് ഉപയോഗിച്ചിരുന്നത്. തഴപ്പായ നെയ്യുന്നതിനുള്ള കൈത പുഴയുടെ സൈഡിലാണ് വളരുന്നത്. ഇപ്പോൾ അതില്ല. അതുകൊണ്ട് തഴപ്പായ നെയ്യാൻ സാധിക്കുന്നില്ല. കൊടുങ്ങല്ലൂർ, കരുനാഗപ്പള്ളി, തഴവ എന്നീ പ്രദേശങ്ങളിൽ ഇത് നെയ്തിരുന്നു. അത് നെയ്യാനുള്ള അസംസ്കൃത വസ്തുവായ കൈത ഇപ്പോൾ കിട്ടാനില്ല. നിസ്കാരത്തിനൊക്കെ ഇപ്പോൾ പായ പുറത്തുനിന്നും ധാരാളം വരുന്നുണ്ടെന്ന് തോന്നുന്നു. ഈ വ്യവസായത്തിനും തൊഴിലാളികൾക്കും ധാരാളം പ്രതിസന്ധിയുണ്ട്. ബാംബൂ ബോർഡ് ഫാക്ടറി വലിയ നഷ്ടത്തിലാണ്. സി.ആൻഡ് എ. ജി. റിപ്പോർട്ടനുസരിച്ച് ബാംബൂ ബോർഡ് ഫാക്ടറിക്ക് 5 കൊല്ലത്തിനിടയിൽ 13.79 കോടി രൂപയുടെ നഷ്ടം വരുന്നു. പെട്ടെന്ന് ആതറൈസേഷൻ കിട്ടിയതുകൊണ്ട് എനിക്ക് അതിന്റെ റിപ്പോർട്ട് എടുക്കാൻ കഴിഞ്ഞില്ല. 13.79 കോടി രൂപയുടെ നഷ്ടത്തിലോടുന്ന, തകർച്ചയിലേയ്ക്ക്

പൊയ്ക്കൊണ്ടിരിക്കുന്ന, ആ സ്ഥാപനത്തിന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ബോർഡ് ആളുകളെ റിക്രൂട്ട് ചെയ്തു. അതിനുമുമ്പ് നിയമിച്ച ആളുകൾക്ക് 5 കൊല്ലമായി അവരുടെ ശമ്പളമല്ലാതെ മറ്റൊരാനുകൂല്യവും കൊടുക്കുന്നില്ല. അങ്ങനെ തകർന്നുപോയ ഈ സ്ഥാപനത്തിലേയ്ക്ക് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വീണ്ടും ആളിനെ റിക്രൂട്ട് ചെയ്യുന്നു. അത് വലിയൊരു ദ്രോഹമാണ്. ഇങ്ങനെ തകർന്നുകൊണ്ടിരിക്കുന്ന ഒരു സ്ഥാപനത്തിലേയ്ക്ക് വീണ്ടും ആളിനെ റിക്രൂട്ട് ചെയ്ത് ആ സ്ഥാപനത്തിനെ വെള്ളാനയാക്കി മാറ്റുന്നത് ശരിയല്ല. അതുകൊണ്ട് ഇക്കാര്യങ്ങളൊക്കെ ഗവൺമെന്റ് പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ പാരമ്പര്യ വ്യവസായത്തെ പുനരുദ്ധരിക്കണം. അങ്കമാലി, പെരുമ്പാവൂർ മേഖലയിൽ പ്രത്യേകിച്ച് തിരുവനന്തപുരത്ത് ആര്യനാട് മേഖലയിലൊക്കെ ലക്ഷക്കണക്കിന് തൊഴിലാളികളുണ്ടായിരുന്നു. ഇപ്പോൾ തൊഴിലാളികളുടെ എണ്ണം വളരെ കുറഞ്ഞു. ഇപ്പോൾ പരമാവധി 75000 തൊഴിലാളികൾ മാത്രമേയുള്ളൂവെന്നാണ് തോന്നുന്നത്. കാരണം വരുമാനം കുറവാണ്. ഈറ്റ കിട്ടാൻ പ്രയാസമാണ്. വളരെ മുഷിഞ്ഞ ജോലിയാണ്. ആളുകൾ ഈ മേഖല വിട്ട് പുതിയ മേഖലകളിലേയ്ക്ക് പോകുകയാണ്. ഇവിടെ

കുറേദിവസമായി ശ്രീ. സണ്ണി ജോസഫ് എം.എൽ.എ.-യും മറ്റ് മലയോര മേഖലയിൽനിന്ന് വരുന്നവരും 'കാട്ടുപന്നിയെ തുരത്തൽ' കേന്ദ്രത്തിന് വിവരം കൈമാറിയില്ല എന്നൊരു കാര്യം പറയുന്നത് കേട്ടു. കാരണം, ഈറ്റ വെട്ടാൻ മലയിലേയ്ക്ക് പോകണമല്ലോ. അവിടെയാണല്ലോ കാട്ടുപന്നിയുടെ ശല്യം. കാട്ടുപന്നിയുടെ പ്രശ്നം ഇവിടെ ധാരാളം ചർച്ച ചെയ്തതാണ്. ജൂലൈ 8-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാന പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തയച്ചു. കൃഷിക്കും മനുഷ്യജീവനും ഭീഷണിയായ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രം മൂന്ന് മാസംമുമ്പ് കത്തയച്ചു. ആ പ്രശ്നം ഈ സഭയിൽവന്നു. ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ശാസിച്ചു. ഞാനിത് പറയുമ്പോഴും, കേന്ദ്രഗവൺമെന്റിന് അയയ്ക്കേണ്ട റിപ്പോർട്ട് അയച്ചിട്ടില്ല. കാട്ടുപന്നിയെ ക്ഷുദ്രജീവിയാക്കുന്നതിനുള്ള പ്രയാസം കൊണ്ടാണോയെന്ന് എനിക്കറിയില്ല..... അങ്ങ് പറഞ്ഞതനുസരിച്ച് കൃത്യസമയത്തിനും ഒരു മിനിട്ട് മുമ്പ് ഞാൻ നിർത്തുകയാണ്. ഈ വ്യവസായത്തെ സംരക്ഷിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഗവൺമെന്റിന്റെ ഷെയർ വർദ്ധിപ്പിക്കണം. 75 ശതമാനമായി ഗവൺമെന്റ് ഷെയർ ലിമിറ്റ് ചെയ്യുന്നത്

ശരിയല്ല. അതുപോലെ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽനിന്ന് നൽകുന്ന ആനുകൂല്യം വർദ്ധിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. റോജി എം. ജോൺ): സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. ബാബുവിന്റെ മികച്ച മാതൃക അങ്ങ് പിന്തുടരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, നൂറുശതമാനം അങ്ങയുടെ വികാരത്തോട് യോജിക്കുന്നതും ആ ചട്ടക്കൂടിനുള്ളിൽ നിൽക്കുന്നതുമായിരിക്കുമെന്ന് ആദ്യമേതന്നെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, 2000-ൽ പ്രവർത്തനമാരംഭിച്ച ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിനുകീഴിൽ ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. ബഹുമാന്യനായ കെ. ബാബു (തൃപ്പൂണിത്തുറ) സൂചിപ്പിച്ചതുപോലെ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ,

പുറത്തുവരുന്ന വാർത്തകൾ ഈ ബോർഡ് ഫാക്ടറി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി ജീവനക്കാരുടെ ക്ഷേമനിധി ബോർഡിൽ ലയിപ്പിക്കാൻ പോകുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുവെന്നുള്ളതാണ്. അപ്പോൾ ഈയൊരു ഭേദഗതിയുടെ പ്രസക്തി എന്താണെന്നുള്ളത് തൊഴിലാളികളെല്ലാം ചോദിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. അസംഘടിതമേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ഒരു ക്ഷേമനിധി ബോർഡാണിത്. വളരെ പാവപ്പെട്ട, നിർദ്ധനരായിട്ടുള്ള, കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുന്ന ഒരു മേഖലയാണിത്. ഈ ബോർഡ് സംഘടിത മേഖലയിലുള്ള തൊഴിലാളികളുടെ ബോർഡുമായി ലയിപ്പിച്ചാൽ അത് തീർച്ചയായും ഈ മേഖലയിൽ തൊഴിലെടുക്കുന്ന ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് പൂർണ്ണമായും വിരുദ്ധമായിരിക്കും. അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുകയില്ലായെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, യു.പി.എ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഒരു ഇൻകം സപ്പോർട്ട് സ്കീമുണ്ട്. ആ സ്കീം പ്രകാരം ഏകദേശം 1,250/- രൂപ ഇതിലെ അംഗങ്ങൾക്ക്

ഒരു വർഷം ലഭിക്കാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. അസംഘടിതമേഖലയിൽ പ്രവർത്തിക്കുന്ന ഒരു ക്ഷേമനിധി ബോർഡ് എന്ന നിലയിലാണ് ഇപ്പോൾ അത് ഇവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ ബോർഡ് സംഘടിത മേഖലയിലുള്ള തൊഴിലാളികളുടെ ബോർഡുമായി ലയിപ്പിക്കുന്ന സാഹചര്യമുണ്ടായിക്കഴിഞ്ഞാൽ ഈ ആനുകൂല്യങ്ങളൊക്കെ ഇല്ലാതാകും. അത് അവരുടെ താല്പര്യങ്ങൾക്ക് തീർത്തും കടകവിരുദ്ധമായിട്ടുള്ള നടപടിയായിരിക്കും എന്നുള്ളതുകൊണ്ട് സർക്കാർ അത്തരമൊരു ശ്രമത്തിൽനിന്നും പൂർണ്ണമായും പിന്മാറണം. തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാനായി പ്രത്യേകിച്ച് പാവപ്പെട്ട അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാനായി സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ ബോർഡിനെ മറ്റ് സംഘടിത മേഖലയിലെ തൊഴിലാളികളുടെ ഒരു ബോർഡുമായി ലയിപ്പിക്കാനായിട്ടുള്ള സർക്കാരിന്റെ ശ്രമത്തിൽനിന്ന് പൂർണ്ണമായും പിന്മാറണമെന്ന് ഞാൻ ആമുഖമായി ആവശ്യപ്പെടുകയാണ്.

വളരെ ലളിതമായിട്ടുള്ള ഭേദഗതിയാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. തൊഴിലാളികളുടെ വിഹിതം അംശദായം 7/-

രൂപയെന്നുള്ളത് 15/- രൂപയായി ഉയർത്തുന്നു. അത് ബോർഡുകൂടി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങളൊക്കെ കൂടുതലായി ലഭ്യമാക്കുന്നതിനുവേണ്ടിയാണ് അംശദായം 7/-രൂപയിൽ നിന്ന് 15/-രൂപയാക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. പക്ഷെ, നമ്മുടെ ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ടുകൊണ്ട് എല്ലാകാലത്തും അനുവർത്തിച്ചിട്ടുള്ള ഒരു മാനദണ്ഡം എന്നുപറയുന്നത്, തൊഴിലാളി വിഹിതം എത്രയാണോ വരുന്നത് അതേ തുക തന്നെ സർക്കാരും വിഹിതമായി അടയ്ക്കുന്നതാണ് എന്നതാണ്. ഇവിടെ 7/- രൂപ തൊഴിലാളികൾ അടച്ചുകൊണ്ടിരുന്നപ്പോൾ തൊഴിലുടമയും സർക്കാരും അടച്ചുകൊണ്ടിരുന്ന തുകയും ആ 7/- രൂപ തന്നെയായിരുന്നു. ഇപ്പോൾ തൊഴിലാളികളുടെ വിഹിതം 7/- രൂപയിൽ നിന്നും 15/- രൂപയായി വർദ്ധിപ്പിക്കുകയും എന്നാൽ സർക്കാർ വിഹിതം 75 ശതമാനം മാത്രമായി പരിമിതപ്പെടുത്തുകയുമാണ്. അതായത്, 15/- രൂപയുടെ 75 ശതമാനമായിരിക്കും സർക്കാരിന്റെ വിഹിതം വരുന്നത്. എന്തിനാണ് 15/- രൂപയിൽ നിന്ന് മൂന്നേമുക്കാൽ രൂപ അല്ലെങ്കിൽ നാലുരൂപ; ഈ പാവപ്പെട്ട തൊഴിലാളികൾക്ക് കിട്ടേണ്ട ഒരു വിഹിതം...... സർക്കാർ

തൊഴിലാളികളുടെ ഒപ്പമാണ്, തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം, എന്നൊക്കെ പ്രസംഗിക്കുമ്പോൾ ആ പ്രസംഗം പ്രവൃത്തി പഥത്തിലെത്തിക്കണ്ടേ? അത് പ്രവൃത്തി പഥത്തിലെത്തിക്കണമെങ്കിൽ ഇവിടെ തൊഴിലാളികൾ ആഗ്രഹിക്കുന്ന തരത്തിൽ അല്ലെങ്കിൽ ബോർഡ് ആഗ്രഹിക്കുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകണമെങ്കിൽ സർക്കാരിന്റെ വിഹിതം എന്തിനാണ് 75 ശതമാനമാക്കി പരിമിതപ്പെടുത്തുന്നത്? അത് 100 ശതമാനമാക്കിയാൽ 15/- രൂപ തന്നെ സർക്കാർ കൊടുക്കാൻ തയ്യാറായെങ്കിലല്ലേ ഈ ബോർഡിന് ഫലപ്രദമായി ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ ഭേദഗതിയിൽ സർക്കാരിന്റെ വിഹിതം 75 ശതമാനമാക്കി പരിമിതപ്പെടുത്തുന്നത് ഒഴിവാക്കി, തൊഴിലാളികൾ എത്ര വിഹിതമാണോ അടയ്ക്കുന്നത് അതേനിലയിൽ തന്നെ സർക്കാരിന്റെ വിഹിതവും അടയ്ക്കാനുള്ള ഒരു തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ പറയുകയാണ്.

അതുപോലെ ഇവിടെ അംശദായം വർദ്ധിപ്പിക്കുന്നു. തൊഴിലാളികളുടെ

വിഹിതം വർദ്ധിപ്പിക്കുകയാണ്. അങ്ങനെ തൊഴിലാളികളുടെ വിഹിതം വർദ്ധിപ്പിക്കുമ്പോൾ അതിനനുസൃതമായി, ആനുപാതികമായി അവർക്കുള്ള ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണ്ടേ? ഇവിടെ നിലവിൽ വിവാഹ ധനസഹായമായി ലഭിച്ചുകൊണ്ടിരിക്കുന്നത് കേവലം 3000/- രൂപയാണ്. 3000/- രൂപ വിവാഹ ധനസഹായം ലഭിച്ചാൽ അതുകൊണ്ട് എന്ത് സാധിക്കാൻ കഴിയുമെന്ന് ഇന്നത്തെ കാലഘട്ടത്തിൽ അറിയാവുന്നതാണ്; ചിന്തിക്കാവുന്നതേയുള്ളൂ. അതൊരു 10,000/- രൂപയെങ്കിലുമാക്കി ഉയർത്താനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുപോലെതന്നെ നിലവിൽ സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുന്നത് കേവലം 1000/- രൂപയാണ്. വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ഈ ആനുകൂല്യം 1000/- രൂപയെന്നുള്ളത് 5000/- രൂപയെങ്കിലുമായി വർദ്ധിപ്പിക്കാൻ സർക്കാർ നടപടി കൈക്കൊള്ളണം. അതുപോലെ മറ്റ് പല ക്ഷേമനിധി ബോർഡുകളിലുമുള്ളതുപോലെ മരണാനന്തരസഹായം ഈ ക്ഷേമനിധി ബോർഡിൽ ലഭ്യമാകുന്നില്ല. അപ്പോൾ കൃത്യമായി മരണാനന്തര സഹായം ലഭ്യമാകാനും അതുപോലെ റിട്ടയർമെന്റ് ആനുകൂല്യം ഉൾപ്പെടെ തൊഴിലാളികൾക്ക് ലഭ്യമാകുവാനായി ക്ഷേമനിധി ബോർഡുവഴി

അല്ലെങ്കിൽ ഇതിൽ വ്യവസ്ഥ ചെയ്ത് അത് തൊഴിലാളികൾക്ക് ഉറപ്പുവരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ഞാൻ പ്രതിനിധാനം ചെയ്യുന്ന അങ്കമാലി നിയോജകമണ്ഡലത്തിലുൾപ്പെടെ ആയിരക്കണക്കിന് തൊഴിലാളികൾ ഈ ബോർഡിന്റെ ഭാഗമായി അംഗങ്ങളായിട്ടുള്ളവരുണ്ട്. പ്രത്യേകിച്ച് പനമ്പ് നെയ്ത്ത് തൊഴിലാളികൾ ഏറ്റവും കൂടുതലുള്ള പ്രദേശത്തുനിന്നാണ് ഞാൻ വരുന്നത്. ബാംബൂ കോർപ്പറേഷന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്നതും എന്റെ നിയോജകമണ്ഡലത്തിലാണ്. ഇന്ന് ഈറ്റവെട്ട് തൊഴിലാളികൾ അല്ലെങ്കിൽ ബാംബൂ മേഖലയിൽ, പനമ്പ് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ വലിയ ദുരിതത്തിലാണ്. പ്രധാനമായും അവർക്ക് ഇതിനാവശ്യമായിട്ടുള്ള അസംസ്കൃതവസ്തു എന്നുള്ള നിലയിൽ ഈറ്റ ലഭിക്കുന്നില്ല എന്നുള്ളതുതന്നെയാണ് ഏറ്റവും ഗുരുതരമായിട്ടുള്ള പ്രശ്നം. സാധാരണനിലയിൽ ഈറ്റ ലഭിച്ചുകൊണ്ടിരിക്കുന്നത് മൂന്നാർ റേഞ്ചിൽ നിന്നാണ്. വനം വകുപ്പും വ്യവസായ വകുപ്പും അങ്ങും മുൻകൈ എടുത്ത് മൂന്നാർ റേഞ്ചിൽനിന്നും കൃത്യമായി ഈറ്റ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി കൃത്യമായി

പൂർത്തീകരിച്ചെങ്കിൽ മാത്രമേ തൊഴിലാളികൾക്ക് ഈറ്റ സുഗമമായി ലഭ്യമാവുകയുള്ളൂ. കോർപ്പറേഷന്റെ സമീപകാല ചരിത്രമെടുത്ത് പരിശോധിച്ചാൽ, മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധത്തിൽ അവിടെ കമ്മ്യൂണിറ്റി വീവിംഗ് സെന്ററുകൾ, പൊതുനെയ്ത്ത് കേന്ദ്രങ്ങളുമുണ്ട്. ഈറ്റ ലഭ്യമാകാതെ, ആ നെയ്ത്ത് കേന്ദ്രങ്ങൾ ഏതാനും മാസങ്ങൾ അടഞ്ഞുകിടക്കുന്ന സാഹചര്യം പോലുമുണ്ടായി. പ്രത്യേകിച്ച് കോവിഡ്-19 പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ഈറ്റയുടെ ലഭ്യതക്കുറവുമൂലം തൊഴിലെടുക്കുന്ന ഇതുപോലുള്ള കേന്ദ്രങ്ങൾ അടഞ്ഞുകിടക്കുന്ന സാഹചര്യമുണ്ടായപ്പോൾ ആ തൊഴിലാളികളൊക്കെ വലിയ പട്ടിണിയിലാണ്. അവരുടെ പട്ടിണി മാറ്റാനായി, ആ പ്രശ്നം പരിഹരിക്കാനായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രത്യേകിച്ച് യാതൊരു നടപടിയുമുണ്ടായിട്ടില്ല. അതുകൊണ്ട് ഈറ്റ കൃത്യമായി ലഭ്യമാകുന്നതിനുള്ള നടപടിക്ക് സർക്കാർ മുൻകയ്യെടുക്കണം.

അതുപോലെ നിലവിൽ ഗാർഹിക തൊഴിലാളികളുണ്ട്. കമ്മ്യൂണിറ്റി സെന്ററുകളിൽ പോയി നെയ്യുന്നവരെ കൂടാതെ വീടുകളിലിരുന്ന് നെയ്യുന്ന ആളുകളുമുണ്ട്. വീടുകളിലിരുന്ന് നെയ്യുന്ന ആളുകൾക്ക് ഈറ്റ

ലഭിക്കുന്നതിനായി യാതൊരു ക്രമീകരണവും നിലവിലില്ല. ഈറ്റയുടെ ലഭ്യത കൃത്യമായി ഉറപ്പുവരുത്തിക്കൊണ്ട് തൊഴിലാളികൾക്ക് കൃത്യമായി തൊഴിലെടുക്കാനുള്ള സാഹചര്യമുണ്ടെന്ന് ഉറപ്പുവരുത്താനായി സർക്കാർ മുൻകൈ എടുക്കേണ്ടതാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഈ മേഖലയിലെ പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട കെ. ബാബു(തൃപ്പൂണിത്തുറയും) അങ്ങും ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. അങ്ങ് ഇപ്പോൾ സൂചിപ്പിച്ച ഒരു കാര്യം, വീടുകളിലിരുന്ന് പനമ്പ് നെയ്യുന്ന തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നമാണ്. പെരുമ്പാവൂർ, കാലടി , അങ്കമാലി മേഖലകളിലെല്ലാം ഈ തൊഴിലാളികളുണ്ടെന്ന് നമുക്കറിയാം. പെരുമ്പാവൂർ, ചേരാനല്ലൂർ എന്നിവിടങ്ങളിൽ വീടുകളിലിരുന്ന് ഈറ്റ നെയ്യുന്നവർക്കുവേണ്ടി ഒരു സെന്റർ ആരംഭിക്കുകയുണ്ടായി. പക്ഷെ, അതുമൂലം വേണ്ടത്ര ഗുണം ഉണ്ടായിട്ടില്ല. അതുമാത്രമല്ല, വീടുകളിലിരുന്ന് ഈറ്റ നെയ്യുന്ന തൊഴിലാളികൾക്ക് വേണ്ടത്ര ഡി.എ.-യും മറ്റ് ആനുകൂല്യങ്ങളും ഇതിൽ നിന്ന് കിട്ടിയിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, താങ്കൾ പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ വിഷയങ്ങൾ വളരെ വിശദമായിത്തന്നെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. താങ്കളുടെ മണ്ഡലത്തിന് തൊട്ടടുത്ത മണ്ഡലമായ ആലുവയിലെ പാറപ്പുറം പഞ്ചായത്തിൽ ബാംബൂ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന നിരവധി പനമ്പ് നെയ്ത്ത് തൊഴിലാളികളുണ്ട്. അവർക്ക് ഈറ്റ കിട്ടുന്നില്ലെന്ന പ്രശ്നമുണ്ട്. അതുപോലെ അവർക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ വേതനമാണ്. അത് വർദ്ധിപ്പിച്ചുനൽകണമെന്ന് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ള മെമ്പർമാർ നിരന്തരം ഞങ്ങളോട് ആവശ്യപ്പെടുകയാണ്. അവരുടെ വേതനം വർദ്ധിപ്പിക്കുന്നതോടൊപ്പം അവരുടെ ഡി.എ. കുടിശ്ശിക നൽകുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റോജി എം. ജോൺ: സർ, ഞങ്ങളുടെയൊക്കെ മണ്ഡലങ്ങളിലുള്ള നിരവധിപേർ ഈ മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നതിനാൽ ആ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ നന്നായി മനസ്സിലാക്കുന്ന അംഗങ്ങളെന്ന നിലയിലാണ് ബഹുമാന്യരായ പെരുമ്പാവൂർ അംഗവും ആലുവ അംഗവും ഈ വിഷയം ഇവിടെ ഉന്നയിക്കുന്നത്. ഞങ്ങൾ ഈ

വിഷയം നിയമസഭയിൽ നിരവധി തവണ ഉന്നയിച്ചിട്ടുണ്ടെങ്കിലും ഇതിന് കൃത്യമായ പരിഹാരമാർഗ്ഗമുണ്ടായിട്ടില്ലെന്നത് വളരെ ഖേദകരമാണ്. ഏറ്റവും പാവപ്പെട്ടവരായ തൊഴിലാളികൾ പ്രത്യേകിച്ച് സ്ത്രീകൾ തൊഴിലെടുക്കുന്ന ഒരു മേഖലയായതുകൊണ്ടാണ് ഈ വിഷയങ്ങൾ പിന്നെയും ഇവിടെ ആവർത്തിക്കുന്നത്. പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളിൽപോയാൽ കാണുന്ന കാഴ്ച വളരെ പരിതാപകരമാണ്. രാവിലെ മുതൽ വൈകുന്നേരംവരെ നിലത്ത് കുത്തിയിരുന്ന് പനമ്പ് നെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം വളരെ തുച്ഛമാണ്. കഴിഞ്ഞ 40 മാസമായി അവർക്ക് ലഭിക്കേണ്ട ഡി.എ. കുടിശ്ശിക നൽകാൻ കോർപ്പറേഷനും ബോർഡും സർക്കാരും തയ്യാറായിട്ടില്ലെന്നത് നമുക്ക് ചിന്തിക്കാൻ കഴിയുമോ? ഈ മേഖലയിൽ പണിയെടുക്കുന്നവരോട് സർക്കാരിന്റെ സമീപനമെന്താണെന്ന് വെളിവാക്കുന്നതല്ലേ ഇത്? പെന്റിംഗിലായ അവരുടെ ഡി.എ. കുടിശ്ശിക കൊടുത്തുതീർക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. അതുപോലെ അവർക്ക് ലഭിക്കേണ്ട ചികിത്സാ ആനുകൂല്യങ്ങളുൾപ്പെടെയുള്ള കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കോർപ്പറേഷനും ഈ മേഖലയും വലിയ

നഷ്ടത്തിലാണെന്ന് സർക്കാർ പറയുമ്പോഴും തന്നിഷ്ടപ്രകാരം സ്വന്തക്കാരെ തിരുകിക്കയറ്റി കൂടുതൽ നഷ്ടത്തിലേയ്ക്ക് ഈ കോർപ്പറേഷനെ തള്ളിവിടുന്ന സമീപനമാണുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം കെ. ബാബു സൂചിപ്പിച്ചതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഇതുമായി ബന്ധപ്പെട്ട സ്ഥാപനമാണ് ബാംബൂ ബോർഡ് ഫാക്ടറി. ആ ഫാക്ടറിയിലെ ജീവനക്കാർക്ക് കൃത്യമായ ശമ്പളമോ ആനുകൂല്യമോ ലഭ്യമാക്കാൻ നമുക്ക് കഴിയുന്നില്ല. വർഷങ്ങളായി പലരുടെയും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുകയാണ്. അപ്പോഴാണ് ഈ കോർപ്പറേഷനിൽ ഏകദേശം 38 കോടി രൂപയുടെ ക്രമക്കേട് നടന്നിരിക്കുന്നുവെന്ന സി.ആൻഡ് എ.ജി.-യുടെ റിപ്പോർട്ട് വരുന്നത്. ഒരു വശത്ത് കോർപ്പറേഷൻ വളരെ പരിതാപകരമായ സാഹചര്യത്തിൽ വലിയ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിച്ച് പ്രവർത്തിക്കുന്നു, മറുവശത്ത് വലിയ ക്രമക്കേട് നടന്നിരിക്കുന്നുവെന്ന സി.ആൻഡ് എ.ജി.-യുടെ റിപ്പോർട്ട് വരുന്നു. അതോടൊപ്പം കൂടുതൽപേരെ അനധികൃതമായി നിയമിച്ചുകൊണ്ട് ഈ മേഖലയെയും കോർപ്പറേഷനെയും

കൂടുതൽ നഷ്ടത്തിലേയ്ക്ക് തള്ളിവിടുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ തൊഴിലാളികളോട് ഈ ഗവൺമെന്റിന് എന്തെങ്കിലും പ്രതിബദ്ധതയുണ്ടെങ്കിൽ അവരുടെ പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കി അതിന് പരിഹാരം കാണാനുള്ള നടപടിയുണ്ടാകണം. ഈ ബില്ലുവഴി തൊഴിലാളികളുടെ വിഹിതം 7 രൂപയിൽനിന്നും 15 രൂപയാക്കി മാറ്റുന്നതല്ലാതെ അതിനാനുപാതികമായി സർക്കാർ വിഹിതം വർദ്ധിപ്പിക്കാനോ ഈ മേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനോ ഒരു നടപടിയുമുണ്ടാകുന്നില്ലെന്നത് വളരെ പ്രതിഷേധാർഹമാണ്. അതുകൊണ്ട് ഒരിക്കൽക്കൂടി ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. അങ്ങ് അനുവദിച്ച സമയത്തിനുള്ളിൽത്തന്നെ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

മി. ചെയർമാൻ: പ്രത്യേകം നന്ദി.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി

31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാനത്തെ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്കും ഈറ്റ, കാട്ടുവള്ളി, തഴ വ്യവസായങ്ങളിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനുംവേണ്ടി ഒരു നിധി രൂപീകരിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള ഒരു ബില്ലാണിത്. ഓരോ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളിയും ഈറ്റ, കാട്ടുവള്ളി, തഴ ഉല്പന്നങ്ങളുടെ തൊഴിലുടമയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഓരോ മാസവും നിധിയിലേയ്ക്ക് അംശദായമായി അടയ്ക്കുന്ന ഏഴ് രൂപ 15 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇപ്രകാരം അംശദായം വർദ്ധിപ്പിച്ചപ്പോഴും അവരുടെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കാത്തത് പ്രതിഷേധാർഹമാണ്. വിവാഹ ധനസഹായം സീനിയോരിറ്റിയനുസരിച്ച് 2000, 2500, 3000 രൂപയാണ്. പ്രസവ ധനസഹായം 1000 രൂപയാണ്. വിദ്യാഭ്യാസ ധനസഹായം/സ്കോളർഷിപ്പ് 1000 രൂപയുമാണ്. വിരമിക്കുന്നതിനുമുമ്പ് മരണപ്പെടുന്നവർക്ക്

അംശദായമായി അടച്ച തുകയും അതിന് തുല്യമായ തുകയുമാണ് നൽകിവരുന്നത്. ഇതൊക്കെ പരിഷ്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. പത്തുവർഷം ഇതിൽ അംഗങ്ങളായിരിക്കുന്നവർക്ക് പത്ത് ലിറ്റർ പെട്രോൾ വാങ്ങേണ്ട പണമാണ് നിലവിൽ ലഭിക്കുന്നതെന്നതാണ് ഇപ്പോഴത്തെ സാഹചര്യം. ഒരു തൊഴിലാളിവർഗ്ഗ പാർട്ടി നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റ് പാവപ്പെട്ട തൊഴിലാളികൾക്ക് ഇതുപോലുള്ള ആനുകൂല്യങ്ങൾ നൽകുമ്പോൾ അത് വർദ്ധിപ്പിച്ചുനൽകേണ്ടത് അത്യാവശ്യമാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കഴിഞ്ഞ കാലഘട്ടങ്ങളിൽ പ്രത്യേകിച്ച് കോവിഡ്-19 സാഹചര്യത്തിൽ ഈറ്റത്തൊഴിലാളികൾ ഏറ്റവുമധികം ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. പ്രത്യേകിച്ച് പെരുമ്പാവൂർ മേഖലയിൽ ചെല്ലുമ്പോൾ ഇവരെല്ലാം കൂട്ടംകൂടിവന്ന് പറയുന്ന ഒരു കാര്യം, അവർക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമല്ലെന്നുള്ളതാണ്. അതുതന്നെയാണ് ഏറ്റവും വലിയ പ്രതിസന്ധിയും. കോർപ്പറേഷൻ 157 രൂപയ്ക്കാണ് ഒരു കെട്ട് ഈറ്റ തൊഴിലാളികൾക്ക് നൽകിയിരുന്നത്. ഇപ്പോൾ അത് ഒരിടത്തും ലഭിക്കുന്നില്ല. സ്വകാര്യവ്യക്തികളിൽനിന്നും

മുന്നൂറും അതിലധികം തുകയ്ക്കും വാങ്ങേണ്ട ഗതികേടാണ് ഇപ്പോഴുള്ളത്. അതിനനുസൃതമായ തുക ഉല്പന്നങ്ങൾക്ക് ലഭ്യമല്ലാത്ത സാഹചര്യവുമുണ്ട്. നിലവിലെ കോവിഡ് സാഹചര്യത്തിൽ മൂന്നാർ പോലുള്ള പ്രദേശങ്ങളിൽ ടൂറിസ്റ്റുകൾ പോകുന്നില്ല. അടിമാലി പോലുള്ള മേഖലകളിലാണ് ഏറ്റവുമധികം കുട്ടവ്യാപാരമുള്ളത്. അവിടെയെത്തുന്ന ടൂറിസ്റ്റുകൾ ഇതുകണ്ട് അവ വാങ്ങുന്ന സാഹചര്യമുണ്ട്. നിലവിൽ ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞപ്പോൾ വിപണനമില്ലെന്ന വസ്തുതയും നിലനിൽക്കുകയാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും അവയുടെ വർദ്ധിച്ച വിലയുമാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ബുദ്ധിമുട്ടിന് പ്രധാന കാരണം. പല സന്ദർഭങ്ങളിലും സ്വകാര്യമേഖലയിൽനിന്നും ലഭിക്കുന്ന ഈറ്റയുടെ വില കൂടിക്കൂടിവരുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് ഈ മേഖലയിൽ വളരെ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കുകയാണെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇവിടെ സൂചിപ്പിച്ചത്. പെരുമ്പാവൂർ മാത്രമല്ല, ചാലക്കുടിയിലും തൃശ്ശൂരുമൊക്കെ ഇതിന്റെ ദുരിതം തൊഴിലാളികൾ

അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സാമൂഹ്യഘടനയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന തൊഴിലാളികളാണ് ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾ. ഇവരിൽ ഭൂരിഭാഗവും ആദിവാസികളും പട്ടികവർഗ്ഗക്കാരായ സ്ത്രീകളുമാണ്. ദിവസേന പത്തുമണിക്കൂറോളം ജോലി ചെയ്യുന്ന ഇവർക്ക് കിട്ടുന്ന ഉല്പന്നത്തിന്റെ വില വളരെ തുച്ഛമാണ്. അതുകൊണ്ടുതന്നെ ഇവർക്ക് ക്ഷേമനിധിയിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ  വർദ്ധിപ്പിക്കേണ്ടതുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ഒരുലക്ഷത്തി ഏഴായിരത്തോളം തൊഴിലാളികൾ അംഗങ്ങളായ ഈ ക്ഷേമനിധി ബോർഡിനെ അടിസ്ഥാനപരമായി യാതൊരുബന്ധവുമില്ലാത്ത ഫാക്ടറീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ലേബർ വെൽഫെയർ ബോർഡിൽ ലയിപ്പിക്കാൻ സർക്കാർ പദ്ധതിയിടുന്നതായി അറിയുന്നു. കേന്ദ്ര സർക്കാരിന്റെ താങ്ങ് പദ്ധതിപ്രകാരം തൊഴിലാളികൾക്ക് ലഭിക്കുന്ന നിലവിലുള്ള ആനുകൂല്യങ്ങൾ ഇല്ലാതാക്കാൻമാത്രമേ ഇത് ഉപകരിക്കുകയുള്ളൂ. ഈ നീക്കത്തിൽനിന്ന് സർക്കാർ പിന്മാറണം. കോവിഡുമൂലം തൊഴിൽ നഷ്ടമായ പരമ്പരാഗത ഈറ്റ തൊഴിലാളികളെ സഹായിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. കോവിഡ് കാലത്ത് ഈ പരമ്പരാഗത തൊഴിൽമേഖല നിശ്ചലമായിരുന്നു.

ഈറ്റ ഉൾപ്പെടെയുള്ള അസംസ്കൃതവസ്തുക്കൾ ലഭ്യമല്ലാതായതോടെ ആയിരക്കണക്കിന് കുടുംബങ്ങൾ തൊഴിൽരഹിതരായി. ഇതോടെ ഈ തൊഴിൽമേഖലതന്നെ അപ്രസക്തമാകുന്ന സ്ഥിതിയാണ്. ബാംബൂ കോർപ്പറേഷനുവേണ്ടി ജോലി ചെയ്യുന്ന ഈറ്റ വെട്ടുകാർ, പനമ്പ് നെയ്ത്തുകാർ എന്നിവർക്ക് സർക്കാർ അനുവദിച്ച പണം ഇതുവരെ നൽകിയില്ലെന്ന ആക്ഷേപമുണ്ട്. ഈറ്റയുടെ ലഭ്യതക്കുറവുകാരണം ഈ മേഖലയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലില്ല. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് പ്രഖ്യാപിച്ച് പല മേഖലയും പഴയനിലയിലേയ്ക്ക് എത്തുമ്പോൾ ഈറ്റ, തഴ, മുള, ചൂരൽ, കാട്ടുവള്ളി തൊഴിലാളികളുടെ ദുരിതമകറ്റാൻ മാത്രം നടപടിയില്ല. ഈറ്റ വെട്ടാനും അനുമതിയില്ല. ബാംബൂ കോർപ്പറേഷനാകട്ടെ ഡിപ്പോകൾവഴി ഈറ്റ ലഭ്യമാക്കുന്നില്ല. കോവിഡ് കാലത്ത് പൂട്ടിയ ഡിപ്പോകൾ ഇനിയും തുറന്നിട്ടില്ല. ഇവ തുറന്ന് ഈറ്റ ലഭ്യമാക്കിയാലേ വീടുകളിലിരുന്ന് പനമ്പ് നെയ്ത് അന്നത്തിന് വഴിതേടുന്ന കുടുംബങ്ങൾക്ക് രക്ഷപ്പെടാൻ കഴിയുകയുള്ളൂ. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ കർമ്മ പദ്ധതി തയ്യാറാക്കുമെന്ന് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുമ്പോൾ ഒരു ആനുകൂല്യവും ജീവിതപുരോഗതിയുമില്ലാതെ ഈ

മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതത്തിന് കയ്യുംകണക്കുമില്ല. ഒരു കാലത്ത് പ്രതാപത്തിന്റെ കൊടുമുടിയിൽനിന്നിരുന്ന ഈ മേഖല ഇന്ന് നാശത്തിന്റെ പടുകുഴിയിലാണ്. പട്ടിണിയും പരിവട്ടവും മാത്രം കൂട്ടായതോടെ പാരമ്പര്യ തൊഴിലാളികളെല്ലാം ഈ രംഗത്തെ കയ്യൊഴിഞ്ഞു. പുതിയ തലമുറ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നതേയില്ല. അതുകൊണ്ടുതന്നെ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന പല സഹകരണസംഘങ്ങളും ഇന്ന് ഓർമ്മ മാത്രമാണ്. യന്ത്രവത്കൃത നെയ്ത്ത് ശാലകളിൽ പണിയെടുക്കുന്ന ഒരു വിഭാഗത്തിനുമാത്രം സർക്കാർ ആനുകൂല്യം ലഭ്യമാക്കുമ്പോൾ വീടുകളിലിരുന്ന് പനമ്പ് നെയ്യുന്ന തൊഴിലാളികളെ കോർപ്പറേഷൻ അധികൃതർ അവഗണിക്കുകയാണ്. തൊഴിലാളികൾക്ക് അനുവദിച്ച ഡി.എ.-യും നൽകുന്നില്ല. തൊഴിലാളി പ്രതിനിധികളുമായി കോർപ്പറേഷൻ മാനേജ്മെന്റ് നടത്തിയ ചർച്ചയിൽ ബോണസും ഡി.എ.-യും നൽകാൻ തീരുമാനിച്ചു. പക്ഷേ കടുത്ത പ്രതിസന്ധി നേരിട്ട കോവിഡ് കാലത്ത് തൊഴിലാളി കുടുംബങ്ങൾക്ക് ഒരു രൂപപോലും ലഭിച്ചില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത് ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ സംബന്ധിച്ചാണ്. പനമ്പ്, മുറം, കുട്ട തുടങ്ങിയ ഉൽപ്പന്നങ്ങൾ നമ്മളെല്ലാവരും സുലഭമായി ഉപയോഗിച്ചിരുന്ന കാലഘട്ടമുണ്ടായിരുന്നു. ആധുനിക സംവിധാനങ്ങൾ വന്നതോടുകൂടി പനമ്പും മുറവും കുട്ടയുമൊക്കെ അപ്രത്യക്ഷമായി. പുതിയ തലമുറയ്ക്ക് ഇതൊക്കെ അന്യമായിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗതമായി ഈ കുലത്തൊഴിലിൽ ഏർപ്പെട്ട് ഉപജീവനം നടത്തിയിരുന്ന ആയിരക്കണക്കിന് പാവപ്പെട്ട തൊഴിലാളികൾ ഇന്ന് വലിയ പ്രതിസന്ധിയിലാണ്. അവരുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. ഇങ്ങനെയുള്ള ഒരു വിഭാഗത്തെ സമുദ്ധരിക്കുന്നതിനുവേണ്ടി എന്തെങ്കിലും പ്രത്യേകമായൊരു പദ്ധതിക്ക് സർക്കാർ രൂപം നൽകേണ്ടതുണ്ട്. അവർ പരമ്പരാഗതമായ തൊഴിലിലേർപ്പെട്ട് നിർമ്മിക്കുന്ന മുറവും കുട്ടയും പനമ്പുമൊക്കെ ചുമലിലേറ്റി വീടുവീടാന്തരം കയറിയിറങ്ങി വിറ്റുകൊണ്ടിരിക്കുകയാണ്. അതൊക്കെ അവരിൽനിന്ന് വാങ്ങിയിരുന്ന ആളുകളുണ്ടായിരുന്നു. ഇപ്പോൾ അത് വാങ്ങലൊക്കെ നിർത്തി. ഇപ്പോഴവർ വലിയ പ്രതിസന്ധി

നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഇവരുടെ ക്ഷേമനിധിയിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട് എന്നത് ഒരു ഭാഗം. അതിനപ്പുറത്ത് ഈ പരമ്പരാഗത തൊഴിലിനെ കൂടുതൽ ഫലപ്രദമാക്കി കൂടുതൽ തൊഴിലവസരങ്ങൾകൂടി സൃഷ്ടിക്കാനാവശ്യമായ പദ്ധതികൾ സർക്കാർ രൂപീകരിക്കണം. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, തീർച്ചയായും. വളരെ പ്രസക്തമായ കാര്യമാണ് അങ്ങിവിടെ സൂചിപ്പിച്ചത്. അതിരപ്പിള്ളി, ഷോളയാർ വനമേഖലകളിലാണ് ഈറ്റയും മുളയും ചൂരലും സുലഭമായുള്ളത്. ഇതിന്റെ ഭാഗമായാണ് കേരള സർക്കാർ എറണാകുളം ജില്ലയിലെ അങ്കമാലിയിൽ ബാംബൂ കോർപ്പറേഷൻ എന്ന സ്ഥാപനം ആരംഭിച്ചത്. തൃശ്ശൂർ ജില്ലയ്ക്കായി ചാലക്കുടിയിൽ ഒരു ഡിപ്പോയും ആരംഭിച്ചു. തൊഴിലാളികൾക്ക് ഈറ്റ, മുള, ചൂരൽ എന്നിവ വിതരണം ചെയ്തിരുന്നത് ഈ ഡിപ്പോയിൽനിന്നായിരുന്നു. എന്നാൽ ജീവനക്കാരില്ലാത്തതും ഉള്ള ജീവനക്കാർ വിരമിച്ചതുംമൂലം ചാലക്കുടി ഡിപ്പോയുടെ പ്രവർത്തനം താറുമാറായി. തൃശ്ശൂർ ജില്ലയിലെ ഏഴായിരത്തിലധികം തൊഴിലാളികളുടെ ജീവിതം ഇതുമൂലം ദുരിതത്തിലായി. വരവൂർ, ദേശമംഗലം, കൊടുങ്ങല്ലൂർ,

വരടിയം, ഗുരുവായൂർ, ചാവക്കാട്, കുന്ദംകുളം, വടക്കാഞ്ചേരി, പഴയന്നൂർ, ചേലക്കര, തൃപ്രയാർ, കൈപ്പറമ്പ് തുടങ്ങിയ വടക്കുപടിഞ്ഞാറൻ മേഖലകളിലെ തൊഴിലാളികളെയും ഇത് സാരമായി ബാധിച്ചു. കുലത്തൊഴിലായി ജീവിതം നയിക്കുന്ന പട്ടികജാതി, സാംബവ സമുദായമാണ് ഈ തൊഴിൽ ചെയ്ത് ജീവിക്കുന്നത്. പാക്കനാരുടെ പിൻതലമുറക്കാരായി അറിയപ്പെടുന്ന ഈ സമുദായത്തിന് മുൻപെല്ലാം ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തുന്നതിനായി സഹകരണ സംഘങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അതിന്റെയൊക്കെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ചാലക്കുടി നിയോജക മണ്ഡലത്തിൽ ഈറ്റ, മുള നെയ്ത്ത് തൊഴിലാക്കിയ നൂറുകണക്കിന് കുടുംബങ്ങളുണ്ട്. ഇവർക്ക് ഈറ്റ ലഭിച്ചിരുന്നത് ചാലക്കുടി കൂടപ്പുഴയിലുള്ള ബാംബൂ കോർപ്പറേഷന്റെ സബ് ഡിപ്പോയിൽനിന്നായിരുന്നു. ഇവിടെനിന്ന് ഈറ്റ വാങ്ങിക്കൊണ്ടുപോയി പലരും സംഘങ്ങളായും വീടുകളിലിരുന്നും കുട്ട, മുറം തുടങ്ങിയവ നെയ്തുണ്ടാക്കി വിപണിയിലെത്തിക്കുകയും ഓർഡർ പ്രകാരം വീടുകളിൽ എത്തിക്കുകയുമായിരുന്നു. ഇവയ്ക്ക് ഓണ സീസണിൽ വൻ ഡിമാന്റുണ്ടായിരുന്നു. എന്നാൽ പ്രളയത്തിനുശേഷം ബാംബൂ കോർപ്പറേഷൻ

ചാലക്കുടി ഡിപ്പോയിൽനിന്ന് ഈറ്റ വിതരണം നിർത്തി. തുറക്കുന്നതുപോലും ഇല്ലാതായി. ഇവിടെ ഈറ്റ കിട്ടാതായതോടെ അങ്കമാലിയിലെ ബാംബൂ കോർപ്പറേഷൻ കേന്ദ്രത്തിലെത്തിയാണ് പലരും ഈറ്റ ശേഖരിച്ച് തൊഴിൽ നിലനിർത്തിയിരുന്നത്. എന്നാൽ വാഹന വാടക ഇനത്തിൽ വലിയ തുക കൊടുക്കേണ്ടി വന്നതോടെ ഇവിടെനിന്നും ഈറ്റ എത്തിക്കുന്നത് ലാഭകരമല്ലാതായി. നായരങ്ങാടി, എലഞ്ഞിപ്ര, കുരുന്നുകുന്ന്, ഉറുമ്പൻകുന്ന്, കൂടപ്പുഴ എന്നിവിടങ്ങളിലാണ് കൂടുതൽ നെയ്ത്ത് കുടുംബങ്ങളുള്ളത്. പരമ്പരാഗത നെയ്ത്തുകാരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ചാലക്കുടി ചന്തയിൽ വിപണന കേന്ദ്രവുമുണ്ട്. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് നിയന്ത്രണം വന്നതോടെ പരമ്പരാഗത ഈറ്റ ഉൽപ്പന്ന വിപണി സജീവമായതാണ്. ഇതിനിടയിലാണ് ഈറ്റ ക്ഷാമം തിരിച്ചടിയായത്. ആദ്യകാലങ്ങളിൽ പരമ്പരാഗത തൊഴിലാളികൾക്ക് കാടുകളിൽനിന്ന് നേരിട്ട് ഈറ്റ വെട്ടിയെടുത്ത് തലച്ചുമടായി കൊണ്ടുവരാൻ പാസ്സ് അനുവദിച്ചിരുന്നു. എന്നാൽ വനനിയമങ്ങൾ കർശനമാക്കിയതോടെ ആ സൗകര്യം എടുത്തു കളഞ്ഞു. പകരം വന്ന സംവിധാനമാണ് ഡിപ്പോ വഴി വിതരണം ചെയ്യുക എന്നത്. ഈറ്റ ശേഖരണം പുനരാരംഭിച്ച് ഡിപ്പോകൾ തുറന്ന് ഈറ്റവെട്ട്

തൊഴിലാളികളെയും പരമ്പരാഗത കുടിൽ വ്യവസായ തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. അംശദായം വർദ്ധിപ്പിച്ചിട്ടും ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാത്ത ഈ ഭേദഗതികളോട് ഒരിക്കൽക്കൂടി വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ജി. സ്റ്റീഫൻ): സർ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ള, തൊഴിലാളികളെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ക്ഷേമനിധി ബോർഡ് മുന്നോട്ടുവച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമത്തിന് സർക്കാർ ഭേദഗതികൾ സഭയ്ക്ക് മുമ്പാകെ കൊണ്ടുവരുന്നത് എന്നുള്ളകാര്യം ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. ഈ പരമ്പരാഗത മേഖലയിൽ

തൊഴിലെടുക്കുന്ന തൊഴിലാളികൾ വലിയ പ്രതിസന്ധിയെ പലഘട്ടങ്ങളിൽ നേരിടുന്നു എന്നുള്ളത് വസ്തുതാപരമായ കാര്യമാണ്. കാട്ടാന, കാട്ടുപോത്ത്, കരടി തുടങ്ങിയ വന്യമൃഗങ്ങളുടെ വലിയ ആക്രമണത്തെ നേരിട്ടാണ് ദുർഘടമായ വനപ്രദേശങ്ങളിൽ പോയി ഈറ്റയും കാട്ടുവള്ളിയും വെട്ടി ഈ തൊഴിലിൽ തൊഴിലാളികൾ ഏർപ്പെട്ടിട്ടുള്ളത്. തലച്ചുമടായി മൈലുകൾ സഞ്ചരിച്ചാണ് വനത്തിനുള്ളിൽനിന്നും അവർ ഈറ്റ വീടുകളിലും കുടിലുകളിലും കൂരകളിലും എത്തിച്ചതിനുശേഷം മനോഹരമായ കുട്ട, വട്ടി, പനമ്പ്, തഴപ്പായ, കരകൗശല വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നത്. ഈ വിഭാഗത്തിലെ തൊഴിലാളികൾ ഒരു മഹത്തായ സംസ്കാരത്തിന്റെ ജീവസ്സുറ്റ അടയാളങ്ങളാണ്. ഈ വിഭാഗത്തിലുള്ള തൊഴിലാളികൾക്ക് ഏറ്റവുംകുറഞ്ഞ കൂലിയാണ് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുന്നതുപോലെ, ഈറ്റയും കാട്ടുവള്ളിയുമൊക്കെ വനപ്രദേശങ്ങളിൽ നിന്നാണ് വെട്ടിക്കൊണ്ടുവരേണ്ടത്. ഇവിടെ സൂചിപ്പിച്ചതുപോലെ പലപ്പോഴും അതിന്റെ ലഭ്യതക്കുറവുമുണ്ട്. നദീതീരങ്ങളിലും മറ്റും ഈറ്റയും കാട്ടുവള്ളിയും നട്ടുപിടിപ്പിക്കാനും അതിനെ പ്രോത്സാഹിപ്പിക്കാനും തയ്യാറാകുകയും

ചെയ്താൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കൂട്ടാൻ കഴിയില്ലേ; അക്കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപ്പിലാക്കേണ്ട ഒരു സമീപനത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. വനത്തിനുള്ളിൽ ആവശ്യത്തിന് ഈറ്റയും കാട്ടുവള്ളിയും ലഭിക്കുന്നില്ല എന്നുള്ള അഭിപ്രായം നിലനിൽക്കുന്ന സാഹചര്യത്തിൽ അത് നട്ടുപിടിപ്പിച്ച് ഈ മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യത്തിന് ലഭ്യമാകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യതതന്നെയാണ്. ഈ രംഗത്ത് തൊഴിലെടുക്കുന്ന തൊഴിലാളികൾ സമൂഹത്തിലെ ഏറ്റവും പിന്നാമ്പുറത്ത് നിൽക്കുന്നവരും ദുർബലരും അവശത അനുഭവിക്കുന്നവരുമാണ്. വനാന്തരങ്ങളിൽ കഴിയുന്ന ഇവർ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരും ദുർബല ജനവിഭാഗത്തിൽപ്പെടുന്നവരുമാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ഏറ്റവും ദുർബലരും പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരു ജനവിഭാഗമാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്നത്. പറയിപെറ്റ പന്തിരുകുലത്തിലെ

പാക്കനാർ വിഭാഗത്തിൽപ്പെട്ട, നമ്മുടെ നാട്ടിൽ പാലക്കാട് പൊതുവിൽ കവറ സമുദായം എന്ന വിഭാഗത്തിൽപ്പെട്ടവരാണ് അവരുടെ കുലത്തൊഴിലായി വട്ടി, മുറം, കുട്ട, കൊയ്ത്തുകാലങ്ങളിലുള്ള കറ്റപ്പരമ്പ് അല്ലെങ്കിൽ കറ്റപ്പനമ്പ് എന്ന നിലയ്ക്കും നെയ്തെടുക്കുന്നത്. പണ്ടുപണ്ടേ വനാന്തരങ്ങളിൽനിന്നും പാസ്സ് കൊടുത്തിട്ട് തലച്ചുമടായി കൊണ്ടുവരുന്ന രീതിയുണ്ടായിരുന്നു. ഇപ്പോൾ പാസ്സ് കൊടുക്കുന്ന കാര്യത്തിലും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്ത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. അതുപോലെ കോർപ്പറേഷൻ നേരിട്ടാണ് കൊടുത്തിരുന്നത്. അതിന്റെ ട്രെയിനിംഗ് സെന്ററുകളും നമ്മുടെ നാട്ടിലുണ്ടായിരുന്നു. ഇപ്പോൾ ട്രെയിനിംഗ് സെന്ററിലേയ്ക്കാവശ്യമായ മുളപോലും കിട്ടാത്തൊരു അവസ്ഥയാണ്. ഇവർ പ്രത്യേകം ഒരു ഭാഷതന്നെയാണ് സംസാരിക്കുന്നത്. ആ നിലയ്ക്ക് ഒരു സാംസ്കാരികതയും ജീവിതക്രമവും നിലനിർത്തുകകൂടി ഈ കോർപ്പറേഷന്റെ ചുമതലയായി ഏറ്റെടുക്കണം എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനനുസരിച്ച് ഇവർക്കാവശ്യമായ മുളയും ഓടയും സുലഭമായി ലഭിക്കുന്ന വനാന്തരങ്ങളിൽനിന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്

മുഖാന്തരം കൊണ്ടെത്തിക്കുന്നതിനുള്ള ഇടപെടൽകൂടി നടത്തണം എന്നുള്ളതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയങ്ങൾ, ഈ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നിലവിൽ നിലനിൽക്കുന്ന സാഹചര്യങ്ങളാണ്. ഇത് പരിഹരിക്കുന്നതിന് കോർപ്പറേഷന്റെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുള്ള സത്വര നടപടികൾ ഉണ്ടാകേണ്ടതായിട്ടുണ്ടെന്നുള്ളത് വസ്തുതാപരമാണ്. ഇത്തരം തൊഴിലെടുത്ത് ജീവിക്കുന്ന ജനവിഭാഗങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ മലയോരപ്രദേശങ്ങളിലെ ഒട്ടുമുക്കാൽ പ്രദേശങ്ങളിലും അധിവസിക്കുന്നുണ്ടെന്നുള്ളതും വസ്തുതയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്ത് പ്രദേശങ്ങളിൽ ഈ വിഭാഗത്തിലുള്ള ജനങ്ങൾ അധിവസിക്കുന്നുണ്ട്. വനാന്തരങ്ങളിൽ ഈറ്റ ശേഖരിക്കാൻ പോയ സമയങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിന്റെ ഫലമായി ആന, കാട്ടുപോത്ത്, കരടി, കാട്ടുകടന്നൽ എന്നിവയുടെ കുത്തലിലും ആക്രമണത്തിലും നിരവധിയായിട്ടുള്ള ആളുകൾ മരണപ്പെട്ട സംഭവങ്ങളുണ്ട്. ഇവർക്ക് ഒരു ദിവസം മുതൽ 7 ദിവസം വരെയാണ്

വനമേഖലയിൽ താമസിച്ച് ഈറ്റ ശേഖരിക്കേണ്ടതായി വരുന്നത്. ഈ സമയങ്ങളിൽ പല അപകടങ്ങളിൽ ഇവർ പെട്ടുപോകുന്നതായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. വനം വകുപ്പിന്റെ കർശനമായിട്ടുള്ള നിയന്ത്രണങ്ങൾ ഇവരുടെ ഈ രംഗത്തുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടാകുന്നതായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളടക്കം ചൂണ്ടിക്കാണിക്കുന്ന കാഴ്ചയുണ്ട്. ഇത്രയും കഷ്ടപ്പെട്ട് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് തുച്ഛമായിട്ടുള്ള വരുമാനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ഈറ്റ വെട്ടി സമ്പന്നരായിട്ടുള്ള ഒരു തൊഴിലാളിപോലും ഈ സംസ്ഥാനത്തുണ്ടായിട്ടുണ്ടെന്ന് നമുക്ക് നാളിതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇടനിലക്കാരായ പലയാളുകളും വലിയ സമ്പന്നന്മാരായിട്ടുണ്ട് എന്ന ചരിത്രമാണ് ഈറ്റത്തൊഴിൽ മേഖലയിൽ നിൽക്കുന്ന തൊഴിലാളികൾ പല ഘട്ടത്തിലും പറഞ്ഞിട്ടുള്ളത്. അതുകൊണ്ടു തന്നെ തൊഴിലാളികളെ നേരിട്ട് സഹായിക്കുന്നതിനുവേണ്ടിയുള്ള സമീപനങ്ങൾ കോർപ്പറേഷൻ കൂടുതലായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

ഈറ്റ വെട്ടുന്നവരും ചുമക്കുന്നവരും ഒഴിച്ചുള്ള ബഹുഭൂരിപക്ഷം തൊഴിലാളികളും സ്ത്രീ തൊഴിലാളികളാണ് എന്നുള്ളതാണ് ഈ തൊഴിൽ മേഖലയുടെ ഒരു പ്രത്യേകത. അതുകൊണ്ട് ഈ തൊഴിൽമേഖലയെ ശക്തിപ്പെടുത്തേണ്ടത്, സ്ത്രീശാക്തീകരണത്തിന്റെയും സ്ത്രീകളുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി അനിവാര്യമായിട്ടുള്ള ഒരു ഘടകമാണ് എന്നാണ് മനസ്സിലാക്കുന്നത്. ശാസ്ത്ര സാങ്കേതിക രംഗം നമ്മുടെ ലോകത്ത് ഇത്രയേറെ വളർച്ച പ്രാപിച്ച ഈ കാലഘട്ടത്തിൽ താഴേത്തട്ടിലുള്ള ഇത്രയും ദുർഘടമായിട്ടുള്ള മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടിയുള്ള സമീപനങ്ങൾ വലിയ അളവിൽ നമ്മൾ ഈ കാലഘട്ടത്തിൽ സ്വീകരിക്കേണ്ടതാണ്. എന്തൊക്കെ വികസനം നടത്തിയാലും പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ജീവിതം എത്ര ഉയർന്നുവെന്നുള്ളതാണ് നമ്മൾ പല ഘട്ടങ്ങളിലും പരിശോധിക്കുന്നത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അങ്ങ് ശാസ്ത്ര സാങ്കേതിക രംഗത്തെ വികസനത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈറ്റയും മുളയും കിട്ടാതെയാകുമ്പോൾ, അസംസ്കൃത വസ്തുക്കളില്ലാതെയാകുമ്പോൾ, സ്വാഭാവികമായും പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട അതേ തരത്തിലുള്ള കുട്ട, മുറം

മുതലായ ഉല്പന്നങ്ങൾ വിപണിയിലിറങ്ങുന്നു. വിപണിയിലിറങ്ങുന്ന അത്തരം ഉല്പന്നങ്ങൾക്ക് ചിലപ്പോൾ ഇതിനേക്കാൾ വില കുറവായിരിക്കും. അങ്ങനെ വന്നുകഴിയുമ്പോൾ ഇതും ഈ പരമ്പരാഗത വ്യവസായത്തെ വളരെ ഗുരുതരമായ രീതിയിൽ ബാധിക്കുന്നുണ്ട് എന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ബഹുമാനപ്പെട്ട അംഗം എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ച വിഷയവും ഈ ബിൽ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. സ്വാഭാവികമായും പരമ്പരാഗത മേഖലയിലെ ഈ തൊഴിൽ ഇവിടെ പരാമർശിച്ചതുപോലെ കൃത്യമായി ചെയ്തുപോകാൻ കഴിയുന്ന സാഹചര്യങ്ങൾ ഇല്ലാതെ വരുന്ന ഘട്ടത്തിൽ യന്ത്രവത്കൃതമായിട്ടുള്ള സാധനങ്ങൾ ഉല്പാദിപ്പിച്ച് വിപണിയിലെത്തുന്ന സാഹചര്യമുണ്ട്. അത് തടയുന്നതിനുവേണ്ടി ഫലപ്രദമായ നടപടി സ്വീകരിക്കാൻ നിർബന്ധമായും ഈ വ്യവസായത്തെ സംരക്ഷിച്ചുകൊണ്ടു മാത്രമേ കഴിയുകയുള്ളൂ.

ഈ മേഖലയിൽ പണിയെടുക്കുന്ന ജനവിഭാഗങ്ങൾക്ക് അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടിയും അവരുടെ സാമൂഹിക

സമത്വം ഉറപ്പാക്കുന്നതിനുവേണ്ടിയുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. തൊഴിൽ വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുവെന്ന കാര്യം ഇവിടെ പരാമർശിക്കപ്പെട്ടു. ആ 16 ക്ഷേമനിധി ബോർഡുകളിൽ ഏറ്റവും ബുദ്ധിമുട്ടും പ്രയാസവും അനുഭവിക്കുന്ന ഒരു തൊഴിൽ മേഖലയാണ് ഈറ്റയും കാട്ടുവള്ളിയും പനമ്പും എന്നുള്ള കാര്യം നമുക്കറിയാം. ഇതുമായി ബന്ധപ്പെട്ട നിയമം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് 1998 ആഗസ്റ്റ് 10-ന് നിലവിൽ വന്നത്. 1999 ജൂൺ 18-ന് ക്ഷേമനിധി ചട്ടങ്ങളും ക്ഷേമനിധി പദ്ധതിയും ഈ സംസ്ഥാനത്ത് നിലവിൽ കൊണ്ടുവരാൻ കഴിഞ്ഞു. അതാണ് ഈ മേഖലയിലെ തൊഴിലാളികൾക്ക് ഏക ആശ്വാസമായി ഇന്നും പ്രവർത്തിക്കുന്നത്. ഈറ്റ, പനമ്പ് മേഖലയുടെ ക്ഷേമത്തിനുവേണ്ടി, 1970-ൽ കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ നിലവിൽ വന്നിരുന്നു. 1979-ൽ തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഒരു വിതരണ കേന്ദ്രം ആദ്യമായി ആരംഭിക്കുന്നതിനും കഴിഞ്ഞു. ജില്ലയിൽ കൂടുതൽ ഡിപ്പോകൾ പ്രവർത്തിക്കുന്നത് ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര

നിയോജകമണ്ഡലത്തിലാണ്. ആയിരങ്ങൾ കോർപ്പറേഷനിലൂടെ ലഭിക്കുന്ന ഈറ്റകൊണ്ട് ഉപജീവനം നടത്തിപ്പോരുകയാണ്. തൊഴിലാളികളുടെ പേരിൽ പെർമിറ്റ് വാങ്ങിയിട്ട് ഈറ്റ മുഴുവൻ ഇടനിലക്കാർ കാട്ടിൽനിന്നും വെട്ടിക്കൊണ്ടുപോകുന്ന സ്ഥിതിവിശേഷം പലപ്പോഴും ഉണ്ടാകുന്നുണ്ട്. യഥാർത്ഥ തൊഴിലാളികളെ രക്ഷിക്കാൻ കോർപ്പറേഷൻ നിരവധി പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്തിയിട്ടുണ്ട്. ഡി.എ. കുടിശിക നൽകുന്നതിനുള്ള പ്രഖ്യാപനം സർക്കാർ ഇതിനകംതന്നെ നടത്തിയിട്ടുണ്ട്. ഓണക്കാലയളവിൽ 20 മാസത്തെ ഡി.എ. കുടിശിക നൽകാൻ തയ്യാറായിട്ടുണ്ട്. മുള വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികളും കോർപ്പറേഷന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അങ്കമാലി കേന്ദ്രമാക്കി 1970-ൽ കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ നിലവിൽവന്നു. കോവിഡ് കാലഘട്ടത്തിലെ പ്രതിസന്ധിയെ തരണം ചെയ്യുന്നതിനുവേണ്ടി ഒട്ടേറെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോവിഡ് കാലഘട്ടത്തിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടിയുള്ള സഹായ പദ്ധതികൾ സർക്കാർ ഈ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട്. 10323 തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ

നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പ്രസവ ധനസഹായമായി 836 പേർക്ക് 1,25,40,000 രൂപയും വിവാഹ ധനസഹായമായി 176 പേർക്ക് 5,21,000 രൂപയും കോവിഡ് ധനസഹായമായി 68068 പേർക്ക് 6,92,35,000 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

സാമ്പത്തിക താങ്ങൽ പദ്ധതിയിൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി 80379 അപേക്ഷകൾ ഇതിനകം ലഭിച്ചിട്ടുണ്ട്. കോവിഡ് ധനസഹായമായി 9 കോടി രൂപ ഈ മേഖലയിലെ തൊഴിലാളികൾക്ക് നൽകാൻവേണ്ടി സർക്കാർ തയ്യാറായിട്ടുണ്ട്. തുച്ഛമായിട്ടുള്ള അംശദായം ഇന്ന് പിരിച്ചെടുക്കുന്നു എന്നുള്ളതാണ് ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കൃത്യമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സമായി നിൽക്കുന്നത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ക്ഷേമനിധി ആക്ടിലെ വകുപ്പ് (4) ഭേദഗതി ചെയ്യാനുള്ള നിർദ്ദേശമാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ക്ഷേമനിധി ബോർഡിൽനിന്നുള്ള നിർദ്ദേശ പ്രകാരമാണ് ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകുന്നത്. തൊഴിലാളി വിഹിതമായ 7 രൂപയും തൊഴിലുടമയുടെ വിഹിതമായ 7 രൂപയും ഒരു വർഷം വരെ അംശദായത്തിന് തുല്യമായ തുക

സർക്കാരിന്റേതുമായിട്ടാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇതിൽ മാറ്റംവരുത്തി തൊഴിലാളിയുടെ വിഹിതം 15 രൂപയാക്കാനുള്ള തീരുമാനമാണ് ഇതിൽ പ്രധാനമായും വരുന്നത്. അങ്ങനെ ഒരു തീരുമാനം കൈക്കൊള്ളുമ്പോൾ ഇവിടെ പരാമർശിക്കപ്പെട്ട തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കാനും പുതിയ ആനുകൂല്യങ്ങൾ കൂടുതലായി നൽകുന്നതിനുംവേണ്ടിയുള്ള ഒരു സ്ഥിതിയുണ്ടാകും. ബോർഡിന്റെ പ്രവർത്തനം അംശദായത്തിന്റെയും മാച്ചിംഗ് ഗ്രാന്റിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിൽനിന്നുമാണ് ദൈനംദിന ചെലവുകൾക്കുള്ള വരുമാനം കണ്ടെത്തുന്നത്.

അതുപോലെതന്നെ ബോർഡിലെ ജീവനക്കാരുടെ എണ്ണവും വളരെക്കുറവാണ്. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് ഈ ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ അങ്കമാലിയിലെ ബാംബു കോർപ്പറേഷൻ കെട്ടിടത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് ടൗണിൽ നിന്നും 3 കിലോമീറ്റർ അകലെയാണ്. ഇത് ടൗണിലെ സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റിയാൽ സാധാരണക്കാരായ തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങൾക്കുവേണ്ടി

ബോർഡിനെ സമീപിക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ കൂടുതലായി ഉണ്ടാകും. അതുകൊണ്ടുതന്നെ കേരളത്തിലെ ഏറ്റവും പ്രയാസമനുഭവിക്കുന്ന തൊഴിലാളി വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി ഈ ഭേദഗതി അംഗീകരിച്ച് നിയമം പാസാക്കിയാൽ ആ വിഭാഗത്തിലുള്ള തൊഴിലാളികൾക്ക് അവരുടെ തൊഴിലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നന്നായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ഉൾനാടുകളിലും വനാന്തരങ്ങളിലും യാത്ര ചെയ്ത് കഠിനപ്രയത്നത്താൽ ഈറ ശേഖരിക്കുന്ന തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ ബിൽ പാസ്സാക്കേണ്ടത് അനിവാര്യമാണ്. അതുകൊണ്ടുതന്നെ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് വാക്കുകൾ ചുരുക്കുന്നു.

Dr. M. K. Muneer: Sir, I move that-

“ This House resolves to disapprove The Kerala Shops and Commercial Establishments Labour Welfare Fund (Amendment) Ordinance, 2021 (Ordinance No. 121 of 2021)”

ക്ഷേമനിധിയിൽ അംഗമാകാൻ അർഹതയുള്ളവർ 1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നതും 18 വയസ്സ് പൂർത്തിയായിരിക്കുകയും എന്നാൽ 55 വയസ്സ് പൂർത്തിയാകാത്തതും ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതുമായ യാതൊരു തൊഴിലാളിക്കും സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കും മൂന്ന് മാസത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. ഞാൻ ഈ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട് പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ് ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. ആക്ടിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ അംഗവും പ്രതിമാസം 50 രൂപ നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. അതുപോലെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ തൊഴിലുടമയും പ്രതിമാസം 50 രൂപ താൻ നിയമിച്ച തൊഴിലാളിയുടെ അംശദായമായി നൽകണമെന്നും ഭേദഗതി നിർദ്ദേശങ്ങളുണ്ട്. നേരത്തെ ഇത് 20/- രൂപ വീതമായിരുന്നു. തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിക്കുമെന്നത് സത്യമാണ്. ഈ ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ സർക്കാർ വിഹിതത്തെക്കുറിച്ച്

യാതൊന്നും പറയുന്നില്ല. സർക്കാർ വിഹിതം മുമ്പ് പറഞ്ഞിട്ടുള്ളതനുസരിച്ച്, 'The Government shall contribute to the Fund by way of grant, an amount of rupees five per month paid by each member under sub-section (1) or twenty five percent of employee's contribution whichever is higher' എന്നാണ്. 25 ശതമാനമാണ് ഹയർ എന്ന നിലയിൽ എടുക്കുന്നതെങ്കിൽ 12 രൂപ മാത്രമാണ് ഈ ഭേദഗതിയിലൂടെ ക്ഷേമനിധിയിലേയ്ക്ക് സർക്കാർ കോൺട്രിബ്യൂട്ട് ചെയ്യേണ്ടത്. 50 രൂപ തൊഴിലാളിയും 50 രൂപ കടയുടമയും കൊടുക്കുമ്പോൾ ഗവൺമെന്റ് കൊടുക്കുന്നത് തുച്ഛമായിട്ടുള്ള 12 രൂപയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി അടിസ്ഥാനവർഗ്ഗ സിദ്ധാന്തത്തിന്റെ വക്താവാണ്. അദ്ദേഹത്തെ ഇവിടെ കാണുന്നില്ല. തൊഴിൽവർഗ്ഗ പ്രസ്ഥാനത്തിന്റെ അമരക്കാരനായി ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന് എങ്ങനെയാണ് തൊഴിലാളി വിരുദ്ധ സമീപനം സ്വീകരിക്കാൻ സാധിക്കുക? അങ്ങയെപ്പോലെയുള്ള ഒരാൾ തൊഴിൽ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ഇത്തരം കാര്യങ്ങളിൽ ജാഗ്രത കാണിക്കേണ്ടതായിരുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അംശദായം വർദ്ധിപ്പിക്കുമ്പോൾ തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ ഒരു

രൂപ പോലും വർദ്ധിപ്പിക്കാനുള്ള ഭേദഗതി നിർദ്ദേശവുമില്ല. അപ്പോൾ അംശദായം വർദ്ധിപ്പിക്കുന്നത് എന്തിനുവേണ്ടിയാണ്? തൊഴിലാളികൾക്ക് സർക്കാർ നൽകുന്ന നിരവധി ആനുകൂല്യങ്ങൾ അടിസ്ഥാന ബില്ലിൽ പറയുന്നുണ്ട്. അതിൽ പറയുന്നതനുസരിച്ച് 2007-ൽ നിയമം കൊണ്ടുവന്നപ്പോൾ പ്രഖ്യാപിച്ച 5,000 രൂപയാണ് വിവാഹ ധനസഹായമായി ഇപ്പോഴും നൽകിവരുന്നത്. ഇപ്പോൾ 2021-ൽ നിൽക്കുകയാണ്, നല്ലൊരു കല്യാണസാരി വാങ്ങുവാൻ പോലും സാധിക്കാത്ത തുകയാണ് ലഭിക്കുന്നത്. മരണാനന്തര ചെലവിനായി അംഗത്തിനോ കുടുംബത്തിനോ നൽകുന്നത് 1,000 രൂപ മാത്രമാണ്. ചികിത്സാ ധനസഹായമായി സർക്കാർ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി 10,000 രൂപ നൽകും. മരണാനന്തര ധനസഹായമായി 5,000 രൂപ മുതൽ 20,000 രൂപ വരെ നൽകുമെന്നുള്ളത് പഴയകാലത്ത് എഴുതിവച്ചിട്ടുള്ളതാണ്. ഈ തുകയിൽ തുച്ഛമായ വർദ്ധനവ് വരുത്തി തൊഴിലാളികളോട് നീതികാണിക്കാത്തത് വളരെ അനീതിയായിട്ടാണ് എനിക്ക് തോന്നുന്നത്. തൊഴിലാളികളുടെ അംശദായം 30 രൂപ വർദ്ധിപ്പിക്കുകയും തൊഴിലുടമയുടെ

വിഹിതത്തിൽ 30 രൂപ വർദ്ധിപ്പിക്കുകയും ചെയ്തതിലൂടെ ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നതല്ലാതെ തൊഴിലാളികളോടുള്ള കരുതലല്ല എന്നുള്ളത് സുവ്യക്തമാണ്. പുതിയ തീരുമാനമനുസരിച്ച് ഗസറ്റ് വിജ്ഞാപനത്തിലൂടെ എല്ലാ മൂന്ന് വർഷവും അംശദായം വർദ്ധിപ്പിക്കാം. അങ്ങനെ വർദ്ധിപ്പിച്ചാൽ അതിന്റെ ഗുണം തൊഴിലാളിക്ക് കിട്ടേണ്ടതല്ലേ? ഏത് രീതിയിലാണ് തൊഴിലാളിക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളത്? 2017-ലെ നിപ്പ, 2018-ലെ പ്രളയം, 2020-ലെ കോവിഡ്, 2021-ലെ പ്രളയം എന്നിവ തകർത്തുകളഞ്ഞത് വ്യാപാരികളെയാണ്. അവരെ ആശ്രയിച്ച് ജീവിക്കുന്ന തൊഴിലാളികളുടെ അവസ്ഥ എന്താണെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; ഇപ്പോൾ എത്ര തൊഴിലാളികൾ ഇവിടങ്ങളിൽ പണി എടുക്കുന്നുണ്ട്? അധികം ആളുകളേയും പിരിച്ചുവിട്ടുകഴിഞ്ഞു. കാരണം കടയുടമയ്ക്ക് തന്നെ ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ്. അടുത്ത കാലത്ത് ചങ്ങനാശ്ശേരിയിൽ വിനായക ഹോട്ടൽ നടത്തിയിരുന്ന 42 കാരനായ ഹോട്ടൽ ഉടമ ഒരു കുറിപ്പ് എഴുതിവച്ചിട്ടാണ് മരിച്ചത്. 'ആറ് മാസം മുമ്പ് വരെ കുഴപ്പമില്ലാതിരുന്ന ഹോട്ടലായിരുന്നു എന്റേത്. അശാസ്ത്രീയമായ ലോക്ഡൗൺ തീരുമാനത്തിൽ എല്ലാം തകർന്നു.

ബിവറേജിൽ ജനങ്ങൾക്ക് തിങ്ങിക്കൂടാം - കൊറോണ വരില്ല, ഹോട്ടൽ ക്യൂവിൽ നിന്നാൽ കൊറോണ പിടിക്കും, ബസ്സിൽ അടുത്തിരുന്ന് യാത്ര ചെയ്യാം- ഹോട്ടലിൽ ഇരുന്നാൽ കൊറോണ പിടിക്കും. ഷോപ്പിംഗ് മാളിൽ ഒരുമിച്ച് കൂടി നിൽക്കാം, കല്യാണങ്ങളിൽ നൂറ് പേർക്ക് ഒരുമിച്ച് നിൽക്കാം, ഒരുമിച്ച് ഇരുന്ന് ആഹാരം കഴിക്കാം, ഹോട്ടലിൽ ഇരിക്കാൻ പറ്റില്ല.' അദ്ദേഹത്തിന്റെ അവസാന വരികളായി എഴുതിച്ചേർത്തിരിക്കുന്നത് നമ്മുടെയൊക്കെ കണ്ണ് നനയിക്കുന്നതാണ്. 'ഇനി ആറ് വർഷം കൂടി ജോലി ചെയ്താൽ എന്റെ ബാധ്യതകൾ തീരില്ല. ഇനി നോക്കിയിട്ടും കാര്യമില്ല. എന്റെ മരണത്തോടുകൂടിയെങ്കിലും സർക്കാരിന്റെ മണ്ടൻ തീരുമാനങ്ങൾ അവസാനിപ്പിക്കുവാൻ ശ്രമിക്കുക. സാധാരണ ജനങ്ങളുടെ ജീവിതങ്ങൾ തകർക്കരുത്, എന്റെ മരണത്തിനുത്തരവാദി ഈ സർക്കാരാണ്. ഒരു സാധാരണക്കാരനെ എങ്ങനെ കടക്കെണിയിൽ കുടുക്കി ജീവിതം നശിപ്പിക്കാമെന്നുള്ളതിന് ഒരു ഉദാഹരണമാണ് ഞാൻ. എന്റെ കയ്യിൽ പണമുള്ളപ്പോൾ സ്നേഹം കാണിച്ചവരേയും ഇല്ലാത്തപ്പോൾ ഒരു രൂപയ്ക്ക് വരെ കണക്ക് പറയുകയും ചെയ്തവരെയും ഞാൻ കണ്ടു. സഹായിക്കാൻ നല്ല മനസ്സുള്ളവർ എന്റെ കുടുംബത്തെ സഹായിക്കുക. സ്നേഹിക്കാൻ മാത്രം

അറിയുന്നൊരു ഭാര്യയും രണ്ട് കുട്ടികളുമുണ്ട്. അവർക്ക് ഇനിയും ജീവിക്കണം. ഇളയ മകന് ഓട്ടിസമാണ്, അവനും ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമുണ്ട്. എന്റെ ഫോൺ എടുക്കുന്ന പോലീസുകാരൻ ഒരു കാര്യം മനസ്സിലാക്കണം. എന്റെ വീട്ടിൽ ആ ഫോൺ കൊടുക്കണം. കാരണം, എന്റെ മകൾക്ക് ഓൺലൈൻ ക്ലാസ്സിൽ പഠിക്കാനുള്ളതാണ്." നിങ്ങൾ ക്ഷേമനിധിയിൽ വിഹിതം കൂട്ടിയിട്ട് എന്താണ് കാര്യം? അതിന്റെ ഫലം ഉടമകൾക്ക് കിട്ടാതെ തകർന്നുകൊണ്ടിരിക്കുമ്പോൾ അവർക്കെങ്ങനെ ഹോട്ടലിലെ തൊഴിലാളികളെ സംരക്ഷിക്കാൻ സാധിക്കും? മുതലാളിക്കുതന്നെ രക്ഷയില്ലാത്തപ്പോൾ തൊഴിലാളിക്ക് എങ്ങനെ വിഹിതം കൊടുക്കും. ജോലിയില്ലാത്ത തൊഴിലാളിയും വിഹിതം കൊടുക്കണം, എന്നാൽ സർക്കാർ വിഹിതത്തിൽ യാതൊരു മാറ്റവും വരുത്തുന്നില്ല. ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ ഒരു ഭേദഗതിയും ഇതിൽ പറയുന്നില്ല. സത്യത്തിൽ ക്ഷേമനിധിയിലെ പണം വിനിയോഗിക്കുന്നത് സർക്കാരിനൊരു നിർബന്ധിത സാഹചര്യം വരുമ്പോഴാണ്. എന്നാൽ ശമ്പളം കൊടുക്കാൻ വേണ്ടി എല്ലാ ക്ഷേമനിധിയിലേയും പണം എടുക്കുന്നൊരു സ്വഭാവം നമ്മൾ കാണുന്നുണ്ട്. ഈ ക്ഷേമനിധിയിൽ എത്ര

രൂപയുണ്ട് എന്നുള്ളതിന്റെ കണക്ക് നമുക്കറിയില്ല. അങ്ങനെ സ്വരൂപിക്കപ്പെട്ടിട്ടുള്ള പണം ആർക്കുവേണ്ടിയുള്ളതാണ്? റാന്നിലെ എം.എൽ.എ. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. പ്രമോദ് നാരായൺ ഇവിടെയുണ്ട്. അദ്ദേഹത്തിന് ഞാൻ പറയാൻ പോകുന്ന വിഷയം നന്നായി അറിയാം. റാന്നിയിലെ ഒരു പ്രിയ സഹോദരൻ, അദ്ദേഹത്തിന്റെ ഏഴ് കടകളിൽ വെള്ളം കയറി സർവ്വതും നഷ്ടപ്പെട്ട് കിടപ്പാടം ജപ്തി ചെയ്യുന്ന അവസ്ഥയുണ്ടായി. അദ്ദേഹത്തിന്റെ പേര് എബി സ്റ്റീഫൻ എന്നാണ്. ശ്രീ. പ്രമോദ് നാരായൺ ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രിയേയും റവന്യൂ വകുപ്പുമന്ത്രിയേയും കണ്ടിരുന്നു. മഹാപ്രളയത്തിനുശേഷം ജീവിതം വഴിമുട്ടിയ ആ വ്യാപാരി ഇപ്പോൾ ഒരു ചെരുപ്പുകട നടത്തുകയാണ്. ഏഴ് കടകളുണ്ടായിരുന്ന മുതലാളി, പ്രളയത്തോടനുബന്ധിച്ച് ചെരുപ്പുകട നടത്തുകയാണ്. പ്രളയത്തിൽപ്പെട്ട ആളുകളെ ഞങ്ങൾ ഹൃദയത്തോട് ചേർത്തുപിടിക്കുമെന്നാണ് ഗവൺമെന്റിന്റെ മുദ്രാവാക്യം. പക്ഷെ ചേർത്തു പിടിക്കുന്നതിനിടയിൽ അവരുടെ പോക്കറ്റിൽ കയ്യിട്ട് അവരുടെ കയ്യിലുള്ള പൈസ കൂടി എടുക്കുന്നത് ശരിയല്ല, അത് പോക്കറ്റടി ആണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഈ ബില്ലിൽ വളരെ ഗൗരവകരമായ

ഭേദഗതികൾ ആവശ്യമാണ്. രണ്ട് വകുപ്പ് മാത്രം ഭേദഗതി ചെയ്തുകൊണ്ട് ഗവൺമെന്റിന് കിട്ടേണ്ട കാര്യങ്ങൾ കിട്ടുക, മറ്റുള്ളത് എന്തുമാകട്ടേ എന്ന രീതിയിലേയ്ക്ക് പോകരുത്. എത്ര പണം ഈ ക്ഷേമനിധിയിലുണ്ടെന്ന കാര്യം വ്യക്തമാക്കണം. അത് സർക്കാരിന്റെ ദൈനംദിന ചെലവുകൾക്ക് വേണ്ടി അപഹരിക്കാനുള്ളതല്ല. എല്ലാ ക്ഷേമിനിധികളും അതിന്റെ ഫണ്ട് കോ-ഓപ്പറേറ്റീവ് ബാങ്കിലാണ് കൊടുക്കേണ്ടത്. ഇതിനുപുറമേ ഗസറ്റ് നോട്ടിഫിക്കേഷൻ മാത്രമെ ഇനി ഉണ്ടാകുകയുള്ളൂ. എല്ലാ മൂന്ന് വർഷമാകുമ്പോഴും നിങ്ങൾക്കിഷ്ടം പോലെ തുക വർദ്ധിപ്പിക്കാം. തുക വർദ്ധിപ്പിച്ച് അവസാനം തൊഴിലാളികളുടെയും തൊഴിലുടമയുടെയും നട്ടെല്ല് ഒടിയുമെന്നുള്ളതല്ലാതെ സർക്കാരിന് ശമ്പളം കൊടുക്കേണ്ട സമയത്ത് ക്ഷേമനിധിയിൽ കയ്യിട്ടുകൊണ്ട് ദൈനംദിന ചെലവുകൾക്ക് വേണ്ടി അത് വഴിമാറ്റി ചെലവഴിക്കാൻ പറ്റുമെന്നുള്ളതല്ലാതെ ഒരു തൊഴിലാളിക്കും ഒരു വ്യക്തിക്കും ഈ ക്ഷേമനിധിയിലൂടെ ഒരു സൗഭാഗ്യവും ലഭിക്കാൻ പോകുന്നില്ല. മരണാനന്തര ചടങ്ങുകൾക്ക് 1,000 രൂപയാണ് നൽകുന്നത്. ഇത് ഏതുകാലത്ത് എഴുതിവച്ചിട്ടുള്ളതാണ്? 2006-ലും അങ്ങനെ തന്നെയാണുള്ളത്. ഇതിൽ മാറ്റം വരുത്തുന്നതിനുള്ള ലക്ഷണം ഇതുവരെയും

കാണുന്നില്ല. വിവാഹ ധനസഹായം രണ്ട് പെൺകുട്ടികൾക്ക് മാത്രമേയുള്ളൂ, മൂന്നാമത് ഒരു പെൺകുട്ടിയുള്ള തൊഴിലാളിയാണെങ്കിൽ അയാൾക്ക് അതിന്റെ ഗുണം കിട്ടില്ല. രണ്ടിൽക്കൂടുതൽ കുട്ടികളുണ്ടെങ്കിൽ കൊടുക്കാൻ പാടില്ലെന്ന നിബന്ധനയുണ്ട്. ഒരു കുടുംബത്തിൽ മൂന്ന് പെൺകുട്ടികളുണ്ടെങ്കിൽ രണ്ട് കുട്ടികളുടെ കല്യാണത്തിനുമാത്രം സാരി മതിയാകും എന്ന നിലപാട് ശരിയാണോ? നാലും അഞ്ചും പെൺകുട്ടികളെ പാടുപെട്ട് വളർത്തുന്ന എത്രയോ രക്ഷിതാക്കളുണ്ട്. പെൺകുട്ടികളുടെ എണ്ണം നോക്കാതെ എല്ലാ പെൺകുട്ടികൾക്കും വിവാഹ ധനസഹായം ലഭ്യമാക്കണം. ഇപ്പോൾത്തന്നെ തൊഴിലില്ലാതായവർ എന്തുചെയ്യും. ക്ഷേമനിധിയുമായി ബന്ധപ്പെട്ട നിങ്ങളുടെ ഇപ്പോഴത്തെ വ്യാഖ്യാനം നോക്കിയാൽ ഈ ക്ഷേമനിധിയിൽ അംഗമാകാൻ എത്രപേർക്ക് സാധിക്കും; എത്രയാളുകൾ പാതിവഴിയിൽ വച്ച് ജോലി ഉപേക്ഷിച്ച് പോയ്ക്കഴിഞ്ഞു; അവർ സ്വന്തം ഇഷ്ടപ്രകാരം പോയതാണോ? ഈ രംഗം ലോക്ഡൗണും പ്രളയവുമൊക്കെക്കൊണ്ട് തകർന്ന് തരിപ്പണമായിക്കഴിഞ്ഞു. കോഴിക്കോടിന്റെ കാര്യമെടുത്താൽ, അവിടെ രണ്ടുപ്രാവശ്യം നിപ രോഗം വന്നു, പ്രളയങ്ങളുണ്ടായി, എപ്പോഴും ലോക്ഡൗണാണ്. റെഡ് അലർട്ട്

വരുമ്പോഴേയ്ക്കും എല്ലാ ഷോപ്പുകളും അടയ്ക്കേണ്ടതായി വരുന്നു. അങ്ങനെ കടകൾ നടത്താൻ പറ്റാതായി കഴിഞ്ഞു. മിഠായിത്തെരുവിലെ പല കടകളും വിൽക്കാൻ വച്ചിരിക്കുകയാണ്, പലരും കച്ചവടമുപേക്ഷിച്ച് പോയ്ക്കഴിഞ്ഞു. ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ്സിനുവേണ്ടിയുള്ള ക്ഷേമനിധി ആക്ട് കൊണ്ടുവരുന്നതിനുമുമ്പ് ഷോപ്പ് എസ്റ്റാബ്ലിഷ് ചെയ്ത് നിലനിൽക്കുന്നതിനുവേണ്ടിയുള്ള ഒരു ആക്ട് ആദ്യമേ കൊണ്ടുവരണമെന്നാണ് എനിക്ക് ആദ്യമായി സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് ഈ രണ്ട് വിഷയവും വളരെ ഗൗരവത്തോടെ കാണണം. ഇത് തൊഴിലാളി ക്ഷേമനിധിയാണെങ്കിൽ അതിന്റെ ഗുണം തൊഴിലാളിക്ക് ലഭിക്കണം, അല്ലാതെ സർക്കാരിന് അപഹരിക്കാനുള്ളതല്ലെന്ന ബോധത്തോടെ സർക്കാരിന്റെ വിഹിതം 12 രൂപ എന്നുള്ളത് തൊഴിലാളി വിഹിതത്തോട് മാച്ച് ചെയ്യുന്ന രീതിയിൽ, 50 രൂപയാക്കണമെന്നുള്ള നിർദ്ദേശംകൂടി വച്ചുകൊണ്ട് നേരത്തേ പറഞ്ഞതൊന്നും ഉൾപ്പെടാത്ത ഈ ബില്ലിനെ നിരാകരിണക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി)

ബില്ലിന് ഡോ. എം. കെ മുനീർ അവതരിപ്പിച്ച നിരാകരണപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. വിജ്ഞാപനത്തിലൂടെ സർക്കാരിന് പുനർ നിർണ്ണയിക്കാവുന്ന 1, 2 ഉപവകുപ്പുകളിലെ അധികാരം നാലാം വകുപ്പിലെ 3-ാം ഉപവകുപ്പിനുകൂടി നൽകണമെന്നതാണ് ഇതിലെ പ്രധാന ഭേദഗതി. 2006-ലെ 24-ാം ആക്ടിന്റെ 4(1)- ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്, 'ഓരോ അംഗവും പ്രതിമാസം ഇരുപത് രൂപ വീതം നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്. (2) ഓരോ തൊഴിലുടമയും താൻ നിയോഗിച്ചിട്ടുള്ള ഓരോ തൊഴിലാളിയെയും സംബന്ധിച്ച് ഇരുപത് രൂപ വീതം ഓരോ മാസവും നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്. ഈ ഭേദഗതി നിയമത്തിനുള്ള വിശദീകരണക്കുറിപ്പിൽ ഓരോ അംഗവും പ്രതിമാസം അൻപത് രൂപ എന്ന നിരക്കിൽ നൽകണമെന്നാണ് പറഞ്ഞിരിക്കുന്നത്. തൊഴിലുടമയുടെ വിഹിതവും അൻപത് രൂപ എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ആക്ടിലെ പ്രസക്ത ഭാഗങ്ങളെന്ന് പറഞ്ഞിരിക്കുന്ന ഭാഗത്തും അൻപത് രൂപ എന്നാണുള്ളത്. നിയമത്തിലുള്ള ഇരുപത് രൂപ എന്നത് അൻപത് രൂപയായി മാറിയത് എങ്ങനെയാണെന്ന് എനിക്ക് മനസിലാകുന്നില്ല. ഇത് വിജ്ഞാപനം വഴി വർദ്ധിപ്പിച്ചതാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ

വ്യക്തമാക്കണം. വിജ്ഞാപനംവഴി വർദ്ധിപ്പിച്ചതാണെങ്കിൽ നിയമത്തിന്റെ ഭാഗമായി വരേണ്ടതല്ല. 2006-ലെ നിയമത്തിൽ ഇരുപത് രൂപ എന്ന് പറഞ്ഞശേഷം അതേ ആക്ട് ഉദ്ധരിച്ച് അൻപത് എന്നുപറയുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കേണ്ടതാണ്. ഡോ. എം. കെ. മുനീർ ഇതിലെ ആനുകൂല്യങ്ങൾ സംബന്ധിച്ച് പറഞ്ഞു. പ്രസ്തുത ക്ഷേമനിധിയിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങളുടെ കാര്യം വളരെ പരിതാപകരമാണ്. ഇതൊരു ക്ഷേമനിധിയാണോ, അതോ തൊഴിലാളികളുടെ ക്ഷാമനിധിയാണോ എന്നാണ് എനിക്ക് മനസ്സിലാകാത്തത്. മരണാനന്തര ചടങ്ങുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ബഹുമാന്യനായ അംഗം പറഞ്ഞു, ഞാൻ അതുകൊണ്ട് അതൊന്നും ആവർത്തിക്കുന്നില്ല. ഇതിൽ പറഞ്ഞിരിക്കുന്നത് പെൻഷൻ പരമാവധി 1,200 രൂപ എന്നാണ്. ഇന്നത്തെ കാലത്ത് പെൻഷൻ ഏറ്റവും കുറഞ്ഞത് 5,000 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കണം. 5,000 രൂപയായി വർദ്ധിപ്പിക്കാൻ ഒരു പ്രയാസവുമില്ല. എന്തുകൊണ്ടെന്നാൽ 35 ലക്ഷത്തോളം തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. എന്നാൽ നിങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് 10,20,216 പേരെയാണ്. എല്ലാ തൊഴിലാളികളെയും നിങ്ങൾ രജിസ്റ്റർ

ചെയ്യിപ്പിച്ചാൽത്തന്നെ ക്ഷേമനിധിയുടെ ഫണ്ട് വർദ്ധിപ്പിക്കാനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും നമുക്ക് സാധിക്കും. ഈ ക്ഷേമനിധിയിൽ മാത്രമല്ല, പല ക്ഷേമനിധികളിലും യഥാസമയം തൊഴിലാളികളെ എൻറോൾ ചെയ്യിപ്പിക്കുന്നതിൽ വകുപ്പ് കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നതെന്ന് ഈ അവസരത്തിൽ പറയുകയാണ്. മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ 18 ലക്ഷത്തോളം തൊഴിലാളികളുണ്ടെങ്കിലും അഞ്ച് മുതൽ ആറ് ലക്ഷം പേരെ മാത്രമാണ് അതിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇങ്ങനെ ഓരോ ക്ഷേമനിധിയുടെയും കാര്യമെടുത്ത് പരിശോധിച്ചാൽ തൊഴിലാളികളെ മുഴുവനായും രജിസ്റ്റർ ചെയ്യിക്കുന്നില്ലെന്ന് മനസ്സിലാകും. നിയമസഭ വളരെ ഉത്തരവാദിത്തത്തോടെ, ഒരു തൊഴിലാളി വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി നിയമം പാസ്സാക്കിയിട്ടും ആ നിയമത്തിന്റെ പരിധിയിൽ തൊഴിലാളികളെ കൊണ്ടുവന്ന് അവർക്ക് ആനുകൂല്യം നൽകുന്ന ഇംപ്ലിമെന്റേഷൻ ഭാഗത്ത് ഡിപ്പാർട്ടുമെന്റ് സമ്പൂർണ്ണമായും പരാജയപ്പെടുന്നുവെന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഈ വകുപ്പിൽ കമ്മീഷണർ മുതൽ താഴോട്ട് 1027 ജീവനക്കാർ മാത്രമാണുള്ളത്. നിലവിൽ ഏകദേശം 18-ഓളം വരുന്ന ക്ഷേമനിധികളുണ്ട്,

ഇതിന്റെയെല്ലാം പരിധിയിൽ വരുന്ന ആളുകളുമായി ബന്ധപ്പെട്ട് പരിശോധന നടത്തി അംഗങ്ങളായി ചേർക്കാൻ വളരെയധികം ബുദ്ധിമുട്ടും പ്രയാസവുമുണ്ടാകുകയാണ്. പലപ്പോഴും ക്ഷേമനിധി ബോർഡുകളിൽ നിയമനം നടക്കുന്നത് ഡെപ്യൂട്ടേഷൻ വഴിയാണ്. അതൊഴിവാക്കി പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. തൊഴിലാളികൾ രജിസ്റ്റർ ചെയ്യാതിരിക്കുമ്പോൾ അവരെ നിർബന്ധിച്ച് അംഗത്വമെടുപ്പിക്കാനുള്ള നടപടി ഉണ്ടാകേണ്ടേ? ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാൻ വരുമ്പോൾ അവിടെയുള്ള തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സംവിധാനമൊരുക്കണം. തദ്ദേശ ഭരണസ്ഥാപനങ്ങളിലാണ് അവ പരിശോധിക്കപ്പെടുന്നത്. അവർക്ക് ലൈസൻസ് നൽകുമ്പോൾ തൊഴിലാളികൾ ആരൊക്കെയാണ്, അവർ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നീ കാര്യങ്ങളൊക്കെ പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഉദാഹരണത്തിന് ബസ്സുടമകൾ പെർമിറ്റ് പുതുക്കാൻ വരുമ്പോൾ അതിലെ തൊഴിലാളികൾ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാണോയെന്ന് പറയണം.

പെർമിറ്റ് പുതുക്കണമെങ്കിൽ ക്ഷേമനിധിയിൽ അംഗത്വമെടുത്ത തൊഴിലാളികളുടെ ലിസ്റ്റ് ഹാജരാക്കാൻ പറയണം. ആർ.ടി.ഒ. ഓഫീസിൽ പോകുമ്പോൾ ടാക്സി, ഓട്ടോറിക്ഷാ തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗമായിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നത് ലക്ഷക്കണക്കിന് ഇതര സംസ്ഥാന തൊഴിലാളികളാണ്. ഇവർക്ക് പലപ്പോഴും ഇതുസംബന്ധിച്ച അറിവുണ്ടാകില്ല. തൊഴിലുടമകൾ അവരുടെ അംശദായം അടയ്ക്കാൻ മടിച്ച് തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ നിർബന്ധിക്കുന്നില്ല. മതിയായ ജീവനക്കാരില്ലാത്തതുകൊണ്ട് അവരെ നിർബന്ധിച്ച് അംഗത്വമെടുപ്പിക്കാനും സാധിക്കാത്ത അവസ്ഥയാണുള്ളത്. ക്ഷേമനിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾതന്നെ അട്ടിമറിക്കപ്പെടുകയാണ്. കേരളത്തിൽ ഏകദേശം 28 ലക്ഷത്തോളം ഇതര സംസ്ഥാന തെഴിലാളികളുണ്ടെന്ന് ഐ.എൽ.ഒ. (ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ) -യുടെ കണക്കുണ്ട്. എൻ.ജി.ഒ. (നോൺ-ഗവൺമെന്റൽ ഓർഗനൈസേഷൻ)-യുടെ കണക്കിൽ പറഞ്ഞിരിക്കുന്നത് 32 ലക്ഷമാണെന്നാണ്. സർക്കാരിന്റെ കണക്കിൽ വെറും അഞ്ചുലക്ഷമാണ്.

1979-ൽ ഇന്ദിരാ ഗാന്ധി പാസ്സാക്കിയ ഇന്റർ-സ്റ്റേറ്റ് മൈഗ്രന്റ് ലേബർ ആക്ടിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യവും നമ്മൾ നടപ്പിലാക്കുന്നില്ല. സർക്കാരിന്റെ കണക്കും ഐ.എൽ.ഒ.-യുടെ കണക്കും അജഗജാന്തരം വ്യത്യാസമുണ്ടാകുകയാണ്. ഇതിനുകാരണം ലേബർ ഡിപ്പാർട്ടുമെന്റിന്റെ ഇടപെടൽ കാര്യമായി ഉണ്ടാകുന്നില്ലെന്നുള്ളതാണ്. ഇന്റർ-സ്റ്റേറ്റ് മൈഗ്രന്റ് ലേബർ ആക്ട് പ്രകാരം ഇതര സംസ്ഥാനങ്ങളിൽനിന്ന് തൊഴിലാളികളെ കൊണ്ടുവരണമെങ്കിൽ തൊഴിലാളികളെ കൊണ്ടുവരാൻ ഇവിടെ ആളുണ്ടാകണം. കൊണ്ടുവരുന്ന ആൾക്ക് രജിസ്ട്രേഷനുണ്ടാകണം. അവിടെനിന്നും തൊഴിലാളികളെ അയയ്ക്കുന്നതിന് ഒരാളുണ്ടാകണം. അയാൾക്കും രജിസ്ട്രേഷനുണ്ടാകണം. ഇവിടെ വരുന്ന തൊഴിലാളികളുടെ എല്ലാ വിവരങ്ങളും പോലീസ് സ്റ്റേഷനിൽ നൽകുകയും ആ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ ഉണ്ടാകുകയും വേണം. ആ വിവരങ്ങളുണ്ടായിരുന്നുവെങ്കിൽ ഡിപ്പാർട്ടുമെന്റിനും ഗവൺമെന്റിനും ഐ.എൽ.ഒ.-യ്ക്കും വ്യത്യസ്തമായ കണക്കുകൾ ഉണ്ടാകുമായിരുന്നില്ല. മാത്രമല്ല, അവിടെനിന്നും ഒരു തൊഴിലാളി വരുമ്പോൾ ആ തൊഴിലാളിക്കുള്ള യാത്രാബത്ത, ആരാണോ കൊണ്ടുവരുന്നത് അയാൾ

കൊടുക്കണമെന്നാണ്. ഓരോ വർഷവും തിരിച്ച് നാട്ടിൽ പോകാനുള്ള ട്രെയിൻ ടിക്കറ്റ് കൊടുക്കണം. അയാൾ ഇവിടെവന്ന് ഒരു തൊഴിലിൽ സെറ്റിൽ ഡൗൺ ചെയ്യുന്നതുവരെ രണ്ടുദിവസത്തെ ശമ്പളം കൊടുക്കണം. ഇങ്ങനെ നിരവധി കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. അസുഖം വന്നാൽ ചികിത്സ ലഭ്യമാക്കൽ, അക്കോമഡേഷൻ, പീരിയോഡിക്കലായി മെഡിക്കൽ ചെക്കപ്പ് നടത്തൽ തുടങ്ങി ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളുണ്ട്. അവരെ ക്ഷേമനിധിയിൽ പോലും കൃത്യമായി അംഗത്വമെടുപ്പിക്കാൻ നമുക്ക് സാധിക്കുന്നില്ല. അപ്പോഴാണ് അംശദായം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നത്. അംശദായം വർദ്ധിപ്പിക്കാതെ തൊഴിലാളികൾ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്താൽത്തന്നെ ഇപ്പോൾ 179 കോടി രൂപയാണ് ക്ഷേമനിധിയിലുള്ളതെങ്കിൽ അതിന്റെ ഇരട്ടിയാക്കി മാറ്റാൻ വളരെ പെട്ടെന്ന് സാധിക്കും. ക്ഷേമനിധിയുടെ തുക വർദ്ധിക്കുന്നതോടുകൂടി കൂടുതൽ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൊടുക്കാൻ സാധിക്കും. പെൻഷൻ ലഭിക്കാൻ തൊഴിലാളികൾക്ക് എല്ലാവിധമായ അർഹതയുണ്ട്. ജി.ഡി.പി.-യുടെ അടിസ്ഥാനത്തിലാണ് പല സ്റ്റേറ്റുകളിലും സോഷ്യൽ

സെക്യൂരിറ്റി സ്കീമുകളുണ്ടാക്കുന്നത്. ഈ എസ്റ്റാബ്ലിഷ്മെന്റുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന വസ്തുക്കളും അവർ വിൽപ്പന നടത്തുന്ന വസ്തുക്കളിലും കൂടിയുള്ള നികുതി വരുമാനമാണ് സർക്കാരിന്റെ പ്രധാനപ്പെട്ട വരുമാനം. അതിന്റെ അടിസ്ഥാനത്തിൽ അംഗത്വം വർദ്ധിപ്പിച്ചുകൊണ്ടും സർക്കാരിന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചുകൊണ്ടും അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കോവിഡ് കാലത്തെ പ്രതിസന്ധിയെ സംബന്ധിച്ച് ഡോ. എം. കെ. മുനീർ ഇവിടെ സംസാരിച്ചു. കോവിഡിന്റെ കാലത്ത് ആയിരം രൂപ വീതം രണ്ടുതവണ കൊടുത്തുവെന്നതിനപ്പുറത്ത് കാര്യമായ സഹായമൊന്നും അവർക്ക് ലഭിച്ചിട്ടില്ല. കോവിഡിന്റെ ഏറ്റവും വലിയ ഇരകളാണ് കടയുടമകൾ. അതുകൊണ്ടാണ് ആത്മഹത്യയിൽ അഭയം പ്രാപിക്കേണ്ട അവസ്ഥ കടയുടമകൾക്കും തൊഴിലാളികൾക്കും ഉണ്ടായികൊണ്ടിരിക്കുന്നത്. എത്രമാസമാണ് കട അടച്ചിട്ടിരുന്നത്; നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന, പലചരക്ക് സാധനങ്ങൾ പോലെയുള്ള സാധനങ്ങൾ വിൽക്കുന്ന കടകളൊഴിച്ച് മറ്റുകടകളൊന്നും തുറന്ന് പ്രവർത്തിച്ചിരുന്നില്ല. അങ്ങനെ തുറന്ന് പ്രവർത്തിക്കാത്ത കടകളിൽ

ജോലിചെയ്യുന്ന തൊഴിലാളികൾ വിദഗ്ധ തൊഴിലാളികളല്ല. മറ്റൊരു ജോലിയും ചെയ്യാൻ കഴിയാത്ത ആളുകളാണ് ഈ മേഖലയിൽ ജോലിചെയ്യുന്ന ഭൂരിപക്ഷം തൊഴിലാളികളും. അവർക്ക് കടയടച്ചിട്ടതിന്റെ പേരിൽ മറ്റൊരു ജോലിക്കും പോകാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ പട്ടിണിയിലായ ആ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി യാതൊരു തരത്തിലുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. രണ്ടുതവണ ആയിരം രൂപവീതം കൊടുത്താൽ ആറ് മാസത്തോളം നീണ്ടുനിന്ന ലോക്ഡൗണിൽ അവർക്കെന്ത് ഗുണമാണുണ്ടാകാൻ പോകുന്നത്; അതുപോലെ തന്നെയാണ് പല ക്ഷേമനിധികളും. ക്ഷേമനിധികളിൽ തൊഴിലുടമകളുടെ അംശദായം അടപ്പിക്കുന്നതിൽ കുറ്റകരമായ വീഴ്ച തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്നും ക്ഷേമനിധിയുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുകയാണ്. ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ അംശദായം പിരിക്കാത്തതുകൊണ്ട് ക്ഷേമനിധി വെറും പ്രഹസനമായിരിക്കുകയാണ്. ഒരു ജീവനക്കാരനെ വച്ചാൽപോലും ആ ജീവനക്കാരൻ അവിടെ പോകുന്നില്ല. ഡെപ്യൂട്ടേഷനിൽ പോലും ഒരാളും അവിടെ വരുന്നില്ല. ഒരു ചെറിയ മുറിയിലിരിക്കും. നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ

രൂപീകരിക്കപ്പെട്ടിട്ടുള്ള നിരവധി ക്ഷേമനിധികളുടെ പ്രവർത്തനങ്ങൾ പുനരവലോകനം ചെയ്യാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. അംഗങ്ങളെ ചേർക്കുന്നതിലുള്ള വീഴ്ച പരിഹരിക്കാൻ കഴിയണം. പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മുന്നോട്ടുപോകുന്ന ക്ഷേമനിധികളിൽ മാറ്റങ്ങൾ വരുത്താൻ സാധിക്കണം; അംശദായം അടയ്ക്കുന്ന കാര്യത്തിൽ തൊഴിലുടമകളുടെ ഇടയിൽ സമ്മർദ്ദം ചെലുത്തണം. തൊഴിലുടമകൾ അംശദായം അടച്ചില്ലെങ്കിൽ അവർക്കെതിരെ നടപടികൾ സ്വീകരിക്കാനും സാധിക്കുന്നില്ല. കേരളത്തിലെ മുഴുവൻ ക്ഷേമനിധികളിലും ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികളെ അംഗങ്ങളായി ചേർക്കുകയും തൊഴിലുടമകൾ അംശദായം അടയ്ക്കുകയും ചെയ്താൽ ഏകദേശം 22,000 കോടി രൂപ വിവിധ ക്ഷേമനിധികളിലായി വന്നുചേരുമെന്നാണ് പുറത്തുവന്ന കണക്ക്. അത്രയും തുക വന്നാൽ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗിക്കാനും അവർക്കിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും സാധിക്കുമെന്നുള്ള സാഹചര്യമുണ്ട്. ഈ ഭേദഗതിയുടെ ഭാഗമായി മറ്റൊരു കാര്യം പറയാനുള്ളത്, കോവിഡ് വന്നതിനുശേഷം പുതിയ

സാഹചര്യമുണ്ടാകുകയും കടകൾ മാസങ്ങളോളം അടഞ്ഞുകിടക്കുകയും ചെയ്തു. ആ കാലയളവിൽ അവർക്ക് നൽകേണ്ടുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ പരിഗണിക്കുന്ന അവസരത്തിൽ ഔദ്യോഗിക ഭേദഗതിയായി കൊണ്ടുവരണം. കോവിഡ് പുതിയ ഒരു സാഹചര്യമായിരുന്നു. അന്ന് നിയമമുണ്ടാക്കുന്ന സമയത്ത് അതുണ്ടായിരുന്നില്ല. പുതിയ പശ്ചാത്തലത്തിൽ ഔദ്യോഗിക ഭേദഗതിയായെങ്കിലും കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം. കോവിഡ് പോലുള്ള പ്രതിസന്ധികളിൽ കടകൾ ദീർഘകാലം അടച്ചിടുമ്പോൾ അവർക്ക് നൽകേണ്ടുന്ന ഫിനാഷ്യൽ സപ്പോർട്ടിനെ സംബന്ധിച്ച് വ്യക്തമായ ഒരു ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റിന് ലഭിച്ചിരിക്കുന്ന അവസരമാണിത്. അത് ഗവൺമെന്റ് ഉപയോഗിക്കണം. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആൾ ഏതെങ്കിലും കാരണവശാൽ ആ സ്ഥാപനത്തിൽ നിന്ന് മാറിപ്പോകുന്ന സാഹചര്യമുണ്ടാകാറുണ്ട്. അടുത്ത സ്ഥാപനത്തിൽ ജോലി ലഭിക്കുന്നതുവരെ അയാൾക്ക് സപ്പോർട്ട് കൊടുക്കണ്ടേ; ആ കുടുംബത്തിന് പുലരാൻ വേണ്ട സാമ്പത്തിക ആനുകൂല്യം അല്ലെങ്കിൽ നോമിനലായിട്ടുള്ള തുകയെങ്കിലും

പുതിയ ജോലി ലഭിക്കുന്നതുവരെ കൊടുക്കണ്ടേ? അതിനൊരു നിശ്ചിത കാലയളവ് നമുക്ക് തീരുമാനിക്കാം. ഒരു കടയിൽ നിന്ന് മറ്റൊരു കടയിലേയ്ക്ക് ജോലിക്ക് പോകുമ്പോൾ കാലയളവുണ്ടാകും. രണ്ടോ, മൂന്നോ മാസത്തെ കാലയളവിൽ ഒരു നിശ്ചിത തുക നൽകാനുള്ള ഭേദഗതി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിൽ ഈ മേഖലയിൽ പണിയെടുക്കുന്ന ഏകദേശം 35 ലക്ഷത്തോളം വരുന്ന മുഴുവൻ തൊഴിലാളികളുടെയും പ്രശ്നങ്ങൾ ഗൗരവത്തോടുകൂടി കണക്കിലെടുത്തിട്ടില്ല. അതിന് സാധിക്കാതെ ഒരു തൊഴിലുടമ അടയ്ക്കേണ്ട അംശദായത്തിന് പുറമെ 20 രൂപ കൂടി അടയ്ക്കണമെന്നുള്ള 3-ാം പവകുപ്പ് വിജ്ഞാപനം വഴി പുനർനിർണ്ണയിക്കാനുള്ള അവകാശം കൊടുക്കുന്ന ഒരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. തൊഴിലാളികളുടെ ജീവിതമായും തൊഴിലുമായും മറ്റ് ആനുകൂല്യങ്ങളുമായും ബന്ധപ്പെട്ടിട്ടുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും നിശബ്ദത പാലിക്കുന്ന ഈ ഭേദഗതി യഥാർത്ഥത്തിൽ തൊഴിലാളി വിരുദ്ധമാണ്. തൊഴിലാളികൾക്കാവശ്യമായ വ്യവസ്ഥകളൊന്നും പരാമർശിക്കാതെ കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതി തീർച്ചയായും

തൊഴിലാളി സൗഹൃദമാക്കി, തൊഴിലാളികൾക്ക് അനുകൂലമാക്കി മാറ്റാൻ ഔദ്യോഗിക ഭേദഗതിയിലൂടെ സർക്കാർ തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഡോ. എം. കെ. മുനീർ അവതരിപ്പിച്ച നിരാകരണപ്രമേയത്തെ ഞാൻ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, 2021 ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ഭേദഗതി അവതരിപ്പിക്കുന്നതിന് ഉണ്ടോത് ബലകമായയാണ് ഡോ. എം. കെ. മുനീറും ശ്രീ. എം. വിൻസെന്റും ഇവിടെ സംസാരിച്ചത്. അതുകൊണ്ട് ഞാൻ ഒന്നുകൂടി എസ്റ്റാബ്ലിഷ് ചെയ്തു പറയേണ്ട കാര്യമില്ല. പ്രശ്നം വളരെ പ്രധാനപ്പെട്ടതും വിപുലവുമാണ്. ഇത് അവതരിപ്പിക്കുന്ന മന്ത്രി മൈൻഡ് അപ്ലൈ ചെയ്തിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഈ ചെറിയൊരു ഭേദഗതിക്കുപോലും എത്രകാലം കാത്തുനിൽക്കേണ്ടിവന്നു. ഇവിടെ നാലാമത്തെ പ്രാവശ്യമാണ് ഓർഡിനൻസ് റീ-ഇഷ്യൂ ചെയ്യുന്നത്. ഓർഡിനൻസുകൾ റീ-ഇഷ്യൂ ചെയ്യരുതെന്ന ബഹുമാനപ്പെട്ട

സുപ്രീംകോടതിയുടെ വിധിയുണ്ട്. പക്ഷെ ഇത് ആവർത്തിച്ച് റീ-ഇഷ്യൂ ചെയ്യുകയാണ്. അങ്ങനെ ചെയ്യുമ്പോഴും ഈ പറയുന്ന പഴയ പ്രശ്നങ്ങൾ വീണ്ടും നിലനിൽക്കുകയുമാണ്. ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ഒരു ആലോചനയുമുണ്ടായിട്ടില്ല. എന്റെ സ്നേഹിതർ രണ്ടുപേരും ഇക്കാര്യത്തെക്കുറിച്ച് വളരെ ശക്തമായി നിരാകരണ പ്രമേയത്തിൽ പറഞ്ഞതുകൊണ്ട് ഞാനതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. എനിക്ക് നേരിട്ട് രണ്ട് ചോദ്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുണ്ട്. അങ്ങ് മറ്റുള്ള കാര്യത്തിൽ വളരെ വ്യാപൃതനായതുകൊണ്ടാണ് അങ്ങയെ ഉപദ്രവിക്കണ്ടായെന്ന് കരുതിയത്. പക്ഷെ ഇത് ചോദിക്കാതിരിക്കാൻ കഴിയുകയില്ല. ക്ഷേമനിധിയിൽ നിന്നും വളരെ ചെറിയ തുകയാണ് ലഭിക്കുന്നത്. കേരള സർക്കാർ ക്ഷേമനിധിയിൽനിന്ന് എത്രകോടി രൂപ വായ്പ എടുത്തിട്ടുണ്ട്; കള്ള് ചെത്ത്-തൊഴിലാളികളുടെ ക്ഷേമനിധിബോർഡിൽനിന്ന് ഈ സർക്കാർ എത്രകോടി രൂപ വായ്പ എടുത്തിട്ടുണ്ടെന്ന് ഈ സഭ പിരിയുന്നതിനുമുമ്പ് അങ്ങ് പറയണം. എങ്കിൽ മാത്രമേ ഇതിന്റെ കള്ളക്കളി പുറത്തുവരികയുള്ളൂ. ക്ഷേമനിധിയിൽ തൊഴിലാളി വിഹിതം 5 രൂപ എന്നുള്ളത് 50 രൂപ ആക്കുക,

മുതലാളിയുടെ/ഉടമസ്ഥന്റെ കയ്യിൽനിന്ന് 5 രൂപ എന്നുള്ളത് 50 രൂപ ആക്കുക, സ്വയം ഈ പണി ചെയ്തുകൊണ്ടിരിക്കുന്ന ആളിന് 20 രൂപകൂടിക്കൂട്ടി അങ്ങനെ വാങ്ങിക്കുക, എന്നാൽ സർക്കാരിന്റെ പണ്ട് കാലം മുതലുള്ള ഗ്രാന്റ് 5 രൂപ എന്നത് ആ നിലയിൽത്തന്നെ തുടരുകയാണ്. ഈ വിവേചനത്തിന്റെ കാര്യമെന്താണ്; അങ്ങനെ ചെയ്യുന്നതെന്തിനാണ്; ഇത് ഏത് ജനവിഭാഗത്തെയാണ് ബാധിക്കുന്നതെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? അങ്ങേയ്ക്കുകൂടി താല്പര്യമുള്ള ജനവിഭാഗമാണ്. ഈ പാവങ്ങളായ ആളുകൾ രാവിലെ മുതൽ വൈകുന്നേരംവരെ പണിയെടുക്കുമ്പോൾ അവർക്ക് കിട്ടുന്നത് തുച്ഛമായ തുകയാണ്. ആ തുകയിൽ നിന്നാണ് ഇപ്പോൾ അവരുടെ വിഹിതം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഗവൺമെന്റ് വിഹിതത്തിൽ വർദ്ധനവൊന്നും വരുത്താതെ നിൽക്കുന്നിടത്തുതന്നെ നിൽക്കുകയുമാണ്. ആ തുകയ്ക്കകത്തുനിന്നും അതിലും തുച്ഛമാണ് ഞങ്ങൾ വാങ്ങുന്നതെന്ന് വേണമെങ്കിൽ നിങ്ങൾക്ക് പറയാം. ഈ ക്ഷേമനിധിയിൽ വന്നുകൂടുന്ന തുകയുടെ കാര്യത്തിൽ മെച്ചപ്പെട്ട ക്ഷേമനിധി ബോർഡുകളും ഒന്നുമില്ലാത്ത വെറും അത്താഴപട്ടിണിക്കാരുടെ ക്ഷേമനിധി ബോർഡുകളുമുണ്ട്. ഈ

കാശുള്ള ക്ഷേമനിധി ബോർഡിൽനിന്ന് ഗവൺമെന്റ് പണം എടുക്കുകയാണ്. എന്നാൽ അതിന്റെ പലിശ സഹിതം തിരിച്ചുകൊടുക്കുന്നതുമില്ല. അതിന്റെ കാരണം, ഈ ക്ഷേമനിധി ബോർഡിന്റെ തലപ്പത്തിരിക്കുന്ന ആളുകൾ ഒന്നുകിൽ ഭരണത്തോട് ഒട്ടിനിൽക്കുന്നവരോ അല്ലെങ്കിൽ ഭരണകക്ഷിക്ക് സ്നേഹമുള്ള ആളുകളോ ആയതുകൊണ്ടാണ്. തൊഴിലാളികൾക്ക് അതിനെ നേരിട്ടുനിന്ന് എതിർക്കാനുള്ള ശക്തിയില്ലാത്തതുകൊണ്ട് അവർ വികാരപരമായി അതിനോട് യോജിക്കുന്നില്ലെങ്കിൽപോലും ആ തുക നൽകുകയാണ്. അതുകൊണ്ടാണ് ഈ പാവങ്ങളുടെ കയ്യിൽനിന്ന് ഈ ക്ഷേമനിധിബോർഡിൽനിന്ന് ഗവൺമെന്റ് എടുത്തിരിക്കുന്ന തുക എത്രയാണെന്ന് ഞാൻ ചോദിച്ചത്. എത്രതുകയാണ് എടുത്തിട്ടുള്ളതെന്ന് ശ്രീ. ടി. പി. രാമകൃഷ്ണന് അറിയാം. അത് കൃത്യമായി പറഞ്ഞാൽമതി. അറിയില്ലേ? അങ്ങേയ്ക്കുപോലും അറിയില്ലെങ്കിൽ പിന്നെ എന്താണ് സ്ഥിതി; കുറഞ്ഞത് ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിക്കെങ്കിലും അറിയണ്ടെ; ഈ സഭയിൽ ശ്രീ. ടി. പി. രാമകൃഷ്ണൻ പഴയ ഗുരുസ്ഥാനീയനാണ്. അങ്ങേയ്ക്ക് ഇത് അറിയില്ലേ....

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, അങ്ങ് സംസാരിച്ചപ്പോൾ എനിക്ക് അറിയില്ല എന്നല്ല പറഞ്ഞത് ഗവൺമെന്റ് പണം എടുത്തിട്ടില്ലെന്നാണ് കൈകൊണ്ട് ആംഗ്യം കാണിച്ചത്. ചില ക്ഷേമനിധിബോർഡുകൾ നിക്ഷേപം ട്രഷറിയിലേയ്ക്ക് നൽകാറുണ്ട്. അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി കണക്ക് പരിശോധിച്ച് സഭയിൽ പറയണമെന്ന് അങ്ങ് പറഞ്ഞിട്ടുണ്ടല്ലോ? കണക്ക് പരിശോധിച്ചാൽ അങ്ങേയ്ക്കും മറ്റ് എല്ലാപേർക്കും ലഭ്യമാകുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി തന്നെ കണക്ക് പരിശോധിച്ച് സഭയിൽ പറയട്ടെ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ട്രഷറിയിൽ കൊടുക്കുകയെന്ന് പറഞ്ഞാൽ ways and means ബാലൻസ് ശരിയാക്കാൻ വേണ്ടിയല്ലേ; ഞങ്ങൾ ഇതൊന്നും മനസ്സിലാകാത്ത ആളുകളാണെന്ന് ഞങ്ങളെക്കുറിച്ച് അങ്ങ് ധരിക്കുന്നുവെങ്കിൽ എന്തൊരു കഷ്ടമാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞങ്ങൾക്ക് ആ രീതിയിലുള്ള ഒരു ധാരണയുമില്ല. പക്ഷെ കാര്യങ്ങൾ വളച്ചൊടിച്ച് വളരെ സമർത്ഥമായി അവതരിപ്പിക്കാൻ വൈദഗ്ദ്ധ്യം കാണിക്കുന്ന ഒരാളാണല്ലോ ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. അതുകൊണ്ട് വസ്തുതകൾ

വസ്തുതകളായിതന്നെ അവതരിപ്പിച്ചാൽ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കും. അതിന് വ്യത്യസ്തമായൊരു നിലപാടിലേയ്ക്ക് പോകാൻപാടില്ല. ഞാൻ മന്ത്രിയായിരിക്കുന്ന സമയത്ത് ഒരു ക്ഷേമനിധി ബോർഡിൽനിന്നും നിക്ഷേപം മാറ്റിക്കൊണ്ട് പോകുന്ന നിലപാട് സ്വീകരിച്ചിട്ടില്ലായെന്നതാണ് ഞാൻ നേരത്തെ ഉദ്ദേശിച്ചത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങയെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞത് അങ്ങേയറ്റം വ്യസനകരമാണ്. അങ്ങാണെങ്കിൽ നേരെ വാ, നേരെ പോ എന്നുള്ള നിഷ്കളങ്കനായ ഒരു അംഗമാണ്. ശ്രീ. ടി. പി. രാമകൃഷ്ണൻ അതിനെ തെറ്റിദ്ധരിച്ചു. ഞാൻ ചോദിക്കാൻ വന്നൊരു കാര്യം, എല്ലാ ഗവൺമെന്റുകളുടെയും കാര്യത്തിൽ ക്ഷേമനിധി ബോർഡിൽനിന്ന് പണം എടുക്കാറുണ്ട്. സർക്കാർ ആ പണം തിരിച്ചുകൊടുക്കില്ലെന്നുമാത്രമല്ല പലിശപോലും നൽകില്ല. തൊഴിലാളികൾക്കും ആനുകൂല്യം നൽകില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയോട് ഒരു ചോദ്യം; വളഞ്ഞവഴിയിലൂടെ തിരിഞ്ഞ് മറിഞ്ഞ് ഞാൻ പറഞ്ഞുവെന്ന് അങ്ങ് ഒരു

ദുരാരോപണം പറഞ്ഞു. അങ്ങനെയല്ല, വളഞ്ഞ് കിടക്കുന്നത് നേരെയാക്കാൻ പറ്റുമോയെന്നുള്ളതാണ് എന്റെ പരിശ്രമം. അതിനുവേണ്ടിയുള്ള പരിശ്രമത്തിനുവേണ്ടിയാണ് ഞാൻ ഇക്കാര്യം ചോദിച്ചത്. അങ്ങ് പറഞ്ഞൊരു കാര്യം സത്യവിരുദ്ധമാണ്. അങ്ങ് കള്ളം പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കേരള ഗവൺമെന്റ് ക്ഷേമനിധി ബോർഡിൽനിന്ന് ഒരുപണവും എടുത്തിട്ടില്ലെന്നാണോ അങ്ങ് ഈ സഭയിൽ പറയുന്നത്; ആണെങ്കിൽ ആണ് അല്ലെങ്കിൽ അല്ല എന്നുള്ളത് അങ്ങേയ്ക്ക് ഏത് വേണമെങ്കിലും പറയാം. ഞാൻ ഇരിക്കാം......

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) മന്ത്രിയായിരുന്നപ്പോഴുള്ള അദ്ദേഹത്തിന്റെ അനുഭവം വച്ചായിരിക്കാം അങ്ങനെ പറഞ്ഞിട്ടുള്ളത്. അതിവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് ബാധകമല്ല. ഞാൻ മന്ത്രിയായിരുന്ന സമയത്ത് കടമെടുത്തിട്ടില്ല എന്നാൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അക്കൗണ്ടിലേയ്ക്കുള്ള പണം ട്രഷറിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. അതിന് പലിശയും കൊടുക്കുന്നുണ്ട്. ചില സമയത്ത് പലിശ നൽകാനൊക്കെ ബാക്കിയുണ്ടായെന്ന് വരാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ചോദിക്കുന്നത് ട്രഷറിയിലേയ്ക്ക് ക്ഷേമനിധിയിൽ നിന്നും മാറ്റിയതുക ട്രഷറിയിൽ കെട്ടിവച്ചിരിക്കുകയാണോ; ക്ഷേമനിധി ബോർഡിൽനിന്ന് ട്രഷറിയിലേയ്ക്ക് എടുത്തുവെന്ന് പറഞ്ഞാൽ എന്റെ ആദ്യവാദഗതി അംഗീകരിക്കുന്നു. രണ്ടാമത്, ട്രഷറിയിലേയ്ക്ക് എടുത്തിട്ടുള്ള തുക അവിടെ കെട്ടിവച്ചിരിക്കുകയാണോ; അങ്ങനെ എടുത്തുവയ്ക്കാൻ കഴിയില്ലല്ലോ; അപ്പോൾ ആ പണം സർക്കാരിന്റെ കാര്യത്തിനുവേണ്ടിതന്നെ എടുത്തു. പിന്നെയുള്ളത് ട്രഷറിയിൽനിന്ന് ലീഗലായി കൊടുക്കാൻ കഴിയുന്ന ബില്ലുകൾ മാറ്റുന്നതിനുവേണ്ടി ഈ തുക അവർ വിനിയോഗിക്കും. അവിടെയാണ് ഞാൻ ചോദിച്ചത് ക്ഷേമനിധി ബോർഡിൽനിന്ന് .......

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, അങ്ങനെ തുക എടുത്തിട്ടുണ്ടെങ്കിൽ ഏത് ബോർഡിൽനിന്ന് എത്ര തുക എടുത്തുയെന്നുള്ളത് അങ്ങേയ്ക്ക് പറയാമല്ലോ; കണക്ക് അങ്ങേയ്ക്ക് കിട്ടുമല്ലോ; നിങ്ങളെല്ലാം മന്ത്രിമാരായിരുന്ന ആളുകളല്ലേ; അങ്ങ് തുടക്കത്തിൽതന്നെ ഒരുകാര്യം പറഞ്ഞു. .......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അപ്പോൾ തുക എടുത്തുവെന്നുള്ളത് അങ്ങ് സമ്മതിച്ചല്ലോ; തുക എടുത്തുവെന്നുപറഞ്ഞാൽ

അത് എളിയിൽ വച്ചുകൊണ്ടുപോയി എന്നല്ല ഞങ്ങൾ പറയുന്നത്. ഞങ്ങളുടെ വാദഗതി പാവപ്പെട്ട ആളുകളുടെ തുക വർദ്ധിപ്പിക്കുകയും ഗവൺമെന്റിന്റെ വിഹിതം കൂട്ടാതിരിക്കുകയും ക്ഷേമനിധി ബോർഡിൽ പണം എത്തിക്കഴിയുമ്പോൾ ആ പണം മറ്റ് കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയും ചെയ്യുന്നു. അങ്ങ് വളരെ കഷ്ടപ്പെട്ട് ഒരു പോയിന്റുവരെ എത്തി, ട്രഷറിയിൽ തുക വച്ചിട്ടുണ്ടെന്ന്. ട്രെഷറിയിൽ പണം ഫ്രെയിമിട്ട് വയ്ക്കാനല്ലല്ലോ; അപ്പോൾ സ്വാഭാവികമായും ഗവൺമെന്റിന്റെ ആവശ്യത്തിനുവേണ്ടി എടുത്തു. എത്രകോടി രൂപയാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളതെന്ന എന്റെ അവസാന ചോദ്യത്തിനുള്ള മറുപടി അങ്ങ് നൽകിയില്ല. രണ്ടാമത്തെ കാര്യം, ഒരേ രൂപത്തിലുള്ള ക്ഷേമനിധി ബോർഡുകളുണ്ട്. എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് കൂട്ടാമെന്നുള്ളതല്ലാതെ അതുകൊണ്ട് എന്തുകാര്യമാണുള്ളത്? ബോർഡിന്റെ താഴ്ഭാഗം മുതൽ മുകൾ ഭാഗം വരെ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ തുടങ്ങിയ ഉദ്യോഗസ്ഥ പരമ്പര ഇതിനെ മാത്രം ചുറ്റിപ്പറ്റി നിൽക്കുകയാണ്. നിങ്ങൾക്ക് ഒരേ രൂപത്തിലുള്ള ക്ഷേമനിധികൾ ഒന്നാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തിക്കൂടെ? ഭരണപരിഷ്കരണ കമ്മീഷനെ ശ്രീ. വി. ശിവൻകുട്ടിക്ക്

നന്നായിട്ടറിയാം. ഭരണപരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ ഏറ്റവും വലിയ ശിപാർശയായി പറയുന്നത്, ഒരേ രൂപത്തിലുള്ള ക്ഷേമനിധികൾ, ഒരേ രൂപത്തിലുള്ള ഡിപ്പാർട്ടുമെന്റുകൾ ഒന്നാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണമെന്നാണ്. അത്തരം നടപടിയെക്കുറിച്ച് എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ; ആറാം വർഷത്തിൽ അല്ലേ ഭരണത്തിൽ നിൽക്കുന്നത്? എന്നിട്ടും അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല എന്നുള്ളതാണ് എന്റെ വാദഗതി; അത് നമ്മുടെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റുകൾ വർദ്ധിപ്പിക്കും. ഒരു ഭാഗത്ത് പാവപ്പെട്ടവരുടെ കയ്യിൽ നിന്ന്...... നമ്മുടെ നാട്ടിൻപുറത്ത് ഒരു ചൊല്ലുണ്ട്, ഞാൻ അതിവിടെ പറയുന്നില്ല; കാരണം അത് ഇവിടെ പറഞ്ഞുകഴിഞ്ഞാൽ മോശമായിരിക്കുമെന്ന് എനിക്കുതന്നെയൊരു തോന്നൽ.... 'ഇല നക്കി നായ'യുടെ....... ബാക്കി അവിടംകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. അങ്ങനെ ഒരു രൂപത്തിലേയ്ക്ക് ഇത് പോകരുത്. പാവപ്പെട്ട ആളുകളാണ്, ആ ശുദ്ധാത്മാക്കളുടെ പണം ഇങ്ങനെ ദുരുപയോഗം ചെയ്യുന്ന രീതിയിലേയ്ക്ക് പോകരുത്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഇത് എല്ലാവർക്കും അറിയാവുന്നതാണ്. 'ഇല നക്കി നായുടെ ചിറി നക്കി'യെന്നതാണ്........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഏതായാലും ഇത് അങ്ങയുടെ പേരിൽ രേഖയിൽ കിടന്നോട്ടെ, എന്റെ പേരിൽ വേണ്ട. അങ്ങേയ്ക്കത് ചേരുകയും ചെയ്യും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അദ്ദേഹത്തിന്റെ പേരിൽ രേഖയിൽ വേണമെങ്കിൽ അങ്ങ് വഴങ്ങികൊടുത്താൽ അദ്ദേഹത്തിന് മൈക്ക് കിട്ടാനുള്ള സൗകര്യമുണ്ടാകും. അങ്ങ് വളരെ ഉദാരമതിയാണെങ്കിൽ അത് ചെയ്തുകൊടുക്കണം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പ്രതിപാദിക്കാൻ ബുദ്ധിമുട്ടെന്ന് അങ്ങ് ഇപ്പോൾ പറഞ്ഞു. 'ഇല നക്കി' എന്നുപറഞ്ഞശേഷം പിന്നെ ആ സമുദായത്തിന്റെ പേര് ഒഴിവാക്കി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നായ സമുദായമാണെന്ന് പറഞ്ഞ ഈ ആളിനെക്കുറിച്ച് ഞാൻ എന്താണ് പറയുക? നായ സമുദായമല്ല, ഒരു ജീവിയാണ്. അതുപോട്ടെ, പാവപ്പെട്ട ആളുകളെ അതിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണം എന്നുതന്നെയാണ് എന്റെ ശക്തമായ അഭിപ്രായം. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിച്ചു. വെള്ളപ്പൊക്കമുണ്ടായപ്പോൾ നമ്മളെല്ലാവരും തിരക്കിട്ട്

അവിടെയെല്ലാം പോയി അവരുടെ എല്ലാം വിഷമങ്ങളും നേരിട്ടുകണ്ടു. ഉപ്പുവച്ച കലം പോലെയല്ലേ ഈ കടകളൊക്കെയുള്ളത്, അതിന്റെ സ്ഥിതി എന്താണ്? അത് ഇനി പഴയ രൂപത്തിൽ വരണമെങ്കിൽ എത്ര ലക്ഷം രൂപ മുടക്കണം? ബാങ്കുകാർ പോലും ലോൺ കൊടുക്കുകയില്ല. ലോൺ കിട്ടിയാലും തിരിച്ചടയ്ക്കാൻ കഴിയാതെ വരുമ്പോൾ അടവില്ലാത്ത ഒരു കടമെന്നുള്ള നിലയിലേയ്ക്കുമാറി അവരുടെ സ്ഥിതി ദയനീയമാകും. ഗവൺമെന്റ് അതിനെക്കുറിച്ച് എന്തെങ്കിലും ആലോചിക്കണം. ഇത്തരം കാര്യങ്ങളിൽ കടകൾക്കുണ്ടായ നഷ്ടത്തിന് ഗവൺമെന്റ് ഒരു പരിഹാരവും ഉണ്ടാക്കില്ലെന്നാണ് ഞാൻ മനസ്സിലാക്കിയത്, അതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റാണ് ഈ ബിൽ എന്നുള്ളതുകൊണ്ട് സ്വാഭാവികമായും ഷോപ്പിനെക്കുറിച്ച് നമ്മൾ ആലോചിക്കില്ലേ? ആ ഷോപ്പുകളുടെ ഇപ്പോഴത്തെ അവസ്ഥയാണ് ഞാൻ പറഞ്ഞത്. ഏത് ദുരന്തമുണ്ടായാലും ദുരന്തത്തിലെ ഒന്നാം രക്തസാക്ഷി അവിടെയുള്ള കടകളാണ്. ആ കടക്കാർക്ക് പിന്നീട് ഇത് പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കാൻ കഴിയില്ല, അവർ സാമ്പത്തികമായി വളരെ ക്ലേശത്തിലായിരിക്കും. അതുകൊണ്ട് ഗവൺമെന്റ്

ഈ കാര്യങ്ങൾ ആലോചിക്കുന്ന കൂട്ടത്തിൽ അർഹിക്കുന്ന ആളുകൾക്ക് സഹായം നൽകിയാൽ മതി. അല്ലാത്തവർക്ക് ആർക്കും കൊടുക്കണമെന്ന് എനിക്ക് അഭിപ്രായവുമില്ല. അപ്പോൾ അത് ചെയ്യുന്നതിനുള്ള നടപടിയിലേയ്ക്ക് പോകണം. ക്ഷേമനിധിയിൽ നിന്നും കൊടുക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് നേരത്തെ ഇവിടെ പറഞ്ഞു. വിവാഹത്തിന് അയ്യായിരം രൂപ നൽകുന്നത് സംബന്ധിച്ച് ഡോ. എം. കെ. മുനീർ പറഞ്ഞതുകൊണ്ട് ആവർത്തിച്ച് പറയുന്നില്ല. മരണാനന്തര ചടങ്ങുകൾക്ക് നൽകുന്നത് ചെറിയ തുകയാണ്. യഥാർത്ഥത്തിൽ ഒരു പെട്ടി കൊണ്ടുവന്നുവച്ച് ശവദാഹം നടത്തണമെങ്കിൽ അവർക്ക് കൊടുക്കണം പതിനായിരം രൂപ. നമ്മുടെ നാട്ടിൻപുറത്തെല്ലാം ഇപ്പോൾ അങ്ങനെയുള്ള ഏർപ്പാടാണല്ലോ? അപ്പോൾ പകുതി ദഹിപ്പിച്ചാൽ മതിയെന്നുപറഞ്ഞാൽ മതിയോ. അമ്പത് ശതമാനം ദഹിപ്പിക്കുക. അതിനുള്ള പണമല്ലേ നിങ്ങൾ കൊടുക്കുന്നുള്ളൂ. നിങ്ങൾ പണം കൊടുക്കേണ്ട, പകരം വിവാഹത്തിന് അവർക്ക് ഒരു സാരിയെങ്കിലും കൊടുക്കാമെന്ന് തീരുമാനിക്കൂ. പാവപ്പെട്ട പെൺകുട്ടിക്ക് അവരുടെ വിവാഹത്തിന് സാമാന്യം കഴിയുന്ന രൂപത്തിലുള്ള തുകയെങ്കിലും കൊടുക്കേണ്ടേ? അസുഖത്തിന് കൊടുക്കുന്ന തുക കേട്ടാൽ

അപ്പോൾതന്നെ പെട്ടിക്ക് ഓർഡർ ചെയ്യാം. ആ രൂപത്തിൽ തുച്ഛമായ കാശാണ് കൊടുക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ ആശുപത്രിയിൽ കയറിയിറങ്ങി വരണമെങ്കിൽ എത്ര രൂപയാകും? ഇങ്ങനെയൊരു ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് ആനുകൂല്യം കിട്ടേണ്ട ആളിന് കോവിഡ് രോഗം വന്നാൽ എന്തുചെയ്യും, എവിടെ പോകാൻ സാധിക്കും?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, നിയമസഭയിൽ പ്രത്യേകിച്ച് ഈ സെഷൻ നിയമനിർമ്മാണത്തിനായുള്ള സെഷനായതുകൊണ്ട് നിരവധി നിയമനിർമ്മാണങ്ങൾ നടക്കുകയുണ്ടായി. അതിൽ ഏറ്റവുമധികം ക്ഷേമനിധികളുമായി ബന്ധപ്പെട്ട നിയമനിർമ്മാണമായിരുന്നു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനോട് എനിക്കൊരു സംശയമുള്ളത്, ക്ഷേമനിധിയുടെ ഭേദഗതിയിൽ കൂടുതലും അംശദായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ്. തൊഴിലാളിയുടെ അംശദായം വർദ്ധിപ്പിക്കുന്ന ഭേദഗതിയുടെ സമയത്ത് സർക്കാർ അതിന് ആനുപാതികമായി പറഞ്ഞ..... ഒരുപാട് ക്ഷേമനിധികൾ കഴിഞ്ഞദിവസങ്ങളിലെല്ലാം വന്നു. സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു വർദ്ധനവുമുണ്ടായിട്ടില്ല. ചില ക്ഷേമനിധിയിൽ അമ്പതുപൈസ തൊഴിലാളിക്കും ഒരു രൂപ സർക്കാരിനുമായിരുന്നു. ആ

അമ്പതുപൈസ രണ്ടുരൂപയായി വർദ്ധിപ്പിക്കുമ്പോൾ സർക്കാരിന്റെ ആനുകൂല്യം അമ്പതുശതമാനമായി കുറയ്ക്കാനാണ് തീരുമാനിച്ചത്. അംശദായം ഇരട്ടിയാക്കുമ്പോൾ സർക്കാരിന്റെ വിഹിതം പകുതിയാക്കുന്ന രൂപത്തിലേയ്ക്കാണ് ഭേദഗതി വന്നത്. എന്നാൽ അങ്ങ് ഇപ്പോൾ പറയുന്ന പ്രസക്തമായ കാര്യം മരണപ്പെട്ടാൽ നൽകുന്നത് മൂവായിരം രൂപ, അവരുടെ കുട്ടികൾക്കുള്ള ആനുകൂല്യം 250 രൂപ 500 രൂപ,... ......അംശദായം വർദ്ധിപ്പിച്ചാൽ ആനുകൂല്യം വർദ്ധിപ്പിക്കുമെന്ന നിലപാട് അല്ലെങ്കിൽ നയം സർക്കാരിന് ഈ കോവിഡ് കാലത്തെങ്കിലും ഉണ്ടാകേണ്ടതല്ലേ എന്നൊരു അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സർവ്വ ലോകത്തൊഴിലാളികളുടെ ഉദ്ധാരണത്തിനുവേണ്ടി നിൽക്കുമ്പോൾ കോവിഡൊരു പ്രശ്നമേയല്ല. അതുകൊണ്ട് കാൽക്കാശ് കൊടുക്കുകയുമില്ല. ഇതൊന്നും ശരിയല്ല. മനഃസാക്ഷി വേണം. അങ്ങേയ്ക്കെന്നല്ല, അങ്ങേയ്ക്ക് നല്ല മനഃസാക്ഷിയുണ്ട്. പക്ഷേ ഇത് ഇൻട്രൊഡ്യൂസ് ചെയ്യുന്ന ആളുകൾക്കും ഇത് ചെയ്യുന്ന ആളുകൾക്കും മനഃസാക്ഷി വേണം. ആ പാവങ്ങൾ ജീവിക്കട്ടെ, ഒരു രക്ഷാകർത്താവിന്റെ ഏറ്റവും വലിയ മോഹമെന്താണ്? പെൺമക്കളെ

മാന്യമായി ഇറക്കിവിടണമെന്നതുതന്നെയാണ്. അതിനുവേണ്ടിയുള്ള പണമെങ്കിലും കൊടുക്കേണ്ടേ? ഇന്ന് ഇവിടെ വച്ച് ആലോചിക്കണമെങ്കിൽ ആലോചിക്കേണ്ടവരോട് അങ്ങ് ആലോചിച്ചോളൂ. എനിക്ക് ഒരു വിഷമവുമില്ല. പക്ഷേ ഇവിടെ വച്ച് ഇതിന്......

മി. ചെയർമാൻ: പ്ലീസ്....... പ്ലീസ്.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ തീർക്കുകയാണ്. ഒരു മിനിട്ട് മതി. സോറി; ഞാൻ അധിക സമയമെടുത്തുപോയോയെന്ന് സംശയം. ചില ഇടപെടലുകൾ വന്നതുകൊണ്ടാണ്. അവർക്ക് കൂടുതൽ ആനുകൂല്യം കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് എടുക്കുമെന്ന് ഇവിടെ വച്ച് അങ്ങ് പ്രഖ്യാപിക്കണം. തുക പറയണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ കൂടുതൽ തുക കൊടുക്കും എന്ന് അങ്ങ് ഇവിടെ വച്ച് പറയണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. എം. മണി ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ. ആൻസലൻ: സർ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ

അവതരിപ്പിക്കുന്നു.

കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണ് ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയും അവിടെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളും. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമായി ഒരു വലിയ മേഖലയാണ് വ്യാപാര തൊഴിലിടങ്ങൾ. ഏകദേശം നാല് ലക്ഷത്തിനും അഞ്ച് ലക്ഷത്തിനുമിടയ്ക്ക് ചെറുതും വലുതുമായ വ്യാപാര സ്ഥാപനങ്ങളുണ്ട് എന്നാണ് അറിയപ്പെടുന്നത്. അതിൽതന്നെ ഏകദേശം 25-30 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അവരുടെ ജോലി സമയത്തെക്കുറിച്ച് നമുക്കറിയാം, സാധാരണ തൊഴിലിടങ്ങളിൽ ഒരു നിശ്ചിത സമയമാണ് പണിയെടുക്കുന്നതെങ്കിൽ വ്യാപാര സ്ഥാപനങ്ങളിൽ ആ തൊഴിലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രത്യേകതകൾ കാരണം രാവിലെ 7 മണിക്കും 8 മണിക്കും 9 മണിക്കും വ്യാപാര സ്ഥാപനങ്ങളിൽ വന്നാൽ രാത്രി 10 വരെയും 11 വരെയും പണിയെടുക്കേണ്ടതായി വരുന്നുണ്ട്. ഈ തൊഴിലുമായി ബന്ധപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പന്ത്രണ്ടും പതിനാലും മണിക്കൂറാണ് അവർ പണിയെടുക്കാൻ നിർബന്ധിതരാകുന്നത്.

അതുമാത്രമല്ല, ഹോട്ടൽ ശൃംഖലയിലാണെങ്കിൽ ആ പണിയെടുക്കുന്നതിന്റെ സമയം ഇതിലും ദൈർഘ്യമായി വരാറുണ്ട്. ഇത്തരം തൊഴിലാളികളെ സംബന്ധിച്ച് അവർക്ക് ഒരു ക്ഷേമനിധി ഉണ്ടാകണമെന്ന് തീരുമാനമെടുത്തത് സഖാവ് വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. അതിലൊരു ക്ഷേമനിധി ബോർഡ് രൂപീകരിക്കപ്പെട്ടത് 2007 മാർച്ച് മാസം 15-ാം തീയതിയാണ്. പതിനാല് വർഷങ്ങൾക്കുമുൻപ് അന്നുണ്ടായിരുന്ന നമ്മുടെ വിലക്കയറ്റം അടക്കമുള്ള പ്രശ്നങ്ങളും വേതനവ്യവസ്ഥകളുമായും ബന്ധപ്പെട്ടുകൊണ്ടാണ് 20 രൂപ തൊഴിലുടമയും 20 രൂപ തൊഴിലാളിയും അടയ്ക്കണമെന്നുള്ള ഒരു നിലപാട് ആ കാര്യത്തിൽ സ്വീകരിച്ചുകൊണ്ട് ഒരു തീരുമാനത്തിലേയ്ക്കെത്തിയത്. അതിന്റെ ഭാഗമായി ഇവിടെ ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ട കണക്കനുസരിച്ച് 190727 സ്ഥാപനങ്ങളാണ് നിലവിൽ ഈ പട്ടികയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അഞ്ച് ലക്ഷത്തോളം വരുന്ന സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉളവാകുമ്പോൾ അതിന്റെയൊരു 40-45 ശതമാനം മാത്രമേ നമുക്ക് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. 1356932-ഓളം വരുന്ന തൊഴിലാളികൾ ഈ മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അങ്ങനെ രജിസ്റ്റർ

ചെയ്യുമ്പോഴും സ്ഥിരമായി ഈ രംഗത്ത് രജിസ്ട്രേഷൻ പുതുക്കിപ്പോകുന്ന ഇപ്പോൾ നിലവിലുള്ളവരുടെ എണ്ണം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ 810173 അംഗങ്ങൾ മാത്രമാണ്. പെൻഷന് അർഹരായി ഈ ഘട്ടത്തിൽ മാറപ്പെട്ടത് 2242 ആളുകളാണ്. ബോർഡിന്റെ അംശദായവുമായി ബന്ധപ്പെട്ട ആസ്തി 269 കോടി രൂപയാണ്. അവിടെയാണ് നമ്മൾ 14 വർഷത്തിനുശേഷം..., ചില ഘട്ടങ്ങളിൽ ഭേദഗതി ചെയ്യുന്നതിനുവേണ്ടി ഓർഡിനൻസ് ഇറക്കിയെങ്കിലും വിവിധ കാരണങ്ങളാണ് മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടിതന്നെ അത് പരിഹരിക്കുന്നതിനാവശ്യമായ പുതിയ നിർദ്ദേശമാണ് 50:50 എന്ന മാനദണ്ഡത്തിലേയ്ക്ക് ഈ ഭേദഗതിയിലൂടെ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളത്. ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ഈ പദ്ധതിയിലൂടെ പെൻഷൻ, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവയ്ക്ക് അന്ന് നിശ്ചയിച്ചിരുന്ന തുക കുറവാണ്, പക്ഷെ നമ്മൾ ഇപ്പോൾ അംശദായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വാഭാവികമായും ഈ തുകകൾ അധികമായി മാറും എന്നുള്ളത് ഒരു വസ്തുതാണ്. ബഹുമാനപ്പെട്ട

ഗവൺമെന്റും മന്ത്രിയും ആ കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കും. ഇത്തരം സ്ഥാപനങ്ങൾ വ്യത്യസ്തമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. വ്യാപാര മേഖലയിൽ ഒരാൾ മാത്രം തൊഴിലെടുക്കുന്ന, മുതലാളിയും തൊഴിലാളിയും ഒരാൾ മാത്രമായ വ്യാപാര സ്ഥാപനം മുതൽ ആയിരക്കണക്കിന് ആളുകൾ പണിയെടുക്കുന്ന വ്യാപാര സ്ഥാപനങ്ങളും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ നിലനിൽപ്പുതന്നെ പലപ്പോഴും പല ഘട്ടത്തിലും പല രൂപത്തിലുള്ള വെല്ലുവിളി നേരിടുന്നുണ്ട്. ബഹുരാഷ്ട്ര കുത്തകകളെ യഥേഷ്ടം ആനയിക്കുന്നതിനുവേണ്ടി മുൻ കേന്ദ്ര ഗവൺമെന്റുകൾ എടുത്ത തീരുമാനത്തിന്റെ ഭാഗമായി ബഹുരാഷ്ട്ര കുത്തകകളുടെ ഇടപെടലിന്റെയും കമ്പോളത്തെ മൊത്തമായി അവർ സ്വാധീനിക്കുന്നതിന്റെയും ഭാഗമായുള്ള ലാഭകണ്ണോടുകൂടിയുള്ള പ്രവർത്തനങ്ങളും അതിന്റെ ഭാഗമായി തൊഴിലിടങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളെ ഫലപ്രദമായി ഉപയോഗിക്കുന്നതും മറ്റും നമ്മുടെ നാട്ടിൽ സാധാരണ ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സാധ്യതയെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. അതുപോലെയുണ്ടായിട്ടുള്ള മറ്റ് സാമ്പത്തിക പ്രതിസന്ധികൾ, പ്രത്യേകിച്ച് കോവിഡ് വന്ന

ഘട്ടത്തിലുണ്ടായ ലോക്ഡൗണും തുടർന്നുള്ള പ്രശ്നങ്ങളും പതിനായിരക്കണക്കിന് തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെടുന്ന ഒരവസ്ഥ ഉണ്ടായിട്ടുള്ളത്. ഇതേ ഒരു അനുഭവംതന്നെയാണ് ഉടമയെ സംബന്ധിച്ചും നേരിട്ടുകൊണ്ടിരിക്കുന്നത്. ഇത്തരം ചെറുകിട ഇടത്തരം വ്യാപാര സ്ഥാപനങ്ങളെല്ലാംതന്നെ പല രൂപത്തിലുള്ള പ്രതിസന്ധികളിൽപ്പെട്ട് വ്യാപാരം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത രൂപത്തിലേയ്ക്ക് അടച്ചുപൂട്ടുന്നതിനോ മതിയാക്കുന്നതിനോ വേണ്ടിയുള്ള ഘട്ടവും ഈ രംഗത്ത് ഇത്തരം കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രതികൂല സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റവും വലിയ തൊഴിൽമേഖലയായ ഈ തൊഴിൽ മേഖലയിലുള്ളവരെ സംരക്ഷിക്കുക എന്നതിന്റെ ഭാഗമായാണ് ക്ഷേമനിധി ബോർഡ്, പ്രധാനമായും ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തം നിർവ്വഹിക്കപ്പെടേണ്ടത്. കാലോചിതമായി പരിഷ്കരിക്കുകയും തൊഴിലാളികൾക്ക് ആവശ്യമായ എല്ലാ നിലയിലുമുള്ള സംരക്ഷണം നൽകുകയും ചെയ്യുക എന്നുള്ള ഒരു രൂപത്തിലേയ്ക്ക് നമുക്ക് മാറേണ്ടതായുണ്ട്. ഇവിടെ നമുക്ക് എല്ലാ തൊഴിലാളികളെയും ഇതിന്റെ

പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള വിപുലമായ സംവിധാനം ഒരുക്കേണ്ടതായുണ്ട്. അതിനനുസൃതമായി, ചിലപ്പോൾ നമുക്കറിയാം 50 രൂപ ഒരു മാസം പിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഒരു വ്യവസ്ഥ പലപ്പോഴും ഇല്ല. ചില തൊഴിലുടമകൾ കൃത്യമായിതന്നെ അത് മാസംതോറും അടയ്ക്കുന്നതിനും ആ കാര്യങ്ങളിൽ വലിയ ബാധ്യതയില്ലാതിരിക്കുന്നതിനും വേണ്ടിയുള്ള പരിശ്രമം നടത്തുമ്പോൾ മറ്റുചില മേഖലകളിലെ തൊഴിലുടമകൾ അത് അടയ്ക്കാതിരിക്കുകയും ഉദാഹരണത്തിന്, പത്ത് തൊഴിലാളികളുള്ളിടത്ത് ഒരു മാസം 500 രൂപ വച്ച് അടയ്ക്കേണ്ടിടത്ത് ഒരു വർഷമാകുമ്പോൾ അത് 6000 രൂപയായി മാറുകയും വർഷത്തിൽ അത് അടയ്ക്കാത്ത രൂപത്തിലേയ്ക്ക് ഭീമമായിട്ടുള്ള ബാദ്ധ്യത ഓരോ തൊഴിലുടമകളുടെ ഭാഗത്ത് വരികയും ചെയ്യുന്ന രൂപത്തിലേയ്ക്ക്, അങ്ങനെ കോടിക്കണക്കിന് രൂപ യഥാർത്ഥത്തിൽ ക്ഷേമനിധി ബോർഡിലേയ്ക്ക് എത്തിച്ചേരേണ്ട ഉടമയുടെ വിഹിതങ്ങൾ കിട്ടാത്തൊരു അവസ്ഥ നിലനിൽക്കുന്നുണ്ട്. അത് കൃത്യമായി മാസംതോറും അല്ലെങ്കിൽ മൂന്ന് മാസത്തിലൊരിക്കലോ ആറ് മാസത്തിലൊരിക്കലോ കളക്ട് ചെയ്യുന്നതിനാവശ്യമായി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് DLO (Department license of

occupation) ലൈസൻസ് renew ചെയ്യുന്ന ഘട്ടത്തിൽ ആ കാര്യത്തിൽ remind ചെയ്തുകൊണ്ട് ഈ കാശ് തൊഴിലാളികൾക്കുകൂടി അവകാശപ്പെട്ടതും എന്നാൽ മുതലാളിമാർക്ക് പിന്നീട് ബാദ്ധ്യത വരാത്തതുമായ രൂപത്തിലേയ്ക്ക് കൃത്യമായി അടപ്പിക്കാൻ കഴിയുന്ന രൂപത്തിലേയ്ക്കുള്ള നിലപാടുകൾ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഭാവിയിൽ നാം ചർച്ചചെയ്ത് രൂപപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഇവിടെ സൂചിപ്പിച്ച മറ്റ് പല വിഷയങ്ങളോടൊപ്പംതന്നെ നമുക്കറിയാം ഈ വ്യാപാര സ്ഥാപനങ്ങളിൽ നിലനിൽപ്പിന്റേതായ ചില പ്രശ്നങ്ങളുണ്ട്. അത് ഇവിടെ ചർച്ച ചെയ്ത് പരിഹരിക്കപ്പെടേണ്ട കാര്യമല്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡ് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുമ്പോൾതന്നെ ജില്ലാതലത്തിൽ ഇതിന്റെയൊരു ഉപദേശക സമിതികൾകൂടി രൂപീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നത് ഉചിതമായിരിക്കും. വ്യാപാരി-വ്യവസായി പ്രതിനിധികൾ, തൊഴിലാളി പ്രതിനിധികൾ, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജില്ലാതല ഉപദേശക സമിതി രൂപീകരിക്കപ്പെട്ടാൽ കുറച്ചുകൂടി നമുക്ക്

ഇക്കാര്യങ്ങളിൽ തൊഴിൽ മേഖലകളെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും കൂടുതൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നതിനും അപ്പോഴപ്പോഴുണ്ടാകുന്ന പ്രശ്നങ്ങളിൽ നമുക്ക് ഫലപ്രദമായി ഇടപെട്ടുകൊണ്ട് പ്രശ്നം പരിഹരിച്ചുകൊണ്ട് ഒരു സങ്കീർണ്ണതയിലേയ്ക്ക് പോകാതെ സുതാര്യമായി ഈ പ്രക്രിയ മുന്നോട്ടുകൊണ്ടുപോകുന്നതിന് അത്തരമൊരു ജില്ലാതല സമിതിയുടെ സഹായംകൂടിയാകുമ്പോൾ ഏറെ ഗുണകരമായി മാറാൻ കഴിയും. സ്വയംതൊഴിൽ മേഖലകളെക്കൂടി ഈ ബില്ലിന്റെ ഭാഗമായി ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ? ഉദാഹരണത്തിന് ഡ്രൈവിംഗ് സ്കൂളുകളുണ്ട്, അവിടെ പണിയെടുക്കുന്ന അദ്ധ്യാപകർ എന്നുപറയാൻ കഴിയുന്ന ഇൻസ്ട്രക്ടർമാരെക്കൂടി ഇതിന്റെ ഭാഗമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്ന് ഒരു നിർദ്ദേശം ഇതുമായി ബന്ധപ്പെട്ടുണ്ട്. ഇവിടെ ക്ഷേമനിധികളെക്കുറിച്ച് എനിക്ക് മുൻപ് നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീറും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും...

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, പതിനഞ്ചാം കേരള

നിയമസഭയുടെ മൂന്നാം സമ്മേളനം എന്തുകൊണ്ടും ഏറ്റവും ശ്രദ്ധേയമായ സമ്മേളനമാണ്. എല്ലാ വിഭാഗം ആളുകളെയും ക്ഷേമനിധിയുടെ ഏതെങ്കിലും അർത്ഥത്തിൽ കൊണ്ടുവരാനുള്ള വലിയ ശ്രമം ഇതിലൂടെ വന്നിട്ടുണ്ട്. ഇവിടെ നമുക്കറിയാം ചുവരുണ്ടെങ്കിലേ ചിത്രം വരയ്ക്കാൻ കഴിയൂ. ഇനിയും ഏത് അർത്ഥത്തിലും വർദ്ധിപ്പിക്കാൻ ഇനിയുള്ള ഏത് ഗവൺമെന്റിനും കഴിയുകയും ചെയ്യും. ഇവിടെയാണെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത, നേരത്തെ ഇവിടെ പ്രതിപക്ഷം പറയുന്നത് കേട്ടാൽ നമുക്ക് അത്ഭുതം തോന്നും. മരണാനന്തര സഹായത്തിന് കത്തിക്കാൻ 10,000/- രൂപ വേണ്ടി വരും, 5,000/- രൂപ കൊടുക്കുന്നു, അതിനാൽ പകുതി കത്തിച്ച് വയ്ക്കുമോ എന്നാണ്. അതിന്റെ അർത്ഥം ഇപ്പോഴുള്ള പ്രദേശങ്ങളിലൊക്കെ മരണപ്പെട്ടാൽ ആളുകൾ അങ്ങനെതന്നെ നിൽക്കുന്ന സ്ഥിതിയാണോ ഉള്ളത്. 5000 കൂടി കിട്ടിയാലല്ലേ പകുതി കത്തിക്കാൻ പറ്റുള്ളൂ. ആ ബോഡി അങ്ങനെതന്നെ നിലനിർത്തുകയാണ്. ഇത്രമാത്രം ശ്രദ്ധയോടുകൂടി ഈ പ്രയാസങ്ങളൊക്കെ അനുഭവിക്കുന്ന സമയത്തും തൊഴിലാളികളെയും ബാക്കിയുള്ളവരെയും സംരക്ഷിക്കാൻവേണ്ടിയുള്ള ബിൽ അവതരിപ്പിക്കാൻ ആനുകൂല്യം നൽകിയ സർക്കാരിനെ അഭിനന്ദിച്ചില്ലെങ്കിൽ പോട്ടെ.., അത്

അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. ആൻസലൻ: സർ, ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ പറഞ്ഞതുപോലെ മുതലക്കണ്ണീരാണല്ലോ ഇവിടെ ഒഴുക്കുന്നത്. എന്തെങ്കിലും ആത്മാർത്ഥത യു.ഡി.എഫ്. അംഗങ്ങൾക്കുണ്ടോ? ഈ രാജ്യത്ത് 16-ഓളം വരുന്ന ക്ഷേമനിധി ബോർഡുകൾ സ്ഥാപിക്കപ്പെടാൻ മുൻകയ്യെടുത്തത് ഈ സംസ്ഥാനത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റുകളാണ്. ഈ ബിൽ പോലും ഇവിടെ കൊണ്ടുവന്നത് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്താണ്. ഞാൻ ചോദിക്കുകയാണ്, കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുമുൻപ്, 2011-16 കാലഘട്ടത്തിൽ ഇവിടെ ആരാണ് ഭരിച്ചിരുന്നത്? അപ്പോൾ എന്തേ ഇവർക്ക് ഒരു ദണ്ണവുമില്ലായിരുന്നോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)യും മന്ത്രിമാരായിരുന്നല്ലോ. എന്തേ തൊഴിലാളികളെ സംബന്ധിച്ച് ആശങ്കയില്ലായിരുന്നോ? ഇവിടെ വലിയ കോവിഡിന്റെ പ്രതിസന്ധികളും പ്രയാസങ്ങളും നിലനിൽക്കുമ്പോഴും നിയമസഭാ സമ്മേളനം അനന്തമായി നീട്ടിക്കൊണ്ടുപോകാൻ കഴിയാത്ത ഘട്ടത്തിലും ഇവിടത്തെ ഗവൺമെന്റിന്റെ ഇച്ഛാശക്തികൊണ്ട് ഈ സഭതന്നെ ബില്ലുകൾക്കുവേണ്ടി പ്രത്യേകമായി

പരിഷ്കരിക്കുന്നതിനും കാലോചിതമായി മാറ്റുന്നതിനുംവേണ്ടിയുള്ള നിലപാട് സ്വീകരിക്കുകയാണ്. ആ നിലപാട് സ്വീകരിക്കുമ്പോൾ അതിനകത്ത് എന്തെങ്കിലും പറയണമല്ലോ. ആ പറയുന്നതിനെ ശവം കത്തിക്കുന്ന കാര്യത്തിലും സാരി വാങ്ങിച്ചുകൊടുക്കുന്ന കാര്യത്തിലും ഇത്രയും മ്ലേച്ഛമായി ചർച്ച ചെയ്ത് സമയം പാഴാക്കുന്ന പ്രതിപക്ഷാംഗങ്ങൾക്ക് ഈ ബില്ലിനോട് ആത്മാർത്ഥത ഉണ്ടെങ്കിൽ പുതിയ നിർദ്ദേശങ്ങൾ വയ്ക്കാം. അതില്ലാതെ അങ്ങ് സൂചിപ്പിച്ചതുപോലെ ഒരു ആത്മാർത്ഥതയും ഇല്ലാത്ത രൂപത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ പ്രതിപക്ഷത്തിരിക്കുന്നവർ മനഃപൂർവ്വമായി ഈ ബില്ലുകൾക്കെതിരായി സംസാരിക്കുകയാണ് എന്നുള്ള രീതിയിൽ ഒരു വളരെ ദുഃസൂചനയോടുകൂടി പറഞ്ഞു. പ്രതിപക്ഷം ഇവിടെയിരിക്കുന്നത് പ്രതിപക്ഷത്തിന്റെ ദൗത്യം നിർവ്വഹിക്കാൻവേണ്ടിയാണ്. ഭരണകക്ഷിക്കുവേണ്ടി വാഴ്ത്തിപ്പാടാൻവേണ്ടി ഞങ്ങൾ വന്നിട്ടില്ല. ഭരണകക്ഷി

ചെയ്യുന്ന നല്ല കാര്യങ്ങളെ നല്ലതെന്ന് പറയും, എതിർക്കേണ്ട കാര്യങ്ങളെ എതിർക്കും. അദ്ദേഹം പറയുന്ന കാര്യങ്ങൾ പ്രതിപക്ഷത്തിനാകെ അപമാനമാണ് അത് പരിശോധിച്ച് സഭാരേഖകളിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട ഇ. ടി. ടൈസൺ മാസ്റ്റർ സംസാരിക്കുമ്പോൾ മൃതദേഹങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. പ്രതിപക്ഷത്തെ ഒരംഗംപോലും പകുതി മൃതദേഹങ്ങൾ സംസ്കരിച്ചവയും/പകുതിയേ സംസ്കരിക്കൂ എന്നുപറഞ്ഞിട്ടില്ല. ഈ ബില്ലുകൾ ചർച്ച ചെയ്യപ്പെടുമ്പോൾ സ്വാഭാവികമായും ഒരുപാട് ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് കിട്ടണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് ഇക്കാര്യങ്ങൾ പറയുന്നത്. ബിൽ വേണ്ടായെന്നല്ല. ഇവിടെ ഈ ബില്ലുകൾ അമെന്റ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യം, അംശദായം വർദ്ധിപ്പിക്കുന്നത് പാവപ്പെട്ട തൊഴിലാളികളുടേത് മാത്രമാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം. 17913/ഇ.ബി /2021/നി.സെ. തീയതി 01-11-2021) രേഖയിൽ നിലനിർത്തി

പണം തരുന്നില്ല. ചിലകാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ തെറ്റായരീതിയിൽ വ്യാഖ്യാനിക്കുകയാണ്. പണം തന്നാലും തന്നില്ലെങ്കിലും മൃതദേഹങ്ങളോട് ആദരവ് കാട്ടുകയും അത് നന്നായി സംസ്കരിക്കുകയും ചെയ്യുന്ന ഒരു സാംസ്കാരിക പാരമ്പര്യം കേരളത്തിലുണ്ട്. അത് അങ്ങ് വിസ്മരിച്ചുപോകരുത്. അതുകൊണ്ട് ആ രീതിയിലുള്ള പ്രസ്താവന സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: യെസ്. പരിശോധിക്കാം. +പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ജോയി: സർ, (........മൈക്ക് ഓഫ്.....) ആടിനെ പട്ടിയാക്കുന്ന ഒരു സമീപനമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഈ സഭയിലെ എല്ലാവരും കേട്ടുകൊണ്ടിരിക്കെയാണ്, 5000 രൂപയ്ക്ക് പകുതി മൃതദേഹം കത്തിക്കും പകുതി വച്ചിട്ടുപോകും എന്ന് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. അത് അനാദരവ് തന്നെയാണ്. അതിപ്പോൾ ഇദ്ദേഹം തിരുത്താൻ നോക്കണ്ട.

മി. ചെയർമാൻ: ഒരു തർക്കത്തിലേയ്ക്ക് പോകേണ്ടതില്ല.

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യന്റെ ഉത്തരവിൻപ്രകാരം (ഫ.നം. 17913/ഇ.ബി /2021/നി.സെ. തീയതി 01-11-2021) രേഖയിൽ നിലനിർത്തി.

ശ്രീ. കെ. ആൻസലൻ: സർ, പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് ഇച്ഛാഭംഗമുണ്ട്. ആ ഇച്ഛാഭംഗത്തിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ള പ്രതികരണങ്ങളുമായി ചാടിയിറങ്ങുന്നത്.

മി. ചെയർമാൻ: അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. കെ. ആൻസലൻ: സർ, നമുക്കറിയാം അവർ അധികാരത്തിലിരുന്ന ഘട്ടത്തിലൊന്നും ഒരു കാര്യവും ചെയ്തിട്ടില്ല. പാവപ്പെട്ട ആളുകളുടെ ക്ഷേമപെൻഷൻപോലും വർദ്ധിപ്പിക്കാതെ, കുടിശ്ശിക വരുത്തി കബളിപ്പിച്ചിട്ടുള്ള ആളുകൾ ഇവിടെ വന്നിരുന്ന് ഇത്തരം കാര്യങ്ങൾ പറയുമ്പോൾ തിരിച്ച് പറയേണ്ടിവരും. ഇവിടെ ആത്മാർത്ഥതയോടുകൂടിയാണ് തൊഴിൽ വകുപ്പുമന്ത്രിയും ഗവൺമെന്റും ഇത്തരം വിഷയങ്ങളെ സമീപിക്കുന്നത്. ഈ വിഷയത്തിൽ ഗവൺമെന്റെടുക്കുന്ന തീരുമാനത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

## 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

Shri T. V. Ibrahim: I move that " This House resolves to disapprove The Kerala Small Plantation Workers' Welfare Fund

(Amendment) Ordinance, 2021 (Ordinance No. 130 of 2021).

മറ്റെല്ലാ ക്ഷേമനിധി ബില്ലുകളെയുംപോലെ തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിലും തൊഴിലാളികൾ അടയ്ക്കേണ്ട അംശദായം വർദ്ധിപ്പിക്കുന്ന ഭേദഗതി മാത്രമാണ് വന്നിരിക്കുന്നത്. എന്നാൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വിഹിതം വർദ്ധിപ്പിക്കുന്ന യാതൊരുകാര്യവും ബില്ലിൽ പറയുന്നില്ല. അംശദായം വർദ്ധിപ്പിച്ചതുകൊണ്ട് തൊഴിലാളിക്കുണ്ടാകുന്ന യാതൊരു നേട്ടവും ഈ ബില്ലിൽ കാണുന്നില്ല. ബില്ലിലെ അഞ്ചാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ " നൂറ്റി ഇരുപത് രൂപ" എന്ന വാക്കുകൾക്കുപകരം " നൂറ്റി എൺപത് രൂപ" എന്ന വാക്കുകളും (2)-ാം ഉപവകുപ്പിൽ " നൂറ്റി ഇരുപത് രൂപ" എന്ന വാക്കുകൾക്കുപകരം "നൂറ്റി എൺപത് രൂപ" എന്ന വാക്കുകളും (3)-ാം ഉപവകുപ്പിൽ "ഇരുന്നൂറ്റി നാല്പതു രൂപ" എന്ന വാക്കുകൾക്കുപകരം "മുന്നൂറ്റി അറുപത് രൂപ" എന്ന വാക്കുകളും ചേർക്കേണ്ടതാണെന്നാണ് പറയുന്നത്. സ്വന്തമായി അര ഹെക്ടറിൽ താഴെ ഭൂമിയുള്ളതും അയാൾ സ്വയംതൊഴിൽ ചെയ്യുന്ന ആളുമാണെങ്കിൽ 240 എന്നത് 360 ആക്കാൻവേണ്ടി നിർദ്ദേശിച്ചിരിക്കുന്നു.

ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം തൊഴിലാളിക്കുമാത്രം ബാധകമായിട്ടുള്ളതാണ്. തൊഴിലാളി കൃത്യമായി വിഹിതം കൊടുക്കുന്നു. എന്നാൽ ഞാൻ നേരത്തേ പറഞ്ഞതുപോലെ അതിന്റെ പേരിൽ തൊഴിലാളിക്ക് യാതൊരു ആനുകൂല്യവും കൂടുതലായി ലഭിക്കുന്നില്ല. ക്ഷേമനിധി ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കുവേണ്ടി സഫർ ചെയ്യേണ്ടത് തൊഴിലാളി മാത്രമാണോ എന്നതാണ് വിഷയം; എന്നാൽ തൊഴിലാളികൾക്കുള്ള മറ്റെല്ലാ ആനുകൂല്യങ്ങളിലും യാതൊരു മാറ്റവുമില്ലാതെ തുടരുകയാണ്. ഒരു തൊഴിലാളിയുടെ മിനിമം വേതനം 494 രൂപയെന്നാണ് പറഞ്ഞിരിക്കുന്നത്. അതായത്, 494 രൂപ 68 പൈസ. അത് എവിടെയും വർദ്ധിപ്പിക്കുന്നതായി കാണുന്നില്ല. കാപ്പി, തേയില എന്നീ മേഖലകളിൽ ആ കാര്യമില്ല. ഇങ്ങനെയുള്ളൊരു അവസ്ഥയാണ് ഇപ്പോഴുള്ളത്. തൊഴിലാളിക്ക് കൊടുക്കുന്ന സഹായം എന്നുപറയുന്നത്, വിദ്യാഭ്യാസ സഹായമായി എസ്.എസ്.എൽ.സി.-ക്ക് പഠിക്കുന്ന കുട്ടികൾക്ക് 500 രൂപ, പ്ലസ് ടു-വിന് പഠിക്കുന്ന കുട്ടിക്ക് 400 രൂപ, ഡിഗ്രി, ടി.ടി.സി. പോലുള്ള കോഴ്സുകൾ പഠിക്കുന്ന കുട്ടിക്ക് 600 രൂപ, മൂന്നുവർഷം ഐ.റ്റി.ഐ., പോളിടെക്നിക്ക്പോലുള്ള കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക്

600 രൂപ, ബി.എഡ്., പി. ജി. കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് 750 രൂപ. ജനറൽ നഴ്സിംഗിന് 600 രൂപ, ബി.എസ്.സി. നഴ്സിംഗിനും പാരാമെഡിക്കൽ കോഴ്സിനും 750 രൂപ, എൽ.എൽ.ബി.-ക്ക് വർഷത്തിൽ 1000 രൂപ, ബി. ടെക്ക്-ന് 2000 രൂപ എന്ന നിരക്കിലാണ് ഇപ്പോൾ കൊടുക്കുന്നത്. ഇതെന്തിനാണ് തികയുന്നത്; മാത്രമല്ല, ഈ തൊഴിലാളി 6 മാസത്തിലൊരിക്കലാണ് വിഹിതം കൊടുക്കേണ്ടത്. 360 രൂപ അല്ലെങ്കിൽ 180 രൂപ ഒറ്റയടിക്ക് കൊടുക്കണമെന്ന് പറഞ്ഞാൽ തൊഴിലാളിയെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുള്ള സംഗതിയാണ്. ഇതിൽ എന്റെ ഒരു നിർദ്ദേശം.....

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഇവിടെയിപ്പോൾ ചർച്ച ചെയ്യുന്ന ഭേദഗതിയുൾപ്പെടെ അംശദായം വർദ്ധനവുമായി ബന്ധപ്പെട്ട എല്ലാ ഭേദഗതികളിലും ഉടമയുടെയും തൊഴിലാളിയുടേയും അംശദായമുണ്ട്. ഇവയെല്ലാം ക്ഷേമനിധി ബോർഡുകളുടെ വരുമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ക്ഷേമനിധി ബോർഡുകളുടെ വരുമാനം വർദ്ധിപ്പിച്ചാൽ മാത്രമേ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൂടുതൽ കൊടുക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ക്ഷേമനിധിയുള്ള

എല്ലാ മേഖലകളിലും ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ട്. താങ്കൾക്കുതന്നെ അനുഭവമുണ്ടാവുമല്ലോ? 2011-16-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കർഷകത്തൊഴിലാളികളുടെ അധിവർഷാനുകൂല്യം കൊടുക്കുന്നതിനുവേണ്ടി 300 കോടി രൂപയാണ് കുടിശ്ശികയുണ്ടായിരുന്നത്. ആ ഗവൺമെന്റ് ഒരു രൂപപോലും കൊടുത്തിരുന്നില്ല. കഴിഞ്ഞ ഗവൺമെന്റാണ് ആ കുടിശ്ശികയിൽ 180 കോടി രൂപ കൊടുത്തുതീർത്തത്. അതുപോലെ 600 രൂപയുണ്ടായിരുന്ന പെൻഷൻ 1600-ലേയ്ക്ക് ഉയർത്തിയതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. എല്ലാ ക്ഷേമനിധി ബോർഡിലെയും ആനുകൂല്യങ്ങൾ മുൻകാലങ്ങളിൽ ഉണ്ടായിരുന്നതിൽനിന്നും വർദ്ധിപ്പിച്ചിട്ടുണ്ട്. അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ കിട്ടണം. അതാണ് ഈ ഭേദഗതികൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ രാഷ്ട്രീയം കലർത്തി പറയുകയാണ്. ഇപ്പോൾ പെൻഷന്റെ കാര്യം തന്നെയെടുക്കാം. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ സമയത്ത് പെൻഷൻ 600 രൂപയെന്നത് 1000 രൂപയാക്കി തീരുമാനമെടുത്തതിനുശേഷമാണ് സർക്കാർ ഇറങ്ങുന്നത്. അത് നിങ്ങളുടെ സമയത്ത് 1600 രൂപയാക്കി.

നേരത്തെ 300 രൂപയുണ്ടായിരുന്നതാണ് ഉമ്മൻചാണ്ടി ഗവൺമെന്റ് 600 രൂപയാക്കിയത്. ആ 600 രൂപ 1000 രൂപയാക്കിയിട്ടാണ് ഉമ്മൻ ചാണ്ടി സർക്കാർ ഇറങ്ങിപ്പോകുന്നത്. പിന്നെ കുടിശ്ശികയുണ്ടോ ഇല്ലയോ എന്നുള്ളതല്ല. ചിലപ്പോൾ കുടിശ്ശിക ഉണ്ടായിരിക്കാം. ഇല്ലായെന്നല്ല പറയുന്നത്. ഒരുപക്ഷെ, ആ കാര്യത്തിലൊക്കെ ഇടതുപക്ഷത്തേക്കാളും വലിയ ഇടതുപക്ഷമാണ് യു.ഡി.എഫ്. എന്നത് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. പി. രാമകൃഷ്ണൻ അടക്കമുള്ളവർ മനസ്സിലാക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, യു.ഡി.എഫ്. കുടിശ്ശിക വരുത്തിയെന്നുപറഞ്ഞു. 2011-ൽ ഇവർ അധികാരമൊഴിഞ്ഞ് യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയപ്പോൾ എല്ലാ മേഖലയിലും വലിയ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശികയെല്ലാം കൊടുത്തുതീർത്തത് യു.ഡി.എഫ്. ആണെന്നകാര്യം അറിയാമോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അന്നത്തെ മന്ത്രികൂടിയായ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞിരിക്കുന്നത് തീർച്ചയായും ശ്രദ്ധിക്കേണ്ടൊരു കാര്യമാണ്. അങ്ങനെയുള്ള തർക്കത്തിലേയ്ക്കല്ല പോകുന്നത്. തോട്ടം തൊഴിലാളി

ക്ഷേമനിധി ബില്ലിൽ അംശദായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കാലാനുസൃതമായി കൊടുക്കുന്ന ചെറിയ വർദ്ധനവ് പോരാ എന്നുള്ളതാണ്. സത്യത്തിൽ ഏറ്റവുമധികം പ്രയാസപ്പെടുന്ന വിഭാഗം തോട്ടം തൊഴിലാളികളാണ്. ആ തൊഴിലാളികൾക്ക് കൃത്യമായ പരിഗണന നൽകിക്കൊണ്ട് അവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങളാണെങ്കിലും ചികിത്സാ സൗകര്യങ്ങൾക്കുവേണ്ടിയുള്ള ആനുകൂല്യങ്ങളാണെങ്കിലും അവർക്ക് നൽകുന്ന ധനസഹായങ്ങളാണെങ്കിലും ശരി, അതൊക്കെ ഈ അംശദായം വർദ്ധിപ്പിക്കുന്നതിന്റെ അതേ തോതിൽത്തന്നെ വർദ്ധനവുകൂടിയുണ്ടാകുമ്പോഴാണ് സത്യത്തിൽ ഈ ബില്ലിന്റെ ഒരു പരിപൂർണ്ണത കൈവരുന്നത്.

തോട്ടം തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനായി ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷനെ നിയോഗിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 2015 ഡിസംബർ മാസത്തിൽ പറഞ്ഞിരുന്നു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിൽ തൊഴിലാളികൾക്കുവേണ്ടി പറയുന്ന ചില പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. അതിലെ ആറാമത്തെ പ്രൊപ്പോസലിൽ അദ്ദേഹം പറയുന്നത് 'ദശാബ്ദങ്ങളുടെ പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും

മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ എല്ലാ ലയങ്ങളും പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ചുനൽകണം. അത്തരം കെട്ടിടങ്ങളെ 'വർക്കേഴ്സ് ക്വാർട്ടേഴ്സ്' എന്ന് നാമകരണം ചെയ്യുകയും വേണം. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണം. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം നടപ്പിലാക്കണം. ഇതിനാവശ്യമായ ഭേദഗതികൾ വരുത്തണം......' തുടങ്ങിയ ധാരാളം കാര്യങ്ങൾ ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷന്റെ റിപ്പോർട്ടിൽ കൃത്യമായി എടുത്തുപറയുന്നുണ്ട്. പക്ഷേ, അതൊന്നും നടപ്പിലാക്കാതെ ഈ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം തൊഴിലാളികൾ രക്ഷപ്പെടുമോ; തോട്ടം തൊഴിലാളി മേഖല രക്ഷപ്പെടുമോ; ഒരിക്കലും രക്ഷപ്പെടുകയില്ല. ഇവരുടെ പ്രശ്നങ്ങൾ എത്രമാത്രം പരിതാപകരമാണെന്നത് ഇതുമായി ബന്ധപ്പെട്ട് 2015-ൽ നടന്നൊരു സമരത്തിലൂടെത്തന്നെ നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. ആ സമരത്തെക്കുറിച്ച്, നമ്മുടെ മണി ആശാൻ ഇവിടെയുണ്ട്, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൃത്യമായും പറയുമായിരിക്കും.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷനെ നിശ്ചയിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. എന്നാൽ അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. ആ റിപ്പോർട്ടിൽ ബഹുമാനപ്പെട്ട ടി. വി. ഇബ്രാഹിം എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ, ഇവിടെ എല്ലാക്കാര്യവും പറഞ്ഞിട്ടില്ല. ആ വിഷയങ്ങൾ ഉൾപ്പെടെ നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. ഇക്കാര്യം ഉദ്യോഗസ്ഥതല കമ്മിറ്റി പരിശോധിച്ചു. ചിലതിൽ നിയമനിർമ്മാണം വരുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള നിരവധി നടപടികളുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്ലാന്റേഷൻ പോളിസി പ്രഖ്യാപിച്ച് അംഗീകരിച്ചത്. പ്ലാന്റേഷൻ പോളിസിയുടെ അടിസ്ഥാനത്തിൽ ഒരു കാര്യംകൂടി പറഞ്ഞു, പ്ലാന്റേഷന്റെ ഈ തകർച്ചയ്ക്ക് പരിഹാരമുണ്ടാക്കുന്നതിന് പ്ലാന്റേഷന് ഒരു പ്രത്യേക ഡയറക്ടേറ്റ് രൂപീകരിക്കാൻ തീരുമാനിച്ചു. ആ ഡയറക്ടേറ്റ് ഇപ്പോൾ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികളെ സഹായിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ കാലത്ത് ഈ തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ട്. അത് ക്ഷേമനിധി ബോർഡിൽ ഫണ്ടുണ്ടായിട്ടല്ല. സർക്കാർ ഇടപെട്ട് സഹായിച്ചതാണ്. അങ്ങനെയെല്ലാ സഹായങ്ങളും തൊഴിലാളികൾക്കുവേണ്ടി ചെയ്യുന്നുണ്ട്. നേരത്തെ ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാം കേരളത്തിൽ നടപ്പിലാക്കണമെന്നുതന്നെയാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനിച്ചത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണന് ഒരുപാട് കാര്യങ്ങൾ പറയാനുണ്ടാകും. കാരണം കഴിഞ്ഞ അഞ്ച് വർഷക്കാലം അദ്ദേഹം തൊഴിൽ വകുപ്പുമന്ത്രിയായിരുന്നു. ഞാനും അതുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിലെ അംഗമായിരുന്നു. സ്വാഭാവികമായും അദ്ദേഹം ഇക്കാര്യത്തിൽ വാചാലനാകും. ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടുണ്ട്, അതിന്റെ പേരിൽ പോളിസിയുണ്ടാക്കിയെന്നൊക്കെ പറയുന്നതല്ലാതെ കൃത്യമായി മെറ്റീരിയലൈസ് ചെയ്ത് തീരുമാനങ്ങൾ വന്നിട്ടില്ല, ഇത് സമ്പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലെന്നാണ് ബില്ലിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. ഇന്ത്യയിൽ ഏറ്റവും

കൂടുതൽ തോട്ടവിള ഉത്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. ഇന്ത്യയിലെ തോട്ടവിളകളിൽ 40 ശതമാനവും കേരളത്തിന്റെ സംഭാവനയാണ്. കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ 60 ശതമാനവും സ്ത്രീകളാണ്. ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിൽ അതെല്ലാം പറയുന്നുണ്ട്. അങ്ങനെയുള്ള തോട്ടം തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങളുമായി ബന്ധപ്പെട്ടാണ് 2015-ൽ മൂന്നാറിലെ തോട്ടം തൊഴിലാളികൾ ധീരോദാത്തമായ സമരം നടത്തിയിട്ടുള്ളത്. അത് ശ്രീ. എം. എം. മണിക്ക് നന്നായറിയാം. തോട്ടം തൊഴിലാളികൾ ഒരു കണക്കിൽ പറഞ്ഞാൽ അടിമജീവിതമാണ് അനുഭവിക്കുന്നത്. ആ അടിമ ജീവിതത്തിന് അറുതിവരുത്തണമെന്നാവശ്യപ്പെട്ട് 2015-ലെ 'പെമ്പിളൈ ഒരുമൈ' സമരം നമ്മളെല്ലാവരും കണ്ടതാണ്. ആ സമരത്തിൽ വിളിച്ച മുദ്രാവാക്യം എത്രമാത്രം ഹൃദയസ്പർശിയായിരുന്നു. അതിലൂടെ അവരുടെ ജീവിത യാഥാർത്ഥ്യം അവർ വിളിച്ചുപറയുകയാണ്. 'എ.സി. ബംഗ്ലാ ഉങ്കളുക്ക്, പൊട്ടാലയങ്ങൾ നാങ്കളുക്ക്. കൊളുന്തുകുട്ട എടുപ്പത് നാങ്കളെ, പണക്കുട്ട അമുക്കത് നിങ്കളെ. ചിക്കൻ ദോശ നിങ്കളുക്ക്, കാടിക്കഞ്ഞി നാങ്കളുക്ക്

അന്നത്തെ ഈ മുദ്രാവാക്യം ഇന്നും കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ നിൽക്കുന്നു. ബഹുമാനപ്പെട്ട എം. എം. മണിയും ശ്രീ. ടി. പി. രാമകൃഷ്ണനും കഴിഞ്ഞ അഞ്ച് വർഷം മന്ത്രിമാരായിരുന്നു. ഇപ്പോൾ വീണ്ടും ഇടതുപക്ഷ ഗവൺമെന്റ് ഭരിച്ചുകൊണ്ടിരിക്കുകയാണ്. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് ഒരു അറുതിവേണം. അതിന് അറുതിവേണമെങ്കിൽ ഈ ബില്ലുമായി ബന്ധപ്പെട്ട് അംശദായം മാത്രം വർദ്ധിപ്പിച്ചാൽ പോരെന്നാണ് പറയാനുള്ളത്. അതിനാവശ്യമായിട്ടുള്ള മാറ്റങ്ങൾ വരുത്തി ഈ ബിൽ ഒന്നുകൂടി സമഗ്രമായി അവതരിപ്പിക്കുമ്പോഴേ ബിൽ അതിന്റെ സമ്പൂർണ്ണാവസ്ഥയിലേയ്ക്ക് എത്തുകയുള്ളൂ. ഇതിന്റെ മൂലബിൽ (2008) നിയമമായി വന്നതിനുശേഷം 2021-ൽ അതിന് ഭേദഗതി വരികയാണ്. അത്തരം ഭേദഗതികൾ വരുത്തുമ്പോഴും ജീവിതത്തിലെ എല്ലാ ദുരിതങ്ങളും പേറുന്ന ആളുകളുടെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. തോട്ടം പണിക്ക് പോകുന്ന ആളുകളുടെ ജീവിതം സുരക്ഷിതമല്ല. കഴിഞ്ഞ മാസത്തിൽ ഇടുക്കിയിലെ ഒരു പിഞ്ചുകുഞ്ഞ് സുരക്ഷിതമല്ലാത്ത ലയത്തിൽവച്ചാണ് പീഡിപ്പിക്കപ്പെട്ടത്. അതിനുകാരണം ആ കുട്ടിയുടെ അച്ഛനും അമ്മയുമൊക്കെ ജോലിക്ക്

പോകുമ്പോൾ ഇങ്ങനെയുള്ള സുരക്ഷിതമല്ലാത്ത ലയത്തിൽ നിർത്തി പോകുന്നത് അവരുടെ ജീവിതം ദുരിതക്കയത്തിലായതുകൊണ്ടാണ്. അങ്ങനെയുള്ള ഒരവസ്ഥാവിശേഷത്തിന് മാറ്റംവരണം. അതിനുവേണ്ടി ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണം. സർക്കാരിന്റെ വിഹിതം 60 രൂപയാണുള്ളത്. അത് വർദ്ധിപ്പിക്കണ്ടേ? സർക്കാർ വർദ്ധിപ്പിക്കണം, തോട്ടം മുതലാളിയോട് വാങ്ങണം. എന്നിട്ട് അവർക്ക് ആവശ്യത്തിന് നല്ല സൗകര്യങ്ങളൊക്കെയുള്ള സുരക്ഷിതമായ ലയങ്ങളുണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിലാണ് സർക്കാർ ശ്രദ്ധിക്കേണ്ടത്. ഈ ബില്ലിൽ പരാമർശിക്കുന്ന തോട്ടം തൊഴിലാളികളെന്ന് പറയുന്നത് റബ്ബർ, കാപ്പി, ഏലം, തേയില, കൊക്കോ, കശുവണ്ടി, ഓയിൽ പാം ഫാമുകൾ എന്നീ മേഖലയിലുള്ള തൊഴിലാളികളാണ്. ഇത് ഏറ്റവും കൂടുതലായിയുള്ളത് മലയോരമേഖലകളിലാണ്. ഈ വലിയ കമ്പനികൾ അവർക്കുമാത്രം ലാഭമുണ്ടാക്കുന്ന രീതിയിൽ പോകുകയും തോട്ടം മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ അവസ്ഥ ദുരിതക്കയത്തിലുമാണ് .

<u>ശ്രീ. കെ. ബാബു(നെന്മാറ)</u>: സർ, കഴിഞ്ഞ യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് തോട്ടം മേഖലയിലുള്ള ഭൂമിയിൽ അഞ്ച് ശതമാനം വരെ ടൂറിസത്തിന്റെ കാര്യങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കാമെന്ന് ഒരു തീരുമാനമെടുത്തത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ? നെല്ലിയാമ്പതി പോലെയുള്ള തോട്ടംമേഖല വനത്തിനകത്തുള്ള കാർഷിക മേഖലയാണ്. ആ തോട്ടം മേഖല പാട്ടഭൂമിയിലാണ്. ഇത്തരത്തിൽ തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ അവരുടെ തൊഴിൽ കാലാവധി കഴിഞ്ഞാൽ താമസിക്കാൻ ഇടമില്ലാത്ത അവസ്ഥയിലേയ്ക്ക് മാറുന്നു. മറ്റിടങ്ങളിൽ കിട്ടുന്ന ചെറിയ വരുമാനംകൊണ്ട് ഭൂമിയോ വീടോ വാങ്ങാൻ കഴിയാത്ത ഒരവസ്ഥ അവിടെ നിലനിൽക്കുമ്പോഴാണ് തോട്ടം മേഖലയിലെ അഞ്ച് ശതമാനം ഭൂമി ടൂറിസത്തിന്റെ പേരിൽ വലിയ കോട്ടേജുകൾ പണിയാനായി മാറ്റിവയ്ക്കുന്നതിന് 2011-2016 കാലയളവിലുള്ള യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനമെടുത്തിരുന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തീരുമാനമെടുത്തിരുന്നെങ്കിലും അവ നടപ്പിലാക്കാൻ സാധിച്ചില്ല. പക്ഷെ നിങ്ങളുടെ സമയത്തെടുത്ത തീരുമാനങ്ങൾ നിങ്ങൾക്ക് അഞ്ച് വർഷം കഴിഞ്ഞിട്ടും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അത് നടപ്പിലാക്കണമെന്നാണ്

ഞാൻ പറയുന്നത്.

<u>ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട കെ. ബാബു (നെന്മാറ) പറഞ്ഞത് യു.ഡി.എഫ്.-ന്റെ കാലത്ത് അഞ്ച് ശതമാനം ടൂറിസം മേഖലയ്ക്ക് മാറ്റി വയ്ക്കണമെന്ന് പറഞ്ഞുവെന്നാണ്. ടൂറിസം മേഖലയ്ക്ക് മാത്രമല്ല തോട്ടം ഇതരമേഖലയ്ക്കും പറഞ്ഞിരുന്നു. അതിന് ചില വ്യവസ്ഥകളൊക്കെ പറഞ്ഞിട്ടുണ്ട്. അത് നടപ്പാക്കിയിരുന്നെങ്കിൽ ഇന്ന് തോട്ടം മേഖലയിലെ പ്രതിസന്ധി ഇത്രയും രൂക്ഷമാകില്ലായിരുന്നു. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, തീർച്ചയായും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എം.എൽ.എ. പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ശ്രീ. കെ. ബാബു (നെന്മറ) എം.എൽ.എ. പറഞ്ഞത് അത്രശരിയല്ല. ഏതായാലും രണ്ട് ബാബുമാർ പറഞ്ഞതിന്റെയും സ്പിരിറ്റ് ഞാൻ ഉൾക്കൊള്ളുകയാണ്. സർക്കാരിന്റെ വിഹിതം 60 രൂപയാണ്. അത് വർദ്ധിപ്പിക്കണമെന്നുള്ളതാണ് എന്റെ പ്രധാനപ്പെട്ട നിർദ്ദേശമായി പറയുന്നത്. അവർക്ക് അർദ്ധവാർഷികമായാണ് 360 രൂപയും 180 രൂപയും അടയ്ക്കേണ്ടത്. തേയില, കാപ്പി മേഖലയിൽ പണിയെടുക്കുന്ന

തൊഴിലാളിയെ സംബന്ധിച്ചിടത്തോളം 490 രൂപ കൂലിലഭിക്കുന്നില്ല. 250-300 രൂപ കൂലി ലഭിക്കുന്ന ആളുകൾക്ക് ആറ് മാസം ആകുമ്പോഴേയ്ക്കും, പലപ്പോഴും ജോലിയില്ല, പ്രതികൂലമായ കാലാവസ്ഥയിലൊക്കെയാണ് ജോലി ചെയ്യുന്നത്. ഈ സന്ദർഭത്തിൽ അവർക്ക് ആറ് മാസമെന്നുള്ളതിനു പകരം അതാത് മാസത്തിൽ പണമടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം. സഹകരണ ബാങ്കുകളിൽ ഇതിനുവേണ്ടിയുള്ള സൗകര്യമൊരുക്കിക്കൊടുക്കണം. എല്ലാവർക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്ന രീതിയിൽ സംവിധാനങ്ങളുണ്ടാകണം. മലയോരമേഖലയിലുള്ള ഇ.എസ്.ഐ. കേന്ദ്രങ്ങളിൽപോലും കൃത്യമായി ഡോക്ടർമാരോ അനുബന്ധ സ്റ്റാഫുകളോ ഇല്ല. അവിടെയൊക്കെ എല്ലാ സൗകര്യങ്ങളോടുംകൂടി ഡോക്ടർമാരുടെ സേവനം ഏതുസമയത്തും ലഭ്യമാകുന്ന രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ നൽകണം. എങ്കിൽമാത്രമേ പ്രയാസകരമായ സാഹചര്യത്തിൽ ജോലി ചെയ്യുന്ന ആളുകളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ. അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുകയാണ് ഈ ബില്ലിന്റെ ലക്ഷ്യമെന്നുള്ളതെങ്കിൽ ഇപ്പോഴുള്ള സ്പിരിറ്റിനോട് ഞാൻ യോജിക്കുകയാണ്, പക്ഷെ ആ ജീവിത

സാഹചര്യംകൂടി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങളും മാറ്റങ്ങളും ഭേദഗതികളും ഈ ബില്ലിലില്ലാത്തതുകൊണ്ടുതന്നെയാണ് ഞാൻ ബില്ലിന് നിരാകരണ പ്രമേയം അവതരിപ്പിക്കുന്നത്.

ശ്രീമതി കെ. കെ. രമ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന് ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. തോട്ടങ്ങളെക്കുറിച്ചും അവിടെ ജോലി ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചുമാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. പ്ലാന്റേഷൻ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമിയുടെ അളവ് ഇപ്പോൾ ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പഴയതുപോലെയുള്ള വലിയ തോട്ടങ്ങളില്ല. തോട്ടങ്ങളിൽനിന്ന് ഭൂമി മറ്റാവശ്യങ്ങളിലേയ്ക്ക് ഗണ്യമായി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതിന് പല കാരണങ്ങളുണ്ട്. ഒന്ന്, തോട്ടവിളകളുടെ അനിയന്ത്രിതമായ ഇറക്കുമതി. തോട്ടവിളകൾ മറ്റ് രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നു. ഇന്നത്തെ ഒരു അന്തർദേശീയ സമവാക്യമനുസരിച്ച് നമുക്കതിനെ നിരാകരിക്കാൻ കഴിയില്ല. അതുകൊണ്ട്

തോട്ടവിളകൾ വളരെ ഗണ്യമായി വിദേശ രാജ്യങ്ങളിൽനിന്നും വരുന്നു. തുടർന്ന് വിലയിടിവുണ്ടാകുന്നു. ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഇടിവുണ്ടാകുന്നു. സർവ്വോപരി കാലാവസ്ഥാ വ്യതിയാനം. കഴിഞ്ഞ ദിവസങ്ങളിൽ അപ്രതീക്ഷിതമായി വന്ന മഴയിൽ കുത്തിയൊലിച്ചുപോയതിൽ അധികവും മലയോര മേഖലകളിലെ തോട്ടങ്ങളാണ്. അതിൽ വലിയ പ്ലാന്റേഷനും ഇവിടെ ഇപ്പോൾ ഈ ബില്ലിന് ആധാരമായി സംസാരിക്കുന്ന 5 ഹെക്ടറിൽ താഴെയുള്ള ചെറിയ തോട്ടങ്ങളുമുണ്ട്. റബ്ബർ, കാപ്പി, തേയില, ഏലം തുടങ്ങിയ അഞ്ച് ഹെക്ടറിൽ താഴെയുള്ള തോട്ടങ്ങളും കാലാവസ്ഥാ വ്യതിയാനം കാരണം വലിയ പ്രതിസന്ധി നേരിടുകയാണ്. അതുപോലെ ഇ.എഫ്.എൽ ആക്ടിലെ വ്യവസ്ഥകൾ അധികവും മലയോര പ്രദേശങ്ങളും വനമേഖലയോട് ചേർന്ന ചെറിയ തോട്ടങ്ങളുമൊക്കെ ബന്ധപ്പെട്ടായിരിക്കും ഉള്ളത്. ഫോറസ്റ്റിനോട് ചേർന്നുകിടക്കുന്നതുകൊണ്ട് ചില പ്രദേശങ്ങളെ പരിസ്ഥിതി ലോല മേഖലയായി വനം വകുപ്പ് പ്രഖ്യാപിക്കും. അത് ഒരു തോട്ടത്തിന്റെ ഭാഗമായിരിക്കും. ഇ.എഫ്.എൽ പ്രദേശമായി പ്രഖ്യാപിക്കും. പിന്നെ അത് വർഷങ്ങളായി അങ്ങനെ കിടക്കും. കൃഷി ചെയ്യാതെ അടിക്കാടുകളൊക്കെ

വളർന്ന് അതൊരു ഫോറസ്റ്റിന് സമാനമായി പോകും. തൊഴിലാളികളെയും ചെറുകിട തോട്ടം മുതലാളിമാരെയും ഉടമസ്ഥന്മാരെയും സഹായിക്കുന്നതിന് ഇതിനെയൊക്കെ ഇ.എഫ്.എൽ. ആയി പ്രഖ്യാപിക്കുകയാണെങ്കിൽ എത്രയും പെട്ടെന്ന് അവർക്ക് കോമ്പൻസേഷൻ കൊടുക്കാനുമുള്ള നടപടിയുണ്ടാകണം. അല്ലെങ്കിൽ അത് ഇ.എഫ്.എൽ അല്ല എന്ന വിജ്ഞാപനം വരണം. ഇത് രണ്ടും വരാതെ പ്രതിസന്ധിയിൽ കിടക്കുന്ന ഒരുപാട് കർഷകരെ ഞങ്ങൾക്ക് നേരിട്ട് അറിവുള്ളതാണ്. ഈ ബില്ലിന്റെ ഭാഗമായി അതിനൊക്കെ ഒരു പരിഹാരം വരണം. ഇപ്പോൾ ഈ ക്ഷേമനിധിയുടെ പ്രശ്നമെന്താണ്? ക്ഷേമനിധി ഒട്ടും ആകർഷകമല്ല. ഇവിടെ ആകെ ഭേദഗതിയെന്നത് സംഖ്യ വർദ്ധിപ്പിക്കുന്നതിനാണ്. 120 രൂപയെന്നത് 180 രൂപയായും 240 രൂപയെന്നത് 360 രൂപയുമാക്കണം. ഇതൊക്കെ കൊടുത്താലും അയാൾക്ക് കിട്ടുന്നത് 1600 രൂപയുടെ പെൻഷനാണ്. സർക്കാരിന്റെ ഒരു പെൻഷനേ വാങ്ങാൻ പാടുള്ളൂ. ക്ഷേമനിധിയിൽ ചേർന്നില്ലെങ്കിലും 1600 രൂപ സാമൂഹിക പെൻഷനായി കിട്ടും. ഇതിൽ ചേർന്നാലും ഇല്ലെങ്കിലും 1600 രൂപ കിട്ടുന്നുണ്ട്. പിന്നെ എന്തിനാണ് ചേരുന്നത്. ആ രീതിയിൽ ഇത് ഒട്ടും ആകർഷകമല്ലാത്ത

ഒന്നാണ്. രണ്ട് പെൻഷൻ ഇല്ലാതാക്കിയത് നിങ്ങളാണ്. സത്യത്തിൽ ക്ഷേമനിധി പെൻഷനും സാമൂഹിക പെൻഷനും രണ്ടായി കാണണം. സർക്കാർ കൊടുക്കുന്ന വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗർക്കുള്ള പെൻഷൻ അങ്ങനെയുള്ള സാമൂഹിക പെൻഷനുകൾ വാങ്ങുന്നതും ഒരാൾ ക്ഷേമനിധിയിൽ ചേർന്ന് അംശദായം അടച്ച് അയാൾക്ക് കിട്ടുന്ന പെൻഷനെയും ഒന്നായി നിങ്ങൾ കാണരുത്. അതുകൊണ്ട് സർക്കാരിന്റെ മുമ്പിൽ തൊഴിൽ വകുപ്പുമന്ത്രിയായ ശ്രീ. വി. ശിവൻകുട്ടി വളരെ ശക്തമായി ഈ നിർദ്ദേശം വയ്ക്കണം. തൊഴിൽ വകുപ്പിൽ ശ്രീ. വി. ശിവൻകുട്ടി മന്ത്രിയുടെ ഒരു അടയാളപ്പെടുത്തലുണ്ടാകട്ടേയെന്നാണ് ഞാൻ പറഞ്ഞത്. തൊഴിലാളി ക്ഷേമനിധികളിൽ ചേരുന്നവരെ മറ്റ് സാമൂഹിക പെൻഷനുമായി ബന്ധിപ്പിക്കരുത്. അവർക്ക് ക്ഷേമനിധി പെൻഷൻ അതായിട്ടും മറ്റ് സാമൂഹിക പെൻഷനുകൾ അങ്ങനെയും കിട്ടണം. മുമ്പ് യു.ഡി.എഫ്.-ന്റെ കാലത്ത് അങ്ങനെ കൊടുത്തിരുന്നുവെന്നുള്ളത് ഞാൻ ഇവിടെ സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. അതേപോലെതന്നെ അംശദായം വർദ്ധിപ്പിച്ചാലും മാന്യമായ ഒരു സംഖ്യ പെൻഷനായി ലഭിക്കണം. ഇപ്പോൾ കൊടുക്കുന്നത്

1600 രൂപയാണ്. ഇന്നത്തെ ജീവിത സാഹചര്യത്തിൽ 1600 രൂപകൊണ്ട് എന്താണ് ചെയ്യാൻ സാധിക്കുന്നത്. നമ്മുടെ ക്ഷേമനിധികളിലൊക്കെ അംശദായം കുറച്ച് വർദ്ധിപ്പിച്ചാലും 5000 രൂപയെങ്കിലും പ്രതിമാസം പെൻഷൻ കിട്ടുന്ന സ്ഥിതിയിലേയ്ക്ക് മാറ്റണമെന്നുള്ളതാണ് എന്റെ മറ്റൊരു ആവശ്യം. അതുപോലെതന്നെ മറ്റ് ആനുകൂല്യങ്ങളൊക്കെ വർദ്ധിപ്പിക്കണം. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ച് ഒരു തർക്കം തന്നെയുണ്ടായി. അതായത്, ഒരാൾ മരണപ്പെട്ടാൽ കൊടുക്കുന്ന പണംകൊണ്ട് കർമ്മങ്ങൾ നിർവ്വഹിക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ദേശിച്ചത് അത്രയേയുള്ളൂ. അല്ലാതെ ആരെയും അപമാനിക്കാൻ വേണ്ടിയല്ല. കാരണം, ഇന്ന് ഒരു മൃതശരീരം ദഹിപ്പിക്കാൻ കർമ്മങ്ങൾ ചെയ്യണമെങ്കിൽ 10,000 രൂപയുടെ ചെലവെങ്കിലുമുണ്ടാകും. നിങ്ങൾ കൊടുക്കുന്ന 5000 രൂപയെ മാത്രം ആശ്രയിച്ചാൽ പകുതിയിൽ നിന്നുപോകില്ലേയെന്നാണ് ചോദ്യം, അല്ലാതെ മൃതദേഹത്തെ അപമാനിച്ചതല്ല. ആ ചോദ്യത്തിന്റെ അർത്ഥം അത്രയേയുള്ളൂ. അതിൽനിന്നും എന്താണ് നമ്മൾ ഉൾക്കൊള്ളേണ്ടത്. അത് ശരിയാണല്ലോ, 5000 രൂപകൊണ്ട് തികയില്ല 10,000 രൂപയാക്കി കൊടുക്കണ്ടേയെന്ന്

നമ്മൾ ഒരുമിച്ച് പറയണം. അല്ലാതെ ഇത് കേൾക്കുമ്പോഴേയ്ക്കും മുമ്പ് യു.ഡി.എഫ്. എത്രയാണ്, ആ വർഷം കൊടുത്തത് എന്ന് ചോദിക്കുകയല്ല വേണ്ടത്. ഇതൊരു നിയമനിർമ്മാണമാണ്. അതിന്റെ ഘട്ടത്തിൽ ഈ പാവപ്പെട്ട തൊഴിലാളികൾക്ക് ക്ഷേമമുണ്ടാകണം. അവർക്ക് ആനുകൂല്യം കിട്ടണം. അതിന് നമ്മൾ തമ്മിൽ തർക്കിക്കേണ്ട കാര്യമില്ല. പരമാവധി കൊടുക്കാൻവേണ്ടിയുള്ള സാഹചര്യമുണ്ടാക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ആ സ്പിരിറ്റിലാണ് നമ്മൾ കാണേണ്ടത്. പ്രസവാനുകൂല്യത്തിന് കൊടുക്കുന്ന തുകയെക്കുറിച്ചൊന്നും ഞാൻ വേറെ കമന്റുകൾ പറയുന്നില്ല. വിവാഹത്തെക്കുറിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇലവെട്ടാൻ തികയുമോയെന്ന് ചോദിച്ചില്ലേ? 3000 രൂപയാണ് കൊടുക്കുന്നത്. അതുകൊണ്ട് ഒരു വിവാഹത്തിന് ഇല വെട്ടാൻ തികയില്ല. പിന്നെ രോഗത്തിന് മാക്സിമം 10,000 രൂപയാണ് കൊടുക്കുന്നത്. എല്ലാവർക്കും ഒരേ സമയം രോഗം വരില്ല. ക്ഷേമനിധി അംഗമായതുകൊണ്ട് രോഗം വരുന്നവരെ സഹായിക്കാൻ ഒരു സൗകര്യമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പല ക്ഷേമനിധികളിലും അടച്ച അംശദായം തിരിച്ചുകൊടുക്കാറുണ്ട്. എന്നാൽ ഈ ക്ഷേമനിധിയിൽ അടച്ച അംശദായം

60 വയസ്സുകഴിഞ്ഞാൽ തിരിച്ചുകൊടുക്കുന്നില്ല. അത് തിരിച്ചുകൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ ഗ്രാന്റ് നൽകണം. ഇതൊരു വെൽഫയർ ലെജിസ്ലേഷനാണ്. അവരുടെ അടുത്തുനിന്നും പിരിക്കുന്ന തുകകൊണ്ടുമാത്രം കാര്യങ്ങൾ നടത്താൻ കഴിയില്ല. അതുകൊണ്ട് ഇവിടെ ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ ഗ്രാന്റ് നൽകണം. പല ക്ഷേമനിധി ബോർഡുകളും നിത്യനിദാന ചെലവുകൾക്ക് പ്രയാസപ്പെടുകയാണ്. ചെയർമാന്റെയും ഉദ്യോഗസ്ഥന്മാരുടെയും കാറും ഓഫീസും മുന്നോട്ടുപോകാൻ പ്രയാസപ്പെടുന്നുവെന്നുള്ളതാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. തൊഴിലാളികളുടെ കാശുകൊണ്ട് ഈ പണി ചെയ്യരുതെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തൊഴിലാളികളിൽനിന്ന് പിരിച്ചെടുക്കുന്ന തുകയാണ് അവിടത്തെ ഉദ്യോഗസ്ഥന്റെയും ചെയർമാന്റെയും സ്റ്റാഫിന്റെയും കാർ ഓടുന്നതും അതിനുവേണ്ട സൗകര്യങ്ങൾ ചെയ്യുന്നതും. അത് ശരിയല്ല. എന്നാൽ നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയിൽ അങ്ങനെയൊക്കെ വേണ്ടി വരും. അതിന് സർക്കാർ വേറെ ഗ്രാന്റ് കൊടുക്കണം. പാവപ്പെട്ടവരുടെ കാശ് അതിനെടുക്കാൻ പാടില്ല. അതുപോലെ ചെറുകിട ക്ഷേമനിധികളെ

കൂട്ടിയോജിപ്പിക്കുകയെന്നത് സ്വാഗതാർഹമായ കാര്യമാണ്. ഇതിനുമുണ്ട് ഒരു ക്ഷേമനിധി ബോർഡും ചെയർമാനും. അദ്ദേഹത്തിന് സഞ്ചരിക്കാൻ കാറും മറ്റ് സംവിധാനങ്ങളും വേണ്ടിവരും. പതിനേഴായിരത്തോളം ചെറുകിട തോട്ടം തൊഴിലാളികൾ മാത്രമാണ് കേരളത്തിലുള്ളത്. അവർക്ക് ഒരു ക്ഷേമനിധി ബോർഡുണ്ട്. ഇതിന് സമാനമായ ഒരുപാട് ചെറുകിട ക്ഷേമനിധികളുണ്ട്. അതൊക്കെ ഒന്നാക്കി ഒരാൾക്ക് ഒരു പണിയുണ്ടായിക്കോട്ടേ. ഒരുപാട് ആളുകൾക്ക് കുറേ കാര്യങ്ങൾ കൊടുക്കുന്നതിനുപകരം ഒരാളെ ഒരു കാര്യം ഏൽപ്പിക്കുമ്പോൾ അയാൾക്ക് ചെയ്യാനുള്ള ഒരു ഉത്തരവാദിത്തം ഉണ്ടാകും. ഇവിടെ മന്ത്രി സ്ഥാനം മുറിച്ച് കൊടുത്തതുപോലെ ഒന്നുമില്ലാത്ത ഒരു സ്ഥിതി വേണ്ടല്ലോ. കഴിഞ്ഞ തവണ ഒരു തർക്കം വന്നപ്പോൾ ചരിത്രത്തിലാദ്യമായി കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് മുറിച്ച് ഉന്നത വിദ്യാഭ്യാസമെന്ന് പറഞ്ഞ് ഒരു കഷ്ണം ഡോ. കെ. ടി. ജലീലിന് കൊടുത്തു. ഇപ്പോൾ അഭിവന്ദ്യയായ ഡോ. ആർ. ബിന്ദു മന്ത്രിക്കാണ് ആ കഷ്ണം കൊടുത്തത്. എന്നാൽ നമ്മുടെ ശ്രീ. വി. ശിവൻകുട്ടിക്ക് തൊഴിൽ വകുപ്പുതന്നെ വേണ്ടുവോളമുണ്ട് അതിന്റെ പുറമെയാണ് വിദ്യാഭ്യാസംകൂടി കൊടുത്തത്. എന്നാൽ ഡോ. ആർ. ബിന്ദു

മന്ത്രിക്ക് വിദ്യാഭ്യാസത്തിന്റെ തലപ്പത്തുള്ള ഒരു കഷ്ണം മാത്രമാണ് കൊടുത്തത്. മന്ത്രിമാർക്ക് കൊടുക്കുമ്പോൾ ഒരു നീതിബോധം വേണം.

ശ്രീ. എ. എൻ. ഷംസീർ: സർ, (.......മൈക്ക് ഓഫ്.....)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞങ്ങളുടെ കാലത്തുള്ള മന്ത്രിമാരൊന്നും ഒരു കുഴപ്പവുമുണ്ടാക്കിയിട്ടില്ല. നിങ്ങൾ പുതിയ കീഴ്വഴക്കമാണ് ഇപ്പോഴുണ്ടാക്കിയിട്ടുള്ളത്. സാധാരണ 'മിനിസ്റ്റർ ഇൻ വെയിറ്റിംഗ്' എന്നൊരു പ്രയോഗമുണ്ട്. മിനിസ്റ്റർ ഇൻ വെയിറ്റിംഗ് എന്നാൽ പ്രസിഡന്റ് വരുമ്പോൾ അദ്ദേഹത്തിന്റെകൂടെ പ്രോട്ടോക്കോളിന് നടക്കുന്ന ഒരു മന്ത്രിയാണ്. എന്നാൽ ചരിത്രത്തിലാദ്യമായി കേരളത്തിലെ രണ്ടാം പിണറായി സർക്കാരിൽ 'രണ്ട് മിനിസ്റ്റർ ഇൻ വെയിറ്റിംഗുണ്ട്'. അവർ രണ്ടരക്കൊല്ലമാകാൻവേണ്ടി കാത്തുനിൽക്കുകയാണ്. ഒന്ന്, ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, അദ്ദേഹം ഒരു സീനിയറായ മനുഷ്യനല്ലേ. അദ്ദേഹത്തിനല്ലേ നിങ്ങൾ ആദ്യം കൊടുക്കേണ്ടത്. രണ്ടരക്കൊല്ലമായാൽ അവിടെ ഒരാൾ രാജി വയ്ക്കും അപ്പോൾ അദ്ദേഹം അങ്ങോട്ടുപോകണം. രണ്ടാമത്, ശ്രീ. കെ. ബി. ഗണേഷ് കുമാറും കാത്തിരിക്കുകയാണ്. ഇതൊന്നും ശരിയായ രീതിയല്ല. കൊടുക്കുമ്പോൾ ന്യായമായ രീതിയിൽ ചെയ്യണം.

ക്ഷേമനിധികളുടെ അമാൽഗമേഷൻ ഒരു സ്വാഗതാർഹമായ കാര്യമാണ്. തോട്ടം മേഖലയെക്കുറിച്ച് പറയുമ്പോൾ, നമ്മൾ കാണാതെ പോയൊരു സംഗതിയാണ് വന്യ ജീവികളുടെ ആക്രമണം. തോട്ടം മേഖല എന്നുപറയുന്നത് മലയോര വനപ്രദേശത്തായിരിക്കും. എന്റെ നിയോജകമണ്ഡലത്തിൽ ധാരാളം ചെറിയ തോട്ടങ്ങളുണ്ട്. ആനയുടെ ആക്രമണമാണ് അവർ നേരിടുന്ന വലിയ പ്രശ്നം. ആന കയറിയ കരിമ്പിൻ തോട്ടം എന്നൊക്കെ കേണ്ടിട്ടില്ലേ, ആന തോട്ടത്തിൽ കയറിയാൽ ആ തോട്ടമാകെ നശിപ്പിക്കും. അതിന് സർക്കാർ നൽകുന്ന നഷ്ടപരിഹാരം വളരെ ചെറിയ സംഖ്യയാണ്. ആന ചവിട്ടി മറിച്ചിട്ട ഒരു കായ്ക്കുന്ന തെങ്ങിന് 500 രൂപയും കായ്ക്കാത്ത തെങ്ങിന് 250 രൂപയുമാണ് സർക്കാർ നഷ്ടപരിഹാരം നൽകുന്നത്. ഇതിൽ എന്ത് നീതിബോധമാണുള്ളത്? ഇക്കാര്യം തൊഴിൽ വകുപ്പിനോട് പറഞ്ഞിട്ട് കാര്യമില്ല. ഇത് വനം വകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. സർക്കാർ നൽകുന്ന നഷ്ടപരിഹാര സംഖ്യ ഉയർത്തണം. പ്രധാനപ്പെട്ട പ്രശ്നം വന്യജീവികളുടെ ആക്രമണമാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വെരിഫൈ ചെയ്യാൻ ഇതിനെക്കുറിച്ചെല്ലാം അറിയാവുന്ന ഒരാളിനെ ഞാൻ ഇന്ന് രാവിലെ

വിളിച്ചപ്പോൾ അറിയാൻ സാധിച്ചത്, എടത്തനാട്ടുകരയിലെ റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ ഇന്ന് രാവിലെ പണിക്ക് പോയിട്ട് അവിടെ ഒരു പുലിയുടെ സാന്നിദ്ധ്യമുണ്ടെന്നുപറഞ്ഞ് അതുപോലെ തിരിച്ചുവന്നു എന്നാണ്. കാരണം ഏതാനും ആഴ്ചകൾക്കുമുമ്പ് റബ്ബർ തോട്ടത്തിൽവച്ച് ഒരു റബ്ബർ ടാപ്പിംഗ് തൊഴിലാളിയെ ഒരു കടുവ ചാടിക്കടിച്ചു. പക്ഷേ അവൻ കുടഞ്ഞിട്ട് പ്രാണരക്ഷാർത്ഥം ഓടി രക്ഷപ്പെട്ടു. അത് അത്ഭുതകരമായ രക്ഷപ്പെടലായിരുന്നു. റബ്ബർ തോട്ടങ്ങളിലും വനമേഖലയുമായി ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലൊക്കെ വന്യമൃഗങ്ങളുടെ ശല്യംകൊണ്ടുള്ള കൃഷി നാശങ്ങളും അതുപോലെയുള്ള അപകടകരമായ ജീവിത സാഹചര്യങ്ങളുണ്ടെന്ന കാര്യം നമ്മൾ കാണേണ്ടതാണ്. അതിനെല്ലാം സംരക്ഷണം കൊടുക്കാൻ ഗവൺമെന്റിന് സാധിക്കണം.

ഇന്ന് ഇവിടെ ശ്രീ. ടി. വി. ഇബ്രാഹിം ചൂണ്ടിക്കാണിച്ച 'പെമ്പിളൈ ഒരുമൈ' വിളിച്ച മുദ്രാവാക്യമൊന്നും ഞാൻ ആവർത്തിക്കുന്നില്ല. കാരണം അത്ര ദുഃസഹമായ ജീവിത സാഹചര്യത്തിലാണ് അവർ നിലനിൽക്കുന്നത്. അന്ന് ആ സമരത്തെ പിന്തുണച്ചവർ അഞ്ചുകൊല്ലം അധികാരത്തിൽ വന്നിട്ടും അവരുടെ ജീവിത സാഹചര്യങ്ങൾക്ക് ഒരു മാറ്റവും വരുത്താൻ സാധിച്ചില്ല.

120 രൂപ 180 രൂപയാക്കി പുതിയ ആനുകൂല്യം കൊടുക്കുമെന്നാണ് പറയുന്നത്. അതല്ലല്ലോ സർക്കാർ കൊടുക്കേണ്ടത്. അതല്ലാതെ നമുക്ക് അവരെ സഹായിക്കാൻ കഴിയണം. അവരുടെ ആരോഗ്യ കാര്യങ്ങളിലും മറ്റു വിഷയങ്ങളിലുമൊക്കെ സഹായിക്കാൻ കഴിയണം. ESI ഹോസ്പിറ്റലുകളെക്കുറിച്ച് പറയുമ്പോൾ, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യം കഴിഞ്ഞ ഒന്നാം പിണറായി സർക്കാർ കേരളത്തിൽ 8 ESI ഹോസ്പിറ്റലുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിൽ ഞാനും സന്തോഷിച്ചു. മണ്ണാർക്കാട് ഒരു ESI ഹോസ്പിറ്റൽ ആരംഭിക്കാൻ പോകുകയാണെന്ന് പറഞ്ഞു. എന്നെ വിളിച്ച് സ്ഥലവും കെട്ടിടവും നൽകണമെന്ന് പറഞ്ഞു. അതിനുവേണ്ടി ഒരാളോട് പറഞ്ഞ് ഒരു കെട്ടിടം മോഡിഫൈ ചെയ്ത് നൽകി. എന്നാൽ ഹോസ്പിറ്റൽ മാത്രം വന്നില്ല. ഇപ്പോൾ ആ വ്യക്തി എന്നെ കാണുമ്പോൾ എപ്പോഴും ചോദിക്കും എന്നാണ് ESI ഹോസ്പിറ്റൽ വരുന്നതെന്ന്. ഇതുവരെയും ESI ഹോസ്പിറ്റൽ വന്നില്ല. ബഹുമാനപ്പെട്ട വി. ശിവൻകുട്ടി മന്ത്രിയുടെ ഇടപെടലിലൂടെ മണ്ണാർക്കാട് ഒരു ESI ഹോസ്പിറ്റൽ വരട്ടേയെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ESI ഹോസ്പിറ്റൽ സ്ഥാപിച്ചിട്ടില്ലായെന്നതുപോലെ, മറ്റ് പ്രൊപ്പോസലുകളൊന്നും നടപ്പിലാക്കിയിട്ടുമില്ല. മണ്ണാർക്കാട് പോലെ കൊണ്ടോട്ടിയിലും ESI ഹോസ്പിറ്റലിന് പ്രൊപ്പോസലുണ്ടായിരുന്നു. കാലിക്കറ്റ് എയർപോർട്ടിൽ ജോലി ചെയ്യുന്ന താല്ക്കാലിക ജീവനക്കാരടക്കമുള്ള ആയിരത്തോളം തൊഴിലാളികളുള്ള ഒരു പ്രദേശത്ത് ഒരു ESI ഹോസ്പിറ്റലിന്റെ കാര്യവും പ്രൊപ്പോസ് ചെയ്തിരുന്നു. എന്നാൽ നാല് ESI ഹോസ്പിറ്റലുകൾ മാത്രം സ്ഥാപിക്കാനാണ് തീരുമാനം വന്നത്. അതിൽ മണ്ണാർക്കാടിനെ പോലെ കൊണ്ടോട്ടിയിലും ESI ഹോസ്പിറ്റൽ ഇല്ലായെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൊണ്ടോട്ടിയിൽ ESI ഹോസ്പിറ്റൽ ഇല്ലായെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലാണ് വരേണ്ടത്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണല്ലോ ഇവിടെ ഉന്നയിച്ചത്. ഏതായാലും മണ്ണാർക്കാട് ESI ഹോസ്പിറ്റൽ ഇല്ല. ESI ഹോസ്പിറ്റൽ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കണം. അതുപോലെതന്നെ അതിന്റെ അമിത ചെലവുകൾ. ആളുകളിൽനിന്നും പണം പിരിച്ചിട്ടാണ് ഇത് നടത്തുന്നത്.

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ ഭരണ ചെലവ് വന്നത് 22,41,495 രൂപയാണ്. എന്റെ കയ്യിലുള്ള ലിസ്റ്റിൽ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ മാത്രമല്ല, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി, അബ്കാരി തൊഴിലാളി ക്ഷേമനിധി, ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി എന്നിവയിലൊക്കെ ഭരണപരമായ ചെലവുകൾ വന്നതിനെ സംബന്ധിച്ചുള്ള വിവരങ്ങളുണ്ട്. ഞാൻ ഈ പറഞ്ഞതിൽ മാത്രം 22 ലക്ഷം രൂപയുണ്ട്. ചിലതിൽ മൂന്ന് കോടി രൂപയും 15 ലക്ഷം രൂപയും വരെ ഭരണ ചെലവുണ്ട്. ആ ചെലവ് സർക്കാർ നൽകണം. ഈ സാധുക്കൾ അടയ്ക്കുന്ന അംശദായത്തിൽനിന്ന് ഭരണ ചെലവ് എടുക്കരുതെന്ന് ഞാൻ വളരെ വ്യക്തമായി പറയുന്നു.

അതുപോലെ ശ്രീ. വി. പി. സജീന്ദ്രനും ശ്രീ. അനൂപ് ജേക്കബും കുടിശ്ശികയെക്കുറിച്ച് മുൻമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണനോട് ചോദിച്ച ഒരു ചോദ്യത്തിന് ലഭിച്ച മറുപടിയിൽ പറയുന്നത് ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായ ഇനത്തിൽ 2012-13 മുതൽ 58,17,470 രൂപ പിരിച്ചുകിട്ടാനുണ്ടെന്നാണ്. ഇതിൽ ഏറ്റവും കൂടുതൽ ഇടപെട്ട വളരെ സജീവമായിരുന്ന ഒരു മന്ത്രിയായിരുന്നു അദ്ദേഹം.

അതെല്ലാം പിരിച്ചെടുക്കാനുള്ള സംവിധാനമുണ്ടാകണം. അമിത ചെലവുകൾ കുറയ്ക്കണം. ഈ പറഞ്ഞ എല്ലാ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചുകൊടുക്കാൻ സർക്കാരിന് സാധിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഗവൺമെന്റിനോട് പ്രത്യേകിച്ച് ഒരു സംഗതി ചൂണ്ടിക്കാണിക്കാനുള്ളത് .....

<u>മി. ചെയർമാൻ</u>: പ്ലീസ് ....... പ്ലീസ്.......

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഒറ്റ കാര്യം എല്ലാവർക്കും വേണ്ടിയുള്ള പൊതുസംഗതിയാണ്. ഇവിടെ അംഗങ്ങളെല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ "നൂറ്റി ഇരുപത് രൂപ" " നൂറ്റി എൺപത് രൂപ" ആക്കാനും "ഇരുനൂറ്റി നാൽപ്പതു രൂപ" രൂപ "മുന്നൂറ്റി അറുപത് രൂപ" ആക്കാനും ഈ ബിൽ മൊത്തം ഭേദഗതി ചെയ്യേണ്ട ഒരു കാര്യവുമില്ല. അതുകൊണ്ട് നിയമ വകുപ്പുകൂടി ശ്രദ്ധിക്കേണ്ട ഒരു സംഗതി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. എല്ലാ ക്ഷേമനിധി ബോർഡുകളും എന്താണ് ചെയ്യുന്നത്? അംശദായം കാലോചിതമായി പരിഷ്കരിക്കേണ്ടിവരും. ആ പരിഷ്കരിച്ച സംഖ്യയ്ക്ക് സാധൂകരണം ലഭിക്കാനാണ് ഓർഡിനൻസ് കൊണ്ടുവന്ന് ഈ ബിൽ നിയമമാക്കുന്നത്. അത് അതിന്റെ

ക്ലോസ്സിൽത്തന്നെ പറഞ്ഞാൽ മതി. നിലവിലുള്ള മദർ ആക്ടിലെ അഞ്ചാം വകുപ്പിലാണ് നിധിയിലേയ്ക്കുള്ള അംശദായത്തെക്കുറിച്ച് പറയുന്നത്

<u>മി. ചെയർമാൻ</u>: പ്ലീസ് ....... പ്ലീസ്....... അതുകൂടി പറഞ്ഞ് കൺക്ലൂഡ് ചെയ്യണം...

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇതൊരു ആവശ്യമുള്ള കാര്യമാണ് ചെയർ ശ്രദ്ധിക്കണം. കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനത്തിലൂടെ നിലവിലുള്ള സംഖ്യ വർദ്ധിപ്പിക്കാമെന്ന ഒരു ക്ലോസ് ചേർത്താൽ, നാളെ ഇതുപോലെയുള്ള ക്ഷേമനിധി ബോർഡുകളുടെ സംഖ്യ വർദ്ധിപ്പിക്കണമെങ്കിൽ ബിൽ മൊത്തമായി അമെന്റ് ചെയ്യേണ്ടതില്ല. ഒന്നാം വായന, രണ്ടാം വായന, സഭയിൽ വരിക, സബ്ജക്ട് കമ്മിറ്റിക്ക് പോകുക തുടങ്ങി.... അതുകൊണ്ടാണ് ഈ സമ്മേളനത്തിൽ 45 ബില്ലുകൾ വന്നത്. ഇതൊരു പൊതുകാര്യമാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ് ....... പ്ലീസ്....... സമയം കൂടുതലെടുത്തു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ചട്ടങ്ങളുടെ ഭേദഗതിയിലൂടെതന്നെ ഇത്തരത്തിലുള്ള കുറേ ബില്ലുകളിലെ ആവശ്യം നമുക്ക് നിർവ്വഹിക്കാൻ കഴിയുമെന്ന കാര്യംകൂടി വകുപ്പിന്റെയും നിയമ വകുപ്പിന്റെയും

ശ്രദ്ധയിൽപ്പെടുത്തികൊണ്ട് ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എം. എം. മണി): സർ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 08.11.2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്ലാന്റേഷൻ ലേബർ ആക്ട് ബാധിക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ച് ഒരുപിടി പരിമിതിയുണ്ടെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. ചെറുകിട തോട്ടം തൊഴിലാളികൾ വലിയ പ്രതിസന്ധി നേരിടുന്നുവെന്ന കാര്യം വളരെ വ്യക്തമാണ്. ഏതാണ്ട് 20341 ചെറുകിട തോട്ടം തൊഴിലാളികളുണ്ടെന്ന കാര്യം നമുക്കറിയാം. അവർക്ക് നിയമപരമായ പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അവർ വേണ്ട നിലയിൽ സംഘടിതരുമല്ല. അതുകൊണ്ട് ഏറ്റവും മനുഷ്യോജിതമായ നിലപാടുകൾ അർഹിക്കുന്നൊരു

ജനവിഭാഗമാണ് ചെറുകിട തോട്ടം തൊഴിലാളികൾ എന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് നിലവിലുള്ള ആനുകൂല്യങ്ങളിലെല്ലാം മാറ്റം വരുത്തണം. പ്രധാന വരുമാന മാർഗ്ഗം എന്നുപറയുന്നത്, അംശദായം, രജിസ്ട്രേഷൻ ഫീസ് 100 രൂപ, നിക്ഷേപങ്ങളിൽനിന്ന് ലഭിക്കുന്ന പലിശ, നിലവിലെ സ്ഥിര നിക്ഷേപം തുടങ്ങിയ പരിമിതമായ വരുമാനമാണ്. നിലവിലെ ആനുകൂല്യങ്ങൾ - പെൻഷൻ 1,600 രൂപ, വിവാഹ ധനസഹായം 3,000 രൂപ , പ്രസവാനുകൂല്യം 15,000 രൂപ, ചികിത്സാ സഹായം പരമാവധി 10,000 രൂപ, അവശതാ പെൻഷൻ പ്രതിമാസം 200 രൂപ, കുടുംബ പെൻഷൻ പ്രതിമാസം 150 രൂപ, മരണാനന്തര ധനസഹായം പരമാവധി 10,000 രൂപ, വിദ്യാഭ്യാസ ആനുകൂല്യമായി എസ്.എസ്.എൽ.സി.-ക്ക് 500 രൂപ, പ്ലസ് ടുവിന് 400 രൂപ, ഡിഗ്രി, ടി.ടി.സി. കോഴ്സുകൾക്ക് 600 രൂപ, മൂന്നുവർഷ ഐ.ടി.ഐ., പോളിടെക്നിക് ഡിപ്ലോമയ്ക്ക് 600 രൂപ, ബി.ഡി.എസ്. പി.ജി. കോഴ്സുകൾക്ക് 750 രൂപ, ജനറൽ നഴ്സിംഗ് 600 രൂപ, ബി.എസ്സി. നഴ്സിംഗ് 750 രൂപ, പാരാമെഡിക്കൽ കോഴ്സ് 750 രൂപ, എൽ.എൽ.ബി. (മൂന്നുവർഷം/ അഞ്ചുവർഷ കോഴ്സുകൾക്ക്) 1,000 രൂപ, ബി.ടെക് 2,000 രൂപ,

എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്. 2,000 രൂപ എന്നിങ്ങനെയാണ്. ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങൾ 20119, സജീവ അംഗങ്ങൾ 18025, പെൻഷൻ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ 561 പേരുമാണ്. അതുകൊണ്ട് കാലാനുസൃതമായ ഫലപ്രദമായ മാറ്റം, ഗണ്യമായ വർദ്ധനവ് ഈ വിഭാഗത്തിന് കൊണ്ടുവരണമെന്നത് അനിവാര്യമാണ്. തികച്ചും മനുഷ്യോചിതമാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ പ്രതിപക്ഷത്തുനിന്നും എന്റെ മാന്യസുഹൃത്തുക്കൾ ഇതുസംബന്ധിച്ചെല്ലാം സംസാരിക്കുകയുണ്ടായി. ഞാൻ തോട്ടം തൊഴിലാളികളുടെ കേന്ദ്രത്തിന്റെ പ്രതിനിധിയായിരിക്കുന്ന ആളാണ്. ഇടുക്കി ജില്ലയാണ് ഏറ്റവും വലിയ തോട്ടം തൊഴിലാളി കേന്ദ്രം. അതുകഴിഞ്ഞാൽ മറ്റുചില ജില്ലകളിലും തോട്ടം തൊഴിലാളികളുണ്ട്. വേലയും കൂലിയും ജോലിസ്ഥിരതയും ഒന്നുമില്ലാതിരുന്ന കാലഘട്ടത്തിൽ ബ്രിട്ടീഷുകാർക്കെതിരെ, ബ്രിട്ടീഷ് കമ്പനികൾക്കെതിരെ പൊരുതി പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത സംഘടനയാണ് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി, AITUC, CITU എന്നെല്ലാമുള്ള കാര്യം ഞാൻ ഈ

അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. തോട്ടം തൊഴിലാളികളുടെ അവകാശങ്ങളെപ്പെറ്റി വാചാലമാകുന്ന മാന്യസ്നേഹിതന്മാർ, ആദ്യകാലഘട്ടത്തിൽ തോട്ടം ഉടമകൾക്കെതിരെ സമരം നടത്തിയപ്പോൾ അന്നത്തെ സർക്കാരും പോലീസും ഈ മാന്യമായി വലിയ വർത്തമാനം പറയുന്ന ആളുകളും യഥാർത്ഥത്തിൽ തോട്ടം ഉടമകളുടെ കൂടെയായിരുന്നുയെന്ന കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. കണ്ണൻ ദേവൻ കമ്പനിയിലെ ഐതിഹാസികമായ പോരാട്ടം, പീരുമേട് താലൂക്കിലെ തേയിലത്തോട്ടങ്ങളിൽ പതിനായിരക്കണക്കിന് തൊഴിലാളികൾ നടത്തിയ പോരാട്ടം, വലിയ ത്യാഗങ്ങൾ സഹിക്കുകയും നിരവധി തൊഴിലാളികളെ വെടിവച്ച് കൊല്ലുകയും ചെയ്ത പാരമ്പര്യം വരെയുണ്ട്. അതിനെല്ലാമെതിരെ പോരാടുന്ന പ്രസ്ഥാനമാണ് ഇടതുപക്ഷ ശക്തികൾ, CITU, AITUC, അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി, സി.പി.ഐ.(എം), സി.പി.ഐ.; സംഘടിതമായി ഏറ്റവും വലിയ ട്രേഡ് യൂണിയൻ പ്രസ്ഥാനം അവരാണെന്ന കാര്യവും ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഞാൻ നിരവധി തോട്ടം തൊഴിലാളി സമരങ്ങൾ നയിച്ചിട്ടുണ്ട്. നൂറ് കണക്കിന്

കള്ളക്കേസുകളിൽ പ്രതിയായിട്ടുണ്ട്. അന്ന് പോലീസും ഭരിക്കുന്നവരും ചേർന്നാണ് കള്ളക്കേസിൽ ഞങ്ങളെ കുരുക്കിയിരുന്നതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ചെറുകിട തോട്ടം തൊഴിലാളികളുടെ കഷ്ടതകളെപ്പെറ്റി ചർച്ച ചെയ്യുമ്പോൾ വലിയ വാചാലമായി എന്റെ മാന്യ സുഹൃത്തുക്കൾ, പ്രത്യേകിച്ച് ലീഗിന്റെ നേതാക്കന്മാർ സംസാരിക്കുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്. അവരിൽ കാര്യമായ മാറ്റം വന്നല്ലോയെന്ന സംതൃപ്തിയാണ് എനിക്കുള്ളതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. കാലാനുസൃതമായ മാറ്റം ഈ വിഭാഗത്തിന് വേണം, ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം, അവരുടെ വരുമാന മാർഗ്ഗം കാണണം. സംസ്ഥാന സർക്കാരിന് കഴിയുന്ന സഹായങ്ങളും ഇക്കാര്യത്തിൽ ചെയ്യണം. ഈ രംഗത്ത് നല്ലൊരു കാൽവയ്പ്പ് നടത്തിയ ആളാണ് എന്റെയടുത്തിരിക്കുന്ന കഴിഞ്ഞ മന്ത്രിസഭയിലെ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ എന്ന കാര്യം ഈ അവസരത്തിൽ പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫലപ്രദമായ നടപടി ഈ രംഗത്ത് വേണം. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ

സർക്കാരായതുകൊണ്ട് നിങ്ങൾ വാചാലമായി സംസാരിക്കുന്നു. നിങ്ങളുടെ സർക്കാരാണെങ്കിലും, ഞങ്ങളുടെ സർക്കാരാണെങ്കിലും ശരി അധ്വാനിക്കുന്ന തൊഴിലാളികളുടെ ആനുകൂല്യവും ശമ്പളവും വർദ്ധിപ്പിച്ചു നൽകണം. അധ്വാനിക്കുന്നവരോടും ഭാരം ചുമക്കുന്നവരോടും ഒപ്പം നിൽക്കണമെന്ന കാഴ്ചപ്പാടാണ് നമുക്കുള്ളതെന്ന് ഞാൻ ഈ അവസരത്തിൽ പ്രത്യേകം ഓർമ്മപ്പെടുത്തിക്കൊണ്ട്, ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ ആവർത്തിച്ച് അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 'ബി' ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ വളരെ ചുരുങ്ങിയ മാറ്റങ്ങൾ മാത്രമേ വരുന്നുള്ളൂ. (1)-ാം ഉപവകുപ്പിൽ "നൂറ്റി ഇരുപത് രൂപ" എന്ന വാക്കുകൾക്ക് പകരം "നൂറ്റി എൺപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്. (2)-ാം ഉപവകുപ്പിൽ "നൂറ്റി ഇരുപത് രൂപ" എന്ന വാക്കുകൾക്ക് പകരം "നൂറ്റി എൺപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്. (3)-ാം ഉപവകുപ്പിൽ "ഇരുനൂറ്റി

നാൽപ്പതു രൂപ" എന്ന വാക്കുകൾക്ക് പകരം "മുന്നൂറ്റി അറുപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്. ഇവിടെ പലരും സൂചിപ്പിച്ചത് പോലെ വലിയ കാതലായ മാറ്റങ്ങളൊന്നും വരുന്നില്ലെങ്കിൽ പോലും നിയമസഭയിൽ ഇതുപോലുള്ള ചർച്ചകളിലൂടെ ഈ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും കാതലായ മാറ്റങ്ങൾ വരുത്താനും പ്രയോജനപ്രദമാകുമെന്ന് ഞാൻ  വിശ്വസിക്കുകയാണ്. ചട്ടത്തിൽ ഭേദഗതി വരുത്തിയാൽ മാത്രം  മതി എന്ന് ബഹുമാന്യനായ ശ്രീ. എൻ. ഷംസുദ്ദീൻ സംസാരിച്ചപ്പോൾ പറയുണ്ടായി. പക്ഷെ ഒരു ബില്ലിന്റെ അവതരണവേളയുമായി ബന്ധപ്പെട്ടതായതുകൊണ്ട്, ഏത് നിയമങ്ങൾ ഭേദഗതി ചെയ്താലും അത് ചെറുതോ വലുതോ ആണെങ്കിൽ  പോലും പൂർണ്ണമായി ചർച്ച ചെയ്തതിനുശേഷം നടത്തുന്നതാണ് ഉചിതം. അദ്ദേഹത്തോടുള്ള എതിരഭിപ്രായമെന്ന രീതിയിലല്ല ഞാനിത് പറയുന്നത്. ചെറിയ കാര്യങ്ങളാണെങ്കിൽ പോലും  അതിൽ കൃത്യമായി ചർച്ചകൾ ഉണ്ടാകുന്നത് ഏറ്റവും അനുയോജ്യമാകും.  'ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി'- എന്നതിൽ എന്താണ് തോട്ടം; എന്താണ് ചെറുകിട; എന്താണ് തൊഴിലാളി; എന്താണ് ക്ഷേമനിധി; ഇതൊക്കെ നമ്മൾ നിരന്തരം ചർച്ച

ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. പ്രധാനമായും റബ്ബർ, തേയില, കാപ്പി, ഏലം, കൊക്കോ, എണ്ണപ്പന, കശുവണ്ടി ഇവയൊക്കെയാണ് പ്രധാനമായും തോട്ടം മേഖലയിലുള്ള കൃഷികൾ. ഇതിലുള്ള പ്രത്യേകത, 'അഞ്ച് ഹെക്ടർ വിസ്തീർണ്ണത്തിൽ കുറവായതും ഒന്നോ അതിലധികമോ തോട്ടം തൊഴിലാളികളെ ജോലിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളതുമായ ഒരു തോട്ടം എന്നർത്ഥമാകുന്നതും...' എന്നാണ്. ഇവിടെ ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള തോട്ടത്തിന്റെ അളവ് 5 ഹെക്ടറാണ്. 5 ഹെക്ടർ എന്നാൽ 12 ഏക്കർ 35 സെന്റോളം വരും. അതിന് താഴെയുള്ള തോട്ടങ്ങളിലാണ് ഏകദേശം ഇതുപോലെയുള്ള കൃഷികളും അതുമായി ബന്ധപ്പെട്ട തൊഴിലാളികളുമുള്ളതെന്ന് നമുക്കറിയാം. ചെറുകിട തോട്ടം തൊഴിലാളികളെ സംരക്ഷിക്കാൻവേണ്ടി ഈ ക്ഷേമനിധിയിലൂടെ നിരവധി പദ്ധതികൾ ചെയ്യുന്നുണ്ടെന്ന് പറഞ്ഞാലും ഈ കാലഘട്ടത്തിന് അനുസൃതമായ രീതിയിൽ തൊഴിലാളികൾക്ക് സംരക്ഷണവും സാമ്പത്തിക ലാഭവും അഭിവൃദ്ധിയും നൽകാൻ സർക്കാരിന് കഴിയുന്നില്ല. സർക്കാരിന് കിട്ടുന്ന പണം വർദ്ധിപ്പിക്കുന്നു. തൊഴിലാളികൾ അടയ്ക്കുന്ന പണം വർദ്ധിപ്പിക്കുന്നുവെന്ന് പറയുമ്പോൾ, അതിനനുസൃതമായി അവരുടെ ആനുകൂല്യങ്ങൾ കൂടുതലായി

വർദ്ധിപ്പിച്ചാൽ മാത്രമേ ഈ ബിൽ, ഓർഡിനൻസ് കൊണ്ടുവന്നതുകൊണ്ട് തൊഴിലാളികൾക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടാകുകയുള്ളൂ. ഇപ്പോഴത്തെ സാഹചര്യമെടുത്ത് പരിശോധിച്ചാൽ കോവിഡ് പ്രതിസന്ധി വളരെ രൂക്ഷമാണ്. പല മേഖലകളിലും തൊഴിലില്ല. നാണ്യവിളകൾക്കൊന്നും വലിയ തോതിൽ വില ലഭ്യമാകുന്നില്ല. ഇത്തരം സാഹചര്യത്തിൽ അവർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. ഇന്ന് കേരളപിറവി ദിനമാണ്. അതോടൊപ്പം വിദ്യാലയങ്ങൾ തുറന്ന സന്തോഷത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി എന്ന് ഞങ്ങൾക്കെല്ലാവർക്കുമറിയാം. ഈ സന്തോഷം നമ്മുടെ തോട്ടം മേഖലയിലെ തൊഴിലാളികൾക്കും അവരുടെ മക്കൾക്കും ഉണ്ടാകുന്ന രീതിയിലേക്കുള്ള മാറ്റം വരണം. നിധി കാക്കുന്ന ഒരു ഭൂതമായി സംസ്ഥാന സർക്കാർ മാറുന്ന അവസരങ്ങൾ ഉണ്ടാകരുത്. നിരവധി തൊഴിലാളി ക്ഷേമനിധികൾ ഈ സന്ദർഭത്തിൽ നിയമസഭയിൽ ചർച്ചയ്ക്കെടുക്കുകയും ബില്ലാക്കുകയും പാസാക്കുകയുമൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു നിധി എന്താണ്? നമുക്കൊരു നിധി കിട്ടി, ആ നിധിയിലൂടെ നമുക്കൊരു സമ്പത്ത് ഉണ്ടാകുകയാണ്. ഇങ്ങനെ സർക്കാരിന്റെ കയ്യിലുള്ള നിധികളിൽനിന്ന് പാവപ്പെട്ടവന് കൂടുതൽ

വരുമാനമുണ്ടാകുന്ന രീതിയിലേക്ക് കാര്യങ്ങൾ പോകണം. എന്തിനുവേണ്ടിയാണ് ഈ നിധികൾ ഉണ്ടാക്കിയിരിക്കുന്നത്? ആരോഗ്യമുള്ളവന് എന്തിനാണ് കൂടുതൽ പണം; അവശതമൂലം ജോലി ചെയ്യാൻ കഴിവില്ലാത്തവർക്ക് ജീവിക്കാനല്ലേ കൂടുതൽ കാശ് വേണ്ടത്. അവശതയുള്ളവന് കൂടുതൽ ചെലവുണ്ടാകും, രോഗികളായി മാറും, അവർക്ക് നല്ലൊരു തുക മാസംതോറും ഇതിൽ നിന്ന് കിട്ടണം.

വിധവാ പെൻഷൻ ആനുകൂല്യത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി, അവർക്ക് കിട്ടുന്നത് 1600 രൂപ. ഭർത്താവ് മരണപ്പെട്ടുപോകുമ്പോഴാണ് വിധവയാകുന്നത്. ഭർത്താവിന്റെ കയ്യിൽ നിന്ന് കിട്ടുന്ന സേവനങ്ങളും ആനുകൂല്യങ്ങളും നഷ്ടപ്പെട്ട് വരുമാനം ഇല്ലാതായി മാറുക. അങ്ങനെ വിധവയായി തീരുന്ന സ്ത്രീക്ക് വിധവാ ആനുകൂല്യംമൂലം കിട്ടുന്ന തുകയുള്ളപ്പോൾ, അവർക്ക് ഈ രീതിയിൽ അവരുടെ അംശദായത്തിൽ നിന്ന് പണം നിക്ഷേപിച്ച് അതിൽ നിന്ന് കിട്ടുന്നൊരു വരുമാനമുണ്ടെങ്കിൽ അതുകൂടെ കിട്ടട്ടെ എന്ന് ചിന്തിക്കുമ്പോഴാണ് യഥാർത്ഥ സോഷ്യലിസം ഈ പറയുന്ന അവസ്ഥയിൽ ഇവിടെ ഉണ്ടാകുക. ഒരുപാട് പരിജ്ഞാനമുള്ള വ്യക്തി എന്ന രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി

അക്കാര്യങ്ങൾ കൂടി ഇതിലുൾപ്പെടുത്തണം. അവശതയുള്ളവർക്ക് കിട്ടുന്ന അവസരങ്ങൾ, 60 വയസ്സ് കഴിയുമ്പോൾ കിട്ടേണ്ട ആനുകൂല്യങ്ങൾ, കുടുംബ പെൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സ്ഥായിയായി അവശതയുള്ളവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ.... പെൺമക്കളുടെ വിവാഹ സമയത്ത് കൊടുക്കേണ്ട കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഒരു പെൺകുട്ടിയുടെ വിവാഹം നടത്തണമെങ്കിൽ എത്ര തുക വേണ്ടിവരുമെന്ന് നമുക്കറിയാം. ഏതെങ്കിലും ഒരു ചെറിയ തുക കൊടുത്ത് അവഹേളിക്കുകയല്ല വേണ്ടത്. ഞാൻ അവഹേളിക്കുക എന്നുപറഞ്ഞത്, ചെറിയ തുകകൾ ചെറുതാണ് എന്നുള്ളതുകൊണ്ട് തന്നെയാണ്. പത്തോ ആയിരമോ പതിനായിരമോ രൂപ കൊടുത്തതുകൊണ്ട് ഈ സമൂഹത്തിൽ ഒരു വ്യക്തിക്ക് മുന്നോട്ട് പോകാൻ കഴിയില്ല. അത്തരം സാഹചര്യത്തിൽ പാവപ്പെട്ടവന്, കർഷകന്, തൊഴിലാളികൾക്ക്, മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കൊടുക്കുന്ന രീതിയിലേക്ക് നമുക്ക് സ്വപ്നം കാണാൻ കഴിയണം. മരണാനന്തര ചെലവുകളെക്കുറിച്ച് ഇവിടെ സംസാരിച്ചല്ലോ? മരണാനന്തര ചെലവുകൾപോലും വളരെ വലുതായി തീർന്നിരിക്കുന്ന അവസരത്തിൽ പാവപ്പെട്ട പല കുടുംബങ്ങളും ശവസംസ്കാരത്തിനുപോലും

സാമ്പത്തികമില്ലാതെ കഷ്ടപ്പെടുന്ന അവസരത്തിൽ അവർക്കെല്ലാം ഇതുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നല്കാൻ ഈ സർക്കാർ തയ്യാറാകണം. വീടില്ലാത്ത എത്രത്തോളം ആളുകളാണ് ഇപ്പോഴുമുള്ളത്. വീട് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; അറ്റകുറ്റപ്പണികൾ തീർക്കേണ്ട എത്രയോ വീടുകളുണ്ട്. നമുക്ക് നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; അവരുടെ എത്രയോ വായ്പകളും കുടിശ്ശികകളും ഉണ്ട്. ജപ്തി ഭയത്തിൽ നിൽക്കുന്ന ആളുകളുണ്ട്. അത് എഴുതിത്തള്ളുവാനോ, കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാനോ കഴിഞ്ഞിട്ടുണ്ടോ; പ്രസവാനുകൂല്യങ്ങൾ ആവശ്യാനുസരണം കാലഘട്ടത്തിനനുസൃതമായി ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ? ചികിത്സാ സൗകര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ഭൂമി വാങ്ങാനുള്ള സാമ്പത്തിക സഹായം നൽകണം. പാവപ്പെട്ടവന് ചെറുത് കൊടുക്കുകയല്ല വേണ്ടത്. എന്താണോ അവന്റെ ആവശ്യം അതറിഞ്ഞ് കൊടുക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് വരണം. കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ഇതുമായി ബന്ധപ്പെട്ട് ഇവിടെ ചർച്ചചെയ്യപ്പെടേണ്ട വിഷയങ്ങളാണ്.

തോട്ടത്തിൽ കൃഷി ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ, എറണാകുളം ജില്ലയുടെ കിഴക്കൻ മേഖല, മൂവാറ്റുപുഴ പെരുമ്പാവൂർ ഈ മേഖലകളെല്ലാം ഉൾപ്പെടുന്ന സ്ഥലത്ത് ഏറ്റവും കൂടുതലുള്ളത് റബ്ബർ കൃഷിയാണ്. പക്ഷെ റബ്ബർ കർഷകന്റെ അവസ്ഥ വളരെ പരിതാപകരമാണ്. 1 കിലോ ആർ.എസ്.എസ്. (Ribbed Smoked Sheets)-റബ്ബറിന്റെ ശനിയാഴ്ചത്തെ വില 175 രൂപയാണെന്നാണ് ഇന്ന് ഞാൻ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ഒരു കിലോയ്ക്ക് 175 രൂപ കിട്ടിക്കഴിഞ്ഞാൽ അതിന്റെ 60 ശതമാനത്തോളം വെട്ടുകൂലി ടാപ്പിംഗ് തൊഴിലാളിക്ക് കൊടുക്കേണ്ടിവരും. ഏകദേശം 105 രൂപയോളം കൊടുക്കേണ്ടിവരും. കേവലം 70 രൂപ കിട്ടിയാൽ പോലും, ആ വരുമാനവുമായി ബന്ധപ്പെട്ട് മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യമുണ്ടാകും. സ്വന്തമായി ടാപ്പിംഗ് നടത്തുകയാണെങ്കിൽ സ്വാഭാവികമായും വരുമാനമുണ്ടാകും. അല്ലാത്തപക്ഷം റബ്ബറുമായി ബന്ധപ്പെട്ട മേഖലയിൽ പ്രതിസന്ധിയുണ്ട്. അത് പരിഹരിക്കാൻ വേണ്ടിയുള്ള കാര്യങ്ങളിൽ നമ്മൾ ഇടപെടണം. പ്രത്യേകിച്ച് റബ്ബറുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാർ അല്പംകൂടി താല്പര്യമെടുത്ത് പ്രവർത്തിക്കണം.

ഇറക്കുമതിമൂലം വിപണന സാധ്യത നഷ്ടപ്പെടുന്ന സാഹചര്യമാണെന്ന് നമുക്കറിയാം. പ്രത്യേകിച്ച് ഉല്പാദന ചെലവ് ആനുപാതികമായി വർദ്ധിക്കുന്നതുകൊണ്ട് വേണ്ടത്ര വില ലഭ്യമാകുന്നില്ല.

ശ്രീ. പി. എസ്. സുപാൽ: സർ, റബ്ബറിന്റെ വിലയിടിവിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. റബ്ബറിന്റെ വിലയിടിവുമായി ബന്ധപ്പെട്ട് താങ്ങുവില നിങ്ങളുടെ ഭരണകാലത്ത് കൃത്യമായി നൽകുന്ന സാഹചര്യമുണ്ടായിരുന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാറിന്റെ ഭരണകാലത്ത് റബ്ബറിന്റെ താങ്ങുവില കൃത്യമായി നൽകിയെന്ന വിവരം അങ്ങേയ്ക്കറിയാമോ; മാത്രമല്ല, 160 രൂപ എന്നുള്ളത് 180 രൂപയായി വർദ്ധിപ്പിച്ചത് എൽ.ഡി.എഫ്. സർക്കാരാണ്. റബ്ബറിന്റെ വിലയിടിവിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറയുമ്പോൾ അങ്ങയുടെ പാർട്ടി നേതൃത്വം നൽകിയ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന അവസരത്തിലാണ് ആസിയാൻ കരാർ നടപ്പിലാക്കിയത്. ആസിയാൻ കരാർ നടപ്പിലാക്കിയപ്പോൾ അത് കർഷകർക്ക് ഗുണകരമാകുമെന്ന് ബഹുമാനപ്പെട്ട മെമ്പർ അടക്കമുള്ള ആളുകൾ സൂചിപ്പിക്കുകയുണ്ടായി. പക്ഷേ കർഷകരുമായി ബന്ധപ്പെട്ട കരാർ.....(മൈക്ക് ഓഫ്)...

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സമയക്കുറവുള്ളതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട അംഗത്തിന് വഴങ്ങുന്നില്ല. ഏതായാലും ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്ന സമയത്ത് കെ. എം. മാണിയാണ് റബ്ബറിന് താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകരെ സഹായിക്കാൻ വേണ്ടി മുന്നോട്ട് വന്നത്. അപ്പോൾ നിങ്ങൾ അതിനെതിരായിരുന്നുവെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ മറക്കേണ്ട. ഇപ്പോഴും നമ്മുടെ രാജ്യത്ത് ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ എന്ന പദ്ധതി യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. ഉൽപ്പാദന ചെലവിന്റെ പകുതി കൂടിച്ചേർത്ത് ഉൽപ്പന്ന വില നിശ്ചയിക്കണമെന്നായിരുന്നു സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശ. പക്ഷേ റബ്ബർ ഒരു കാർഷിക വിളയായി ഇപ്പോഴും പ്രഖ്യാപിച്ചിട്ടില്ലെന്ന് നമുക്കറിയാം. ഈ സാഹചര്യത്തിൽ റബ്ബറിന് ബന്ധപ്പെട്ട ആനുകൂല്യം... ഞാൻ റബ്ബറുമായി ബന്ധപ്പെട്ട കാര്യം മാത്രം സൂചിപ്പിക്കുന്നതിന്റെ കാരണം റബ്ബർമൂലം ജീവിച്ചുപോകുന്ന ധാരാളം കുടുംബങ്ങൾ കോട്ടയം, എറണാകുളം ഉൾപ്പെടെ മറ്റു ജില്ലകളിൽ ഉണ്ടെന്നുള്ളതുകൊണ്ടാണ്. റബ്ബറിന് 250 രൂപയെങ്കിലും താങ്ങുവില

നിശ്ചയിച്ചെങ്കിൽ മാത്രമേ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലുമൊരു വരുമാനം ഈ മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന ആളുകൾക്ക് ലഭ്യമാവുകയുള്ളൂവെന്ന് പറയാൻവേണ്ടി സൂചിപ്പിച്ചുവെന്നേയുള്ളൂ. ഒട്ടേറെ പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് പറയാൻ സാധിക്കും. പക്ഷേ സമയ പരിമിധികൊണ്ട് അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. റബ്ബർ മേഖലയിൽ ഒട്ടേറെ പരീക്ഷണങ്ങൾ കോട്ടയം ആസ്ഥാനമായും അതോടൊപ്പം റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായും ബന്ധപ്പെട്ട് നടപ്പിലാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുൻ രാഷ്ട്രപതി എ. പി. ജെ. അബ്ദുൽ കലാം വന്നപ്പോഴാണ് അഞ്ചിനത്തിൽപ്പെട്ട റബ്ബർ വെറൈറ്റികൾ നമ്മൾ പ്രഖ്യാപിച്ചത്. പ്രത്യേകിച്ച് 414, 430, 417, 429, 422; ഇതിൽ ഏറ്റവും കൂടുതൽ റബ്ബർ പാൽ ലഭ്യമാകുന്നത് 430-ൽ നിന്നാണ്. ഈ മേഖലയിൽ ഇപ്പോൾ ഏറ്റവും കൂടുതൽ കൃഷി ചെയ്തുവരുന്നത് 430 ആണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, റബ്ബർ മേഖലയ്ക്ക് പ്രതികൂലമായ രീതിയിലുള്ള കേന്ദ്ര നിലപാടുകൾ സ്വീകരിച്ചത് ഏത് കാലഘട്ടത്തിലാണെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ; പ്രത്യേകിച്ച് ഇറക്കുമതി ഉൾപ്പെടെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

ആ കാലഘട്ടത്തിൽ കേരളാ കോൺഗ്രസ് ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇക്കാര്യത്തിൽ ശക്തമായ നിലപാടുകൾ, യു.ഡി.എഫ്.-ൽ ഉണ്ടായിരുന്ന കാലത്തും പ്രകടിപ്പിച്ച ആളുകളാണ്. കേന്ദ്ര ഗവൺമെന്റിന്റെ അക്കാലത്തെ നിലപാടുകളാണ് കാലാകാലങ്ങളിൽ റബ്ബർ കൃഷിയെ ഇത്രയും അപകടകരമായൊരു അവസ്ഥയിലേക്ക് എത്തിച്ചതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... പ്ലീസ്... പ്ലീസ്...

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കേരളാ കോൺഗ്രസ്സ് യു.ഡി.എഫ്.-ൽ നിന്ന കാലഘട്ടങ്ങളിലൊക്കെ നമ്മൾ ഒരുമിച്ചുനിന്നുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നയങ്ങളുണ്ടാകുമ്പോൾ പ്രതികരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഇപ്പോൾ ഭരണത്തിലിരിക്കുന്ന ഇടതുപക്ഷം പ്രഖ്യാപിച്ചിട്ടുള്ള പല പദ്ധതികളും കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും നടപ്പിലാക്കിയിട്ടില്ല. റബ്ബറുമായി ബന്ധപ്പെട്ട് കൂടുതൽ കർഷകരെ സഹായിക്കാൻവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണുകയും ഈ മേഖലയിൽ കൂടുതൽ ആനുകൂല്യങ്ങൾ കൊണ്ടുവരാൻ വേണ്ടി ശ്രമിക്കുകയും ചെയ്യണം. ചീഫ് വിപ്പ് എന്ന

രീതിയിൽ ബഹുമാനപ്പെട്ട മെമ്പറിനും അതിൽ നന്നായി ഇടപെടാൻ കഴിയുമെന്നുള്ളതാണ് എന്റെ വിശ്വാസം. ബഹുമാനപ്പെട്ട മന്ത്രി വിദ്യാഭ്യാസ വകുപ്പുമന്ത്രികൂടിയാണ്. അദ്ദേഹമാണ് ഇത് കേൾക്കുന്നത് എന്നതുകൊണ്ട് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടുകൂടി ഒന്നുരണ്ടു കാര്യങ്ങൾ എനിക്ക് സംസാരിക്കേണ്ടി വരും. കാരണം അടിസ്ഥാനമുറച്ചേ ആരൂഢം ഉറയ്ക്കൂ എന്ന് പറയുന്നുണ്ട്. കാരണം എന്തിനും ഏതിനും അടിത്തറ ഭദ്രമാക്കണം. ഇന്ന് വിദ്യാലയങ്ങൾ തുറന്നിരിക്കുകയാണ്, നല്ലൊരു കാര്യം തന്നെയാണ്. പക്ഷേ, ഇവിടത്തെ പ്രധാനപ്പെട്ടൊരു പ്രശ്നം നമ്മുടെ കുട്ടികൾ ഏറ്റവുമധികം ആഗ്രഹിക്കുന്നത് മെഡിസിൻ, എഞ്ചിനീയറിംഗ് വിഷയത്തിൽ ചേരണമെന്നുള്ളതാണ്. പക്ഷേ ഇപ്പോഴുള്ള പ്രത്യേകത കുട്ടികൾക്ക് സിവിൽ സർവ്വീസിനുകൂടി പഠിക്കണമെന്ന ആഗ്രഹം കൂടുതലായി വരുന്നുണ്ട്. ഐ.എ.എസ്./ഐ.പി.എസ്/ ഐ.എഫ്.എസ്. ആകണമെന്ന ആഗ്രഹംകൂടി വരുമ്പോൾ അതിനുപറ്റിയ അന്തരീക്ഷംകൂടി നമ്മുടെ വിദ്യാലയങ്ങളിൽ കൊടുക്കേണ്ടത് ആവശ്യമാണ്. അങ്ങയെ ഒരു മികച്ച വിദ്യാഭ്യാസ മന്ത്രിയായും തൊഴിൽ വകുപ്പുമന്ത്രിയായും കാണണമെന്നുള്ളതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ പറഞ്ഞത്. നമ്മുടെ

വിദ്യാലയങ്ങളിൽ ലൈബ്രറി സൗകര്യങ്ങൾ വളരെ കുറവാണ്. അതായത് അദ്ധ്യാപകരിൽ നിന്നുമാത്രം പഠിക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. വിദ്യാലയങ്ങളിൽ മികച്ച ലൈബ്രറി ഉണ്ടായിക്കഴിഞ്ഞാൽ വായനയിലൂടെ കൂടുതൽ അറിവ് ഒരു കുട്ടിയിലേക്ക് വരും. വിദ്യാലയങ്ങളിൽച്ചേർക്കുമ്പോൾ അഡ്മിഷൻ സമയത്ത് ലൈബ്രറി ഫീസ് വാങ്ങും, പക്ഷേ മികച്ചൊരു ലൈബ്രറി നമ്മുടെ പൊതുവിദ്യാലയങ്ങളിൽ എങ്ങുമില്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2000 ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ മികച്ച ലൈബ്രറികൾ ഉണ്ടായിക്കഴിഞ്ഞാൽ 2000 ലൈബ്രേറിയൻമാരെ നമുക്ക് പോസ്റ്റ് ചെയ്യാൻ കഴിയും. ഈ വിദ്യാലയങ്ങളിലൊന്നും ലൈബ്രേറിയൻ ഇല്ല. ഞാൻ പ്രീ-ഡിഗ്രി പഠിച്ചയാളാണ്. പ്രീ-ഡിഗ്രിക്ക് കോളേജുകളിൽ ചെന്നാൽ നല്ല ലൈബ്രറിയും ലൈബ്രേറിയനും പുസ്തകങ്ങളുണ്ട്. പ്രീ-ഡിഗ്രി കോളേജിൽ നിന്നുമാറ്റി പ്ലസ് ടു ആക്കിയതിനുശേഷം നമ്മുടെ ഒറ്റ സ്കൂളുകളിലും അന്താരാഷ്ട്ര ലൈബ്രറികളോ അതുമായി ബന്ധപ്പെട്ട കാര്യങ്ങളോ ഉണ്ടായിട്ടില്ല. അതുമായി ബന്ധപ്പെട്ട കാര്യങ്ങളും അങ്ങയുടെ ശ്രദ്ധയിലുണ്ടാകണമെന്ന കാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെ നമ്മുടെ ഹൈസ്കൂൾ,

ഹയർ സെക്കൻഡറികളിൽ ലാബ് അസിസ്റ്റന്റുമാരുടെ കുറവുണ്ട്. ലാബ് അസിസ്റ്റന്റുമാരുടെ കുറവും പരിഹരിക്കാൻ അങ്ങ് നടപടി സ്വീകരിക്കണം. ഇപ്പോഴുള്ള ലാബ് അസിസ്റ്റന്റുമാർ ക്ലറിക്കൽ ജോലികളും മറ്റുപല ജോലികളുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഹൈസ്കൂളുകൾ ഹയർ സെക്കൻഡറികളിൽ ലയിപ്പിച്ചുവെന്ന് പറയുന്നുണ്ട്. ലയിപ്പിച്ചുവെന്ന് പറഞ്ഞാൽപ്പോലും അതിൽ കാര്യമായ മാറ്റങ്ങളൊന്നുമുണ്ടായിട്ടില്ലെന്നുള്ളത് ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. കോവിഡ്-19 സിറ്റുവേഷനിൽ നമ്മുടെ വിദ്യാലയങ്ങളെല്ലാം ഓൺലൈൻ സംവിധാനത്തിലേക്ക് മാറി. പെട്ടെന്ന് നമുക്കതിൽ നിന്ന് മാറാൻ കഴിയില്ല. അതുകൊണ്ട് എല്ലാ വിദ്യാലയങ്ങളിലും ഒരു സ്റ്റുഡിയോ സംവിധാനമുണ്ടാകണം. ആ രീതിയിൽ ഒരു സ്റ്റുഡിയോ സംവിധാനമുണ്ടായാൽ ഓൺലൈനിലൂടെ കുട്ടികളെ പഠിപ്പിക്കാനും ക്ലാസുകൾ മുന്നോട്ടുകൊണ്ടു പോകാനും കഴിയുമെന്ന കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ചെയ്ത പ്രധാനപ്പെട്ടൊരു നല്ല കാര്യമുണ്ട്, ബാച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കാതെ കുട്ടികളെ അഡ്മിറ്റ് ചെയ്യുന്നതിന്റെ എണ്ണം വർദ്ധിപ്പിക്കുന്നു. ഇപ്പോൾ ഒരു ക്ലാസ് മുറിയിൽ 60 കുട്ടികളുണ്ട്, ഇനിയും വർദ്ധിപ്പിച്ചാൽ 65 പേരാകും. ഒരു ക്ലാസ് മുറിക്കുള്ളിൽ ഒരു അദ്ധ്യാപന്/ഗുരുനാഥന് 40 പേരിൽക്കൂടുതൽ കുട്ടികളെ പഠിപ്പിക്കാൻ എങ്ങനെ കഴിയും? വിദേശ സർവ്വകലാശാലകളിലും വിദേശ രാജ്യങ്ങളിലും 40-ൽ താഴെ കുട്ടികൾ മാത്രമേയുള്ളൂ. 60-65 കുട്ടികൾ എന്ന രീതിയിലേക്ക് മാറുമ്പോൾ, കുട്ടികളെ ഹാൻഡിൽ ചെയ്യാനുള്ള ബുദ്ധിമുട്ടുണ്ടാകുമെന്ന് സൂചിപ്പിക്കുകയാണ്. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മെമ്പർ പ്രസംഗം അവസാനിപ്പിക്കൂ. മൂന്ന് തവണ പ്രസംഗം അവസാനിപ്പിക്കാൻ പറഞ്ഞു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ശ്രീ. റോജി എം. ജോണിന്റെ മൂന്ന് മിനിട്ട് സമയംകൂടി തന്നിട്ടുണ്ട്.

<u>മി. ചെയർമാൻ</u>: പ്ലീസ്... വൈകുന്നേരം ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രോഗ്രാമുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. പ്ലീസ്...

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അവസാനിപ്പിക്കുകയാണ്. ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. 'ജ്ഞാന നിർമിതിവാദം' എന്നൊരു പദ്ധതിയുണ്ട്. അത് നല്ലൊരു കാര്യം തന്നെയാണ്. പക്ഷേ ഇതുമായി ബന്ധപ്പെട്ടുവരുമ്പോൾ ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ കൂടുതൽ ബാച്ചുകൾ വർദ്ധിപ്പിച്ച് കുട്ടികളുടെ എണ്ണം കുറച്ച് നല്ലൊരു വിദ്യാഭ്യാസ സമ്പ്രദായമുണ്ടാക്കിയെടുക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

2021-ലെ കേരള ചെറുകിട തോട്ടം ക്ഷേമനിധി (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട് മുന്നോട്ട് പോകുമ്പോൾ കൂടുതൽ തോട്ടം തൊഴിലാളികൾക്ക് ഇതുമായി ബന്ധപ്പെട്ട് ആനുകൂല്യം വർദ്ധിപ്പിച്ചു നൽകാൻ കഴിയണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

Prof. Abid Hussain Thangal: Sir, I move that, “ This House resolves to disapprove The Kerala Shops And Commercial Establishments (Amendment) ordinance, 2021 (Ordinance No.123 of 2021).”

ഈ മേഖലയുമായി ബന്ധപ്പെട്ട് ഇന്ന് രണ്ട് ബില്ലുകളാണുള്ളത്. കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി

ബില്ലാണ് ആദ്യത്തേത്. ഷോപ്സ് നിലനിന്നാൽ മാത്രമേ തൊഴിലാളികളെക്കുറിച്ചും അവരുടെ ക്ഷേമനിധിയെക്കുറിച്ചും പറയാൻ കഴിയുകയുള്ളൂ. അങ്ങനെയൊരു അവസ്ഥ ഇന്ന് കേരളത്തിൽ ഇല്ലെന്നുള്ളത് വസ്തുതാപരമായി നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. സംസ്ഥാനത്തെ വ്യാപാരി സമൂഹം കടകൾ അടച്ചിടേണ്ടിവന്ന സാഹചര്യമുണ്ടായപ്പോൾ കടംകയറി നിത്യചെലവിനുപോലും ബുദ്ധിമുട്ടുന്ന പതിനായിരക്കണക്കിന് വ്യാപാരികൾ എന്ത് ചെയ്യണമെന്നറിയാതെ പതറുന്ന ഒരു സന്ദർഭത്തിൽ സർക്കാർ അവർക്കുനേരെ കണ്ണടച്ചുപോകുന്നത് മോശകരമായിരിക്കുമെന്ന് എനിക്ക് പറയാതിരിക്കാൻ കഴിയില്ല. നഷ്ടത്തിന്റെ കണക്ക് മാത്രമാണ് അവർക്ക് ഇപ്പോൾ പറയാനുള്ളത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ വ്യാപാര സമൂഹം കടബാധ്യതയുടെയും കഷ്ടപ്പാടിന്റെയും നടുവിൽപ്പെട്ട് ഉഴലുകയാണ്. പലരും ആത്മഹത്യയുടെ വക്കിലാണ്. ഡോ. എം. കെ. മുനീർ നേരത്തെ വളരെ വ്യക്തമായി അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞതിനാൽ ഞാനിവിടെ അത് ആവർത്തിക്കുന്നില്ല. ദുഃഖം പുറത്ത് അറിയിക്കാതെ വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ധാരാളം വ്യാപാരി വ്യവസായികൾ നമ്മുടെ മുന്നിലുണ്ട്. അവർ ഈ പ്രയാസത്തിന്റെ

നടുവിലും അതിജീവിക്കാനുള്ള മനകരുത്തുമായി തോൽക്കാൻ മനസ്സില്ലാതെ പിടിച്ച് നിൽക്കാൻ ശ്രമിക്കുന്ന ഒരുവിഭാഗമാണ്. അത്തരം വ്യാപാരികളെ സഹായിക്കാനുള്ള നിലപാടും പ്രവർത്തനങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വ്യാപാരികളെ അകാലമരണത്തിലേയ്ക്ക് തള്ളിവിടാതിരിക്കാനാവശ്യമായ നിലപാടുകളും പ്രവർത്തനങ്ങളും ഈ ബില്ലിലൂടെയുണ്ടാകുന്നതിനാവശ്യമായ ചില കാര്യങ്ങൾ നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഇവിടെ സന്ദർഭോചിതമായി സൂചിപ്പിക്കാനുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, ലോകത്തിലെ ഏറ്റവും വലിയ 32 കമ്പനികളുടെ ലാഭം ഏകദേശം 2020-ൽ 109 ബില്ല്യൻ ഡോളർ വരെ ഉയരുമെന്ന് ഓക്സ്ഫാം ഡിപ്പാർട്ടുമെന്റ് റിപ്പോർട്ട് ചെയ്തിരുന്നു. ദരിദ്രർക്കുമുമ്പിൽ സമ്പന്നർക്ക് ലാഭം കൊയ്യുന്ന പുതിയ കച്ചവട മാതൃക ഉയരുകയാണ്. കോവിഡ്-19 കാരണം ലോകത്താകമാനം 500 കോടി ജനങ്ങൾ ദാരിദ്ര്യത്തിലായിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അന്താരാഷ്ട്ര തൊഴിലാളി സംഘടനകളുടെ കണക്കുകൾ പ്രകാരം നാല് കോടി ജനങ്ങൾക്ക് തൊഴിൽ നഷ്ടമായതും 4.3 കോടി ചെറുകിട സംരംഭങ്ങൾ പ്രതിസന്ധിയിലായെന്നുള്ളത്

യാഥാർത്ഥ്യമാണ്. എന്നാൽ, ലോകത്തിലെ ഏറ്റവും വലിയ കുത്തക കമ്പനികൾ കുറഞ്ഞ വേതന തൊഴിലാളികളുടെ ചെലവിൽ ശതകോടികൾ സമ്പാദിക്കുകയും ഓഹരി ഉടമകൾക്ക് ലാഭം ലഭിക്കുകയും ചെയ്തുവരുന്ന അവസ്ഥാ വിശേഷണങ്ങൾ നമ്മുടെ നാട്ടിലുണ്ടെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. നമ്മളെ സംബന്ധിച്ചിടത്തോളം പരമ്പരാഗത വ്യാപാരികളുടെ നിലനിൽപ്പിനെത്തന്നെ ഇല്ലാതാക്കുന്ന സന്ദർഭത്തിന്റെ സമയമാണ് ഇന്ന് പ്രത്യേകിച്ചുമുള്ളത്. ഇലക്ട്രോണിക്സ് മേഖല, വസ്ത്ര വ്യാപാര മേഖല എന്നിവയൊക്കെ വളരെ പ്രയാസകരമായ അനുഭവത്തിലാണെന്ന് നമുക്ക് അറിയാവുന്നതാണ്. വലിയ നഗരങ്ങളിൽ മാത്രം കണ്ടിരുന്ന ഡെലിവറി ബോയ്സ് ഇന്ന് കേരളത്തിന്റെ എല്ലാ മുക്കിലുംമൂലകളിലും കാണാൻ സാധിക്കുന്നു. പണ്ട് വാൾമാർട്ട് വരുമ്പോൾ വളരെ ശക്തമായി എതിർത്തുകൊണ്ട് നിലപാട് സ്വീകരിച്ചിരുന്ന ആളുകളാണ്. അത്തരമൊരു ഘട്ടത്തിൽ പ്രവർത്തനങ്ങളും ആശയവുമുണ്ടായിരുന്ന കേരളത്തിലാണ് ഇത്രമാത്രം വലിയൊരു പ്രതിസന്ധി കച്ചവടക്കാർ നേരിടുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. കഴിഞ്ഞ സാമ്പത്തിക വർഷം കോവിഡ് കാലത്ത് ഏകദേശം 47 ശതമാനം വർദ്ധനവാണ് ആമസോൺ

കമ്പനിയുണ്ടാക്കിയിട്ടുള്ളത്. ചെറുകിട വ്യാപാരങ്ങളും കച്ചവടമേഖലയിലെ ആളുകളും അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തായിരിക്കുമെന്ന് പറയാതെതന്നെ നമുക്കറിയാം. ലോക്ക്ഡൗൺ കാലയളവിൽ ഇന്ത്യയിലെ നൂറുകണക്കിന് തേയിലത്തോട്ട തൊഴിലാളികൾക്ക് ശമ്പളം ലഭിച്ചിട്ടില്ലെന്ന വസ്തുത നിലനിൽക്കെ ചില ഇന്ത്യൻ തേയില കമ്പനികൾ ചെലവ് കുറച്ചുകൊണ്ട് ലാഭം വർദ്ധിപ്പിക്കുകയും ചെയ്തു. സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ പ്രയാസങ്ങൾ ഈ ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. ഓൺലൈൻ കൊമേഴ്സ് ക്രോസ്സ് സബ്സിഡി എന്ന തന്ത്രമാണ് ആമസോണും ഫ്ലിപ്പ് കാർട്ടും അടക്കമുള്ള ഓൺലൈൻ കച്ചവടക്കാർ രാജ്യത്തെ ചെറുകിട വ്യാപാരമേഖലയെ തകർക്കാൻ ചെയ്തുവരുന്ന വിപണനതന്ത്രം. ആ തന്ത്രത്തിന്റെ ഭാഗമായി ഷോപ്പിംഗ് ഫെസ്റ്റിവെൽ, ബിഗ് സെയിൽസ് എന്നിവ പ്രഖ്യാപിച്ച് കച്ചവട മേഖല കയ്യടക്കുകയാണ്. അന്ന് പരമാവധി പേരെ സൈറ്റിൽ സന്ദർശകരാക്കി എത്തിക്കുവാനും വിൽപ്പന നടത്തുവാനുമാണ് അവർ ശ്രമിക്കുന്നത്. ഇത് ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (FEMA)-ന്റെ ലംഘനമാണെന്ന് അങ്ങ്

ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. ഇ-കൊമേഴ്സ് സൈറ്റുകളിൽ വൻ മാർജിൻ ഡിസ്കൗണ്ട് നൽകി കച്ചവടം കൊഴുപ്പിക്കുമ്പോൾ ചെറുകിട കച്ചവടക്കാരുടെ ജീവിതമാണ് തകരുന്നത്. ആ ജീവിതത്തെ തിരിച്ചുപിടിക്കാനാവശ്യമായ പരമാവധി സഹായം സംസ്ഥാന സർക്കാർ ചെയ്തുകൊടുക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഐ.ടി. ഡീലർമാരുടെ അഖിലേന്ത്യാ സംഘടനയായ 'ഫെയ്റ്റ് ' ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളെ ബഹിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചതോടെ ഇ-കൊമേഴ്സ് കുത്തകകൾ ക്രോസ്സ് സബ്സിഡി കുറയ്ക്കാൻ നിർബന്ധിതരായി. ഇങ്ങനെ വന്നപ്പോൾ ബിഗ് സെയിൽ വർഷത്തിൽ മൂന്നോ, നാലോ ആയി ചുരുങ്ങി. ഇപ്പോൾ ക്രോസ്സ് സബ്സിഡി എന്നത് മാറ്റി മെറ്റീരിയൽ ക്ലബ്ബിംഗായി. ഇതാണ് ഇ-കൊമേഴ്സ് ഉൽപ്പന്നങ്ങളുടെ വ്യാപാരതന്ത്രം. ഈ ഉപകരണം വാങ്ങുമ്പോൾ കൂടെ സൗജന്യമായി ഭക്ഷണസാധനങ്ങൾ ഉപഭോക്താക്കൾക്ക് നൽകി അവരെ ആകർഷിക്കുന്ന ഒരു തന്ത്രമാണ് അവിടെ പ്രയോഗിക്കുന്നത്. തന്ത്രപരമായ എല്ലാ പ്രയോഗങ്ങളും നടത്തിക്കൊണ്ട് സാധാരണക്കാരെ ചൂഷണം ചെയ്യുകയും അതിലൂടെ വ്യാപാര സ്ഥാപനങ്ങളെ തകർക്കുകയും ചെയ്യുന്ന നിലപാട് നടക്കുകയാണ്. ഇ-കൊമേഴ്സ് കുത്തക സെറ്റിൽ

ഉൽപ്പന്നത്തിന്റെ വില കുറയ്ക്കുമ്പോൾ യഥാർത്ഥത്തിൽ സാധനത്തിന്റെ വില കുറയുന്നില്ല. പക്ഷേ, ചെറുകിട വ്യാപാരരംഗത്ത് നൽകാൻ കഴിയാത്ത ഡിസ്കൗണ്ട് നൽകി ചെറുകിട വ്യാപാരരംഗം തകർക്കുകയും ഭാവിയിൽ വിപണി കയ്യടക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. ഭാവിയിൽ വൻ ലാഭം മുന്നിൽക്കണ്ട് ചെലവഴിക്കാവുന്ന ഭീമമായ ഫണ്ടാണ് ഇ-കൊമേഴ്സ് കുത്തകകളുടെ കൈവശമുള്ളതെന്ന് നമുക്കറിയാം. ലോക്ക്ഡൗൺ തുടക്കത്തിൽ ഇ-കൊമേഴ്സ് കുത്തകകൾ കേരളത്തിൽ വിറ്റത് 186 കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ്. ഇതിന്റെ മുഴുവൻ ബില്ലുകളും അടിച്ചത് അന്യസംസ്ഥാനങ്ങളിലായതിനാൽ പ്രളയ സെസ്സ് ഇനത്തിൽ മാത്രം 1.86 കോടി രൂപ സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും അടഞ്ഞ് കിടക്കുമ്പോഴാണ് രണ്ടാഴ്ചകൊണ്ട് ഭീമമായ തുക ഫ്ലിപ്പ് കാർട്ട്, ആമസോൺ തുടങ്ങിയവയൊക്കെ കൈവശം വയ്ക്കുകയും അതിലൂടെ അവർ മുതലാക്കുകയും ചെയ്തത്. കോവിഡ് കാലത്ത് നമ്മുടെ വ്യാപാര സ്ഥാപനങ്ങൾ അടച്ചിടേണ്ട സാഹചര്യമായിരുന്നു. അതിന് ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ആ സമയം മുതലാക്കി ഫ്ലിപ്പ് കാർട്ടും ആമസോണുമൊക്കെ കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കുന്ന

നിലപാട് സ്വീകരിച്ചപ്പോൾ അവരെ നിയന്ത്രിക്കുന്നതിനാവശ്യമായ നിയമനടപടികളോ മറ്റുകാര്യങ്ങളോ ചെയ്തില്ലെന്നുള്ളത് വ്യാപാരി സമൂഹത്തോട് ചെയ്ത ദുഃഖകരമായ കാര്യമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. സംസ്ഥാനത്ത് വ്യാപാരമേഖലയിൽ വലിയ പരിവർത്തനത്തിന്റെ നാളുകളാണ് ലോക്ക്ഡൗൺ വരുത്തിയത്. അടഞ്ഞുകിടക്കുന്ന കടകളെ സാക്ഷിയാക്കി എന്നും വീടുകളിൽ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന ഇ-കൊമേഴ്സ് സ്ഥാപനങ്ങളുടെ ആധിപത്യം നമ്മൾ അവിടെ കണ്ടു. ഭക്ഷ്യോത്പന്നങ്ങളും മരുന്നുകളും മാത്രം വിൽക്കാൻ അനുമതി നൽകിയ നാളുകളിൽപ്പോലും വസ്ത്രങ്ങളും ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുമടക്കമുള്ളതെന്തും അവർ വീടുകളിൽ എത്തിച്ചുനൽകി. ലോക്ക്ഡൗൺ സമയത്ത് കച്ചവടക്കാർക്ക് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയപ്പോൾ ഓൺലൈൻ വ്യാപാരമേഖലയിൽ യാതൊരു നിയന്ത്രണവുമില്ലാതെ അവരെ നിർബാധം കച്ചവടം നടത്താനുള്ള സൗകര്യമൊരുക്കികൊടുക്കുകയായിരുന്നു. ബാങ്കുകളിൽനിന്നും മറ്റിതര സ്ഥാപനങ്ങളിൽനിന്നും ലക്ഷങ്ങൾ വായ്പയെടുത്ത ഇത്തരം കച്ചവടക്കാർ കോവിഡ് കാലത്ത് കടകൾ തുറക്കാനാകാതെ വന്നപ്പോൾ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തിയുടെ

വക്കിലാണ്. നിരവധി വ്യാപാരികൾ ആത്മഹത്യ ചെയ്തു. സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങളൊന്നും നാളിതുവരെ വ്യാപാരികൾക്ക് ലഭിച്ചിട്ടില്ല. പ്രളയ കാലഘട്ടങ്ങളിലും കോവിഡ് കാലഘട്ടങ്ങളിലുമൊക്കെ വ്യാപാരികൾക്ക് ധാരാളം ആനുകൂല്യങ്ങൾ നൽകുമെന്ന് പറഞ്ഞെങ്കിലും നൽകിയില്ല എന്ന് മാത്രമല്ല അവരെ സഹായിക്കുന്നതിനാവശ്യമായ നിലപാട് ഇതുവരെയുണ്ടായിട്ടില്ല. ലൈറ്റ് ആൻഡ് സൗണ്ട്സ്, കല്യാണമണ്ഡപങ്ങൾ, പന്തൽ, അലങ്കാരക്കാർ, വർക്ക്ഷോപ്പുകൾ, മാളുകൾ, ഹോട്ടലുകൾ, വഴിയോര കച്ചവടക്കാർ എന്നീ മേഖലകളിൽ വൻതുക മുടക്കിയവർ പലരും ഇന്നും കടക്കെണിയിലാണ്. വായ്പയെടുത്തവർക്ക് ലോൺ തിരിച്ചടയ്ക്കുന്നതിനും പലിശയിളവ് അനുവദിക്കുന്നതിനും കാലാവധി നീട്ടി നൽകുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്നും ഇതുവരെ ഒരു നടപടിയുമുണ്ടായിട്ടില്ല. ഈ ബിൽ ചർച്ച ചെയ്യുന്നതിന്റെ ഭാഗമായിട്ടാണെങ്കിലും വരാനിരിക്കുന്ന നാളുകളിൽ ഗവൺമെന്റ് അത്തരം നിലപാടുകളിലൂടെ അവരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ലോക്ക്ഡൗൺ പിൻവലിച്ചതിലൂടെ കച്ചവട സ്ഥാപനങ്ങൾ തുറക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങൾ പുതുക്കുന്നതിനും വാടക നൽകുന്നതിനുമാവശ്യമായ

തുകയ്ക്ക് ബാങ്കുകളെ സമീപിച്ചപ്പോൾ തിരിച്ചടവ് മുടങ്ങിയത് കാരണം പുതിയ ലോൺ ലഭിക്കാത്ത അവസ്ഥയാണുണ്ടായത്. സിബിൽ സ്കോർ കുറഞ്ഞതിനാൽ പല ബാങ്കുകളിലും ലോൺ അനുവദിക്കുന്നില്ല. ലോക്ക്ഡൗൺ സമയത്തെ തിരിച്ചടവുകൾ, ട്രാൻസാക്ഷൻ എന്നിവ സിബിൽ സ്കോറിൽ ഉൾപ്പെടുത്താനുള്ള നടപടികൾ ഇതിന്റെ ഭാഗമായുണ്ടാകണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ കോവിഡ് പാക്കേജിന്റെ ഭാഗമായുള്ള വ്യാപാര ലോണുകൾ നൽകുന്നതിൽ സർക്കാർ വേണ്ടത്ര ജാഗ്രത കാണിച്ചിട്ടില്ല. പ്രസ്തുത ലോൺ നൽകിയിരുന്നുവെങ്കിൽ താൽക്കാലികമായി വ്യാപാരികൾക്ക് പിടിച്ചുനിൽക്കാനും അതുവഴി അവരുടെ ജീവിതം പച്ചപിടിപ്പിക്കുവാനും സാധിക്കുമായിരു ലോക്ക്ഡൗണിനെത്തുടർന്ന് വ്യാപാര സ്ഥാപനങ്ങൾ അടച്ചിടുമ്പോൾ ചരക്കു സേവന നികുതി നൽകുന്ന സംസ്ഥാനത്തെ 20,000-ത്തിലധികം വരുന്ന വ്യാപാരികൾ കച്ചവടം നിർത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ സൂപ്പർ മാർക്കറ്റുകളും മാളുകളും വലിയ വ്യാപാര സ്ഥാപനങ്ങളും യഥേഷ്ടം ആരംഭിക്കുവാൻ ലൈസൻസ് നൽകുന്നരീതി പുനഃപരിശോധിക്കണം. തദ്ദേശഭരണ സ്ഥാപനത്തിലെ ജനസംഖ്യയുടെയും മറ്റും അടിസ്ഥാനത്തിൽ

എത്ര സ്ഥാപനങ്ങൾ പ്രസ്തുത തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലാകാമെന്ന് പഠനം നടത്തി അത്രയും സ്ഥാപനങ്ങൾക്കുമാത്രമേ ലൈസൻസ് നൽകാവൂ. ഇതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെയും വ്യാപാരികളുടെയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കണം. ഓരോ പഞ്ചായത്ത്, നഗരസഭ എന്നിവയുടെ പരിധിയിൽ പുതിയതായി സ്ഥാപനം തുടങ്ങുവാൻ വരുന്ന സംരംഭകരെ കാര്യങ്ങൾ ബോധ്യപ്പെടുത്തി അതിലേയ്ക്ക് കൊണ്ടുവരാനാവശ്യമായ ശ്രമം നടത്താവുന്നതാണ്. കോവിഡ് കാലത്ത് സർക്കാർ നിയന്ത്രണങ്ങളുടെ ഭാഗമായി കച്ചവട സ്ഥാപനങ്ങൾ മാസങ്ങളോളം അടഞ്ഞുകിടന്നപ്പോൾ വാടക നൽകാൻ കഴിയാതെ വ്യാപാരികൾ പ്രയാസപ്പെടുന്നുണ്ടായിരുന്നു. ലോൺ എടുത്തുവാങ്ങിയ സാധനങ്ങൾ വിറ്റഴിക്കാൻ നിവൃത്തിയില്ലാതെ സാമ്പത്തിക പ്രതിസന്ധിയിലാണ് ഓരോ വ്യാപാരികളും. വാടക നിയന്ത്രണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി വ്യാപാരികളെക്കൂടി സഹായിക്കുന്ന നിലപാട് സ്വീകരിക്കണം. സ്ത്രീ സംരംഭകർ നേരിടുന്ന നിരവധി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. ബ്യൂട്ടി പാർലറുകൾ, ചെറുകിട കച്ചവടം, മത്സ്യവിൽപ്പന, ചെറുയാത്ര വാഹനങ്ങൾ, തയ്യൽകട തുടങ്ങിയ

സ്ഥാപനങ്ങൾ നടത്തുന്നതിനായി വലിയ തുക വായ്പയെടുത്തവർ കോവിഡ് പ്രതിസന്ധികാരണം തിരിച്ചടവ് മുടങ്ങിയ അവസ്ഥയിലാണ്. ഇവർക്ക് അടിയന്തരമായി ധനസഹായം അനുവദിക്കാനുള്ള നടപടികളുണ്ടാകണം. അതോടൊപ്പംതന്നെ ഈ മഹാമാരിയുടെയും സർക്കാർ നിയന്ത്രണങ്ങളുടെയും ഭാഗമായി തെരുവുകച്ചവടക്കാരും വളരെയധികം പ്രയാസങ്ങളാണ് അനുഭവിക്കുന്നത്. അവരെയും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കച്ചവടമേഖലയിൽ ഇന്ന് നേരിടുന്ന പ്രയാസങ്ങളെ അതിജീവിക്കാൻ കഴിയുന്ന നയമുണ്ടാകണം. കേന്ദ്ര സർക്കാരിന്റെ Department for Promotion of Industries and Internal Trade (DPIIT) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ Ease of doing business റാങ്ക് നിശ്ചയിക്കുന്നത്. സംസ്ഥാനത്ത് വ്യവസായസംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ ലൈസൻസുകൾ സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുക, ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കുക തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകളുടെയും

സംരംഭകരുടെ ഇടയിൽ ഡി.പി.ഐ.ഐ.ടി. നടത്തുന്ന അഭിപ്രായ സർവ്വേയുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ റാങ്ക് നിർണ്ണയിക്കുന്നത്. കേന്ദ്ര വ്യവസായ പ്രോത്സാഹന മന്ത്രാലയം പ്രസിദ്ധീകരിച്ച Ease of doing business-ൽ കേരളത്തിന്റെ സ്ഥാനം ഏറ്റവും പിറകിലാണ്. അതുകൊണ്ടുതന്നെ ഈ വ്യാപാരമേഖലയിൽ കച്ചവടക്കാരും സ്ഥാപനങ്ങളും ഉടമകളും നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഇന്ന് കേരള പിറവിദിനമാണ്. 1957-ലെ ആദ്യ നിയമസഭ മുതൽ ഇന്നുവരെ ഏതാണ്ട് 3,379 സിറ്റിംഗാണ് ഈ നിയമസഭയിൽ നടന്നിട്ടുള്ളത്. ഈ വെള്ളിയാഴ്ച (29-10-2021) പാസ്സാക്കിയ 2021-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി ഭേദഗതി ബില്ലും പൊതുവിൽപ്പന നികുതി ഭേദഗതി ബില്ലും ധനസംബന്ധമായ ഉത്തരവാദിത്വ ഭേദഗതി ബില്ലും അടക്കം 1,718 ബില്ലുകളാണ് ഇന്നുവരെ കേരള നിയമസഭ പാസ്സാക്കിയിട്ടുള്ളത്. ഈ സെഷൻ

നിയമനിർമ്മാണത്തിന് മാത്രമായി പ്രത്യേകം ചേരുന്ന സെഷനായതുകൊണ്ടാണ് ഈ കേരള പിറവി ദിനത്തിൽ സഭയുടെ നിയമനിർമ്മാണത്തിന്റെ ചരിത്രം ആമുഖമായി സൂചിപ്പിച്ചത്. ഏറ്റവും കൂടുതൽ നിയമനിർമ്മാണങ്ങൾ നടന്നത് ഏഴുവർഷക്കാല പരിധിയുണ്ടായിരുന്ന നാലാം കേരള നിയമസഭയിലാണ്. 226 നിയമനിർമ്മാണ ബില്ലുകളാണ് നിയമമായി പാസ്സാക്കിയെടുത്തത്. അതുപോലെതന്നെ ഏറ്റവും കൂടുതൽ നിയമനിർമ്മാണം നടന്നത് തദ്ദേശസ്വയംഭരണത്തിലും അധികാര വികേന്ദ്രീകരണത്തിലുമാണ്. 162 നിയമങ്ങൾ. അതിൽ കഴിഞ്ഞ ദിവസങ്ങളിൽ പാസ്സാക്കിയ രണ്ടുമൂന്നെണ്ണംകൂടി ചേർക്കാനുണ്ട്. പ്രധാനപ്പെട്ട മറ്റൊരു കാര്യം ചേർത്ത് പറയേണ്ടിവരും. ഇന്ന് മാതൃഭൂമി ദിനപത്രം റിപ്പോർട്ട് ചെയ്തിട്ടുള്ളത്, 'കേരളത്തിന് അറുപത്തിയഞ്ച് വയസ്സ്, ഔദ്യോഗികമായില്ല മലയാളം' എന്നാണ്. കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാർ മലയാളത്തെ ശ്രേഷ്ഠഭാഷയാക്കാനുള്ള വളരെ അഭിമാനകരമായ നേട്ടം നമ്മുടെ നാടിനെ യാഥാർത്ഥ്യമാക്കി. ഒരുപാടുപേരുടെ ദീർഘകാലത്തെ സ്വപ്നവും ആഗ്രഹവുമായിരുന്നു. ഒരുപാട് കടമ്പകൾ കടക്കേണ്ടതായിട്ടുണ്ടായിരുന്നു.

ശ്രേഷ്ഠഭാഷയായെങ്കിലും ഔദ്യോഗിക ഭാഷയായി ഇപ്പോഴും നമുക്ക് മാറാൻ കഴിഞ്ഞിട്ടില്ല. 2015-ലെ മലയാള ഭാഷ വ്യാപനവും പരിപോഷണവും ബിൽ നമ്മുടെ നിയമസഭ ഐകകണ്ഠേന പാസ്സാക്കിയതാണ്. പക്ഷേ, രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ച് ആറുവർഷം കഴിഞ്ഞിട്ടും ഇതുവരെയും അത് തിരിച്ചുകിട്ടിയിട്ടില്ല, അതിന് അംഗീകാരം ലഭിച്ചിട്ടില്ല. അടിയന്തരമായി സർക്കാർ ഈ കാര്യത്തിൽ വേണ്ട ഇടപെടലുകൾ നടത്തണം. ഇല്ലെങ്കിൽ അത് നമുക്ക് വലിയ പ്രയാസമാണ്. ഏകകണ്ഠമായി പാസാക്കിയ ഒരു നിയമം ആയതുകൊണ്ട് അപമാനം എന്ന് ഞാൻ പറയുന്നില്ല. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ഇടപെടണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. നിയമനിർമ്മാണത്തിന്റെ ചരിത്രം നോക്കുമ്പോൾ 1977-ൽ നിയമസഭ പാസ്സാക്കിയ കേരള കാഷ്വൽ, ടെമ്പററി ആൻഡ് ബദലി വർക്കേഴ്സ് ബിൽ രാഷ്ട്രപതിക്ക് അയച്ചിട്ട് പന്ത്രണ്ടുകൊല്ലം കഴിഞ്ഞാണ് പാസ്സാക്കാൻ കഴിഞ്ഞത്. ഏതാണ്ട് ഒമ്പതുകൊല്ലം കഴിഞ്ഞാണ് രാഷ്ട്രപതി ഭവനിൽനിന്നും നമുക്ക് തിരിച്ചുകിട്ടിയത്. പിന്നീട് അത് പാസ്സാക്കിയെടുത്തു. ആ അവസ്ഥ ഈ ബില്ലിന് ഉണ്ടാകാതിരിക്കണം. പ്രത്യേകിച്ച് ഔദ്യോഗിക ഭാഷയാക്കാനുള്ള നമ്മുടെ ആഗ്രഹത്തെ

സംബന്ധിച്ചുള്ള നിയമനിർമ്മാണം ഏകകണ്ഠമായി പാസ്സാക്കിയതുകൊണ്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ഭേദഗതി ബില്ലിൽ പ്രധാനമായും ഒരു കാര്യമാണുള്ളത്. ഇതിന്റെ പ്രിൻസിപ്പൽ ആക്ടിലുണ്ടായിരുന്ന രണ്ടാം വകുപ്പിൽ 9 (എ) ഭേദഗതി കൊണ്ടുവരികയാണ്. 9 (ബി)-ൽ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം ചേർക്കുകയാണ്. ഇത് സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട്, വാർഷിക പുതുക്കലുമായി ബന്ധപ്പെട്ട കാര്യമാണ്. ഇത് ലേബർ ലെജിസ്ലേഷൻസാണ്. ഒരുപാട് പ്രയാസങ്ങളും സങ്കടങ്ങളും ദുരിതങ്ങളുമുള്ള ആളുകൾ ജോലി ചെയ്യുന്ന ഒരു മേഖലയാണ്. ലേബർ ലെജിസ്ലേഷനെ ആഴത്തിൽ പരിശോധിക്കുമ്പോൾ അതിൽ വെൽഫെയറിന്റേതായ അംശങ്ങൾ തീരെയില്ലെന്ന് കാണാൻ കഴിയും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2006-ലാണല്ലോ ഈ നിയമം വരുന്നത്. ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് അംശദായം തിരിച്ചു കൊടുക്കുന്നുണ്ട് എന്നതിനെ സംബന്ധിച്ച് അങ്ങേയ്ക്കറിയാമോ? ഓരോ വർഷക്കാലവും അവർ അടയ്ക്കുന്ന തുക 60 വയസ് കഴിയുമ്പോൾ

അവർക്ക് തിരിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചും കേരളത്തിൽ ഇന്ന് നിലവിലുള്ള പല ക്ഷേമനിധികളിൽനിന്നും വ്യത്യസ്തമായി ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്ന ഒരു ക്ഷേമനിധിയാണ് ഇത് എന്നതുസംബന്ധിച്ചും ഇതിനെന്തെല്ലാം ആനുകൂല്യങ്ങൾ ഉണ്ട് എന്നതിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കി കാണുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ മനസിലാക്കിക്കൊണ്ടു തന്നെയാണ് പറയുന്നത്. ഇത് കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ഭേദഗതി ബില്ലാണ്. അങ്ങ് സൂചിപ്പിച്ചത് തൊട്ടുമുമ്പെടുത്തെ ബില്ലിനെ സംബന്ധിച്ചാണ്. രണ്ടാമതെടുത്ത ബില്ലിനകത്താണ് ഈകാര്യം പറയുന്നത്. ഞാൻ പറഞ്ഞുവന്നത്, ഈ മേഖലയിൽ ജോലിയെടുക്കുന്നവർ ഒരുപാട് പ്രയാസം അനുഭവിക്കുന്നുണ്ട്. പ്രത്യേകിച്ച് കടകളിൽ, മാളുകളിൽ, സൂപ്പർ മാർക്കറ്റുകളിൽ ജോലി ചെയ്യുന്നവർ. വളരെ കാലംമുമ്പ് കണ്ട ഒരു തമിഴ് സിനിമയാണ് വസന്തബാലൻ സംവിധാനം ചെയ്ത 'അങ്ങാടിതെരു'. അങ്ങാടിതെരു എന്നു പറയുന്നത് ചെന്നൈയിലെ രംഗനാഥപുരം സ്ട്രീറ്റിലെ ഒരു വലിയ ടെക്സ്റ്റൈയിൽസിൽ അച്ഛൻ മരണപ്പെട്ടശേഷം കുടുംബത്തിന്റെ

ഭാരം ഏൽക്കേണ്ടിവരുന്ന ജ്യോതിലിംഗം എന്ന ഒരു ചെറുപ്പക്കാരൻ അവിടെ ജോലിക്കുവരുന്നതും അവിടെവച്ച് പരിചയപ്പെടുന്ന കനി എന്ന ജീവനക്കാരിയുമായി പ്രണയത്തിലാകുന്നതുമാണ്. നമ്മുടെ മനസ്സിനെ പിടിച്ചുകുലുക്കുന്ന പ്രമേയമാണത്. കോൺസൻട്രേഷൻ ക്യാമ്പുകൾപോലെ, ജയിലുകൾപോലെ, ഇതുപോലെയുള്ള വ്യാപാര സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ പൊള്ളുന്ന ജീവിതാനുഭവങ്ങളുടെ നേർകാഴ്ചയാണ് വസന്തബാലൻ 'അങ്ങാടിതെരു' എന്ന സിനിമയിലൂടെ വരച്ചുകാട്ടിയത്. ആ സിനിമ തമിഴ്നാട്ടിലും ഇന്ത്യയിലൊട്ടാകെയും ഒരുപാട് ചർച്ചചെയ്ത സിനിമയാണ്.

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 1960-ൽ വളരെ വിശാലമായി ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ hours of work, ഹോളിഡേയ്സ്, ലീവ്, വേജസ്, ഹെൽത്ത് ആൻഡ് സേഫ്റ്റി എന്നിവയെക്കുറിച്ച് പറയുന്നുണ്ട്. ഇതെല്ലാം കൃത്യമായി തൊഴിലുടമ ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള എൻഫോഴ്സ്മെന്റിനെക്കുറിച്ചും പറയുന്നുണ്ട്. 1960-ൽ പാസ്സാക്കിയ നിയമത്തിന്റെ അമെന്റ്മെന്റ് ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ 1960-ൽ അംഗീകരിച്ച കാര്യങ്ങൾ

സൂപ്പർമാർക്കറ്റുകളിലും മാളുകളിലും വ്യാപാരസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്നുള്ള പരിശോധന ഈ നിയമനിർമ്മാണ സഭ ആഴത്തിൽ നടത്തേണ്ടതാണ് എന്നാണ് സമയച്ചുരുക്കംകൊണ്ട് ഞാൻ സൂചിപ്പിക്കുന്നത്. ഇത് ഒരുവശമാണ്. ഇതിന്റെ മറുവശമെന്താണ്? വലിയ മാളുകളും സൂപ്പർമാർക്കറ്റുകളും മാത്രമല്ല ഒരുപാട് ചെറുകിട വ്യാപാര സ്ഥാപനങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ലോക്ഡൗൺ കാലത്തുമാത്രം ജി.എസ്.ടി.-യിലുൾപ്പെട്ടിട്ടുള്ള മൂവായിരത്തി അഞ്ഞൂറോളം വ്യാപാര സ്ഥാപനങ്ങൾ കേരളത്തിൽ അടച്ചിട്ടുണ്ട്. സർക്കാർ ഇളവെല്ലാം കൊടുത്ത് വ്യാപാര സ്ഥാപനങ്ങൾ തുറക്കാൻ തീരുമാനിക്കുമ്പോഴേയ്ക്കും തുറക്കാൻ കഴിയാത്തവിധം  കടഭാരം കയറി മൂവായിരത്തി അഞ്ഞൂറോളം വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞുപോയിട്ടുണ്ടെന്നുള്ള വസ്തുത നാം പരിശോധിക്കണം. രണ്ട് വർഷം മുമ്പുവരെയുള്ള കണക്കെടുക്കുകയാണെങ്കിൽ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്  ആക്ടിന്റെ കീഴിൽ ഏതാണ്ട് 265893 ചെറുകിട വ്യാപാര സ്ഥാപനങ്ങളും 46262 വാണിജ്യ കേന്ദ്രങ്ങളുമുണ്ടായിരുന്നു. പത്ത്

ലക്ഷത്തിനുമുകളിൽ തൊഴിലാളികൾ ജോലി ചെയ്തുകൊണ്ടിരുന്ന സ്ഥാപനങ്ങളാണിവ. നമുക്കറിയാവുന്നതുപോലെ, ഒരു ദിവസം രാത്രി 8 മണിക്ക് അപ്രതീക്ഷിതമായി രാജ്യത്തെ ഞെട്ടിച്ചുകൊണ്ട് ഇന്ത്യൻ പ്രധാനമന്ത്രി പ്രഖ്യാപിച്ച നോട്ട് നിരോധനം, യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ കൊണ്ടുവന്ന ജി.എസ്.ടി. പരിഷ്കാരം, അശാസ്ത്രീയമായ അതിന്റെ നടപ്പിലാക്കൽ, അതിനുശേഷം കേരളത്തിലെ രണ്ട് പ്രളയങ്ങൾ. ബഹുമാനപ്പെട്ട എം. കെ. മുനീർ ഇവിടെ പറഞ്ഞു. ഞാൻ മുമ്പ് പ്രതിനിധാനം ചെയ്ത നിയമസഭാ മണ്ഡലത്തിന് വളരെ അടുത്തായിരുന്നു റാന്നി. റാന്നി എം.എൽ.എ. ഇപ്പോൾ സഭയിലില്ല, റാന്നി ഇട്ടിയപ്പാറയിലെ വ്യാപാരികൾ എല്ലാം നഷ്ടപ്പെട്ടവരാണ്. അങ്ങ് (ശ്രീ. ചിറ്റയം ഗോപകുമാർ) പത്തനംതിട്ട ജില്ലയിലെ അടൂർ നിയമസഭാ മണ്ഡലത്തിലെ സാമാജികനാണ്. ആ വ്യാപാരികൾക്ക് യാതൊരു നഷ്ടപരിഹാരവും കൃത്യമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രളയ സെസ് പിരിച്ചു. പക്ഷേ, എല്ലാം നഷ്ടപ്പെട്ട ഈ വ്യാപാരികൾക്ക് എന്ത് നഷ്ടപരിഹാരമാണ് കൊടുക്കാൻ കഴിഞ്ഞത്. പ്രളയവും ജി.എസ്.ടി.-യിലെ അശാസ്ത്രീയതയും

നോട്ട് നിരോധനവുംകൊണ്ട് തകർന്ന് തരിപ്പണമായ വ്യാപാരികളുടെ അടുത്തേയ്ക്കാണ് ഈ കോവിഡ് നിയന്ത്രണങ്ങൾവന്ന് അവർ അതിന്റെയുംകൂടി പ്രതിസന്ധിയിലായത്. ചങ്ങനാശ്ശേരിയിലെ കുറിച്ചിയിൽ വിനായക ഹോട്ടൽ നടത്തിയിരുന്ന സരിൻ മോഹൻ ഫെയ്സ്ബുക്കിൽ കുറിപ്പെഴുതിവച്ചിട്ട് ആത്മഹത്യ ചെയ്തു. ബഹുമാന്യനായ എം. കെ. മുനീർ രാവിലെ അതിവിടെ വായിച്ചു. അദ്ദേഹം ഫെയ്സ്ബുക്കിൽ എഴുതിയതെന്താണ്? "ആറുമാസം മുമ്പുവരെ കുഴപ്പമില്ലാതിരുന്ന ഹോട്ടലായിരുന്നു. അശാസ്ത്രീയമായ ലോക്ഡൗൺ തീരുമാനങ്ങൾ എല്ലാം തകർത്തു. ഇനി ആറ് വർഷം ജോലി ചെയ്താലും എന്റെ കടങ്ങൾ തീരില്ല. ഇനി നോക്കിയിട്ടും കാര്യമില്ല. എന്റെ മരണത്തോടുകൂടിയെങ്കിലും സർക്കാരിന്റെ മണ്ടൻ തീരുമാനങ്ങൾ അവസാനിപ്പിക്കാൻ ശ്രമിക്കുക. സാധാരണക്കാരുടെ ജീവിതങ്ങൾ തകർക്കരുത്. എന്റെ മരണത്തിനുത്തരവാദി ഈ സർക്കാർ മാത്രമാണ്. എങ്ങനെ ഒരു സാധാരണക്കാരനെ കടക്കെണിയിൽ കുടുക്കി ജീവിതം നശിപ്പിക്കാം. ഞാൻ എല്ലാം വായിക്കുന്നില്ല. അവസാനം അദ്ദേഹം പറയുന്നു, സഹായിക്കാൻ നല്ല മനസ്സുള്ളവർ എന്റെ കുടുംബത്തെ സഹായിക്കുക. ഇളയ മകന്

ഓട്ടിസമാണ്. അവനും ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമുണ്ട്. എന്റെ ഫോൺ എടുക്കുന്ന പോലീസുകാർ അത് വീട്ടിൽ കൊടുക്കണം. എന്റെ മകൾക്ക് ഓൺലൈൻ ക്ലാസുള്ളതാണ്.'' എന്ന് കുറിപ്പെഴുതിവച്ചിട്ട് ഒരു വ്യാപാരി ആത്മഹത്യ ചെയ്തു. ഒരു വ്യാപാരിക്ക് മാത്രമല്ല ഇത് സംഭവിച്ചത്. ഇങ്ങനെ നിരവധി വ്യാപാരികൾ, ബേക്കറി ഉടമ, ലൈറ്റ് ആൻഡ് സൗണ്ട്സ് മേഖലയിൽ പണിയെടുത്ത ആളുകൾ, പലചരക്കുകട നടത്തുന്ന ആളുകൾ, സ്റ്റുഡിയോ നടത്തിയ ആളുകൾ. നമുക്ക് യഥാസമയം അവരെയൊന്നും പിന്തുണയ്ക്കാൻ കഴിയുന്നില്ലെങ്കിൽ, സാധാരണപോലെ കാര്യങ്ങൾ ചെയ്യാനാണെങ്കിൽ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ പോരേ? സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും ജീവിതാനുഭവങ്ങളും പ്രയാസങ്ങളും കഷ്ടപ്പാടുകളും ദുരിതങ്ങളും അറിയാനും കേൾക്കാനുമാണ് ജനങ്ങൾ തെരഞ്ഞെടുത്തയയ്ക്കുന്ന ഒരു ഗവൺമെന്റുണ്ടാകേണ്ടത്. ഈ പ്രതിസന്ധി ഘട്ടത്തിൽ ഗവൺമെന്റിന്റെ സാന്നിദ്ധ്യം ആ രൂപത്തിൽ വ്യാപാര മേഖലയിലുണ്ടായില്ല. ഈ നിയന്ത്രണങ്ങളെല്ലാം വ്യാപാരികൾക്കുണ്ടായിരുന്ന സമയത്ത് ഒരു നിയന്ത്രണവുമില്ലാതെ ഇവിടെ ഓൺലൈൻ കച്ചവടമുണ്ടായി. ലോക്ഡൗൺ ഒന്നും അവർക്ക്

ബാധകമായിരുന്നില്ല. ആമസോൺ, ഫ്ലിപ്കാർട്ട്, ഇ-കാർട്ട്, ഇൻസ്റ്റാകാർട്ട്, മെഡ്ലൈഫ്, നെറ്റ്മെഡ്സ് എന്നിവ പ്രവർത്തിക്കുന്നതിന് യാതൊരു നിയന്ത്രണവുമുണ്ടായിരുന്നില്ല. അവർ ഇവിടെ ഇ-കൊമേഴ്സ് വ്യാപാരം പൊടിപൊടിച്ചു. അപ്പോൾ ചെറുകിട വ്യാപാരികൾ കൂടുതൽ പ്രതിസന്ധിയിലായി. അവർ സർക്കാരുമായി സഹകരിച്ച് ലോക്ഡൗൺ മാനദണ്ഡങ്ങളെല്ലാം അംഗീകരിച്ചു. പക്ഷേ ആ മാനദണ്ഡങ്ങളൊന്നും ഈ ബഹുരാഷ്ട്ര ഭീമന്മാർക്ക് ബാധകമായിരുന്നില്ല. ലോക്ഡൗൺ കാലത്ത് ഓൺലൈൻ വ്യാപാരത്തിലേയ്ക്കുപോയ ആളുകൾ പിന്നീട് തിരിച്ചുവരികയുമില്ല. ഇ-കൊമേഴ്സ് വ്യാപാരത്തിലേയ്ക്ക് അവർ പോകുകയാണ്. ഇത്തരത്തിലുള്ള നിയമ നിർമ്മാണങ്ങൾ വരുമ്പോൾ ഇവിടെ ജോലി ചെയ്യുന്ന സാധാരണക്കാരായ പാവപ്പെട്ട തൊഴിലാളികളുടെ അവശതകൾ പരിഹരിക്കാൻ നിലവിലുള്ള നിയമനിർമ്മാണങ്ങളുടെ കൃത്യമായ ഇടപെടലുണ്ടാകുന്നുണ്ടോ എന്ന പരിശോധനയും അതോടൊപ്പം നമ്മുടെ നാട്ടിലെ പാവപ്പെട്ട ചെറുകിട കച്ചവടക്കാരെ സംരക്ഷിക്കാൻ കഴിയുന്ന സമീപനങ്ങളും ഉണ്ടാകണമായിരുന്നു. അതുണ്ടായില്ലെന്ന ദൗർഭാഗ്യകരമായ കാര്യം ഇനി ആവർത്തിക്കരുതെന്ന അഭ്യർത്ഥനയോടെ ഞാൻ എന്റെ

വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വി. ജോയി): സർ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 08.11.2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ സൂചിപ്പിച്ചതുപോലെ, സംസ്ഥാനത്തെ ഷോപ്പുകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്നവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനും അവർക്ക് മാന്യമായ വേതനം ലഭിക്കുന്നതിനും വേണ്ടിയുള്ളതാണ് വളരെ പഴക്കം ചെന്ന ഈ ബിൽ. ട്രാവൻകൂർ-കൊച്ചിനിലെ 1125-ലെ ആക്ടും ഇവിടെ സൂചിപ്പിച്ചതുപോലെ, മദ്രാസിലെ 1947-ലെ ആക്ടും സംയോജിപ്പിച്ചുകൊണ്ട് കേരള സംസ്ഥാനം രൂപീകരിച്ചതിനുശേഷംവന്ന ഏറ്റവും പ്രധാനപ്പെട്ടതും വളരെ പഴക്കമുള്ളതുമായ ബില്ലാണിത്. ഈ ബില്ലിലെ ഭേദഗതികളെ സംബന്ധിച്ച് ചില അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ഭേദഗതി കാലാനുസരണമാണെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇപ്പോഴുള്ള

രജിസ്ട്രേഷൻ മാനുവലാണ്. മാനുവൽ രജിസ്ട്രേഷൻ വഴി നമ്പർ നൽകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. അത് ഈ ഭേദഗതിയിലൂടെ ഓൺലൈൻ രജിസ്ട്രേഷനാക്കി മാറ്റുകയാണ്. അത് കാലത്തിനനുസൃതമായി വരുന്ന നല്ലൊരു മാറ്റമാണ്. പോർട്ടലിലെ രജിസ്ട്രേഷനുകൾ ആട്ടോ ആക്കി മാറ്റുകയാണ്. ഇതിന്റെ ഭാഗമായി സ്ഥാപന ഉടമകൾക്ക് ഓഫീസിൽ വരാതെതന്നെ രജിസ്ട്രേഷൻ എടുക്കാവുന്ന സാഹചര്യം വരികയാണ്. നിലവിലുള്ള രജിസ്ട്രേഷനുകൾ പുതുക്കാനും ഓൺലൈനായി ഫീസ് അടയ്ക്കാനുള്ള സംവിധാനവും ആട്ടോ റിന്യൂവൽ സിസ്റ്റവും ഇതിന്റെ ഭാഗമായി വരികയാണ്. ഇതുമായി ബന്ധപ്പെട്ട് ഏതാണ്ട് 3,53,000 രജിസ്ട്രേഷനുകളാണ് ഇപ്പോൾ വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ തൊഴിലാളികളുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നാം അഡ്രസ് ചെയ്യേണ്ടതായിട്ടുണ്ട്. ഈ ആക്ടിന്റെ ഭാഗമായി വിപുലമായ അധികാരങ്ങളാണ് നൽകിയിരിക്കുന്നത്. അത് എത്രമാത്രം നടപ്പിലാകുന്നുണ്ട് എന്നതിനെസംബന്ധിച്ച് പരിശോധന നടത്തേണ്ടതായി വരും. ഇതിൽ ഏറ്റവും പ്രധാനം തൊഴിൽ സ്ഥിരതയാണ്. ഷോപ്പുകളിലും

വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ആളുകളുടെ തൊഴിൽ സ്ഥിരതയാണ്. പലപ്പോഴും കണ്ണീരോടെ പൊതുപ്രവർത്തകരുടെയും മറ്റും അടുത്തേയ്ക്കുവരുന്ന സാഹചര്യമാണ്. ഞാൻ മൂന്ന് മാസം ജോലി ചെയ്തു. അല്ലെങ്കിൽ ആറ് മാസം ജോലി ചെയ്തു. എന്നെ നിർദ്ദാക്ഷിണ്യം കടയിൽനിന്ന് പറഞ്ഞുവിട്ടു. ഇത്തരത്തിലുള്ള അനുഭവങ്ങൾ ധാരാളം വരുന്നുണ്ട്. ഒരു തൊഴിലാളിയെ സംബന്ധിച്ചിടത്തോളം അവന്റെ തൊഴിൽ സ്ഥിരത എത്രമാത്രം ഉറപ്പാക്കാൻ സാധിക്കുന്നുണ്ടെന്നുള്ളത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട കുണ്ടറ എം.എൽ.എ. പ്രതിദിന ജോലി സമയത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ 8 മണിക്കൂറാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അത് ആഴ്ചയിൽ 48 മണിക്കൂറായി പരിമിതപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഇത് എത്രത്തോളം നടക്കുന്നുണ്ട്. തൊഴിലാളികളുടെ ജോലി സമയത്തിന് എത്രമാത്രം പ്രാധാന്യം ലഭിക്കുന്നുണ്ട് എന്നതിനെ സംബന്ധിച്ച് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. തൊഴിലാളിക്ക് കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും വിശ്രമം നൽകണമെന്നതിനെ സംബന്ധിച്ച് ഈ ആക്ടിൽ പറയുന്നുണ്ട്. തൊഴിലാളികൾക്ക് അർഹമായ പരിഗണന നൽകുന്ന ഈ കേരളത്തിൽ

പതിനാറോളം ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, അവരെ സഹായിക്കാൻ അല്ലെങ്കിൽ അവരുടെ പ്രശ്നങ്ങളിൽ ഇടപെടാൻ നമുക്ക് എത്രത്തോളം കഴിയുന്നുണ്ടെന്നുള്ളത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. വേതനത്തെ സംബന്ധിച്ചുപോലും പലപ്പോഴും കൃത്യത വരുന്നില്ല. ഇക്കാര്യങ്ങൾ പരിശോധിക്കേണ്ട ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ എത്രമാത്രം ജോലിയാണ് എടുക്കുന്നത് എന്നതിനെ സംബന്ധിച്ചും പ്രത്യേകമായിട്ടുള്ള പരിശോധന ആവശ്യമാണ്. ചൂഷണത്തെ സംബന്ധിച്ച് പറയുമ്പോൾ, ടെക്സ്റ്റൈൽസുകളിലെ ചൂഷണമാണ് ഏറ്റവും പ്രധാനമായി നമ്മൾ മനസ്സിലാക്കേണ്ടത്. വലിയ ടെക്സ്റ്റൈൽസുകളിലെല്ലാം നൂറുകണക്കിന് സ്ത്രീ തൊഴിലാളികളും ഇതരസംസ്ഥാന തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. അവരുടെ ക്ഷേമം എങ്ങനെയാണ്, രജിസ്ട്രേഷന്റെ ഭാഗമായി അവരുടെയെല്ലാം പേരുകൾ ഉൾപ്പെടുത്തുന്നുണ്ടോ, അത്തരം കാര്യങ്ങളെക്കുറിച്ചുള്ള പരിശോധന ലേബർ ഡിപ്പാർട്ടുമെന്റ് എത്രത്തോളം നടത്തുന്നു എന്നതിനെ സംബന്ധിച്ചും പരിശോധിക്കേണ്ടതായിട്ടുണ്ട്. എത്ര ഷോപ്പുകളിൽ അല്ലെങ്കിൽ വാണിജ്യ സ്ഥാപനങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സംവിധാനങ്ങളുണ്ടെന്ന കാര്യവും

പരിശോധനാവിധേയമാക്കണം. ഇതെല്ലാം പരിശോധിക്കപ്പെടേണ്ട ഉദ്യോഗസ്ഥവൃന്ദം അത് എത്രത്തോളം പരിശോധിക്കുന്നുണ്ട് എന്നുള്ളത് നമ്മൾ സീരിയസ്സായി നോക്കേണ്ട കാര്യമാണ്. അതുപോലെ തൊഴിലാളികൾ ആരെങ്കിലും അവധിക്ക് അപേക്ഷിച്ചാൽ അവധി കഴിഞ്ഞ് തിരിച്ചുവരുമ്പോൾ അവർക്ക് ജോലിയുണ്ടാകുമോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചും സീരിയസ്സായി മനസ്സിലാക്കേണ്ടതായിട്ടുണ്ട് എന്നതാണ് എന്റെ അഭിപ്രായം. കാലോചിതമായ മാറ്റം ഈ വകുപ്പിലും നടത്തേണ്ടതായിട്ടുണ്ട്. ബഹുമാന്യനായ ടി. പി. രാമകൃഷ്ണൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ടെക്സ്റ്റൈൽസുകളിൽ പ്രത്യേകിച്ചും സ്ത്രീ തൊഴിലാളികൾക്ക് ഇരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും അതിനാവശ്യമായിട്ടുള്ള നിയമഭേദഗതി വരുത്തുകയും ചെയ്തത്. അക്കാര്യവും നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. എന്നാൽ എറണാകുളത്തെ ഒരു സ്വകാര്യ സ്ഥാപനത്തിൽ ഇരുന്നുകൊണ്ടുള്ള ജോലിയാണ് ചെയ്യുന്നത്. ഇരുന്നുകൊണ്ട് ജോലി ചെയ്യുന്ന സ്ഥാപനത്തിൽനിന്നും തൊഴിലാളിക്ക് എഴുന്നേൽക്കാൻ പാടില്ല. കാരണം ഇവർക്ക് കൊടുക്കുന്നത് പീസ്

വർക്കാണ്. ഈ സ്ഥാപനത്തിന്റെ ഉടമയാണ് കേരളത്തിൽ തൊഴിൽ നടത്താൻ സൗകര്യമില്ല അല്ലെങ്കിൽ തൊഴിലിന് അനുയോജ്യമായ സാഹചര്യമില്ലായെന്ന് പ്രഖ്യാപിക്കുകയും മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോകുകയും ചെയ്തത്. ആ സ്ഥാപനത്തിൽ രാവിലെ എട്ട് മണിക്ക് ജോലിക്ക് കയറുന്നവർക്ക് ഒരു പീസ് വർക്ക് കൊടുത്താൽ ആ പീസ് വർക്ക് ചെയ്തുതീരുന്നതുവരെ തൊഴിലാളി എഴുന്നേൽക്കാൻ പാടില്ലായെന്ന വ്യവസ്ഥയുണ്ട്. അങ്ങനെ പുതിയ രീതിയിൽ തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന പ്രത്യേക സാഹചര്യം നമ്മുടെ നാട്ടിലുണ്ട് എന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്.

കോവിഡിന്റെ പശ്ചാത്തലത്തിൽ കടകൾ അടച്ചുപൂട്ടിപോകുന്ന അല്ലെങ്കിൽ കടയുടമകൾ ആത്മഹത്യ ചെയ്യുന്നു എന്നുള്ളതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇവിടെ സംസാരിക്കുമ്പോൾ പ്രധാനമായും സൂചിപ്പിക്കുന്ന ചില കാര്യങ്ങൾ. കേരളത്തിൽ മാത്രമുള്ള പ്രതിഭാസമായിട്ടാണ് പ്രതിപക്ഷം ഇതിനെ കാണുന്നതെന്നാണ് എനിക്ക് തോന്നുന്നത്. കാരണം കോവിഡ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വിളിച്ചുവരുത്തിക്കൊണ്ടുവന്നതാണ് എന്ന

നിലയിലാണ് ചില സംസാരങ്ങൾ വരുന്നത്. ലോകത്താകെ വന്നിട്ടുള്ള കോവിഡിന്റെ സാഹചര്യം കേരളത്തെയും കേരളത്തിലെ ചെറുകിട കച്ചവടക്കാർ മുതൽ എല്ലാ ജനവിഭാഗങ്ങളെയും ബാധിച്ചിട്ടുണ്ട്. ചെറുകിട കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം, അവർ കൂടുതൽ രൂക്ഷമായിട്ടുള്ള സാഹചര്യത്തെ നേരിടുന്നുണ്ട്. അവരെ സഹായിക്കുന്നതിനുവേണ്ടി ജി.എസ്.ടി.-യുടെ കാര്യത്തിലും നികുതി അടയ്ക്കുന്നതിന്റെ കാലാവധിയുടെ കാര്യത്തിലും ഒരു ഗവൺമെന്റിന് സാധ്യമായ പരമാവധി സഹായങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ടെന്നുള്ളത് കൃത്യമായി നമ്മൾ കാണണം. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെയില്ല. ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ ക്ഷേമനിധി ബോർഡുകളുടെ ഫണ്ട് സംസ്ഥാന ഗവൺമെന്റ് എടുക്കുന്നുണ്ടോ എന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യത്തിന്, ഒരു പൈസ പോലും എടുത്തിട്ടില്ലായെന്നും അത് ട്രഷറിയിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നുമാണ് അന്ന് മന്ത്രിയായിരുന്ന ബഹുമാന്യനായ ടി. പി. രാമകൃഷ്ണൻ മറുപടി പറഞ്ഞത്. ട്രഷറിയിൽ പണമിട്ടാൽ ട്രഷറിയിൽനിന്ന് ബില്ലുകൾ മാറാൻ ഈ പണം ഉപയോഗിക്കില്ലേയെന്നാണ് അദ്ദേഹം ചോദിച്ചത്. ഞാൻ അദ്ദേഹത്തോട്

വിനയപുരസ്സരം ചോദിക്കുകയാണ്. ഈ പണം കമേഴ്സ്യൽ ബാങ്കിലോ നാഷണലൈസ്ഡ് ബാങ്കിലോ ഇട്ടാൽ അത് അവിടെത്തന്നെ ഇട്ടിരിക്കുമോ; മറ്റാവശ്യങ്ങൾക്കുവേണ്ടി ആരെങ്കിലും ലോൺ ചോദിച്ചാൽ അവരത് കൊടുക്കും. അതൊരു ലോജിക്കല്ല. സ്വാഭാവികമായി ഒരു ഗവൺമെന്റ് എന്ന നിലയിൽ അങ്ങോട്ടുമിങ്ങോട്ടുമുള്ള മാറ്റങ്ങൾ അല്ലെങ്കിൽ ആവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ വരുത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല എന്നുള്ളതാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല, എന്റെ സമയത്തിനുള്ളിൽ ഞാൻ അവസാനിപ്പിക്കുകയാണ്. 2021-ലെ കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായണമെന്ന അഭ്യർത്ഥനയോടുകൂടി ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. ഇ. കെ. വിജയൻ: സർ, 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിൽ ചെയ്യുന്നവരുടെ നിയമനവ്യവസ്ഥകൾ, ലഭിക്കേണ്ട ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് രൂപീകരിച്ചിട്ടുള്ളതാണ് 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും നിയമം. തുടർന്ന് 1969, 1979, 2015 എന്നീ വർഷങ്ങളിലായി നിയമസഭയിൽ ഭേദഗതികൾ വന്നിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ, 1960-ലെ ഈ ബില്ലിന് ഏതാനും ഭേദഗതികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതുപോലെ 5 (എ)-ൽ 7-ാം ഉപവകുപ്പ് എടുത്തുകളയണമെന്ന ഒരു പുതിയ ഭേദഗതി കൂടി ഇതിന്റെ ഭാഗമായി മുന്നോട്ടുവച്ചിട്ടുണ്ട്. കേരളത്തിലെ കടകളും വാണിജ്യസ്ഥാപനങ്ങളും എന്ന പേരിൽ പലതവണ ഓർഡിനൻസ് ഇറക്കി ഗസറ്റിൽ പ്രസിദ്ധീകരിച്ചുവെങ്കിലും നിയമസഭ മുമ്പാകെ കൊണ്ടുവന്ന് അത് പിൻവലിച്ച് ഒരു ആക്ട് കൊണ്ടുവരുന്നതിനാണ് ഈ ബിൽ. ഉദ്ദേശം 40 ലക്ഷത്തോളം ആളുകൾ ഉപജീവനത്തിന് വഴിതേടുന്ന മേഖലയാണിത്. അതിൽ തന്നെ 70 ശതമാനത്തോളം പേർ സ്ത്രീകളാണ്. ഈ തൊഴിൽ മേഖലയിൽ ഇനിയും ഒട്ടേറെ ആനുകൂല്യങ്ങൾ ലഭിക്കാനുണ്ട്. രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറവായതിനാൽ ഇ.എസ്.ഐ.,

പി.എഫ്. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിയമപരമായി ലഭിക്കാത്ത തൊഴിലാളികളാണ് ഈ സ്ഥാപനങ്ങളിലുള്ളത് എന്നതാണ് സത്യം. പലരും നിയമപരമായി രജിസ്റ്റർ ചെയ്യുന്നില്ല എന്നത് കൊണ്ടുതന്നെയാണ് ഈ പ്രശ്നങ്ങൾ ഉയർന്നുവരുന്നത്. അതിൽ സൂക്ഷ്മമായ പരിശോധന നടത്തി അത് കൊണ്ടുവരേണ്ട ആവശ്യകത ഇതിന്റെ ഭാഗമായി ഉണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അർഹമായ ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കണമെന്ന നിർദ്ദേശം ഞാൻ ഇതിന്റെ ഭാഗമായി വയ്ക്കുകയാണ്. അതിനുള്ള നടപടികൾ പൊതുസമൂഹമാകെ ചിന്തിച്ചുകൊണ്ട് നമുക്ക് സ്വീകരിക്കേണ്ടതുണ്ട്. ഇന്ന് കേരളത്തിൽ കടകളും ചെറുകിട വാണിജ്യസ്ഥാപനങ്ങളും മറ്റൊരു ഭീഷണിയെ നേരിടുന്നുണ്ട് എന്ന കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് രാജ്യത്തൊന്നാകെ സാമ്പത്തിക പരിഷ്കരണത്തിന്റെ ഭാഗമായി ഉയർന്നുവന്ന സാഹചര്യമാണ്. ചെറുകിട കച്ചവടക്കാരുൾപ്പെടെ കേരളത്തിലെ യുവജന പ്രസ്ഥാനങ്ങളോടൊപ്പം നടത്തിയ സമരങ്ങളുടെ സവിശേഷ സാഹചര്യം നമുക്കോർമ്മയുള്ളതാണ്. വൻകിട ഷോപ്പിംഗ് മാളുകളും ഹൈപ്പർ മാർക്കറ്റുകളും എല്ലാ പട്ടണങ്ങളിലും ഇപ്പോൾ ഉയർന്നു വരികയാണ്. നാട്ടിൻപുറങ്ങളിലെ സാധാരണ കച്ചവടത്തിന്റെ

സിംഹഭാഗവും ഇവർ കവർന്നെടുക്കുകയാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇപ്പോഴൊരു പ്രശ്നമുള്ളത്, ഒരാൾ 200 രൂപയുടെ സാധനം വാങ്ങിയശേഷം കടയിൽനിന്നും ബിൽ വാങ്ങാതെ പോകുകയും ആ സമയത്ത് പരിശോധനയ്ക്കായി ഉദ്യോഗസ്ഥർ വരുകയും ചെയ്താൽ സാധനം വാങ്ങിയവർക്ക് ബിൽ കൊടുക്കാത്തതിന്റെ പേരിൽ മിനിമം 20,000 രൂപ പിഴ നൽകേണ്ടി വരും എന്നതാണ്. ചെറുകിട കച്ചവടക്കാർക്ക് വലിയ പ്രയാസമുണ്ടാക്കുന്നൊരു സംഗതിയാണിത്. അതുപോലെ, നാഷണലൈസ്ഡ് ബാങ്കുകൾ വ്യാപാരികളിൽ നിന്നും വായ്പകളുടെ പിഴപലിശയായി വൻതുക ഈടാക്കുകയാണ്. സഹകരണ പ്രസ്ഥാനങ്ങളിൽ പ്രവാസികളെ സഹായിക്കുന്നതിനുവേണ്ടിയുള്ള വായ്പാ പദ്ധതിയുണ്ട്. അത് വിപുലീകരിച്ച് കൂടുതൽ ചെറുകിട വ്യാപാരികൾക്ക് വായ്പ നൽകുന്നതുസംബന്ധിച്ച് ഗൗരവമായ ചർച്ച ചെയ്യേണ്ടതാണ്. അതുപോലെ ക്ഷേമനിധിയുടെ ഡി ക്ലാസിൽപ്പെട്ട ചെറുകിട കച്ചവടക്കാർക്ക് പെൻഷൻ 1,600 രൂപയും മരണാനന്തര സഹായം 40,000 രൂപയും മാത്രമേ കിട്ടുന്നുള്ളൂ. 18 വയസിൽ വ്യാപാരമേഖലയിലേയ്ക്ക് വന്ന, 42 വർഷത്തോളം വാർഷിക വരിസംഖ്യ അടച്ച ചെറുകിട വ്യാപാരികൾക്ക് 40,000 രൂപയാണ്

ആനുകൂല്യമായി ആകെ ലഭിക്കുന്നത്. കേരളത്തിലെ ചെറുകിട വ്യാപാരി സമൂഹത്തിനുവേണ്ടി ഇത്തരം വിഷയങ്ങൾകൂടി ഗൗരവമായെടുക്കണമെന്ന അഭിപ്രായമില്ലേ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കോവിഡ് കാലത്ത് മറ്റേത് സമൂഹത്തെപ്പോലെ വലിയ പ്രതിസന്ധി വ്യാപാരികളും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അതിന് പരിഹാരം നിർദ്ദേശിക്കാവുന്ന നിരവധി കാര്യങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. അതോടൊപ്പം അവർ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് ഓൺലൈൻ വ്യാപാരവുമായി ബന്ധപ്പെട്ടാണ്. ഓൺലൈൻ വ്യാപാരം നമുക്ക് വേണ്ടതാണ്, എന്നാൽ ചെറുകിട കച്ചവടക്കാരെകൂടി ഇതിൽ പങ്കെടുപ്പിച്ച് അവരെക്കൂടി സഹായിക്കാൻ കഴിയുന്ന ഏതെങ്കിലും പരിപാടി ആവിഷ്കരിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ചോദിച്ച കാര്യമാണ് എനിക്കും സൂചിപ്പിക്കാനുള്ളത്. 15-ാം കേരള നിയമസഭയുടെ ആദ്യ അനൗദ്യോഗിക ബില്ലായി ഓൺലൈൻ വ്യാപാരമേഖലയുമായി ബന്ധപ്പെട്ട വിഷയം അവതരിപ്പിച്ചത് ഞാനാണ്. മൂന്നാം സമ്മേളനമായിട്ടും

ആ ബിൽ എവിടെ എത്തിയെന്ന് അറിയാൻ കഴിയുന്നില്ല. ഓൺലൈൻ വ്യാപാരമേഖല ഇന്ന് ശക്തിപ്പെട്ടുകയാണ്. പ്രത്യേകിച്ച് കോവിഡ് കാലത്ത് ഓൺലൈൻ വ്യാപാരത്തെ എല്ലാവരും ആശ്രയിക്കുന്ന സ്ഥിതിയാണുണ്ടായത്. അവരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ നാമമാത്രമായ വരുമാനം മാത്രമാണ് ലഭിക്കുന്നത്. അവർക്ക് ഇൻഷ്വറൻസോ മറ്റ് പരിരക്ഷകളോ മിനിമം വേതനമോ ഇല്ല. അതുപോലെ അപകടകരമാംവിധം ബൈക്കുകൾ ഓടിച്ച് സാധനങ്ങൾ ലക്ഷ്യസ്ഥാനത്ത് എത്തിക്കേണ്ട സ്ഥിതിയാണുള്ളത്. വൻകിട കമ്പനികളാണ് വ്യാപാരകാര്യങ്ങളുമായി ബന്ധപ്പെട്ട് ഇവരെ ചുമതലപ്പെടുത്തിയിരിക്കുന്നത്. അവർക്ക് നിയമപരമായ യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അവരെക്കൂടി ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമല്ലേ; അങ്ങനെയൊരു കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ് ചോദ്യരൂപേണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് അംഗങ്ങൾ

കൊണ്ടുവന്നിട്ടുള്ളത്. ഏറ്റവും ഒടുവിൽപ്പറഞ്ഞ ഓൺലൈൻ മേഖലകൂടി ഉൾപ്പെടുത്തിയാലാണ് ഞാൻ നേരത്തെ സൂചിപ്പിച്ച 40 ലക്ഷത്തിനടുത്ത് അല്ലെങ്കിൽ ഏകദേശം അതിൽ കൂടുതൽ ആളുകൾ ഈ മേഖലയിലുള്ളതെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഇന്ന് വിദ്യാസമ്പന്നരായ ചെറുപ്പക്കാരും ചെറുപ്പക്കാരികളുമുൾപ്പെടെ ഓൺലൈൻ മേഖലയിലേയ്ക്ക് കടന്നുവന്നിട്ടുണ്ട്. അതിന്റെ കൂടെയാണ് വൻകിട മാളുകളും ഹൈപ്പർ മാർക്കറ്റുകളും എല്ലാ പട്ടണങ്ങളിലും വ്യാപകമായി ഉയർന്നുവരുന്നത്. വളരെ ആകർഷണീയമായ, വൻ മുതൽമുടക്കുള്ള ഈ സ്ഥാപനങ്ങളുടെ മുന്നിൽ നമ്മുടെ നാട്ടിലെ കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും പിടിച്ചുനിൽക്കാൻ കഴിയുന്നില്ലെന്ന അവസ്ഥയുണ്ടെന്ന് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിനെ നിയന്ത്രിക്കാനും അവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുമുള്ള സമീപനങ്ങളുടെ ഭാഗമായി ഈ മേഖലയിൽ പ്രത്യേകമായൊരു ആക്ട് കൊണ്ടുവരേണ്ടതാണ്. വൻകിട മാളുകളെയും സൂപ്പർമാർക്കറ്റുകളെയും ഹൈപ്പർമാർക്കറ്റുകളെയും പ്രത്യേകം കാറ്റഗറിയാക്കി തിരിക്കാനും രജിസ്ട്രേഷൻ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താനുമുള്ള നിലപാടുകൂടി ഉണ്ടാകേണ്ടതുണ്ടെന്നുകൂടി ഞാൻ

സൂചിപ്പിക്കുന്നു. തൊഴിലാളികൾക്ക് സേവന-വേതന വ്യവസ്ഥകളും നിർദ്ദേശങ്ങളും വ്യക്തമായിതന്നെ ഈ മേഖലയുമായി ഉൾപ്പെട്ട് നിർദ്ദേശിക്കേണ്ടതുണ്ട്. രാവിലെ 8 മണി മുതൽ രാത്രി 9 മണിവരെ ജോലിചെയ്യുന്ന തൊഴിലാളികളാണ് ഈ സ്ഥാപനങ്ങളിലുള്ളത്. അവർക്ക് പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കാനോ ഒന്നിരിക്കാനുള്ള സൗകര്യങ്ങളോ ഇല്ല. മുൻ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗവൺമെന്റ് ഓർഡർ നിവിലുണ്ടെങ്കിലും നാട്ടിൻപുറങ്ങളിലുള്ള സ്ഥാപനങ്ങളിൽ ഇത് നടപ്പിലാക്കിയോയെന്ന പരിശോധന ഉണ്ടാകേണ്ടതുണ്ട്. ഒരു കടയിലെ തൊഴിലാളികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി രജിസ്ട്രേഷനിൽ നിർബന്ധമായും മാറ്റംവരുത്തി വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. ചട്ടങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശവുമുണ്ടാകണം. ഇന്നത്തെ സാഹചര്യത്തിൽ കടകളുടെ സ്വഭാവങ്ങളിലെല്ലാംതന്നെ മാറ്റംവന്നിട്ടുണ്ട്. കടകളും വാണിജ്യസ്ഥാപനങ്ങളും എന്നുപറഞ്ഞാൽ ഉടമസ്ഥർ അല്ലെങ്കിൽ അവരുടെ കുടുംബാംഗങ്ങൾ മാത്രമുള്ള സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ട്.

തൊഴിലാളികളുടെ എണ്ണം കൂടുകയും അതിനനുസരിച്ച് മാനദണ്ഡങ്ങളിൽ മാറ്റം വരാതിരിക്കുകയും ചെയ്യുന്ന കടകളെയും വാണിജ്യ സ്ഥാപനങ്ങളെയും കാറ്റഗറൈസ് ചെയ്ത് ആക്ടിൽ കൃത്യമായി വ്യക്തത വരുത്താനുള്ള ശ്രമമുണ്ടാകേണ്ടതുണ്ട്. കടകളുടെ സ്വഭാവം, വിൽപ്പന നടത്തുന്ന ഉല്പന്നങ്ങളുടെ സ്വഭാവം, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ തൊഴിലാളിയുടെ സേവനവേതന വ്യവസ്ഥകളിൽ കണക്കുകൂട്ടേണ്ടതുണ്ട്. എക്സ്പ്ലോസീവ് ഉല്പന്നങ്ങൾ വിൽക്കുന്ന പടക്കശാലകളിലും കീടനാശിനികൾ വിൽക്കുന്ന കടകളിലും തൊഴിലാളികൾക്ക് റിസ്ക് അലവൻസ് നൽകുന്ന സമീപനമുണ്ടാകണം. ടൗണുകളിലെ ഒട്ടേറെ പടക്കശാലകൾക്ക് തീപിടിച്ച് തൊഴിലാളികൾ മരിക്കുന്ന സാഹചര്യങ്ങളുണ്ട്. ആ മേഖലയിൽ റിസ്ക് അലവൻസും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തണമെന്ന നിർദ്ദേശം ഞാൻ വയ്ക്കുകയാണ്. കടകളിൽ ഉടമയുടെ പേരും തൊഴിലാളിയുടെ പേരും രേഖപ്പെടുത്തുന്ന രജിസ്റ്ററും മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ലേബർ വകുപ്പ് പരിശോധിക്കുന്ന നിലകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകേണ്ടതുണ്ട്. ഇന്നത്തെ സാഹചര്യമനുസരിച്ച് വൻകിട മാളുകളെയും സൂപ്പർ/ഹൈപ്പർ

മാർക്കറ്റുകളെയുമെല്ലാം പ്രോത്സാഹിപ്പിക്കേണ്ടതല്ല. അത് ഗ്രാമീണ തൊഴിൽഘടനയിൽ വല്ലാത്ത തകർച്ചയാണ് ഇന്ന് വരുത്തിയിട്ടുള്ളത്. ഇത്തരം വൻകിട സ്ഥാപനങ്ങൾ ബഹുരാഷ്ട്ര കുത്തകകളും സ്വദേശി കുത്തക സംരക്ഷണമായി ഇന്ന് ഉയർന്നുവരുകയാണ്. അവരുടെ താൽപ്പര്യങ്ങളാണ് ഇവർ സംരക്ഷിക്കുന്നതെന്നുകൂടി ഇതിന്റെ ഭാഗമായി കാണണം. അതുകൊണ്ട് ഈ കാറ്റഗറിക്ക് പ്രത്യേക സേവന-വേതന വ്യവസ്ഥകൾ വരുത്തേണ്ടതുണ്ടെന്ന ഭേദഗതികൂടി ഇതിന്റെ ഭാഗമായി ഞാൻ കൊണ്ടുവരികയാണ്. രണ്ടായിരത്തോളംപേർ അല്ലെങ്കിൽ അതിലധികംപേർ ജോലി ചെയ്യുന്ന എൺപത്തിയാറിലേറെ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. മറ്റ് ചില സ്ഥാപനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇവരെയെല്ലാം പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. എത്രയോ വർഷങ്ങളായി കടകൾ നമ്മുടെ ലോകത്തുള്ളതാണ്. മോഹൻജദാരോയുടെ നാഗരികതയെക്കുറിച്ച് പറയുമ്പോൾ അവിടെ കടകളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. അന്നുമുതലേയുള്ളതാണ്. അങ്ങനെയൊരു തൊഴിൽ സംസ്കാരത്തിനെ കോർപ്പറേറ്റുകൾ കവർന്നെടുക്കുമ്പോൾ നാട്ടിൻപുറങ്ങളിൽ ഉപജീവനാർത്ഥം

നിൽക്കുന്ന പതിനായിരക്കണക്കിന് കടകൾ അടഞ്ഞുപോകുന്ന സാഹചര്യത്തിലേയ്ക്കാണ് നീങ്ങുന്നത്. അതിന് നിയന്ത്രണങ്ങൾ കൊണ്ടുവരാനും പരിശോധിക്കാനുമുള്ള നിലപാടുകൾ ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ടും ഭേദഗതി നിർദ്ദേശിച്ചുകൊണ്ടും ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): Sir I move that -

" This House resolves to dispprove The Kerala Headload Workers (Amendment) Ordinance No.127 of 2021"

ഭരണപക്ഷത്തുനിന്നും സംസാരിച്ച ഒരു എം.എൽ.എ. കോൺഗ്രസ് ഒന്നും ചെയ്യാറില്ലെന്നുപറഞ്ഞു. 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം 1978-ൽ ശ്രീ. ഉമ്മൻചാണ്ടി തൊഴിൽ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന നിയമമാണ്. ഇതുപോലെ പല നിയമങ്ങളും നിങ്ങളുടെയും ഞങ്ങളുടെതുമായുണ്ട്. എന്നാൽ കോൺഗ്രസ് ഒന്നും ചെയ്യാറില്ല, എല്ലാം ചെയ്തത് കമ്മ്യൂണിസ്റ്റുകാരാണെന്ന തെറ്റിദ്ധാരണ വേണ്ട. അത് തിരുത്തണം.

മാക്സിമം വെയ്റ്റ് കൺവെൻഷൻ (നമ്പർ. 127) തൊഴിലാളികളുടെ ആരോഗ്യത്തെയും സുരക്ഷയെയും അപകടത്തിലാക്കുന്നതുമായി ബന്ധപ്പെട്ട ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ ഒരു കൺവെൻഷന്റെ ഭാഗമായിട്ടുള്ളതാണ്. Report from Maximum Weight Convention 1967, (No.127)-ന്റെ അടിസ്ഥാനത്തിലാണെങ്കിൽ ഞാനൊരു കാര്യം ഓർമ്മിപ്പിക്കുകയാണ്. 1967-ലെ ഒരു ഇന്റർനാഷണൽ കൺവെൻഷന്റെ ഭാഗമായുള്ള ഭേദഗതിയാണ് ഇപ്പോൾ ചുമട്ടുതൊഴിലാളി നിയമത്തിൽ വന്നത്. അതിനെക്കുറിച്ച് എനിക്ക് കൃത്യമായി അറിയില്ല. ഞാൻ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണനോട് ചോദിച്ചെങ്കിലും അദ്ദേഹം അതിന് മറുപടി പറഞ്ഞില്ല. ഇതുപോലുള്ള അന്താരാഷ്ട്ര കോൺഫറൻസുകളുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ നമ്മൾ രണ്ടുകൂട്ടരും വരുത്തിയ വീഴ്ചകൾ നമുക്ക് അഭിമാനിക്കാവുന്നതല്ല. സമയ പരിമിധിയുള്ളതുകൊണ്ട് ആ വിഷയത്തെക്കുറിച്ച് കൂടുതൽ പറയുന്നില്ല. മഹാഭൂരിപക്ഷം ചുമട്ടുതൊഴിലാളികളും വളരെയധികം സാമൂഹിക പ്രവർത്തനം നടത്തുന്നവരാണ്. പക്ഷേ ഒരു ന്യൂനപക്ഷം ആളുകൾ ചുമട്ടുതൊഴിലാളികൾക്കാകെ അപമാനമാണ് എന്നതാണ് പ്രശ്നം. കയറ്റിറക്ക്,

ഗോഡൗണിലെ ജോലി, കട്ട, സിമെന്റ്, കമ്പി, ചരൽ എന്നിവയുടെ കയറ്റിറക്ക്, തടിയിറക്കൽ, പൈപ്പ് ഇറക്കൽ, പച്ചക്കറി ഇറക്കൽ എന്നിങ്ങനെ ഒരുപാട് ജോലികൾ അവർ ചെയ്യുന്നുണ്ട്. ഇവർ വളരെയധികം സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. യഥാർത്ഥത്തിൽ 1978-ലെ ചുമട്ടുതൊഴിലാളി സംരക്ഷണ നിയമമാണ് തൊഴിലാളികളെ അവർ നേരത്തെ നടത്തിയിരുന്ന പ്രവർത്തനങ്ങളിൽനിന്നും തിരിച്ച് കൊണ്ടുവരുന്നതിന്റെ അടിസ്ഥാനം.

അറ്റാച്ച്ഡ്, അൺ-അറ്റാച്ച്ഡ്, സ്കാറ്റേർഡ് എന്നീ വിഭാഗങ്ങളിലായി ഒരു ലക്ഷത്തിലധികം തൊഴിലാളികളാണ് നിലവിലുള്ളത്. ഇതിൽ വ്യാപാര പ്രാധാന്യമുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന വിഭാഗമാണ് അൺ-അറ്റാച്ച്ഡ് തൊഴിലാളികൾ. അവരുടെ ഡീംഡ് എംപ്ലോയർ എന്നത് കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡാണ്. 40,000-ൽ അധികം തൊഴിലാളികളാണ് ഈ വിഭാഗത്തിലുള്ളത്. കേരളത്തിലെ പ്രധാനപ്പെട്ട വ്യാപാര കേന്ദ്രങ്ങളിലും കമ്പോളങ്ങളിലും നിലനിൽക്കുന്നത് ഈ ക്ഷേമ പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം ഒരു തൊഴിലുടമയുടെ എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കുന്നത് ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള

ബന്ധപ്പെട്ട കമ്മിറ്റികളാണ്. ആ പ്രദേശങ്ങളിൽ കാര്യമായ പ്രശ്നങ്ങൾ നിലവിലില്ല. കാരണം, ഉടമ നേരിട്ട് വേതനം അടയ്ക്കുന്നത് ക്ഷേമനിധി ബോർഡ് ഓഫീസുകളിലാണ്. അവർക്ക് വേതനവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നത് ബാങ്കുകൾ വഴിയാണ്. അതുകൊണ്ട് ഈ മേഖലയിൽ നോക്കുകൂലിയുടെ പ്രശ്നങ്ങളില്ല. വ്യാപാര പ്രാധാന്യം കുറഞ്ഞ സ്ഥലങ്ങളിൽ, പ്രത്യേകിച്ച് സ്കാറ്റേർഡ് മേഖലകളിലാണ് നോക്കുകൂലി പ്രശ്നങ്ങളും അനഭിലഷണീയമായ പ്രവർത്തനങ്ങളും മറ്റും നടക്കുന്നത്. അതുകൊണ്ട്, ആ മേഖലയിലെ തൊഴിൽ ക്രമീകരണം സംബന്ധിച്ച എന്തെങ്കിലും സംവിധാനത്തെ കുറിച്ച് ആലോചിക്കാൻ കഴിയുമെങ്കിൽ തീർച്ചയായും നോക്കുകൂലിക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. ആ നിലയിൽ നോക്കുകൂലിക്ക് പരിഹാരമുണ്ടാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കണം.

ചുമട്ടുതൊഴിലാളി മേഖലയിലെ തൊഴിൽ നഷ്ടവും പരിഹാരവും സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച വർക്കല കഹാർ കമ്മിറ്റിയുടെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. സമയക്കുറവുമൂലം ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. പക്ഷേ അവിടെയും പറയുന്ന കാര്യം, ടിപ്പർ, ലോറി, ക്രെയിൻ, ജെ.സി.ബി. മുതലായ യന്ത്രവൽക്കരണ

സംവിധാനങ്ങൾ, സെയിൽസ് വാൻ വഴി നടത്തുന്ന റീട്ടെയിൽ വിൽപ്പന എന്നിവയ്ക്ക് വിവിധ കോടതി വിധികൾ കാരണം കാലാകാലങ്ങളിൽ തൊഴിൽ നഷ്ടമുണ്ടാകുന്നു എന്നുള്ളതാണ്. ചുമട്ടുതൊഴിലാളികളുടെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. ഒരുപാട് സാമൂഹിക പ്രതിബദ്ധതയുള്ള മാറ്റം അവർക്കുണ്ടായിട്ടുണ്ട്. പക്ഷേ ഈ തൊഴിലാളികളെ മാർക്സിസ്റ്റ് പാർട്ടി (സി.പി.ഐ.(എം.)) രാഷ്ട്രീയമായി ഉപയോഗിക്കുന്നതിന്റെ കൂടി ഫലമായിട്ടാണത്. മുത്തൂറ്റ് ഫിനാൻസിൽ പണിമുടക്ക് നടന്നപ്പോൾ അവിടെ ഒരുപാട് അക്രമങ്ങൾ നടന്നു. പ്രസ്തുത അക്രമങ്ങളിൽ ചുമട്ടുതൊഴിലാളികൾ കുറേ പ്രദേശങ്ങളിലെങ്കിലും സജീവമായി ഇടപെട്ടിട്ടുണ്ട്. ഇതുപോലെ രാഷ്ട്രീയ നേട്ടങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി ഈ തൊഴിലാളികളെ....

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, (മൈക്ക് ഓഫ്)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ വഴങ്ങിയിട്ടില്ല. ഞാൻ വേണമെങ്കിൽ വായിക്കാം. 'അഭിവാദനങ്ങളുമായി ചുമട്ടുതൊഴിലാളികൾ, മുത്തൂറ്റ് സമരം നടക്കുന്നിടത്ത്'. രാഷ്ട്രീയമായി തൊഴിലാളികളെ ഉപയോഗിക്കുന്നതിന്റെ ഫലമായിട്ടാണ് എന്നാണ് ഞാൻ പറഞ്ഞത്. ജാഥയ്ക്ക് കൊണ്ടുപോകുന്ന കാര്യമല്ല, അക്രമത്തിന് കൊണ്ടുപോകുന്ന കാര്യമാണ്

ഞാൻ പറഞ്ഞത്. അടിക്കും ഇടിക്കും കൊണ്ടുപോകുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. കൊടി നോക്കാതെ നോക്കുകൂലി തുടച്ചുനീക്കണം. നോക്കുകൂലി എന്ന വാക്ക് ഇനി കേരളത്തിൽ കേൾക്കരുതെന്നും ഇതിനായി കൊടിയുടെ നിറം നോക്കാതെ നടപടി വേണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കി. ടൂറിസത്തിന് മാത്രമല്ല, നിക്ഷേപത്തിനും അനുയോജ്യമായ സംസ്ഥാനമായി കേരളം മാറണം. തൊഴിലാളി യൂണിയനുകൾ നോക്കുകൂലി ആവശ്യപ്പെട്ട് തോട്ടം നിർമ്മാണം തടസ്സപ്പെടുത്തുന്ന തുടങ്ങിയ കാര്യങ്ങളുണ്ട്. ചർച്ചയ്ക്ക് വന്ന തൊഴിലുടമയെ തിരുവനന്തപുരത്ത് ആക്രമിച്ചു. ഒരു സ്ഥലത്ത് തൊഴിലുടമയെ തല്ലി കയ്യൊടിച്ചു. കൊല്ലത്ത് രണ്ടര ലക്ഷം രൂപ നോക്കുകൂലി ആവശ്യപ്പെട്ടു. ഇതെല്ലാം കേരളത്തിലെ നിക്ഷേപത്തിന് തടസ്സമുണ്ടാക്കുന്ന കാര്യങ്ങളാണ്. ബഹുമാന്യരായ വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ ഒരുപാട് നിക്ഷേപങ്ങളെ കുറിച്ച് ഇവിടെ പറയാറുണ്ട്. പക്ഷേ അവർ ഇങ്ങനെയുള്ള എന്തെല്ലാം പ്രഖ്യാപനങ്ങൾ നടത്തിയാലും ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിച്ചില്ലെങ്കിൽ കേരളത്തിൽ നിക്ഷേപം വരാൻ വളരെ പ്രയാസമാണ്. നിക്ഷേപം വരുന്നതും സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷവുമായി വളരെ കൂടുതൽ

ബന്ധമുണ്ട്. സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷം നിക്ഷേപത്തിന് അനുകൂലമല്ലെങ്കിൽ നിക്ഷേപം വരില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതികൾ തൊഴിൽ മേഖലകളിൽ ഇടപെടുന്ന സാഹചര്യം തൊഴിൽ സംഘടനകൾ മുൻകയ്യെടുത്ത് ഇല്ലാതാക്കണം. തൊഴിലാളികളെ ബോധവൽക്കരിക്കുകയും തൊഴിലാളികൾ അക്രമത്തിൽനിന്ന് പിന്മാറുകയും ചെയ്യുന്ന സമീപനമുണ്ടാകണം. കോടതി ഇടപെടുന്ന സാഹചര്യം ഉണ്ടാകരുത്. കോടതി ഇടപെടുന്നിടത്തെല്ലാം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നുണ്ട്. അതാണ് ഞാൻ പറയാൻ കാരണം.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ഇപ്പോൾ ഇവിടെ വിശദീകരിക്കുന്ന പ്രശ്നം കേരളത്തിലെ ചില അനുഭവങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും തൊഴിലാളി മേഖലയിൽ തെറ്റായ പ്രവണതകൾ വരാതിരിക്കാൻ ഇപ്പോൾ അങ്ങേയറ്റം ജാഗ്രതയോടുകൂടി പ്രവർത്തിക്കുകയാണ്. നോക്കുകൂലി എന്ന് ആരോപിക്കപ്പെടുന്ന തെറ്റായ രീതി കേരളത്തിലെ ഒരു ട്രേഡ് യൂണിയൻ സംഘടനകളും

അംഗീകരിക്കുന്നില്ല. അവർ ഒന്നിച്ച് അതിനെ എതിർത്തിട്ടുണ്ട്. അതിനെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം ഈ തൊഴിലാളികൾ ഇപ്പോഴും ഇത്തരത്തിലുള്ള രീതിയാണ് സ്വീകരിക്കുന്നതെന്ന് പറയുന്നത് യഥാർത്ഥത്തിൽ തൊഴിലാളികളെ ആക്ഷേപിക്കുന്നതിന് കാരണമാകില്ലേ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ എന്നെ തെറ്റിദ്ധരിച്ചതാണ്. കാരണം, കോടതി ഇടപെടുന്ന സാഹചര്യമുണ്ടാകരുത് എന്നാണ് ഞാൻ പറഞ്ഞത്. കോടതി ഇടപെട്ടാൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമുണ്ടാകും. അതിനാൽ തൊഴിലാളി സംഘടനകൾ മുൻകയ്യെടുത്ത് തൊഴിലാളികളെ ബോധവൽക്കരിച്ച് ഇത്തരം പ്രശ്നങ്ങളിൽനിന്ന് പിന്മാറണമെന്നാണ് ഞാൻ പറഞ്ഞത്. മാത്രമല്ല, ചുമട്ടുതൊഴിലാളികൾ വളരെയേറെ സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു എന്നാണ് ഞാൻ നേരത്തെ പറഞ്ഞത്. ഞാൻ നേരത്തെ പറഞ്ഞത് കേട്ടില്ലെന്ന് തോന്നുന്നു. കേരളത്തിന്റെ നിക്ഷേപത്തിനും വികസനത്തിനും തടസ്സമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ചുമട്ടുതൊഴിലാളികളുടെ 26 (A) കാർഡ് തൽക്കാലത്തേയ്ക്കെങ്കിലും റദ്ദാക്കണം. 26 (A) കാർഡിന്റെ

അടിസ്ഥാനത്തിലാണ് അവർക്ക് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം കിട്ടുന്നത്. അതുകൊണ്ട് അനഭിലഷണീയമായ പ്രവർത്തനങ്ങൾ നടത്തുന്ന ആളുകളുടെ 26 (A) കാർഡ് തൽക്കാലത്തേയ്ക്കെങ്കിലും സസ്പെന്റ് ചെയ്യണമെന്നുള്ള കാര്യത്തെ കുറിച്ച് ഗവൺമെന്റ് ആലോചിക്കണം.

അറ്റാദായ കുടിശ്ശികയുടെ കാര്യത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കൊറോണയുടെ കാലഘട്ടത്തിൽ ജോലി ഇല്ലാത്തതുകൊണ്ട് അറ്റാദായ കുടിശ്ശിക ധാരാളം വന്നിട്ടുണ്ട്. അവരുടെ അംഗത്വത്തെയും ആനുകൂല്യങ്ങളെയും ബാധിക്കാത്ത വിധത്തിൽ അത് ഒഴിവാക്കാൻ കഴിയുമോ എന്നതിനെ കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. കൊറോണ കാലഘട്ടത്തിൽ സർക്കാർ വളരെ തുച്ഛമായ ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് കൊടുത്തത്. 1,000 രൂപയും പിന്നീട് 2,000 രൂപയും കൊടുത്തു. അത് പിന്നീട് ഇൻസ്റ്റാൾമെന്റായി തിരിച്ചുപിടിച്ചു. ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ഏറ്റവും അനിവാര്യമായ ഘട്ടങ്ങളിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. കേരള ചുമട്ടുതൊഴിലാളി ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച നിരാകരണ പ്രമേയത്തിലെ നിർദ്ദേശങ്ങളിൽ ഏറ്റവും അവസാനം പറഞ്ഞ ഭാഗം ഞാൻ ആദ്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ലോകത്ത് എവിടെ മലയാളി സംഘടനകളുടെ പരിപാടിയിൽ പങ്കെടുക്കാൻ പോയാലും ഏറ്റവും കൂടുതൽ ആശങ്കയോടെ പ്രവാസി സംഘടനകളും മലയാളികളും ചൂണ്ടിക്കാണിക്കുന്ന പ്രശ്നങ്ങളിലൊന്നാണ് കേരളത്തിൽ മുതൽമുടക്കാൻ ധൈര്യമില്ലെന്നുള്ളത്. കേരളത്തിൽ മുതൽമുടക്കാൻ കഴിയണമെങ്കിൽ ഇവിടെ ഒരു സ്ഥാപനം, ഒരു വ്യവസായം ഭംഗിയായി ആരംഭിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന ഉറപ്പുലഭിക്കണം. ഇപ്പോഴും നമുക്കതിന് കഴിയുന്നില്ല എന്നുള്ളത് കേരളത്തിന്റെ ഏറ്റവും അപമാനകരവും ലജ്ജാകരവുമായ സാഹചര്യമായി നിലനിൽക്കുകയാണ്. അമേരിക്കയിലും യൂറോപ്പിലും ഗൾഫ് നാടുകളിലും മറ്റുവിവിധ രാജ്യങ്ങളിലുമൊക്കെ വിവിധങ്ങളായ പരിപാടികളിൽ പങ്കെടുക്കാൻ പലപ്പോഴായി നമ്മളെല്ലാം പോകുന്നതാണ്. അവിടെയെല്ലാമുള്ള മുഖ്യചർച്ചകളിലെ ഒരു വിഷയമാണ് കേരളത്തിലെ

മുതൽമുടക്ക്. നമ്മൾ ഇവിടെ ലോക കേരള സഭയുൾപ്പെടെ നടത്തുകയും പ്രവാസികളായ ആളുകളെ പരമാവധി ക്ഷണിക്കുകയും ചെയ്തിരുന്നു. പക്ഷേ കാര്യമായ ഇൻവെസ്റ്റ്മെന്റ് ഇവിടെയുണ്ടായിട്ടില്ല. മാത്രമല്ല കേരളത്തിൽ മുതൽമുടക്കാൻ തയ്യാറാകാതെ ഇന്ന് തമിഴ്നാട്ടിലും കർണ്ണാടകത്തിലും മറ്റ് സംസ്ഥാനങ്ങളിലുംപോയി മുതൽമുടക്കാനും സുരക്ഷിതമായി വ്യവസായം നടത്താനും മലയാളികൾ  നേതൃത്വം കൊടുക്കുകയുമാണ്. ഈ ബില്ലിന്റെ ചർച്ചാവേളയിൽ, തൊഴിൽവകുപ്പും തൊഴിലുമായി ബന്ധപ്പെട്ട മേഖലയും ഏറ്റവും ഗൗരവമായി പരിശോധിക്കേണ്ട ഒരു വിഷയമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ഇൻവെസ്റ്റ് ചെയ്യാൻ വന്നാൽ പ്രശ്നമാണ് എന്ന ധാരണ ഇപ്പോഴും മാറിയിട്ടില്ല.  ഈ രംഗത്ത് നിലനിൽക്കുന്ന തെറ്റായ പ്രവണതകളും ദുഷിച്ച സാഹചര്യങ്ങളുമാണ് ഇതിനെല്ലാം ഇടവരുത്തുന്നതെന്നുള്ളത് കേരളത്തിൽ നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളും ഗവൺമെന്റും ഒരുപോലെ പരിശോധിക്കേണ്ട ഒരു വിഷയമാണ്. മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ  ചൂണ്ടിക്കാണിച്ച ഒരു വസ്തുതയുണ്ട്. തൊഴിലാളി സംഘടനകളെ വിശ്വാസത്തിലെടുക്കുകയും അവരെ മാനിച്ചുകൊണ്ട് പോകേണ്ടതുമുണ്ട്.

കാരണം വളരെ ജീർണ്ണതകളുടെ നടുവിൽ നിൽക്കുന്ന ഒരു സമൂഹത്തെ മാറ്റിയെടുക്കാൻ വേണ്ടിയുള്ള ഒരു ശ്രമത്തിൽ തൊഴിലാളികളും തൊഴിലാളി സംഘടനകളും മുന്നോട്ടുവരുമ്പോൾ അവരെ ആക്ഷേപിക്കാത്ത വിധത്തിൽ അവരുടെ താല്പര്യങ്ങൾക്കുവേണ്ടി നിൽക്കുകയും അവരെ പരിരക്ഷിച്ചുകൊണ്ട് അവർകൂടി സഹകരിക്കേണ്ട അന്തരീക്ഷം ബോധ്യപ്പെടുത്തിക്കൊണ്ടുപോകുന്ന ഒരു സാഹചര്യമുണ്ടാകേണ്ടത് അനിവാര്യമാണ്. അവരെ ആ രീതിയിൽ കൂടുതൽ അപമാനിക്കുകയും മോശക്കാരാക്കുകയും ചെയ്തുകൊണ്ട് ഈ രംഗത്ത് മുന്നോട്ടുപോകാൻ ശ്രമിച്ചാൽ റിസൾട്ടില്ലാതെ പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം ഇവിടെ നിലനിൽക്കുന്ന ജീർണ്ണതകൾ അതുപോലെ ഗൗരവമുള്ളതാണ്.

കേരളത്തിന്റെ കോവിഡ് സാഹചര്യങ്ങൾക്കുശേഷം നമ്മുടെ വ്യവസായ മേഖലകളിലെല്ലാം ഉണ്ടായിരിക്കുന്ന സ്തംഭനാവസ്ഥയ്ക്കും നിശ്ചലാവസ്ഥയ്ക്കും പരിഹാരമുണ്ടാകേണ്ട കാലത്തെപ്പറ്റിയാണ് നാം ചിന്തിക്കേണ്ടത്. മനുഷ്യന് ഇവിടെ ജീവിക്കണമല്ലോ; കാർഷിക മേഖലയിലും അതുപോലെ വ്യാവസായിക മേഖലയിലും വലിയ പ്രതിസന്ധി

നിലനിൽക്കുന്നു. ഈ സാഹചര്യം മുന്നോട്ടുമുണ്ടായാൽ കേരളത്തിന്റെ സമ്പദ്ഘടന തകരുകയും മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്യും. ഒരു പ്രധാനപ്പെട്ട കാര്യം, തൊഴിലാളി സമൂഹത്തിന്റെ മുമ്പിൽ തൃപ്തികരമായി ജോലിചെയ്ത് പോകാൻ കഴിയുന്ന സാഹചര്യമൊരുക്കാൻ വേണ്ടതെല്ലാം ഗവൺമെന്റ് ഉറപ്പുവരുത്തണം. അതുകൊണ്ട് ഇത്തരത്തിൽ പുതിയ ഭേദഗതി നിർദ്ദേശങ്ങൾ വരുമ്പോൾ അതിന്റെ നന്മ ഉൾക്കൊള്ളുന്നതിനുകൂടി തയ്യാറാകണം. പക്ഷേ അതിന്റെ മറുഭാഗത്ത് തൊഴിലാളികളുടെ അവകാശ സംരക്ഷണങ്ങൾ ഗവൺമെന്റ് ഉറപ്പുവരുത്തുന്നതോടൊപ്പം മറ്റു മേഖലകളിലും ഈ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയുന്ന സാഹചര്യമുണ്ടാകേണ്ടതുമുണ്ട്.

2018-ൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് നോക്കുകൂലിക്കെതിരെ അതിശക്തമായ ഒരു നിലപാടെടുത്തു. മുഖ്യമന്ത്രി എന്ന നിലയിൽ ശക്തമായ ഇടപെടൽ നടത്തിയത് കേരളം മുഴുവൻ സ്വാഗതം ചെയ്ത ഒരു കാര്യമായിരുന്നു. അതിനെത്തുടർന്നുവന്ന കാര്യങ്ങൾ പരിശോധിക്കുമ്പോൾ അത് ഫലപ്രദമായി നടപ്പാക്കുന്നതിന് വേണ്ടത്ര നിലയിൽ എല്ലാ തൊഴിലാളി സംഘടനകളും അതിനോട് സഹകരിക്കുമെന്ന്

പ്രഖ്യാപിച്ചിരുന്നു. പക്ഷേ പ്രഖ്യാപനം പ്രസ്താവനയിലൊതുങ്ങി എന്നതിനപ്പുറത്ത് പല സന്ദർഭങ്ങളിലും വീണ്ടും ഈ അരാചകത്വവും കുഴപ്പങ്ങളും തല പൊക്കുകയാണ്. കയറ്റിറക്കുമേഖലകളിൽ സംഘർഷാവസ്ഥയുണ്ടാകുകയാണ്. അങ്ങനെ വിവിധങ്ങളായ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. തീരുമാനങ്ങളെടുത്തിട്ട് എന്തുകൊണ്ട് കേരളത്തിൽ നടപ്പാക്കാൻ കഴിയുന്നില്ല എന്ന് ഹൈക്കോടതി രൂക്ഷമായി വിമർശിച്ചുകൊണ്ട്  ഗവൺമെന്റിനോട് ചോദിക്കുന്ന സാഹചര്യവുമുണ്ടായി. അപ്പോൾ ഈ സ്ഥിതിവിശേഷമെല്ലാം നമുക്കൊരു പാഠമായിത്തീരേണ്ടതായിട്ടുണ്ട്. അതുകൊണ്ട് നോക്കുകൂലി നിരോധിച്ചിട്ടും അത് നടപ്പാക്കാൻ കഴിയാതെവന്ന സാഹചര്യങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള കാര്യക്ഷമമായ ഇടപെടലുകളാണ് ഉണ്ടാകേണ്ടത്. വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്  വിളിച്ചുചേർത്ത ഒരു യോഗം വളരെ ആശാവഹമായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കഴിഞ്ഞ മാസമാണ് ആ യോഗത്തെ സംബന്ധിച്ച വാർത്തകൾ വന്നത്. വളരെ സ്വാഗതാർഹമായി എല്ലാ തൊഴിലാളിസംഘടനകളും അതിനോട് സഹകരിക്കാൻ

മുന്നോട്ടുവരുന്ന എന്ന രീതിയിലുള്ള വാർത്തകളും പ്രതികരണങ്ങളും വളരെ ശ്രദ്ധേയമായി പല മാധ്യമങ്ങളും എഡിറ്റോറിയലിൽതന്നെ എഴുതിയിട്ടുണ്ട്. അങ്ങനെയുള്ള നല്ല നിലപാടുകളിലേയ്ക്ക് തൊഴിലാളി സംഘടനകൾ വരുന്നത് സ്വാഗതാർഹമാണ്. പക്ഷേ ആ രീതിയിലേയ്ക്ക് അവരെ കൊണ്ടുവരാൻ കഴിയുന്ന വിധത്തിലുള്ള ഫലപ്രദമായ ഇടപെടലുകൾക്ക് തൊഴിൽവകുപ്പ് പ്രത്യേകം നേതൃത്വം നൽകണം. വളരെ സാധാരണക്കാരായ മനുഷ്യരാണ് തൊഴിലാളി സഹോദരങ്ങളായി പ്രവർത്തനരംഗത്ത് നിൽക്കുന്നത്. ചുമട്ടുതൊഴിലാളികൾ എന്നുള്ള നിലയിൽ അവർക്ക് വളരെ പരിമിതികളുണ്ട്. അവരെ ഈ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പലപ്പോഴും ഉപയോഗിക്കുന്നതിലും അവരെ കൈകാര്യം ചെയ്യുന്നതിലുമൊക്കെ ആ രീതിയിലുള്ള കുഴപ്പങ്ങൾ വന്നതായി കാണാം. അതുകൊണ്ട് അവർ ഗുണ്ടായിസത്തിലേയ്ക്കോ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി മുഷ്ക് രാഷ്ട്രീയത്തിന്റെ സമീപനത്തിലേയ്ക്കോ ഇറങ്ങിത്തിരിച്ചിട്ടുണ്ടെങ്കിൽ അവരെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവരെ ഉപയോഗിച്ച ആളുകളെല്ലാം അതിന് സമാധാനം പറയേണ്ടതായിട്ടുണ്ട്. ആ നിലയിൽ അവർക്കൊരു മാറ്റമുണ്ടാകണമെന്ന ബോധ്യത്തിലേയ്ക്ക് അവർ വരികയാണ്.

തീർച്ചയായും വലിയ ബോധവത്കരണത്തിലൂടെയും ആ രംഗത്തെ കാര്യക്ഷമമായ ഇടപെടലിലൂടെയും നമ്മുടെ സംസ്ഥാനത്തിന്റെ നന്മയ്ക്കുവേണ്ടി സഹകരിക്കേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തിക്കൊണ്ട് മുന്നോട്ടുകൊണ്ടുവരുന്നതിന് തൊഴിലാളി വർഗ്ഗത്തെ സജ്ജമാക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടകാര്യം. ഇന്ന് തൊഴിലാളികൾക്ക് ധാരാളം പ്രശ്നങ്ങളുണ്ട്. കാരണം നേരത്തെയുള്ളതുപോലെ ഇന്ന് തൊഴിൽദിനങ്ങളില്ല എന്നുള്ളത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. നേരത്തെയാണെങ്കിൽ ആളുകൾക്ക് ഇഷ്ടംപോലെ തൊഴിൽദിനങ്ങൾ കിട്ടുമായിരുന്നു. ഇപ്പോൾ അത് കുറഞ്ഞിരിക്കുകയാണ്. തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നതിനാൽ ടേൺ അടിസ്ഥാനത്തിൽ ജോലിചെയ്യേണ്ടിവരികയാണ്. മിക്കവാറും ഒന്നിടവിട്ട ദിവസങ്ങളിലാണ് ജോലി ലഭ്യമാകുന്നത്. ആവശ്യമായ ജോലി ലഭിക്കാതെ വരികയും തൊഴിലാളികൾക്കിടയിൽ അസംതൃപ്തി വരികയുമാണ്. അവരെ തൃപ്തികരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന ഒരു സാഹചര്യം ഗവൺമെന്റ് തീർച്ചയായും ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ കുറയുമ്പോൾ അവരുടെ ജീവിതസാഹചര്യങ്ങൾ

പ്രയാസത്തിലായിത്തീരുകയും അവർ ബുദ്ധിമുട്ടിലാകുകയും ചെയ്യുന്നു. അതുകൊണ്ട് അവർ അക്രമത്തിലേയ്ക്കും വളഞ്ഞ വഴിയിലൂടെ പണം സമ്പാദിക്കാനുമൊക്കെയുള്ള ശ്രമങ്ങൾക്ക് നിർബന്ധിതരാകുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകുന്നു. അത് ഒഴിവാക്കി അവരുടെ ജീവിതം തൃപ്തികരമായിപോകാനും സാമൂഹിക വ്യവസ്ഥിതിയോട് യോജിച്ച് നിൽക്കാനും കഴിയണം. ആ രീതിയിൽ അവരെ സഹകരിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന ഒരു സ്ഥിതി ഉറപ്പുവരുത്തുന്നതിനുവേണ്ടി തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. ഇത്തരത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ സാഹചര്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള നിലപാടുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതായിട്ടുണ്ട്. സ്ഥാപനങ്ങളുടെ കീഴിൽ അവർക്കുതന്നെ ഇന്ന്  തൊഴിലാളികളെ വച്ച് പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നുള്ള ഒരനുകൂല സാഹചര്യം വന്നതിനെത്തുടർന്ന് ഒരുപാട് സ്ഥാപനങ്ങൾ ഇന്ന് സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഒരുപാട് സ്ഥാപന ഉടമകൾക്ക് ഇന്ന് തൃപ്തികരമായി മുന്നോട്ടുപോകാൻ കഴിയുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. പക്ഷേ അങ്ങനെ വരുമ്പോഴും തൊഴിൽ സാഹചര്യങ്ങൾ

കുറയുന്നതിനെത്തുടർന്നുള്ള അസംതൃപ്തി തൊഴിലാളിവർഗ്ഗത്തിന്റെ മേഖലയിൽ കടന്നുവരികയാണ്. ഈ അസംതൃപ്തിയുടെ വിഷയം ഒരു വലിയ പ്രതിസന്ധിയായി കേരളത്തിൽ ഇന്നും ഇതിന്റെ പിന്നാമ്പുറത്ത് നിൽക്കുന്നുവെന്നുള്ളത് കാണേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് ഇത്തരം വിഷയങ്ങളെയെല്ലാം ഫലപ്രദമായി കണക്കിലെടുത്തുകൊണ്ട് തൃപ്തികരമായ ഒരന്തരീക്ഷത്തിലൂടെ പോകാൻ കഴിയുന്നതിനുള്ള സാഹചര്യം ഉറപ്പുവരുത്തുന്നതിന് ആത്മാർത്ഥമായ ഇടപെടലുകളുണ്ടാകണം. തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുപകരിക്കുന്ന നല്ല കാര്യങ്ങളോട് തീർച്ചയായും പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണമുണ്ടാകും. അക്കാര്യങ്ങളിൽ ഞങ്ങൾ ഭേദഗതികളും വിയോജനക്കുറിപ്പുകളുമൊക്കെ രേഖപ്പെടുത്തുമ്പോഴും ഗവൺമെന്റ് ഇത്തരത്തിൽ നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുകൊണ്ടുവരാൻ ശ്രമിച്ചാൽ അതിനെ തീർച്ചയായും സ്വാഗതം ചെയ്യും. എന്നാൽ പ്രഖ്യാപനങ്ങളുടെ അപ്പുറത്തേയ്ക്ക് പോകാൻ കഴിയാതെ നോക്കുകൂലിയുടെ കാര്യത്തിൽ സൂചിപ്പിച്ചതുപോലെ, ഗവൺമെന്റ് സുപ്രധാനങ്ങളായ പ്രഖ്യാപനങ്ങൾ നടത്തി വലിയ പ്രതീക്ഷയുണർത്തിയതിനുശേഷവും അതിൽ കാര്യമായ

ഫലമില്ലാതെ പോകുമ്പോൾ അവിടെ ഫലപ്രദമായ ഇടപെടലിന് ഗവൺമെന്റ് തയ്യാറാകണം. നമുക്ക് ഈ രംഗത്ത് വളരെ കാര്യക്ഷമമായ സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയണം. വ്യവസായ സ്ഥാപനങ്ങളും മുതൽമുടക്കുന്ന സംരംഭങ്ങളും തൊഴിലാളികളും തമ്മിലുള്ള അഭിപ്രായ സമന്വയത്തോടെ ഒരു ഏറ്റുമുട്ടലിന്റെ പാത ഒഴിവാക്കിക്കൊണ്ട് പോകാൻ കഴിയുന്ന അന്തരീക്ഷം ഇന്ന് കേരളത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അതിനോട് കേരളത്തിലെ ഭരണ/പ്രതിപക്ഷ ഭേദമന്യേ എല്ലാ രാഷ്ട്രീയപ്രസ്ഥാനങ്ങളും സഹകരിച്ചുനിൽക്കുന്ന ഒരു നിലപാടെടുത്തിട്ടുണ്ട്. നമ്മുടെ ട്രേഡ് യൂണിയനുകൾ ഉന്നതവും സംസ്കാരസമ്പന്നവുമായ ഒരു നിലവാരം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സമീപനമെടുക്കാൻ ഇന്ന് കേരളത്തിൽ മുന്നോട്ടുവരുന്നുവെന്നുള്ളത് സ്വാഗതാർഹമാണ്. അതിന്റെ റിസൾട്ട് കേരളത്തിന്റെ സാമ്പത്തിക രംഗത്തും വ്യവസായ രംഗത്തും ഭാവി പുരോഗതിയിലും പ്രകടിപ്പിക്കാൻ കഴിയണമെങ്കിൽ വികസനത്തിന്റെ പാതയിൽ പുതിയ പാത വെട്ടിത്തുറക്കാൻ കഴിയണം. അതിനുള്ള ഒരു നല്ല അന്തരീക്ഷം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണെനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് കഴിയാത്ത നിലപാടിലുള്ള അതൃപ്തി

രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 25-05-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ ഇവിടെയിരിക്കുന്ന നമ്മളെല്ലാവരുടേയും ബില്ലാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരർത്ഥത്തിൽ എം.എൽ.എ.-മാരായ നമ്മളെല്ലാപേരും ചുമട്ടുതൊഴിലാളികളാണ്. ജനങ്ങളുടെ സങ്കടവും ദുഖവും പ്രയാസവും ദുരിതവും ചുമക്കുന്ന തൊഴിലാളികളാണ് എം.എൽ.എ.-മാരായ നമ്മൾ. അതുകൊണ്ട് ഈ ബില്ലിൽ പങ്കെടുത്ത് സംസാരിക്കുന്നതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യവും സന്തോഷവുമുണ്ട്. ഈ ബില്ലിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ എന്റെ സ്മൃതിപഥത്തിൽ തെളിഞ്ഞുവരുന്ന ഒരു പഴയകാല സംഭവമുണ്ട്. അത് ഞാൻ ഇവിടെ അയവിറക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിന്റെ മുഖ്യമന്ത്രിയടക്കം നിരവധി പദവികൾ അലങ്കരിച്ച സി. എച്ച്. മുഹമ്മദ് കോയ, അദ്ദേഹത്തിന്റെ

ആവേശോജ്ജ്വലമായ പ്രസംഗങ്ങൾ കേട്ടാണ് എന്നെപ്പോലെയുള്ള ആളുകൾ എം.എസ്.എഫ്.-ലേയ്ക്കും മുസ്ലീം ലീഗിലേയ്ക്കുമൊക്ക ആകർഷിക്കപ്പെട്ടത്. അദ്ദേഹം ആദ്യമായി മൽസരിച്ചത് അന്നത്തെ കോഴിക്കോട് നഗരസഭയിലെ പരപ്പിൽ ഡിവിഷനിൽ നിന്നാണ്. ആ തെരഞ്ഞെടുപ്പിൽ അദ്ദേഹം വിജയിച്ച് ആദ്യമായി ജനപ്രതിനിധിയായി. ആ ജയം അന്ന് വലിയങ്ങാടിയിലെ തൊഴിലാളികൾ ആഘോഷിച്ചത് കൈവണ്ടി വലിച്ചുകൊണ്ടായിരുന്നു. കൈവണ്ടി വലിച്ച് പ്രകടനം നടത്തിയായിരുന്നു സി.എച്ച്.-ന്റെ ജയം വലിയങ്ങാടിയിലെ തൊഴിലാളികൾ ആഘോഷിച്ചത്. അന്ന് ചിലർ 'കൈവണ്ടി ലീഗ്' ആണെന്ന് പറഞ്ഞ് പരിഹസിച്ചു. ശരിയാണ് ഞങ്ങൾ കൈവണ്ടിക്കാരുടെയും ചുമട്ടുതൊഴിലാളികളുടെയും ലീഗാണ്, ഞങ്ങൾ വരേണ്യവർഗ്ഗത്തിന്റെ പാർട്ടിയല്ല ഞങ്ങൾ യഥാർത്ഥ പോളിറ്റേറിയൻ പാർട്ടിയാണ് എന്നാണ് അതിന് മറുപടിയായി സി. എച്ച്. മുഹമ്മദ്കോയ അവരോട് പറഞ്ഞത്. ആ സി. എച്ച്.-ന്റെ അനുയായി എന്ന നിലയിൽ ഈ ബില്ലിൽ പങ്കെടുത്ത് സംസാരിക്കാൻ ഞാൻ നേരത്തെ പറഞ്ഞതുപോലെ എനിക്ക് എന്തെന്നില്ലാത്ത സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. ഇന്ന് കേരളപ്പിറവി ദിനമാണ്, ശ്രീ. പി. സി.

വിഷ്ണുനാഥ് ഇവിടെ പറഞ്ഞതുപോലെ നമ്മുടെ മലയാളഭാഷ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്, ശ്രേഷ്ഠഭാഷാ ബിൽ ഇവിടെ പാസ്സാക്കിയിട്ടുമുണ്ട്. ശ്രീ. വി. ശിവൻകുട്ടി അദ്ദേഹം തൊഴിൽ വകുപ്പുമന്ത്രി മാത്രമല്ല കേരളത്തിന്റെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രികൂടിയാണ്. അങ്ങയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നൊരു കാര്യം, കാസർഗോഡ് ജില്ല കേരളത്തിലാണ്. ശ്രേഷ്ഠഭാഷയായി മലയാളത്തെ അംഗീകരിച്ച സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് കാസർഗോഡും മഞ്ചേശ്വരവും. എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ശ്രീ. എ. കെ. എം. അഷ്റഫ് ഇവിടെയുണ്ട്. കേരളത്തിൽ സ്ഥിതിചെയ്യുന്ന കാസർഗോഡ് ജില്ലയിൽ മലയാളം പഠിപ്പിക്കാത്ത സ്കൂളുകൾ ഇപ്പോഴുമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ മലയാളം ഹൈസ്കൂളില്ലാത്ത പഞ്ചായത്തുണ്ട്. അത് കേരളത്തെ സംബന്ധിച്ചിടത്തോളം തീരാകളങ്കമാണ്. അത് മായ്ച്ചുകളയാൻ അങ്ങേയ്ക്ക് കഴിയണമെന്നാണ് എന്റെ ആഗ്രഹം. അതിനങ്ങ് ശ്രമിക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. ചുമട്ടുതൊഴിലാളികൾ നമ്മുടെ സമൂഹത്തിന്റെ അവിഭാജ്യഘടകമാണ്. ഇപ്പോൾ മത്സ്യത്തൊഴിലാളികളെ നമ്മൾ നെഞ്ചോട് ചേർത്ത്

വച്ചിരിക്കുകയാണ്. നമ്മുടെ സൈന്യമെന്നാണ് അവരെ നമ്മൾ വിശേഷിപ്പിക്കുന്നത്. നിർണ്ണായകഘട്ടങ്ങളിൽ അവർ നമ്മുടെ രക്ഷകരാകുന്നതുകൊണ്ടാണ് നമ്മൾ അവരെ നമ്മുടെ സൈന്യമെന്ന് വിളിക്കുന്നത്. സ്കൂളിൽ പഠിക്കുന്ന കാലത്ത് നമ്മളെല്ലാവരും വിളിച്ച ഒരു മുദ്രാവാക്യമുണ്ട്, ജയ് ജവാൻ, ജയ് കിസാൻ. ആ മുദ്രാവാക്യത്തിൽ ഒരു മാറ്റം വേണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിൽ ഒരു വിഭാഗത്തെക്കൂടി ഉൾപ്പെടുത്തണം. അത് മറ്റാരുമല്ല നമ്മുടെ ചുമട്ടുതൊഴിലാളികളെയാണ്. ചെറുപ്പകാലത്ത് ഞാൻ വിളിച്ച ആ സ്ലോഗൻ ചെറിയൊരു മാറ്റം വരുത്തി ഈ സഭയിൽ ഞാൻ വീണ്ടും വിളിക്കുന്നു. ജയ് ജവാൻ, ജയ് കിസാൻ, ജയ് ഹെഡ് ലോഡ് വർക്കർ. ജയ് ജവാൻ, ജയ് കിസാൻ എന്ന് നാം വിളിച്ചത് വെറുതെയല്ല, നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ജവാൻ എന്നുപറയുന്നത് നമ്മുടെ രാജ്യത്തിന്റെ അതിർത്തി കാക്കുന്നവരാണ്. അതുപൊലെ നമ്മുടെ രാജ്യത്ത് കർഷകരില്ലെങ്കിൽ നമ്മുടെ രാജ്യത്തിന് നിലനിൽപ്പില്ല. നമുക്ക് ഭക്ഷണം നൽകുന്നത് അവരാണ്. അതുപോലെതന്നെ ചുമട്ടുതൊഴിലാളി ഇല്ലെങ്കിൽ നമ്മുടെ അടുക്കളയിൽ പുക ഉയരുകയില്ലെന്ന കാര്യം നമ്മൾ

മനസ്സിലാക്കണം. നമ്മുടെ ഫാക്ടറികൾ ചലിക്കണമെങ്കിൽ, അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ, നമ്മുടെ സംസ്ഥാനത്ത് മറ്റേതെങ്കിലും പരിപാടികൾ നടക്കണമെങ്കിൽ തീർച്ചയായും നമുക്ക് ചുമട്ടുതൊഴിലാളികളുടെ സേവനം അനിവാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികൾ ഇപ്പോൾ അവരുടെ തൊഴിൽ സംരക്ഷിക്കാനുള്ള സംയുക്ത ശ്രമത്തിലാണെന്ന് നമുക്കെല്ലാവർക്കുമറിയാം. 1978-ലെ ചുമട്ടുതൊഴിലാളി നിയമത്തിലെ അപാകത അല്ലെങ്കിൽ പോരായ്മ ഏതൊരാൾക്കും അറിയാവുന്നതാണ്. ചുമട്ടുതൊഴിൽ കാർഡിന് ആർക്ക് വേണമെങ്കിലും അപേക്ഷിക്കാം. കോടതി വിധിയിലൂടെ അത് നേടിയെടുക്കാനും സാധിക്കും. ചുമട്ടുതൊഴിലാളികളെ പലതരത്തിൽ ബാധിക്കുന്ന കോടതി വിധികൾ ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ഏതൊരു തൊഴിലുടമയ്ക്കും ഇപ്പോൾ ഇഷ്ടമുള്ള തൊഴിലാളികളെ വച്ച് ജോലിയെടുപ്പിക്കാം അതാണ് കോടതി വിധിയിൽ പറയുന്നത്. ഇതിന്റെ ഫലം എന്താണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ചുമട്ടുതൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗങ്ങളും അംഗങ്ങളല്ലാത്തവരുമായ നിലവിൽ ജോലി ചെയ്തുവരുന്ന അംഗീകൃത ചുമട്ടുതൊഴിലാളികളുടെ തൊഴിൽ

നഷ്ടമാകുകയാണ് ഇപ്പോൾ. തൊഴിൽ മേഖലയിൽ അനാവശ്യതർക്കങ്ങളും സംഘർഷങ്ങളുമുണ്ടാകുന്നു. നോക്കുകൂലിയെക്കുറിച്ച് ഞാൻ കൂടുതൽ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നില്ല. നോക്കുകൂലിയെന്ന വാക്ക് ഇനി കേരളത്തിൽ കേൾക്കാൻ പാടില്ലെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്. ഇതിനായി കൊടിയുടെ നിറം നോക്കാതെ നടപടി വേണമെന്നും കോടതി പറഞ്ഞിട്ടുണ്ട്. നോക്കുകൂലിയെന്ന കാടത്തം, നിയമംമൂലം നിരോധിച്ചിട്ടുള്ളതാണെങ്കിലും അത് ഇപ്പോഴും നമ്മുടെ സംസ്ഥാനത്തെമ്പാടും നിലനിൽക്കുന്നുവെന്ന് നമുക്കറിയാം. ഞാൻ ഒരു സംഭവം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്, കൊല്ലം തോട് നവീകരണത്തിന് കൊണ്ടുവന്ന കോൺക്രീറ്റ് ളുണകൾ ലോറിയിൽ നിന്ന് ഇറക്കുന്നതിനെച്ചൊല്ലി തർക്കമുണ്ടായി. രണ്ട് ടണ്ണോളം വരുന്ന ളുണകൾ ചുമട്ടുതൊഴിലാളികൾക്ക് ചുമന്ന് താഴെയിറക്കാൻ സാധിക്കുകയില്ലെന്ന് നമുക്കറിയാം. അത് ക്രയിനിൽ മാത്രമേ ഇറക്കാൻ സാധിക്കുകയുള്ളൂ, അതിനെച്ചൊല്ലിയാണ് തർക്കമുണ്ടായത്. ഇതെല്ലാം സൂചിപ്പിക്കുന്നത് വിരലിലെണ്ണാവുന്ന തൊഴിലാളികളുടെ കൊള്ളരുതായ്മ പതിനായിരക്കണക്കിന് ചുമട്ടുതൊഴിലാളികൾക്ക് കളങ്കമുണ്ടാക്കുകയാണ്.

കേരള സംസ്ഥാനത്ത് നിരവധി തൊഴിലാളി സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ആ തൊഴിലാളി സംഘടനകളൊന്നും ഈ നോക്കുകൂലിയെ അനുകൂലിക്കുന്നവരല്ല. നോക്കുകൂലി എന്ന നിയമം വെറും നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. ഇതിനെതിരെ തീർച്ചയായും നമുക്ക് കർശന നിലപാട് സ്വീകരിക്കാൻ കഴിയണമെന്നാണ് എനിക്ക് പറയാനുള്ളത്. തൊഴിലുടമകൾ കുടുംബാംഗങ്ങളെയും ഡ്രൈവർമാരെയും ചുമട്ടുതൊഴിലാളികൾ എന്ന പേരിൽ അറ്റാച്ച്ഡ് ലേബർ കാർഡുകൾ വാങ്ങി പകരം ഇതര സംസ്ഥാന തൊഴിലാളികളെക്കൊണ്ട് കുറഞ്ഞ നിരക്കിൽ ജോലികൾ എടുപ്പിക്കുന്നതായി പല സ്ഥലങ്ങളിലും ആക്ഷേപമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നിയമഭേദഗതി കൊണ്ടുവരുന്നതുവരെ അറ്റാച്ച്ഡ് ലേബർ കാർഡ് നൽകുന്നത് നിർത്തിവയ്ക്കണമെന്നാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നമ്മുടെ സമൂഹത്തിലെ ഏറ്റവും അടിസ്ഥാന തൊഴിലാളി വിഭാഗമായ ചുമട്ടുതൊഴിലാളികളെ ബാധിക്കുന്ന വളരെ ന്യായമായ കാര്യങ്ങളാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ചുമട്ടുതൊഴിലാളികളെപ്പോലെ തന്നെ ഏറെ പ്രയാസമനുഭവിക്കുന്ന മറ്റൊരു

വിഭാഗമാണ് മോട്ടോർ തൊഴിലാളികൾ. കോവിഡ് പശ്ചാത്തലത്തിൽ അവർക്ക് ജോലി നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടി നിൽക്കുകയാണ്. അങ്ങനെയുള്ള മോട്ടോർ തൊഴിലാളികളുടെ ക്ഷേമനിധിയിലുള്ള രജിസ്ട്രേഷന് ഒക്ടോബർ 31 വരെയായിരുന്നു കാലാവധി നൽകിയിരുന്നത്. ആ കാലാവധിക്കകത്ത് മുഴുവൻ സ്കാറ്റേർഡ് മോട്ടോർ തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗങ്ങളായി ചേരാൻ അവസരം ലഭിച്ചില്ല. സർക്കാരിന്റെ 17-08-2021-ലെ തൊഴിൽ വകുപ്പ് 990/2021 ഉത്തരവ് പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് പുതിയതായി രജിസ്റ്റർ ചെയ്യാൻ രണ്ടരമാസം സമയം അനുവദിച്ചിരുന്നു. ഓൺലൈൻ രജിസ്ട്രേഷന്റെ പോർട്ടൽ സൗകര്യം ലഭിക്കാത്തതുകാരണം ഒരു തൊഴിലാളിക്കുപോലും രജിസ്റ്റർ ചെയ്യാൻ നാളിതുവരെ അവസരം ലഭിച്ചിട്ടില്ല. ഒന്നരമാസത്തോളമായി പോർട്ടൽ സൗകര്യം ലഭിക്കാത്തതിനാൽ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് രജിസ്റ്റർ ചെയ്യാൻ ഇനി ഒരു മാസം മാത്രമാണ് അവശേഷിക്കുന്നത്. ഈ ചെറിയ കാലയളവിൽ അവശേഷിക്കുന്ന മുഴുവൻ തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗങ്ങളാകാൻ പരിമിതമായ സമയംകൊണ്ട്

സാധിക്കുകയില്ല. ആയതുകൊണ്ട് സ്കാറ്റേർഡ് വിഭാഗത്തിലെ മുഴുവൻ തൊഴിലാളികൾക്കും ബോർഡിൽ ചേരാൻ ജില്ലാ ഓഫീസുകളിൽ അപേക്ഷകൾ നേരിട്ട് സ്വീകരിക്കാൻ സംവിധാനമുണ്ടാക്കണമെന്നാവശ്യപ്പെട്ട് കേരള മോട്ടോർ ആൻഡ് എഞ്ചിനീയറിംഗ് വർക്കേഴ്സ് യൂണിയൻ, എസ്.ടി.യു. സംസ്ഥാന പ്രസിഡന്റ് ശ്രീ. വി. എ. കെ. തങ്ങൾ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിക്ക് ഒരു നിവേദനം നൽകിയിട്ടുണ്ട്. ഇത് ഗൗരവമായെടുത്ത് അതിനാവശ്യമായ പരിഗണന നൽകി മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ചേരുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അങ്ങ് ഈ ഗുരുതരമായ പ്രശ്നം എന്നിലൂടെ ബഹുമാനപ്പെട്ട മന്ത്രിയെ കേൾപ്പിച്ചു. അദ്ദേഹം അത് കേട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അതിന് ശാശ്വതമായ പരിഹാരം കാണും എന്നുതന്നെയാണ് എന്റെ പൂർണ്ണമായ പ്രതീക്ഷ. നമ്മുടെ രാജ്യത്തിനുതന്നെ മാതൃക എന്നനിലയിലാണ് സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി നിയമം നമ്മൾ നടപ്പിലാക്കിയത്. പക്ഷേ ഇന്ന് പ്രസ്തുത

മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വേദനാജനകമായ പരിതസ്ഥിതിയാണുള്ളത്. ചുമട്ടുതൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരണമെന്നതാണ് എന്റെ ഒരു നിർദ്ദേശം. ചുമട്ടുതൊഴിലാളി മേഖലയിലെ എല്ലാ സംഘടനകളും ഇപ്പോൾ പ്രക്ഷോഭത്തിന്റെ മാർഗ്ഗത്തിലാണെന്ന് അങ്ങേയ്ക്ക് നന്നായറിയാം. നവംബർ 5-ാം തീയതി കൊടിയുടെ നിറം നോക്കാതെ ഈ രംഗത്തെ മുഴുവൻ തൊഴിലാളി സംഘടനകളും സംയുക്തമായി യോഗം ചേരുന്നുണ്ട്. മറ്റൊരുകാര്യം, എനിക്ക് തോന്നുന്നത്, മാര്യേജ് ഗ്രാന്റായി നമ്മൾ നൽകുന്നത് 50,000 രൂപയാണെന്നാണ്, അത് വർദ്ധിപ്പിക്കണം. കൂടാതെ, വർക്കേഴ്സ് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് 30,000 രൂപ നൽകുന്നത് വർദ്ധിപ്പിക്കണമെന്നുമാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. അതുപോലെതന്നെ സ്പെഷ്യൽ മെഡിക്കൽ എയിഡ് ടു കാൻസർ, ഹാർട്ട് ആൻഡ് കിഡ്നി പേഷ്യന്റ് എന്നതിൽ നൽകുന്ന 50,000 രൂപ എന്നത് ഇന്നത്തെ സാഹചര്യത്തിൽ വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ഞാൻ പ്രത്യേകം സൂചിപ്പിക്കേണ്ട ആവശ്യമില്ല. ഓൺലൈൻ വിദ്യാഭ്യാസം തുടങ്ങിയതുമുതൽ

നമ്മുടെ കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയാത്തതുകൊണ്ട് എല്ലാപേർക്കും സ്മാർട്ട് ഫോണുകൾ ലഭ്യമാകേണ്ട ആവശ്യകത വന്നപ്പോൾ എം.എൽ.എ.-മാർ മുൻകയ്യെടുത്ത് അവരുടെ മണ്ഡലങ്ങളിൽ ധാരാളം സ്മാർട്ട് ഫോൺ നൽകിയിട്ടുണ്ട്. പക്ഷേ ചുമട്ടുതൊഴിലാളിയുടെ കുട്ടികൾക്ക് സർക്കാരിന്റെ വക സ്മാർട്ട് ഫോണുകൾ നൽകേണ്ടതായിരുന്നു, അങ്ങനെ ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല. അതുപോലെ കോവിഡ് കാലത്ത് തൊഴിലാളികൾ പട്ടിണിയിലായിരുന്നു. മറ്റുള്ള വിഭാഗങ്ങൾക്ക് നൽകുന്നതുപോലെയുള്ള ആനുകൂല്യങ്ങളും ആശ്വാസങ്ങളും ചുമട്ടുതൊഴിലാളികൾക്ക് നൽകാൻ സാധിച്ചിട്ടില്ല. തീർച്ചയായും വളരെ ചെറിയൊരു ഭേദഗതിയാണ് പറഞ്ഞിരിക്കുന്നത്. എനിക്ക് പറയാനുള്ളത് ചുമട്ടുതൊഴിലാളികൾ നമ്മുടെ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ്, കത്തിജ്വലിക്കുന്ന സൂര്യന് കീഴിലും മഴയത്തുമെല്ലാം നമ്മുടെ സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുന്ന ആളുകളാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ രാജ്യത്ത് കർഷകരില്ലെങ്കിൽ, സൈനികരില്ലെങ്കിൽ നമുക്ക് ജീവിക്കാൻ കഴിയാത്തതുപോലെതന്നെ തീർച്ചയായും ചുമട്ടുതൊഴിലാളികളില്ലെങ്കിൽ നമുക്ക് ജീവിക്കാൻ സാധിക്കില്ല.

അവരുടെ കാര്യത്തിൽ കൂടുതൽ ആശ്വാസകരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. കെ. രാമചന്ദ്രൻ): 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ചുമട്ടുതൊഴിലാളി ക്ഷേമനിധി നിയമത്തിൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ അനുകൂലിച്ചുകൊണ്ടും ഭേദഗതി അവതരിപ്പിച്ചുകൊണ്ടും ഞാൻ സംസാരിക്കുകയാണ്. ഈ നിയമത്തിൽ ഒരു തൊഴിലാളി "75 കിലോഗ്രാം" ഭാരം ചുമക്കണമെന്നത് " 55 കിലോഗ്രാം "എന്നാക്കി കുറയ്ക്കുന്നതിനും സ്ത്രീകൾക്കും കൗമാര പ്രായക്കാർക്കും അത് '35 ' കിലോഗ്രാമായി നിജപ്പെടുത്തുകയും ചെയ്യുന്ന ഈ ഭേദഗതി ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്. അതോടൊപ്പം ക്ഷേമനിധി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ലഭ്യമാകേണ്ട സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട പരിഷ്കാരങ്ങളെയും ഭേദഗതികളെയും ഞാൻ പിന്തുണയ്ക്കുകയാണ്.

ചുമട്ടുതൊഴിലാളി മേഖലയിലേയ്ക്ക് കടക്കുമ്പോൾ മനസ്സിലാകും, ആ മേഖലയിലൂടെ തൊഴിലാളികൾ പണിയെടുത്ത്, സംഘടിച്ച്, അവകാശങ്ങൾ നേടിയെടുത്ത് മുമ്പോട്ടുപോകേണ്ടി വന്ന ഘട്ടങ്ങളിലെല്ലാം നിരവധിയായ പരിഹാസങ്ങളും ആക്ഷേപങ്ങളും അവഹേളനങ്ങളും ഉണ്ടായിട്ടുണ്ട്. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് കേരളത്തിലെ ഏറ്റവും അടിസ്ഥാന തൊഴിലാളി വിഭാഗമായ ചുമട്ടുതൊഴിലാളികൾക്ക് മുന്നോട്ടുപോകേണ്ടിവന്നത്. അവരെ സംബന്ധിച്ച നിരവധി കാർട്ടൂണുകൾ മുഖ്യധാരാ മാധ്യമങ്ങൾ പ്രദർശിപ്പിച്ചിരുന്നു. ഇന്നിവിടെ മുത്തൂറ്റ് ഫിനാൻസിനും അതുപോലുള്ള മുതലാളിമാർക്കുംവേണ്ടി വക്കാലത്തെടുക്കുന്ന ആളുകളെപ്പോലുള്ളവർ അന്നുമുണ്ടായിരുന്നു. അവരൊക്കെ വ്യാപകമായി ചുമട്ടുതൊഴിലാളികളെ പരിഹാസ്യരാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നിട്ടും അതിനെയെല്ലാം അതിജീവിച്ചാണ് അവർ മുന്നോട്ടുവന്നത്. മീശക്കൊമ്പന്മാർ, മുണ്ട് കയറ്റിക്കുത്തി ട്രൗസർ കാണിച്ച് നിൽക്കുന്ന രൂപത്തിലുള്ളവർ തുടങ്ങിയ രീതിയിലാണ് എവിടെയും അവരെ കാണിച്ചിരുന്നത്. എന്നാൽ മറ്റൊരു പ്രത്യേകത ഇന്നുള്ളത് നാം കാണണം, ഇന്ന് ചുമട്ടുതൊഴിലാളികൾ മാത്രമല്ല, പൊതുവിൽ എല്ലാവരും ബസിലും

ട്രയിനിലും മറ്റുള്ള യാത്രയിൽവരെയും മുണ്ട് ഊരിക്കളഞ്ഞ്, ചുമട്ടുതൊഴിലാളികൾ അന്നിട്ടിരുന്ന ട്രൗസറിനേക്കാളും ഇറക്കം കുറഞ്ഞ ട്രൗസർ ധരിച്ചുകൊണ്ടാണ് പരിഷ്കൃത സമൂഹത്തിലെ ആളുകളായി ജീവിക്കുന്നത്. അന്നവരെ കളിയാക്കി, എന്തെല്ലാം ആക്ഷേപങ്ങൾ കേട്ടു! പെട്ടിളുക്കുകയും റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റാന്റിലുമൊക്കെ ഇരിക്കുകയും ചെയ്തിരുന്ന പാവപ്പെട്ട ആ മനുഷ്യരോട് പറഞ്ഞു, നിങ്ങൾ ഇങ്ങനെ ആവശ്യക്കാർ തരുന്ന തുട്ട് വാങ്ങി എവിടെയെങ്കിലും ഇരിക്കേണ്ടവരല്ല, നിങ്ങൾ കൂട്ടായി ഒരു സ്ഥലത്ത് ഇരിക്കുകയും ആ പരിധിയിൽവരുന്ന ജോലികൾ ചെയ്യുകയും ചെയ്യൂ, ഏകീകരിച്ച ഒരു വസ്ത്രധാരണ രീതി അവലംബിക്കൂ. അങ്ങനെ പല യൂണിയനുകൾ വന്നു, യൂണിയനുകൾക്കനുസരിച്ച് വ്യത്യസ്ത യൂണിഫോമുകൾ വന്നു, യൂണിയനുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു, അതിനെ അടിസ്ഥാനപ്പെടുത്തി യൂണിയനുകളുടെ തൊഴിൽ ബാഡ്ജുകൾ വന്നു. അതിനെത്തുടർന്ന് തിരിച്ചറിയൽ കാർഡുകൾ വന്നു. ഈ തിരിച്ചറിയൽ കാർഡിൽ അവർ ജോലിചെയ്യേണ്ട സ്ഥലവും അതിന്റെ നാലതിരുകളും രേഖപ്പെടുത്തപ്പെട്ടു. അങ്ങനെ അവർ നിശ്ചിത സ്ഥലങ്ങളിൽ ജോലി ചെയ്തുതുടങ്ങി. തൊഴിലാളികൾ തമ്മിലും

യൂണിയനുകൾ തമ്മിലും നിരവധി തൊഴിൽത്തർക്കങ്ങളുണ്ടായി, അതെല്ലാം ലേബർ ഡിപ്പാർട്ടുമെന്റുകൾ ഇടപെട്ട് ആവശ്യമായ അതിർത്തികൾ നിശ്ചയിച്ച് പരിഹരിച്ചു. അങ്ങനെ നിശ്ചിത അതിർത്തിക്കുള്ളിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളിക്ക് ആ അതിർത്തിക്കുള്ളിലെ പണി ചെയ്യാനുള്ള അവകാശം നിലനിൽക്കുമ്പോൾ അവിടേയ്ക്ക് പുതിയ തൊഴിലാളികൾ വരികയാണ്, ഈ പ്രശ്നം വളരെ ഗൗരവത്തോടെ അഭിമുഖീകരിക്കേണ്ടതാണ്. ലേബർ ഡിപ്പാർട്ടുമെന്റുതന്നെ അംഗീകരിച്ച് നിശ്ചയിച്ച് നൽകിയിട്ടുള്ള, രേഖപ്പെടുത്തിക്കൊടുത്തിട്ടുള്ള അവകാശം നിലനിൽക്കെ ആ പ്രദേശത്ത് പിന്നെയെന്തിനാണ് മറ്റു തൊഴിലാളികൾ പണിക്കെത്തുന്നത്? ഗാർഹികാവശ്യങ്ങൾക്ക് വസ്തുക്കൾ കൊണ്ടുവരുമ്പോൾ വീട്ടുടമയ്ക്ക് ഇറക്കാൻ കഴിയുന്നത്ര അദ്ദേഹം ഇറക്കട്ടെ. മറ്റാളുകളെ വിളിച്ച് ജോലി ചെയ്യിക്കാതെ ന്യായമായും അംഗീകൃത തൊഴിലാളികളെ വിളിച്ചല്ലേ ജോലി ചെയ്യിക്കേണ്ടത്? അതുകൊണ്ട് ഇവർക്ക് തൊഴിൽ പരിരക്ഷ ഉണ്ടാകണം, അതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ടെന്ന് ഇത്രയും നല്ലരീതിയിൽ തൊഴിൽമേഖലയിൽ ഇടപെട്ടുകൊണ്ട് പ്രവർത്തിച്ചുമുന്നേറുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റിന്റെയും പ്രത്യേകിച്ച് തൊഴിൽ വകുപ്പിന്റെയും ശ്രദ്ധയിൽകൊണ്ടുവരികയാണ്. പത്തമ്പത് വർഷങ്ങൾക്കുമുമ്പ് ഈ മേഖലയിൽ ജോലി ചെയ്തിരുന്നത് സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളിൽനിന്നുമാണ്. എന്നാൽ ഇന്നത്തെ സ്ഥിതി അതാണോ? ഇന്ന് അഭ്യസ്തവിദ്യരായ എത്രയോ ആളുകൾ, പാരലൽ കോളേജ് നടത്തുന്നവർ, സമാന്തര സ്ഥാപനങ്ങളിലെ അദ്ധ്യാപകർ തുടങ്ങിയവർ ഈ മേഖലയിൽ പണിയെടുക്കുന്നതായി കാണാം. അങ്ങനെ പതുക്കെപ്പതുക്കെ ഈ മേഖലയിലേയ്ക്ക് ധാരാളമാളുകൾ വന്നു. പഴയകാലത്ത് ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ടാകാം, അന്നത്തെ സാമൂഹ്യവിഭാഗങ്ങൾ, തൊഴിലുമായി ബന്ധപ്പെട്ടുവന്ന അന്നത്തെ കാലത്തിന്റെ പ്രത്യേകത മുതലായവയുടെ അടിസ്ഥാനമായിരിക്കും അതിനെല്ലാം കാരണം. പുതിയ തലമുറ വന്നതോടെ ഈ മേഖലയും ശക്തിപ്പെടുകയുണ്ടായി. പക്ഷേ അവരുടെ തൊഴിലവസരങ്ങൾ ഇന്ന് നഷ്ടപ്പെടുന്നു. NAAPTOL പോലുള്ള ഓൺലൈൻ വ്യാപാര കേന്ദ്രങ്ങളാണ് ഇന്നുള്ളത്, അവ നടത്താതിരിക്കാൻ കഴിയില്ല, നമുക്കാർക്കും അത് തടയാനുംപറ്റില്ല. പക്ഷേ അങ്ങനെ വരുന്നതിന്റെ ഭാഗമായി ഗോഡൗണുകൾ

ഇല്ലാതെ വരുന്നു, അവിടെയുണ്ടാകേണ്ടിയിരുന്ന തൊഴിൽ ഇല്ലാതാകുന്നു. അങ്ങനെ നിരവധി പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. ഈ വിഷയങ്ങളെല്ലാം നമ്മൾ പരിഗണിച്ചുപോകേണ്ടതുണ്ട്. മുത്തൂറ്റ് ഫിനാൻസിൽ നടന്ന സമരത്തിൽ മാർക്സിസ്റ്റ് പാർട്ടിയെ ഉപയോഗിക്കുന്നുവെന്ന് ഇവിടെ പറഞ്ഞു, മാർക്സിസ്റ്റ് പാർട്ടിയെന്നത് ഒരു രാഷ്ട്രീയ പാർട്ടിയാണ്, തൊഴിലാളി സംഘടനകൾ എന്നു പറയുന്നതിൽ CITU (Centre Of Indian Trade Union) ഉണ്ട്, അതിൽ അഫിലിയേറ്റ് ചെയ്ത ഒരു സംഘടന തന്നെയാണ് മുത്തൂറ്റിലെ സംഘടന. കേരളത്തിലെ അൺഎയ്ഡഡ് സ്കൂൾ ജീവനക്കാരുടെ സംഘടന സി.ഐ.റ്റി.യു.-വിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതാണ്. അവിടങ്ങളിലെ സേവന-വേതന വ്യവസ്ഥകളോ തൊഴിൽ നിയമങ്ങളോ ഒന്നും പാലിക്കാതെ അന്യായമായി തൊഴിലാളികളെ പിരിച്ചുവിടുന്ന നടപടികൾക്കെതിരായി അതാത് സ്ഥലങ്ങളിലെ തൊഴിലാളി യൂണിയനുകൾ സമരം നടത്തി പ്രതിഷേധിക്കുമ്പോൾ അവർക്കൊപ്പം നിൽക്കുകയെന്നതും അതിന് പിന്തുണനൽകുകയെന്നതും സി.ഐ.റ്റി.യു.-വിന്റെ നയമാണ്. മാത്രവുമല്ല ഓരോ യൂണിയനുകളും പ്രവർത്തിക്കുന്നത് അതാത് യൂണിയനുകളുടെ ഭരണഘടന അനുസരിച്ചാണ്. ആ

ഭരണഘടനാപരമായ ബാധ്യതയാണ് ഓരോ തൊഴിലാളി സംഘടനകളും നിർവ്വഹിക്കുന്നത്. ഇതിനുമുമ്പ് പലഘട്ടങ്ങളിലും ഇത്തരം സമരങ്ങളുണ്ടാകുമ്പോൾ നിരവധി കള്ളക്കേസുകൾ, നിരവധി ഇടപെടലുകൾ ഈ സമരങ്ങളെ തളർത്താൻവേണ്ടി മാനേജ്മെന്റുകൾ നടത്തിയിട്ടുണ്ട്. അതിന് കൂട്ടുനിൽക്കുന്ന പ്രവണതകൾ അന്നും ഉണ്ടായിട്ടുണ്ട് ഇന്നും ഇവിടെ കാണുകയാണ്. ഞാൻ മറ്റുകാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് അവസാനമായി സൂചിപ്പിക്കാനുള്ളത് ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് ഇവിടെപറഞ്ഞു, റോഡരികിൽ ഷെഡ് കെട്ടിയിരിക്കുന്ന തൊഴിലാളി വിഭാഗങ്ങൾ ഏത് വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും തൊഴിലാളി യൂണിയനുകൾ എന്ന നിലയിലാണ് പലതരത്തിലുമുള്ള അപകടങ്ങളിൽപ്പെടുന്നവരെ രക്തത്തോടെ തോളിലേറ്റി വാഹനങ്ങളിൽ കയറ്റി ആശുപത്രികളിൽ കൊണ്ടുപോകാൻ സഹായിക്കുന്നതും അവരുടെ ജീവൻ സംരക്ഷിക്കുന്നതുമെന്ന്. എത്രയെത്ര അനുഭവങ്ങളാണ് നമുക്ക് മുമ്പിലുള്ളത്. അവരെ കുറ്റപ്പെടുത്താനും ഒറ്റപ്പെടുത്താനും അവരുടെ പോരാട്ടങ്ങളെ ദുർബലപ്പെടുത്താനുംവേണ്ടി ശ്രമിക്കുന്നവർ ഇക്കാര്യങ്ങൾ ഒന്ന്

ആലോചിക്കണം. നേരത്തെ ഇവിടെ പറഞ്ഞതുപോലെ പ്രളയകാലത്ത് ലോഡുകണക്കിന് സാധനങ്ങളാണ് വിവിധ വാഹനങ്ങളിൽനിന്ന് സൗജന്യമായി ചുമട്ടുതൊഴിലാളികൾ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കുംമറ്റും എത്തിച്ചിട്ടുള്ളത്. സ്കൂൾ തുറക്കുന്ന ഘട്ടത്തിൽ ശുചീകരണ പ്രവർത്തനങ്ങളിലുള്ള ചുമട്ടുതൊഴിലാളികളുടെ പങ്ക് പ്രാദേശികമായി അന്വേഷിച്ചാലറിയാം. അവർ അദ്ധ്വാനശീലരും കൈക്കരുത്തുള്ളവരുമാണ്. അവർക്ക് പണിയെടുക്കാൻ മടിയില്ല. ഒരോ പ്രവർത്തനങ്ങളിലും സ്കൂൾ പി.ടി.എ. -ക്കൊപ്പം ഈ ചുമട്ടുതൊഴിലാളികളും നിൽക്കുകയാണ്. അങ്ങനെ എത്രയെത്ര സംഭവങ്ങൾ. ആ വിഭാഗത്തെ വളരെ മോശമായ രീതിയിൽ ചിത്രീകരിച്ച് അവരാണ് ഇതിനെല്ലാത്തിനും കാരണക്കാരെന്നുള്ള രീതിയിൽ കാലങ്ങളായി നടക്കുന്ന ചർച്ചയാണ്. അതിനെ പ്രോത്സാഹിപ്പിക്കരുതെന്ന അഭ്യർത്ഥന മാത്രമാണ് ഈ ഘട്ടത്തിൽ എനിക്ക് ഇതുമായി ബന്ധപ്പെട്ട് സംസാരിക്കാനുള്ളത്. അതുപോലെതന്നെ ഇവിടെ 26 (A) വകുപ്പ് റദ്ദ് ചെയ്യണമെന്ന് പറഞ്ഞു. തൊഴിലാളികൾ നടത്തിയ പോരാട്ടങ്ങളുടെ ഭാഗമായി അവർക്ക് ലഭ്യമായ കാർഡുകൂടി പിടിച്ചുവയ്ക്കണമെന്നാണോ പറയുന്നത്? ആ കാർഡ് ദുരുപയോഗം

ചെയ്യുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കണം. എന്നാൽ ആ കാർഡ് ലഭ്യമായ സ്ഥലങ്ങളിൽ അവർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ നമ്മൾ വാദിക്കേണ്ടതാണ്. എന്ത് അടിസ്ഥാനത്തിലാണോ തൊഴിലാളികൾക്ക് ആ കാർഡ് കൊടുത്തിട്ടുള്ളത് അതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് അവിടെ തൊഴിലെടുക്കാനുള്ള അവകാശം സംരക്ഷിക്കലാണ് നമ്മുടെയെല്ലാം ബാധ്യതയെന്ന് പറഞ്ഞ് ഞാൻ നിർത്തുകയാണ്.

രാജ്യത്താകമാനം തൊഴിലാളികൾക്കെതിരെയുള്ള നിയമങ്ങൾ കൊണ്ടുവരുന്ന ഘട്ടത്തിൽ തൊഴിലാളികളെ സംരക്ഷിക്കുന്ന നാനാതരത്തിലുള്ള ഇടപെടലുകളുമായി മുന്നോട്ടുപോകുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെയും ചുമട്ടുതൊഴിലാളി മേഖലയിലുള്ള ഈ ഇടപെടലിന് തൊഴിൽ വകുപ്പിനെയും പ്രത്യേകം അഭിനന്ദിച്ചുകൊണ്ടും ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട 5 ബില്ലുകളിലെ ഭേദഗതികളാണ് ഇന്നിവിടെ ചർച്ച ചെയ്തത്. കേരള ഈറ്റ, കാട്ടുവള്ളി, തഴ

തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി)ബിൽ, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി (ഭേദഗതി).

പൊതുവിൽ ചർച്ചയിൽ പങ്കെടുത്ത എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ക്ഷേമനിധി ബോർഡുകളെ ശക്തിപ്പെടുത്തുന്നതിനെയും ക്ഷേമനിധി ബോർഡുകളുടെ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിനെയും സംബന്ധിച്ച് വിലയേറിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൃത്യമായി ചില നിയമഭേദഗതികൾ പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച അത്തരം ആവശ്യങ്ങൾ, തൊഴിലാളികൾക്ക് അനുകൂലമായി, കാലഘട്ടത്തിനനുസൃതമായി വരുത്തേണ്ട മാറ്റങ്ങളെയും സാമ്പത്തിക ചെലവിനെയും സംബന്ധിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങൾ ബന്ധപ്പെട്ട ബോർഡുകൾ ചേരുന്ന അവസരത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ച് നമുക്ക് ഗൗരവമായി ആലോചിക്കാം. വിവാഹ ധനസഹായം 5000 രൂപ, ഒരാൾ മരിച്ചാൽ കൊടുക്കുന്ന ധനസഹായം,

മാരകമായ അസുഖം ബാധിച്ചാൽ നൽകുന്ന ധനസഹായം ഇതെല്ലാം പല അംഗങ്ങളും ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ കുറവാണ്. ഇപ്പോൾ 4 ബില്ലിലും അംശദായം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. ഇത് അതാത് ബോർഡുകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങളെല്ലാം ക്ഷേമനിധി ബോർഡുകളുടെകൂടി നിർദ്ദേശങ്ങളാണ്. കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളും ക്ഷേമനിധി ബോർഡിലെ അംഗങ്ങളാണ്. അത്തരത്തിൽ ക്ഷേമനിധി ബോർഡുകളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് അവരുടെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ നിലയിലുള്ള ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. ക്ഷേമനിധി ബോർഡുകളുടെ ഫണ്ട് ഗവൺമെന്റിന്റെ ആവശ്യത്തിനുവേണ്ടി പലപ്പോഴും എടുക്കാറുണ്ടെന്നുള്ള അഭിപ്രായങ്ങൾ ഇവിടെ വന്നു. ഗവൺമെന്റ് ക്ഷേമനിധി ബോർഡിന്റെ ഫണ്ടൊന്നും എടുക്കാറില്ല. അങ്ങനെയുള്ള വിവരങ്ങളൊന്നും തിരക്കിയാൽ ലഭിക്കില്ല. ക്ഷേമനിധി ബോർഡുകൾ ട്രഷറിയിൽ പണം നിക്ഷേപിക്കാറുണ്ട്

അതിനനുസരിച്ച് നല്ല പലിശയും ലഭിക്കുന്നുണ്ട്. അല്ലാതെ ക്ഷേമനിധി ബോർഡുകാരെ ബുദ്ധിമുട്ടിപ്പിക്കുന്ന നിലയിലുള്ള ഫണ്ടൊന്നും സംസ്ഥാന ഗവൺമെന്റ് എടുത്തതായി എവിടെയും പറഞ്ഞിട്ടില്ല. ക്ഷേമനിധി ബോർഡുകളെ സഹായിക്കുന്ന കാര്യത്തിലും ഗവൺമെന്റ് കാര്യമായ നിലപാടെടുക്കുന്നില്ലെന്നുള്ള വിമർശനം ശരിയല്ല. തൊഴിലാളി ക്ഷേമനിധി ബോർഡുകൾ മുഖേന രണ്ടുഘട്ടങ്ങളിലായി അംഗങ്ങളായ മുഴുവൻ തൊഴിലാളികൾക്കും സാമ്പത്തികസഹായം നൽകുന്നതിനുവേണ്ടി തയ്യാറായി. ഒന്നാംഘട്ടത്തിൽ 2749723 തൊഴിലാളികൾക്കായി 22,53,38,500 രൂപ നൽകി. രണ്ടാംഘട്ടത്തിൽ 2658828 തൊഴിലാളികൾക്കായി 265,88,28,000 രൂപ വിതരണം ചെയ്തു. ഗവൺമെന്റ് നന്നായിതന്നെ ക്ഷേമനിധി ബോർഡുകളെ സഹായിക്കുന്നുണ്ടെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. മറ്റൊരു സംസ്ഥാനത്തും ഇത്തരം ആശ്വാസ നടപടികൾ ഉണ്ടായിട്ടില്ല. എഫ്.സി.ഐ.-യുടെ ഗോഡൗണുകളിൽ എട്ടരക്കോടി ഭക്ഷ്യധാന്യം സ്റ്റോക്കുണ്ടായിട്ടുപോലും പട്ടിണിയിലായ ദരിദ്ര ജനതയെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റ് ഒരു നടപടിയുമെടുക്കാത്ത സാഹചര്യത്തിലാണ്, കേരള ഗവൺമെന്റ് തൊഴിലാളികൾക്കുവേണ്ടിയും

ബോർഡിനെ സഹായിക്കുന്നതിനുംവേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടതെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. അതുപോലെ കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ ഒരു വർദ്ധനവും നടത്തിയിട്ടില്ലെന്നുപറഞ്ഞത് ശരിയല്ല. അന്ന് അതിന്റെ ചുമതല വഹിച്ചിട്ടുള്ള മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ ഇവിടെ ഇരിക്കുകയാണ്. എല്ലാ ക്ഷേമനിധി ബോർഡുകളുടെയും സാമ്പത്തികസ്ഥിതി പരിഗണിച്ചുകൊണ്ട് വർദ്ധനവ് വരുത്തിയിട്ടുള്ള കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങൾ വളരെ കുറവാണ്, ലേബർ ഡിപ്പാർട്ടുമെന്റ് ഒന്നും ചെയ്യുന്നില്ല എന്നൊക്കെ ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചു. കേരളത്തിൽ പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ട്രേഡ് യൂണിയനുകളുണ്ടല്ലോ, ഞാനിവിടെ അവതരിപ്പിച്ച ബില്ലുകളുടെ ഭാഗമായി പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകൾ എല്ലാ ട്രേഡ് യൂണിയനുകൾക്കുമുണ്ട്. തൊഴിലാളി സംഘടനകളുടെ പ്രധാനപ്പെട്ട ജോലിയുടെ ഭാഗമാണ് അവരെയെല്ലാം ഈ ക്ഷേമനിധിയിൽ ചേർക്കുകയെന്നുള്ളത്. ലേബർ ഡിപ്പാർട്ടുമെന്റ് എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്തുന്നുണ്ട്. തൊഴിലാളികളെ

ക്ഷേമനിധിയിൽ ചേർക്കുന്നതിന് ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്; എന്നാൽ ചില തൊഴിലാളികൾ മാനേജ്മെന്റിനെ ഭയന്ന് ക്ഷേമനിധി ബോർഡുകളിൽ ചേരാത്ത സാഹചര്യം നിലനിൽക്കുകയാണ്. അങ്ങനെയൊരു സാഹചര്യം വരുമ്പോൾ തൊഴിലാളി സംഘടനകളാണ് ഇടപെടേണ്ടത്. അവർ തന്റെ സംഘടനയിൽ അംഗമായിട്ടുള്ള തൊഴിലാളിയെ ഏതെങ്കിലുമൊരു ക്ഷേമനിധി ബോർഡിൽ അംഗമാക്കുകയെന്ന ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിൽ ലേബർ ഡിപ്പാർട്ടുമെന്റിനെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അതുപോലെ, വളരെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതലായി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. സംസ്ഥാനത്ത് 16 ക്ഷേമനിധി ബോർഡുകളാണുള്ളത്. 70 ലക്ഷത്തോളം വരുന്ന അംഗങ്ങൾ ഈ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാണ്. ക്ഷേമനിധി ബോർഡിന്റെ എണ്ണം കുറച്ചാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവും മറ്റ് പല ചെലവുകളും കുറയ്ക്കാൻ കഴിയുമെന്ന രീതിയിൽ പൊതുവിൽ ചർച്ച വന്നു. സമാനതുല്യമായ ബോർഡുകൾ രണ്ടാക്കണം, അല്ലെങ്കിൽ രണ്ടുമൂന്ന് ബോർഡുകളെ

ഒന്നാക്കണമെന്നുള്ള നിലയിൽ നിർദ്ദേശങ്ങൾ വന്നു. അക്കാര്യത്തിൽ ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളുമായി പൊതുവിൽ കാര്യങ്ങൾ പരിശോധിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ അംശദായ വർദ്ധനവ് തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയാണുള്ളത്. തോട്ടം തൊഴിലാളികളെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾക്ക് ഇന്നത്തെ ചോദ്യോത്തരവേളയിൽ മറുപടി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഞാൻ അവരുടെ ലയങ്ങളെക്കുറിച്ചും ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ചിട്ടുള്ള പ്ലാന്റേഷൻ പോളിസി നടപ്പിലാക്കുന്നതിനെക്കുറിച്ചുമെല്ലാം ഇന്നത്തെ ചോദ്യോത്തരവേളയിൽ മറുപടിയായി പറഞ്ഞിട്ടുള്ളതാണ്. നമുക്കതനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. ക്ഷേമനിധികളെ സംബന്ധിച്ചിടത്തോളം പൊതുവിൽ ചില അഭിപ്രായങ്ങൾ വന്നു. ഓരോ ക്ഷേമനിധിയും പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ അതിന്റെ പ്രവർത്തനരീതിയിലും പ്രവർത്തന ശൈലിയിലും വ്യത്യാസമുണ്ടെന്നുള്ള

കാര്യംകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. എന്താണ് അക്കാര്യത്തിലുണ്ടായതെന്ന് പരിശോധിക്കാം. ഞാൻ നേരത്തെ പറഞ്ഞതുപോലെ പുതിയ ഇ.എസ്.ഐ. ആശുപത്രി തുടങ്ങുന്നതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് അനുകൂലമായ നിലപാടല്ല സ്വീകരിക്കുന്നത്. ക്ഷേമപദ്ധതിയിൽ അംഗങ്ങളായ മെമ്പർമാർക്ക് അവരുടെ അംശദായം അടയ്ക്കുന്നതിലുള്ള ബുദ്ധിമുട്ട് ഉണ്ട്. അംശദായം അടയ്ക്കാതെ വന്നുകഴിഞ്ഞാൽ അവരുടെ മെമ്പർഷിപ്പ് ക്യാൻസലായി മറ്റ് ആനുകൂല്യങ്ങളൊന്നും കിട്ടാത്ത സാഹചര്യം ഉണ്ടാകുകയാണ്. കോടിക്കണക്കിന് രൂപയാണ് അംശദായത്തിന്റെ കുടിശ്ശികയായി ഓരോ ക്ഷേമനിധി ബോർഡിലുമുള്ളത്. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വലിയ കുടിശ്ശികയാണുള്ളത്. അത് പിരിച്ചെടുക്കണമെങ്കിൽ തൊഴിലാളി സംഘടനകളുടെ സഹായം ആവശ്യമാണെന്ന് ഞാനിവിടെ സൂചിപ്പിക്കുകയാണ്. സിവിൽ സർവ്വീസ് പോലുള്ള പരീക്ഷകളെഴുതാൻ തൊഴിലാളികളുടെ കുട്ടികളെ പ്രാപ്തരാക്കണം; അതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ചെയ്യണമെന്ന നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

ദേശീയാടിസ്ഥാനത്തിൽ നടത്തുന്ന വിവിധ പരീക്ഷകൾ എഴുതുന്നതിനുവേണ്ടി തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളെ പ്രാപ്തമാക്കുന്ന ഒരു കോഴ്സ് സിവിൽ സർവ്വീസ് അക്കാഡമി എന്ന നിലയിൽ Kerala Institute of Labour and Employment (KILE) ആരംഭിച്ചിട്ടുണ്ട്; നമുക്കത് പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. അതുപോലെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പറഞ്ഞ ബഹുമാനപ്പെട്ട മെമ്പറിനെ ഇവിടെ കാണുന്നില്ല. ലൈബ്രറി സൗകര്യങ്ങൾക്കുവേണ്ടി 14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകൾക്കും ആവശ്യമായ പുസ്തകം വാങ്ങിക്കൊടുക്കുന്നുണ്ട്. അതുപോലെ ലാബ് അസിസ്റ്റന്റുമാരുടെ ചില പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിച്ചു, അത് സംബന്ധിച്ച കാര്യം പരിശോധിക്കാം. ഇപ്പോൾ പ്ലസ് വൺ, പ്ലസ് ടു, എസ്.എസ്.എൽ.സി.-യുമെല്ലാം ഒരുമിച്ചായതിനുശേഷം എല്ലാ നിലയിലും പ്രവർത്തനമാരംഭിച്ചിട്ടില്ല എന്ന അഭിപ്രായം വന്നു. ഖാദർ കമ്മീഷൻ റിപ്പോർട്ട് മെല്ലെമെല്ലെ നടപ്പിലാക്കിയതിനുശേഷം മാത്രമേ അത് പൂർണ്ണതയിലേയ്ക്ക് എത്തിക്കുന്നതിന് കഴിയുകയുള്ളൂ. ഇവിടെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച ചില വിഷയങ്ങളിൽ തൊഴിലാളി വിഹിതം വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ സർക്കാർ വിഹിതം

വർദ്ധിപ്പിക്കാതെ 75% ആയി പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് സൂചിപ്പിച്ചു. സർക്കാർ അത് 75% ആയി പരിമിതപ്പെടുത്തിയെങ്കിലും തൊഴിലാളി വിഹിതത്തിന്റെ എത്രയോ ഇരട്ടി ധനസഹായമാണ് സർക്കാർ ബോർഡ് മുഖാന്തരം നൽകിവരുന്നത്. അതായത് അവരെ സാമ്പത്തികമായി സഹായിക്കുന്ന പദ്ധതിപ്രകാരം ധനസഹായമായി നടപ്പുസാമ്പത്തികവർഷം 5 കോടി രൂപയും കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഒരു തൊഴിലാളിക്ക് 1000 രൂപ എന്ന ക്രമത്തിൽ 9 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻ പൂർണ്ണമായി സർക്കാർ സഹായത്തോടുകൂടിയാണ് നൽകുന്നത്. മറ്റ് ആനുകൂല്യങ്ങളും നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ് നൽകുന്നത്. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് ലേബർ വെൽഫയർ ഫണ്ട് ബോർഡുമായി ലയിപ്പിക്കുന്നതുവഴി പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക താങ്ങൽ ധനസഹായം നഷ്ടമാകുമെന്ന ആശങ്ക ഇവിടെ പലരും രേഖപ്പെടുത്തി. എന്നാൽ ലേബർ വെൽഫയർ ഫണ്ട് ബോർഡുമായി ലയിപ്പിച്ചാലും കേരള

ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി സ്കീം പ്രത്യേകമായി നിലനിർത്തുന്നതിനാൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് സാമ്പത്തികപരമായി എല്ലാനിലയിലുള്ള സഹായങ്ങൾ ലഭിക്കുമെന്നും അതുസംബന്ധിച്ചുള്ള ആശങ്ക വേണ്ടെന്നും വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ചിടത്തോളം നിരവധി അഭിപ്രായങ്ങൾ ഇവിടെ ഉയർന്നുവന്നു. ആകർഷകമായ ആനുകൂല്യങ്ങൾ ഇപ്പോഴും ബോർഡ് നൽകിവരുന്നുണ്ട്. ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബോർഡ് നിലവിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

പെൻഷൻ - 1600 രൂപ, വിവാഹാനുകൂല്യം - 7500 രൂപ, വിദ്യാഭ്യാസാനുകൂല്യം 1000 - 3500 രൂപ വരെ, ചികിത്സാ ധനസഹായം - 10000 രൂപ, മരണാനന്തര ചെലവ് - 5000 രൂപ, പ്രതിമാസം ഒരു കോടിയോളം രൂപയാണ് മേൽ ആനുകൂല്യങ്ങൾക്കായി വേണ്ടിവരുന്നത്. അംശദായം കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുമ്പോൾ വർദ്ധിപ്പിച്ച നിരക്കിൽ ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കും. ഒന്നാംഘട്ട കോവിഡ്

ധനസഹായമായി രജിസ്റ്റേർഡ് അംഗങ്ങൾക്ക് 1000 രൂപ, കോവിഡ് ബാധിച്ചവർക്ക് - 10000 രൂപ, ക്വാറന്റീനിൽ കഴിഞ്ഞവർക്ക് 5000 രൂപയും രണ്ടാംഘട്ട ധനസഹായമെന്നുള്ള നിലയിൽ 1000 രൂപയും കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ ഒരു പ്രത്യേക തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫയർ ആക്ട് പ്രകാരം ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ കഴിയുന്നതാണ്. കേരള ചെറുകിട തോട്ടം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ നിരവധി നല്ല അഭിപ്രായങ്ങൾ സൂചിപ്പിച്ചു. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളിയും തൊഴിലുടമയും ഓരോ അർദ്ധ വർഷത്തേയ്ക്കും 120 രൂപയിൽനിന്നും 180 രൂപയായും, സ്വയം തൊഴിൽ ചെയ്യുന്നവരുടെ വിഹിതം അർദ്ധ വർഷത്തേയ്ക്ക് 180 രൂപയായും വർദ്ധിപ്പിക്കുന്നതാണ് ഈ ഭേദഗതി. പെൻഷനായി 1,500 രൂപയാണ് നൽകുന്നത്. വിവാഹ ധനസഹായത്തിനായി അനുവദിക്കുന്ന തുക വളരെ കുറവാണ്. ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ഇത്തരം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കേണ്ടതുണ്ട്. ഇപ്പോൾ കുടുംബ

പെൻഷനായി വളരെ തുച്ഛമായ തുകയാണ് നൽകുന്നത്. അവശതാ പെൻഷനായി നൽകുന്ന 200 രൂപയും കുടുംബ പെൻഷനായി നൽകുന്ന 150 രൂപയും കുറവാണ്. അതുപോലെ മരണാനന്തര ധനസഹായം 10,000 രൂപ എന്നതും മാറ്റേണ്ടതായിട്ടുണ്ട്. അംശദായ വർദ്ധനവിലൂടെ മിക്ക ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചുനൽകാൻ കഴിയുമെന്നാണ് കരുതുന്നത്. കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബില്ലിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചകാര്യം, കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ക്ഷേമകാര്യങ്ങളെക്കുറിച്ചാണ്. ടി ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും ഇരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ ഭേദഗതി ടി ആക്ട് പ്രകാരം ശ്രീ. ടി. പി. രാമകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്ത് നടപ്പിലാക്കിയിട്ടുണ്ട്. മേൽ തൊഴിലാളികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ റസ്റ്റ് റൂം, ഹോസ്റ്റൽ സൗകര്യമുൾപ്പെടെയുള്ള നിരവധി വ്യവസ്ഥകൾ ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സർക്കാർ

നിശ്ചയിച്ച മിനിമം വേതനം ലഭിക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധന നടത്തുകയും മിനിമം വേതനം കിട്ടാത്ത സാഹചര്യത്തിൽ ആവശ്യമായ നിയമ നടപടിയിലൂടെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ശ്രീ. കെ. കെ. രാമചന്ദ്രനും ശ്രീ. എൻ. എ. നെല്ലിക്കുന്നും തൊഴിലാളി വർഗ്ഗക്കാരുടെ ഭാഗത്തുനിന്ന് ആത്മാർത്ഥതയോടെ ആവേശമുളവാക്കുന്ന രീതിയിലുള്ള അഭിപ്രായ പ്രകടനങ്ങളാണ് നടത്തിയത്. അതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികൾ, ആ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുടെ നിരന്തരമായ ഇടപെടലിന്റെയും പരിശ്രമത്തിന്റെയും ഫലമായി സാമൂഹിക ഉത്തരവാദിത്തം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗമായി മാറിക്കൊണ്ടിരിക്കുകയാണ്. അവരെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ മറ്റെന്തെങ്കിലും ആവശ്യത്തിനുവേണ്ടി പ്രയോജനപ്പെടുത്തുന്നുവെന്ന അഭിപ്രായമില്ല. ശ്രീ. കെ. കെ. രാമചന്ദ്രൻ അത്തരം കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ

ആവർത്തിക്കുന്നില്ല. തങ്ങൾക്ക് സമൂഹത്തോട് ഉത്തരവാദിത്തമുണ്ടെന്ന ബോധം തൊഴിലാളികളുടെയിടയിൽ ഉയർന്നുവരുന്നുണ്ട്. ചുമട്ടുതൊഴിലാളികളെ സംബന്ധിച്ച് ചില ആക്ഷേപങ്ങൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ ഉയർന്നുവരാറുണ്ട്. കഴിഞ്ഞ ദിവസം തിരുവനന്തപുരം ജില്ലയിലെ ഒരു സ്ഥലത്ത് ഒരു പട്ടുക്കുറ്റൻ വാഹനത്തിൽ യന്ത്രം വന്നു. അത് ഇറക്കുന്നതുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ ഉയർന്നുവന്നിരുന്നു. ആരാണ് തർക്കിച്ചതെന്നോ/തടസ്സംനിന്നതെന്നോ മനസ്സിലാക്കാതെ ചുമട്ടുതൊഴിലാളികൾ വാഹനത്തെ തടഞ്ഞിട്ടിരിക്കുന്നുവെന്ന ബ്രേക്കിംഗ് ന്യൂസ് മാധ്യമങ്ങളിലൂടെ വന്നുകൊണ്ടിരുന്നു. ഇക്കാര്യം വിശദമായി അന്വേഷിച്ചപ്പോഴാണ് ചുമട്ടുതൊഴിലാളികളല്ല, നാട്ടുകാരാണ് ഇത് തടഞ്ഞതെന്ന കാര്യം മനസ്സിലാക്കാൻ സാധിച്ചത്. ഇതുപോലെയാണ് പലകാര്യങ്ങളും. കാര്യങ്ങൾ മനസ്സിലാക്കാതെ എവിടെയെങ്കിലും എന്തെങ്കിലും കാര്യങ്ങൾ നടന്നാൽ അത് ചുമട്ടുതൊഴിലാളികളുടെ തലയിൽ കൊണ്ടുവയ്ക്കുന്ന രീതി നിലവിലുണ്ട്. ആ രീതിക്ക് മാറ്റം വരുത്തണം. പത്ര മാധ്യമങ്ങളിൽ വരുന്ന വാർത്തകളാണ് ചില സമയങ്ങളിൽ കോടതിയും വിശ്വസിക്കുന്നത്. ബഹുമാനപ്പെട്ട കോടതിയെ ഇതിന്റെ

നിജസ്ഥിതി ബോദ്ധ്യപ്പെടുത്തുന്നതിന് ലേബർ ഡിപ്പാർട്ട്മെന്റ് പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലിയാവശ്യപ്പെടുന്നതും കാശ് കൈപ്പറ്റുന്നതും നിയമവിരുദ്ധമായി പ്രഖ്യാപിച്ച് സർക്കാർ 30-04-2018 -ൽ ഉത്തരവിറക്കിയിട്ടുണ്ട്. എങ്കിലും നോക്കുകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പുദ്യോഗസ്ഥർ പ്രശ്നത്തിലിടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി ഉടമയ്ക്ക് തിരികെ വാങ്ങിക്കൊടുക്കാനും കേരള ചുമട്ടുത്തൊഴിലാളി ചട്ടം 26(A) അനുശാസിക്കുന്ന വിധത്തിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുപോലെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്നതായുള്ള പരാതികൾ ഉടൻ പോലീസിന് കൈമാറി ഉചിതമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ 57,986 ആണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 5,413 പേർക്ക് ക്ഷേമനിധി ബോർഡുവഴി രജിസ്ട്രേഷൻ കാർഡ് നൽകുകയുണ്ടായി. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ

നോക്കുകൂലിയുമായി ബന്ധപ്പെട്ട് ലേബർ ഡിപ്പാർട്ടുമെന്റിന് ലഭിച്ച പരാതിയുടെ കാര്യമാണ് ഞാൻ പറയുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നോക്കുകൂലിയുമായി ബന്ധപ്പെട്ട് 17 പരാതികളാണ് തൊഴിൽ വകുപ്പിന് ലഭിച്ചത്. തിരുവനന്തപുരം-13 , കോട്ടയം-3, എറണാകുളം -1 എന്നിങ്ങനെയാണ് ലഭിച്ച പരാതികളുടെ കണക്ക്. ചുമട്ടുതൊഴിലാളികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ആറ് (തിരുവനന്തപുരം-4, കൊല്ലം-2) പണിമുടക്കുകളാണ് നടന്നിട്ടുള്ളത്. ഞാൻ ചുമതലയേറ്റതിനുശേഷം നാലുതവണ ട്രേഡ് യൂണിയൻ നേതാക്കളുമായി യോഗങ്ങൾ ചേർന്നിരുന്നു. ആ യോഗത്തിൽ എല്ലാ ട്രേഡ് യൂണിയനുകളും ഒറ്റക്കെട്ടായിനിന്നുകൊണ്ട് ജോലി ചെയ്യാതെ കാശുവാങ്ങുന്നതിനെ എതിർക്കുന്നൊരു നിലപാട് സ്വീകരിച്ചിട്ടുണ്ടെന്ന കാര്യവും ഞാൻ ഇവിടെ പറയുകയാണ്. തൊഴിലാളികൾ സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കണം. തൊഴിലാളികൾ അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഉറച്ച നിലപാട് സ്വീകരിക്കാൻ തയ്യാറാകുമ്പോൾത്തന്നെ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളോടുമുള്ള അവരുടെ ഉത്തരവാദിത്തം മറന്നുപോകാൻ പാടില്ലെന്ന ഉറച്ചനിലപാടാണ് സംസ്ഥാനത്തെ വിവിധ

ട്രേഡ് യൂണിയനുകളും എടുത്തിട്ടുള്ളത്. ചെയ്യാത്ത ജോലിക്ക് വേതനം കൈപ്പറ്റുന്നതിനെ ഒരു ട്രേഡ് യൂണിയനും അനുകൂലിക്കില്ല. എല്ലാ ട്രേഡ് യൂണിയനുകളും നോക്കുകൂലിയെ എതിർക്കുകയാണ്. നിയമപരമായി ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം സംബന്ധിച്ച് പൊതുജനങ്ങളുടെയിടയിൽ അവബോധമുണ്ടാക്കുന്നതിന് നോക്കുകൂലി പ്രവണതയ്ക്കെതിരെ എല്ലാ ജില്ലകളിലും നോക്കുകൂലി വിരുദ്ധ അവബോധ ക്ലാസ്സുകൾ ക്ഷേമനിധി ബോർഡ് മുഖേന സംഘടിപ്പിക്കാൻ തീരുമാനിച്ചു. ജോലി ചെയ്യാതെ കൂലിവാങ്ങുന്ന സമ്പ്രദായം തൊഴിലാളി വർഗ്ഗത്തിനുതന്നെ അപമാനമുണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എന്നാൽ ഇടയ്ക്കിടെ ഉയർന്നുവരാറുള്ള നോക്കുകൂലിയെന്ന ആക്ഷേപം പൂർണ്ണമായി ഒഴിവാക്കി ചുമട്ടുതൊഴിലാളികളെ ഒരു സാഹചര്യത്തിലും അപമാനിക്കാൻ ഇടയാകുന്ന യാതൊരു രീതിയും തൊഴിലിന്റെ ഭാഗമായി ഉണ്ടാകാൻ പാടില്ലെന്ന ഉറച്ച നിലപാടിലേയ്ക്കാണ് തൊഴിലാളി സംഘടനകൾ എത്തിച്ചേർന്നത്. മാന്യമായി തൊഴിൽ ചെയ്യുന്നതിനും മറ്റ് വിഭാഗങ്ങളോട് മാന്യമായി ഇടപെടുന്നതിനും ഈ വിഭാഗം തൊഴിലാളികൾക്ക് സാധിക്കുമെന്ന കാര്യത്തിൽ ഉറപ്പുണ്ട്. മാത്രമല്ല സർക്കാരിന്റെ

ആഹ്വാനമനുസരിച്ച് സാമൂഹ്യ പ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളിലും നല്ലരീതിയിൽ ഇടപെടുന്നവരാണ് സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളും അവരുടെ സംഘടനകളും. 2018-ലെ പ്രളയകാലത്തും കോവിഡ് കാലത്തും ജനങ്ങൾക്ക് സഹായമെത്തിക്കുന്നതിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലും ചുമട്ടുതൊഴിലാളികൾ പ്രകടിപ്പിച്ച ധീരതയും ആത്മാർത്ഥതയും നമ്മൾ ഓർക്കേണ്ടതാണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനത്തിൽ സർക്കാർ എത്തിയപ്പോൾ ദീർഘകാലമായി അടഞ്ഞുകിടന്നിരുന്ന സ്കൂളുകൾ വൃത്തിയാക്കുന്നതിനും പഠനയോഗ്യമാക്കുന്നതിനും സംസ്ഥാനത്തെ എല്ലാവിഭാഗം തൊഴിലാളികളുടെയും സഹകരണം തൊഴിൽ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ അഭ്യർത്ഥിച്ചു. അപ്പോൾ ഒരു മടിയും കൂടാതെ സ്കൂളുകൾ വൃത്തിയാക്കുകയും സ്കൂളുകളെ സാധാരണ നിലയിൽ കൊണ്ടുവരാനും ആത്മാർത്ഥമായി സഹായിച്ച ഈ വിഭാഗം തൊഴിലാളികളുടെ മനോഭാവം ഏവർക്കും മാതൃകാപരമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അറ്റാച്ച്ഡ് ലേബേഴ്സിന്റെ കാർഡിനെ സംബന്ധിച്ചിടത്തോളം ചില അഭിപ്രായങ്ങൾ ഇവിടെ ഉയർന്നുവന്നു.

നമുക്ക് അതിൽ എന്തുചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ട്രേഡ് യൂണിയനുകളുടെ യോഗത്തിൽ ആലോചിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇനിയും നീട്ടികൊണ്ടുപോകേണ്ട കാര്യമില്ല. ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളും മറ്റുള്ള കാര്യങ്ങളും ഇവിടെ ചർച്ചയിൽ കൊണ്ടുവന്നു. ബാക്കി കാര്യങ്ങൾ ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റി ചർച്ചചെയ്ത് ആവശ്യമായ തീരുമാനം കൈക്കൊള്ളുമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

## (i) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി

പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. സനീഷ് കുമാർ ജോസഫ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ.......

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. എം. മണി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. എം. മണി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iv) 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. വി. ജോയി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.......ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 നവംബർ മാസം 02-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.33-ന് പിരിഞ്ഞു.)

*********